*Uncorrected/Not for publication*

*29-06-2026*
*Financial Business*

**ധനകാര്യം**

2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർഥന നമ്പർ III - നീതിന്യായ നിർവഹണം

ധനാഭ്യർഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർഥന നമ്പർ VI - ഭൂനികുതി

ധനാഭ്യർഥന നമ്പർ VIII - എക്സൈസ്

ധനാഭ്യർഥന നമ്പർ IX - വാഹനനികുതികൾ

ധനാഭ്യർഥന നമ്പർ XII - പോലീസ്

ധനാഭ്യർഥന നമ്പർ XVII - വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

ധനാഭ്യർഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർഥന നമ്പർ XXVII - സഹകരണം

ധനാഭ്യർഥന നമ്പർ XXXVII - വ്യവസായങ്ങൾ

ധനാഭ്യർഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

ധനാഭ്യർഥന നമ്പർ XL - തുറമുഖങ്ങൾ

*29-06-2026*
*Financial Business*

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം

കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

*29-06-2026*
*Financial Business*

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് 2026-2027 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 839,17,61,000 | --- | 839,17,61,000 |
| III | നീതിന്യായ നിർവഹണം | 1484,82,42,000 | --- | 1484,82,42,000 |
| V | ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 567,89,01,000 | --- | 567,89,01,000 |
| VI | ഭൂനികുതി | 1178,75,27,000 | --- | 1178,75,27,000 |
| VIII | എക്സൈസ് | 566,89,17,000 | --- | 566,89,17,000 |
| IX | വാഹനനികുതികൾ | 308,80,28,000 | --- | 308,80,28,000 |
| XII | പോലീസ് | 6018,30,89,000 | 54,85,00,000 | 6073,15,89,000 |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 29988,90,35,000 | 767,20,02,000 | 30756,10,37,000 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 11088,27,35,000 | 484,93,04,000 | 11573,20,39,000 |
| XXVII | സഹകരണം | 587,37,89,000 | 79,27,00,000 | 666,64,89,000 |
| XXXVII | വ്യവസായങ്ങൾ | 918,19,65,000 | 1225,64,04,0 | 2143,83,69,00 |

| | | | | |
|---|---|---|---|---|
| | | | 00 | 0 |
| XXXIX | വൈദ്യുത പദ്ധതികൾ | 63,36,88,000 | 283,24,00,00 0 | 346,60,88,000 |
| XL | തുറമുഖങ്ങൾ | 94,77,40,000 | 570,47,00,00 0 | 665,24,40,000 |

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

**ധനാഭ്യർഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പന്ത്രണ്ടാം ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മന്ത്രിമാരുടെ പേഴ്സണൽ

സ്റ്റാഫിൽ അനർഹരായവരെ ഉൾപ്പെടുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സനോജ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ നിർത്തലാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപയിൽനിന്ന് 7,40,15,00,000 രൂപ കുറവുചെയ്യേണ്ടതാണ് (മന്ത്രിമാരുടെ ഓഫീസുകളിൽ തീരുമാനമെടുക്കാതെ ഫയൽ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 839,17,61,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. മമ്മിക്കുട്ടി
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. കെ. കെ. രാമചന്ദ്രൻ
4. ശ്രീ. കെ. വി. സുമേഷ്

5. ശ്രീ. മുഹമ്മദ് മുഹസിൻ

6. ശ്രീ. ജി. ആർ. അനിൽ

7. ശ്രീ. പി. പ്രസാദ്

8. ശ്രീ. കെ. രാജൻ

9. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

10. ശ്രീമതി ഗീതാഗോപി

11. ശ്രീ. കെ. കെ. വത്സരാജ്

12. ശ്രീ. സി. അജയപ്രസാദ്

**ധനാഭ്യർഥന നമ്പർ III- നീതിന്യായ നിർവഹണം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. പി. സുമോദ്: സർ, നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1484,82,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കൂടുതൽ കോടതികൾ അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1484,82,42,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ പ്രതികൾക്കുവേണ്ടി ഹാജരായവരെയും രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരെയും പബ്ലിക് പ്രോസിക്യൂട്ടർമാരായി നിയമിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

*29-06-2026*
*Financial Business*

ശ്രീ. എൻ. കെ. അക്ബർ: സർ, നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1484,82,42,000 രൂപയിൽനിന്ന് 13,50,00,00,000 രൂപ കുറവ് ചെയ്യേണ്ടതാണ് (കോടതികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഡിജിറ്റലൈസേഷൻ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1484,82,42,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എം. എസ്. അരുൺ കുമാർ
2. ശ്രീ. സി. കെ. ഹരീന്ദ്രൻ
3. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
4. ശ്രീ. ജി. സ്റ്റീഫൻ

**ധനാഭ്യർഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കാരായി രാജൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാതെ നികുതി വെട്ടിപ്പ് നടത്തുന്നവരെ കണ്ടെത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രഭാകരൻ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കടുത്ത ട്രഷറി നിയന്ത്രണമുള്ളതായും അതുമൂലം കരാറുകാരുടെ ബിൽ കുടിശ്ശികകൾ കൊടുത്തുതീർക്കാത്ത സാഹചര്യം നിലനിൽക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേരളം കടുത്ത സാമ്പത്തിക തകർച്ചയിലാണെന്ന രീതിയിൽ പൊതുജനങ്ങളിൽ ഭീതി പരത്തുന്ന രീതിയിലുള്ള ധവളപത്രം പുറപ്പെടുവിച്ചിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിലക്കയറ്റംമൂലം പൊറുതിമുട്ടുന്ന ജനങ്ങളെ സഹായിക്കുന്നതിനായി പെട്രോളിയം ഉൽപന്നങ്ങളുടെ നികുതി വിഹിതത്തിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കാത്തതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. കെ. പ്രേമൻ</u>: സർ, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപയിൽ 400,00,50,000 രൂപ കുറവുചെയ്യേണ്ടതാണ് (സംസ്ഥാന ജി.എസ്.ടി. വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 567,89,01,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. അജയപ്രസാദ്
2. ശ്രീ. കെ. കെ. വത്സരാജ്
3. ശ്രീമതി ഗീതാഗോപി
4. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
5. ശ്രീ. കെ. രാജൻ
6. ശ്രീ. പി. പ്രസാദ്
7. ശ്രീ. ജി. ആർ. അനിൽ
8. ശ്രീ. മുഹമ്മദ് മുഹസിൻ
9. ശ്രീ. എം. വിജിൻ

10. ശ്രീ. ടി. എം. ശശി
11. പ്രൊഫ. സി. രവീന്ദ്രനാഥ്
12. ശ്രീ. യു. ആർ. പ്രദീപ്

**ധനാഭ്യർത്ഥന നമ്പർ VI-ഭൂനികുതി**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സജി ചെറിയാൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1178,75,27,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂപരിഷ്കരണം 2.0 നടപ്പാക്കുന്നതിലൂടെ നിലവിലുള്ള ഭൂപരിഷ്കരണ നിയമം അട്ടിമറിക്കപ്പെട്ടുമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി ഒ. എസ്. അംബിക: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1178,75,27,000 രൂപയിൽ 5,00,00,000 രൂപ കുറവുചെയ്യേണ്ടതാണ് (റീ-സർവെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1178,75,27,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. യു. ആർ. പ്രദീപ്

2. ശ്രീ. ജി. സ്റ്റീഫൻ
3. ശ്രീ. കെ. കെ. രാമചന്ദ്രൻ
4. ശ്രീ. പി. മമ്മിക്കുട്ടി
5. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**ധനാഭ്യർഥന നമ്പർ VIII-എക്സൈസ്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ലഹരി ഉപയോഗിക്കുന്ന വിദ്യാർഥികളെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിനായി പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വീര്യം കുറഞ്ഞ മദ്യത്തിന് നികുതി നിശ്ചയിക്കുന്നതുമൂലം മദ്യം സുലഭമാകുമെന്നും അത് യുവാക്കൾ ഉൾപ്പെടെയുള്ളവരെ മദ്യത്തിന് അടിമപ്പെടുത്തുവാൻ ഇടയാക്കുമെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലെ സർക്കാരിന്റെ ആദ്യ ബജറ്റിൽത്തന്നെ വീര്യം കുറഞ്ഞ മദ്യത്തിന് വൻ നികുതിയിളവ് പ്രഖ്യാപിച്ചതിനുപിന്നിൽ അഴിമതി നടത്തുവാനുള്ള നീക്കമാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

*29-06-2026*
*Financial Business*

ശ്രീ. ജി. ആർ. അനിൽ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യത്തിന് 251 ശതമാനം നികുതിയുള്ളപ്പോൾ വീര്യം കുറഞ്ഞവയ്ക്ക് 120 ശതമാനം വരെ ബജറ്റിൽ നികുതിയിളവ് നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിമൂലം സർക്കാരിന് തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നടപ്പാക്കാനാകുന്നില്ലായെന്ന് പറയപ്പെടുമ്പോഴും മദ്യക്കമ്പനികൾക്ക് കോടിക്കണക്കിന് രൂപയുടെ നേട്ടമുണ്ടാകുന്ന നികുതിയിളവ് പ്രഖ്യാപിച്ചുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആദ്യ ബജറ്റിൽത്തന്നെ വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് പ്രഖ്യാപിച്ചത് തിരഞ്ഞെടുപ്പ് പ്രചരണത്തിനായി ചെലവഴിച്ച തുക തിരിച്ചുപിടിക്കുന്നതിനും വൻകിട മദ്യക്കമ്പനികൾക്ക് കൊള്ളലാഭം കൊയ്യാൻ അവസരം നൽകുന്നതിനും ലക്ഷ്യമിട്ടാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുൻ സർക്കാർ പഴവർഗങ്ങളും കാർഷികോൽപന്നങ്ങളും ഉപയോഗിച്ച് വീര്യം കുറഞ്ഞ മദ്യം ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിഗണിച്ചിരുന്നതായും അതിലൂടെ കർഷകർക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിനും മൂല്യവർധിത ഉൽപന്നങ്ങൾക്ക് വിപണി സൃഷ്ടിക്കുന്നതിനും ലക്ഷ്യം വച്ചിരുന്നതായും എന്നാൽ നിലവിലുള്ള സർക്കാർ

അതിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ നയപരമായ വിഷയമായിരുന്നിട്ടും മന്ത്രി സഭയിൽ ചർച്ച ചെയ്യാതെ അടിയന്തരമായി ബജറ്റിലുൾപ്പെടുത്തി വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് പ്രഖ്യാപിച്ചുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വീര്യം കുറഞ്ഞ മദ്യത്തിന് നികുതി ഇളവ് നൽകുന്നതുമൂലം സംസ്ഥാനത്തിന് 600 കോടിയിലേറെ രൂപയുടെ വരുമാനനഷ്ടമുണ്ടാകും എന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെപേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പാക്കുന്നതിനുപകരം സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് മദ്യക്കമ്പനികൾക്ക് നികുതിയിളവ് പ്രഖ്യാപിച്ചതായും കോർപ്പറേറ്റ് മദ്യലോബികളുടെ താൽപര്യം സംരക്ഷിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. വി. സുമേഷ്: സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപയിൽ 3,00,50,000 രൂപ കുറവുചെയ്യേണ്ടതാണ് (ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എക്സൈസ് വകുപ്പിനെ

ശക്തിപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 566,89,17,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എം. വിജിൻ
2. ശ്രീ. വി. കെ. സനോജ്
3. ശ്രീ. എ. പ്രഭാകരൻ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. കെ. പ്രേംകുമാർ

**ധനാഭ്യർത്ഥന നമ്പർ IX – വാഹനനികുതികൾ**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാഹനങ്ങൾ അനധികൃതമായി മോഡിഫൈ ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാഹന രജിസ്ട്രേഷൻ, അനുബന്ധ സേവനങ്ങൾ എന്നിവയ്ക്ക്

ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനം ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ട്രാൻസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർവാഹന ചട്ടങ്ങൾ ലംഘിച്ച് സർവീസ് നടത്തുന്ന വാഹന ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

*29-06-2026*
*Financial Business*

ശ്രീമതി ഗീതാഗോപി: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മദ്യപിച്ച് വാഹനം ഓടിക്കുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അന്തർ സംസ്ഥാന ബസ് ഓപ്പറേറ്റർമാർ നടത്തുന്ന നികുതി വെട്ടിപ്പ് തടയുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി മതിയായ ചാർജിങ് സ്റ്റേഷനുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ജോയി: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപയിൽ 2,50,00,000 രൂപ കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറയ്ക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 308,80,28,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സി. കെ. ഹരീന്ദ്രൻ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീ. കെ. പ്രേമൻ
4. ശ്രീ. പി. പി. സുമോദ്
5. ശ്രീ. ടി. എം. ശശി

**ധനാഭ്യർഥന നമ്പർ XII-പോലീസ്**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. സജി ചെറിയാൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകളും ഫയർ സ്റ്റേഷനുകളും ആരംഭിക്കാത്തതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളൊന്നും ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പോലീസ് സ്റ്റേഷനുകളുടെ ചുമതല എസ്.എച്ച്.ഒ.-മാരിൽനിന്ന് മാറ്റി വീണ്ടും എസ്.ഐ.-മാർക്ക് നൽകുവാൻ നീക്കം നടക്കുന്നതായും ഇത് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങളിൽ ആശങ്കയുണ്ടാക്കുന്നതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അഴിമതി തടയുന്നതിന് വിജിലൻസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുൻസർക്കാരിന്റെ കാലത്ത് മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കുന്നതിനും വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിച്ചിരുന്നതായും, നിലവിൽ അതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുന്നതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നവിധം പോലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കാൻ മുൻസർക്കാർ മുൻകൈയെടുത്ത് നടപ്പിലാക്കിയ അടിസ്ഥാന സൗകര്യ വികസന

പ്രവർത്തനങ്ങൾ നിലനിർത്തുന്നതിലും വ്യാപിപ്പിക്കുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഇന്ത്യ ജസ്റ്റിസ് റിപ്പോർട്ട് 2025 (ഐ.ജെ.ആർ.) പ്രകാരം നീതി നടപ്പാക്കുന്നതിൽ മുൻപന്തിയിലുള്ള കേരളം, പ്രസ്തുത വിഷയത്തിൽ പിന്നോട്ട് പോകുന്നതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗുണ്ടാ ആക്രമണങ്ങളും പോലീസിനുനേരെയുള്ള തുടർച്ചയായ അതിക്രമങ്ങളും തടയുന്നതിലും, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലും പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിൽ പോലീസ് സംവിധാനം പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സ്ത്രീപീഡന കേസ്സുകളും പോക്സോ കേസ്സുകളും തടയുന്നതിൽ പോലീസ് പരാജയപ്പെട്ടതായി

പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രാഷ്ട്രീയപ്രേരിതമായി കേസ്സുകൾ കെട്ടിച്ചമയ്ക്കുന്നതായും പോലീസ് സംവിധാനത്തെ മറികടന്നുകൊണ്ട് കേസ്സുകൾ ദേശീയ അന്വേഷണ ഏജൻസികൾക്ക് കൈമാറുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പി.എം.-ശ്രീ പദ്ധതി നടപ്പാക്കുന്നതിനെതിരായി തിരുവനന്തപുരത്ത് സമാധാനമായി പ്രതിഷേധിച്ച പ്രതിപക്ഷയുവജന സംഘടനാ പ്രവർത്തകർക്കെതിരെ ജലപീരങ്കി പ്രവർത്തിപ്പിച്ചതിൽ മലിനജലം ഉപയോഗിച്ചുവെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീമതി ഒ. എസ്. അംബിക: സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപയിൽ 30,75,000 രൂപ കുറവുചെയ്യേണ്ടതാണ് (പോലീസുകാരുടെ മാനസികാരോഗ്യം വർധിപ്പിക്കുന്നതിന് പുതിയ പദ്ധതികളൊന്നും പ്രഖ്യാപിച്ചിട്ടില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 6073,15,89,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. ടി. എം. ശശി
2. ശ്രീ. കാരായി രാജൻ
3. ശ്രീ. യു. ആർ. പ്രദീപ്
4. ശ്രീ. എൻ. കെ. അക്ബർ
5. ശ്രീ. കെ. പ്രേംകുമാർ
6. ശ്രീ. കെ. കെ. രാമചന്ദ്രൻ

## ധനാഭ്യർഥന നമ്പർ XVII-വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. രാജൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുൻ സർക്കാർ മരവിപ്പിച്ച പി.എം.-ശ്രീ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ശ്രമം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലമെങ്കിലും ഉറപ്പാക്കുന്നതിന് പദ്ധതികളൊന്നും ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ദേശീയ വിദ്യാഭ്യാസ നയം, പി.എം.-ശ്രീ പദ്ധതി എന്നിവ നടപ്പിലാക്കാത്തതുമൂലം സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനുമുള്ള അവസരങ്ങൾ നഷ്ടപ്പെടുന്നതായും കേന്ദ്ര-സംസ്ഥാന സിലബസ്സുകൾ തമ്മിൽ വിദ്യാഭ്യാസ ഗുണമേന്മയിൽ അന്തരം വർധിക്കുന്നതിനും സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന വിദ്യാർഥികൾ ദേശീയതല മത്സരപരീക്ഷകളിലും കേരളത്തിനുപുറത്ത് ഉന്നത വിദ്യാഭ്യാസം നേടുന്നതിലും പിന്നാക്കം പോകുന്നതിനും ഇടയാക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എല്ലാവർക്കും വ്യായാമം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി തദ്ദേശസ്ഥാപനതലത്തിൽ പദ്ധതികളൊന്നും നടപ്പാക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പി.എം.-ശ്രീ പദ്ധതിയെക്കുറിച്ചുള്ള പരിശോധനയ്ക്കായി രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി പിരിച്ചുവിട്ട് പദ്ധതി നടപ്പിലാക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപയിൽ 5,00,50,000 രൂപ കുറവുചെയ്യേണ്ടതാണ് (കേരളത്തിന്റെ തനത് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30756,10,37,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീമതി ഗീതാഗോപി
2. ശ്രീ. സി. അജയപ്രസാദ്
3. ശ്രീ. കെ. കെ. വത്സരാജ്
4. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
5. ശ്രീ. പി. പ്രസാദ്
6. ശ്രീ. ജി. ആർ. അനിൽ
7. ശ്രീ. മുഹമ്മദ് മുഹസിൻ
8. ശ്രീ. സി. കെ. ഹരീന്ദ്രൻ
9. ശ്രീ. യു. ആർ. പ്രദീപ്

10. ശ്രീ. എൻ. കെ. അക്ബർ
11. ശ്രീ. പി. മമ്മിക്കുട്ടി
12. ശ്രീ. കെ. കെ. രാമചന്ദ്രൻ

**ധനാഭ്യർത്ഥന നമ്പർ XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. വി. മുരളീധരൻ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ശോചീനയാവസ്ഥയും അനിയന്ത്രിതമായ രോഗികളുടെ എണ്ണം കാരണം രോഗികൾക്ക് മികച്ച ചികിത്സ നൽകാനാവാത്ത അവസ്ഥ നിലവിലുണ്ടെന്നും, പ്രാദേശികതലത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യകേന്ദ്രങ്ങളെയും താലൂക്കാശുപത്രികളെയും ശക്തിപ്പെടുത്തി മെഡിക്കൽ കോളേജിലെ രോഗികളുടെ എണ്ണം കുറച്ച് സൂപ്പർസ്പെഷ്യാലിറ്റി ചികിത്സാമേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പകർച്ചവ്യാധി പടരുന്ന സാഹചര്യത്തിലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ നികത്താത്തതിനാലും സ്ഥലംമാറ്റം നടത്താത്തതുമൂലവും ആരോഗ്യമേഖലയിൽ പ്രതിസന്ധിയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ

ദൗർലഭ്യമുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മുൻ സർക്കാരിന്റെ ബജറ്റിൽ കാരുണ്യ പദ്ധതിക്ക് പുറത്തുള്ള കുടുംബങ്ങൾക്ക് 25 ലക്ഷം രൂപ ഇൻഷ്വറൻസ് പദ്ധതിക്കായി 50 കോടിയാണ് നീക്കിവച്ചതെന്നും 2026-27-ലെ പുതുക്കിയ ബജറ്റിൽ എല്ലാ കുടുംബങ്ങൾക്കും ഇൻഷ്വറൻസ് എന്ന പേരിൽ പ്രഖ്യാപിച്ച പുതിയ പദ്ധതി വിഹിതമായി 10 കോടി രൂപ മാത്രമാണ് നീക്കിവച്ചിട്ടുള്ളതെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. പ്രസാദ്</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോഴിക്കോട് ചേവായൂരിലെ 20 ഏക്കർ സ്ഥലത്ത് 500 കോടി രൂപ ചെലവഴിച്ച് ആരംഭിക്കുന്ന രാജ്യത്തെ ആദ്യ പൊതുമേഖലാ അവയവമാറ്റ ആശുപത്രിക്ക് ആവശ്യമായ തുക പുതുക്കിയ ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. രാജൻ</u>: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2017-ലെ ദേശീയ ആരോഗ്യനയത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി രണ്ടായിരത്തി ഇരുപത്തിഅഞ്ചോടെ സംസ്ഥാനത്തിന്റെ ആരോഗ്യ ചെലവ് ദേശീയ വരുമാനത്തിന്റെ (GDP) രണ്ടര ശതമാനമായി

വർധിപ്പിക്കുന്നതിനാവശ്യമായ തുക പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ-നഗര ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ നിർണ്ണായകമായ നാഷണൽ ഹെൽത്ത് മിഷന്റെ (NHM) വിഹിതത്തിൽ കുറവുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്ര ആരോഗ്യമന്ത്രാലയം 2014-15-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയിരുന്ന 75.9 ശതമാനം വിഹിതത്തിൽനിന്ന് നിലവിൽ 51 ശതമാനമായി കുറഞ്ഞത് ആരോഗ്യസേവനങ്ങളെ സാരമായി ബാധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മിതമായ വിലയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനുപകരം പരോക്ഷ നികുതി ഇളവുകളിൽമാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കേന്ദ്രസർക്കാർ അതിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങളിൽനിന്ന് പിന്മാറുന്നതിന് തുല്യമാണെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, രോഗി-സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നതിനാവശ്യമായ തുക പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. വിജിൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപയിൽ 15,00,000 രൂപ കുറവുചെയ്യേണ്ടതാണ് (പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 11573,20,39,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. പി. സുമോദ്
2. ശ്രീ. എ. പ്രഭാകരൻ
3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. സ്റ്റീഫൻ
5. ശ്രീ. കെ. കെ. രാമചന്ദ്രൻ

**ധനാഭ്യർത്ഥന നമ്പർ XXVII-സഹകരണം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. സി. മൊയ്തീൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സഹകരണ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നവ-ഉദാര നയങ്ങൾ ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്ന സാഹചര്യത്തിൽ ഗ്രാമീണ ജനതയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സ്ഥാപിച്ച ഗ്രാമീണ ബാങ്കുകളെ, കുത്തകകളുടെ താൽപര്യങ്ങൾക്കായി ലാഭേച്ഛയോടെമാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജി. ആർ. അനിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ബാങ്കുകൾക്ക് ഒരു പ്രാരംഭ പൊതു ഓഹരി വില്പന (IPO) നടത്താനുള്ള പദ്ധതിയുമായി കേന്ദ്രം മുന്നോട്ട് പോകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പ്രസാദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ്

(ഗ്രാമീണ ബാങ്കുകൾക്ക് ഒരു പ്രാരംഭ പൊതു ഓഹരി വില്പന (IPO) നടത്താനുള്ള 2015-ലെ പദ്ധതി പ്രകാരം, ഗ്രാമീണ ബാങ്കുകളുടെ 49 ശതമാനം ഓഹരികൾവരെ സ്വകാര്യ മേഖലയിലേക്ക് കൈമാറാനാകുമെന്ന സാഹചര്യം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (1991-ൽ തുടങ്ങിയ നവ-ഉദാര- സാമ്പത്തിക നയങ്ങൾ ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനത്തെ ആഴത്തിൽ സ്വാധീനിച്ചതിന്റെ ഭാഗമായി പ്രസ്തുത ബാങ്കുകളുടെ സാമൂഹിക ലക്ഷ്യങ്ങളെക്കാൾ "ലാഭക്ഷമത" എന്ന പുതിയ ലക്ഷ്യത്തിന് മുൻഗണന വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ ഐ.പി.ഒ. നീക്കം നടപ്പാക്കിയാൽ ഗ്രാമീണ ബാങ്കുകളിലെ കേന്ദ്ര സർക്കാർ ഓഹരി 50 ശതമാനത്തിൽ താഴെയാകുകയും അതോടെ, ഗ്രാമീണ ബാങ്കുകൾ സ്വകാര്യ ബാങ്കുകളാകുകയും ചെയ്യുമെന്ന് പറയപ്പെടുന്നതുമായ വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗീതാഗോപി: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ബാങ്കുകളുടെ സ്വകാര്യവൽക്കരണത്തിനുള്ള ഐ.പി.ഒ. ആദ്യം നടപ്പാക്കുന്ന സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. വത്സരാജ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ബാങ്കുകളുടെ പുതിയ ഐ.പി.ഒ. നീക്കം നടപ്പാക്കുന്നതിലൂടെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ലഭിച്ചിരുന്ന കുറഞ്ഞ ചെലവിലുള്ള സേവനങ്ങൾ ഇല്ലാതാകുമെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. അജയപ്രസാദ്: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ ബാങ്കുകളുടെ പുതിയ ഐ.പി.ഒ. നീക്കം നടപ്പാക്കിയാൽ സർക്കാർ പദ്ധതികൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ഗ്രാമീണ ബാങ്കുകൾ വഹിക്കുന്ന നിർണ്ണായക പങ്ക് ഇല്ലാതാക്കപ്പെടുമെന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. സജി ചെറിയാൻ: സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപയിൽ 44,50,45,000 രൂപ കുറവുചെയ്യേണ്ടതാണ് (കേരള ബാങ്കിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 666,64,89,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
2. ശ്രീ. കെ. വി. സുമേഷ്
3. ശ്രീ. പി. മമ്മിക്കുട്ടി
4. ശ്രീ. കാരായി രാജൻ
5. ശ്രീ. ജി. സ്റ്റീഫൻ

**ധനാഭ്യർഥന നമ്പർ XXXVII-വ്യവസായങ്ങൾ**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2143,83,69,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പ്രതിസന്ധികൾ അഭിമുഖീകരിക്കുന്ന പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2143,83,69,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2143,83,69,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കരിമണൽ ഖനനമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. കാരായി രാജൻ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2143,83,69,000 രൂപയിൽ 50,000 രൂപ

കുറവുചെയ്യേണ്ടതാണ് (ഡാറ്റ അധിഷ്ഠിത ഇൻവെസ്റ്റ്മെന്റ് കേരള എന്ന പേരിൽ അനാവശ്യ തുക കൺസൾട്ടൻസികൾക്ക് നൽകുന്നതായി പറയപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2143,83,69,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എം. എസ്. അരുൺ കുമാർ
2. ശ്രീമതി ഒ. എസ്. അംബിക
3. ശ്രീ. കെ. പ്രേമൻ
4. ശ്രീ. കെ. പ്രേംകുമാർ
5. ശ്രീ. കെ. കെ. രാമചന്ദ്രൻ

**ധനാഭ്യർഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. വി. മുരളീധരൻ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ദേശീയ തലത്തിൽ വാർഷിക ബജറ്റിന്റെ 5.3 ശതമാനം ഊർജമേഖലയ്ക്കായി വകയിരുത്തുന്നതായും എന്നാൽ കേരളത്തിൽ അത് 0.1 ശതമാനം മാത്രമാണെന്നും ഗാർഹിക സൗരോർജ പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രവിഷ്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ലെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. പി. സുമോദ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൈദ്യുത മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വീണ്ടും ലോഡ് ഷെഡിംഗ് നടപ്പിലാക്കാനുള്ള നീക്കമുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപയിൽ 10,00,45,000 രൂപ കുറവുചെയ്യേണ്ടതാണ് (പുരപ്പുറ സൗരോർജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 346,60,88,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പ്രേമൻ
2. ശ്രീ. യു. ആർ. പ്രദീപ്
3. ശ്രീമതി ഒ.എസ്. അംബിക
4. ശ്രീ. കെ. കെ. രാമചന്ദ്രൻ
5. ശ്രീ. എൻ. കെ. അക്ബർ

**ധനാഭ്യർഥന നമ്പർ XL - തുറമുഖങ്ങൾ**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. വി. ജോയി: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 665,24,40,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വിഴിഞ്ഞം തുറമുഖവികസനവുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. എ. സി. മൊയ്തീൻ: സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 665,24,40,000 രൂപയിൽ 50,000 രൂപ കുറവുചെയ്യേണ്ടതാണ് (മേജർ തുറമുഖങ്ങളുടെ വികസനത്തിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 665,24,40,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കെ. പ്രേമൻ
2. ശ്രീ. സി. കെ. ഹരീന്ദ്രൻ
3. ശ്രീ. എം. എസ്. അരുൺ കുമാർ
4. ശ്രീ. എൻ. കെ. അക്ബർ

5. ശ്രീമതി ഒ. എസ്. അംബിക

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, നമ്മുടെ സംസ്ഥാന നിയമസഭയുടെ ചരിത്രത്തിൽ അത്യപൂർവമായൊരു നടപടിക്രമത്തിനാണ് നമ്മൾ ഇന്ന് സാക്ഷ്യം വഹിക്കുന്നത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന് ബജറ്റ് അവതരിപ്പിച്ച് കഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട എല്ലാ ഡിമാന്റ് ഡിസ്കഷനും മറുപടി പറയേണ്ട സാഹചര്യം വകുപ്പുമന്ത്രിമാർക്ക് എല്ലാ കാലവും ഉണ്ടാകാറുണ്ടെന്ന് അങ്ങേയ്ക്കറിയാം, പക്ഷെ ഇന്ന് നമുക്ക് അതിനുള്ള സാഹചര്യമില്ല. പതിമൂന്ന് ദിവസങ്ങളിലായി നടത്തേണ്ട ധനാഭ്യർഥന ചർച്ചകൾ രണ്ട് ദിവസമാക്കി ചുരുക്കിയിരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ അതിനുള്ള സാഹചര്യമുണ്ടായത് ആദ്യമായാണെന്ന് തോന്നുന്നു. 1970-ലെയോ മറ്റോ ഒരു നടപടിക്രമം ഒഴിച്ചുനിർത്തിയാൽ ഒരു ഗവൺമെന്റും തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനുമുമ്പ് ബജറ്റ് അവതരിപ്പിച്ചാൽ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിയാണ് പോകാറുള്ളത്. കഴിഞ്ഞ ഗവൺമെന്റ് ഏത് സാഹചര്യത്തിലാണ് സമ്പൂർണ്ണ ബജറ്റ് അവതരിപ്പിച്ചതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. കേരളത്തിന്റെ നിയമസഭാ ചരിത്രത്തിലെ കീഴ്വഴക്കങ്ങൾക്ക് എതിരായ കാര്യമാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇവിടെ നടപ്പാക്കിയതെന്നും അതിന്റെ ഫലമായുള്ള പ്രയാസമാണ് ഇന്ന് അനുഭവിക്കേണ്ടിവരുന്നതെന്നുമുള്ള കാര്യം അങ്ങയെയും സഭയെയും ഞാൻ ഓർമ്മിപ്പിക്കുകയാണ്. (....ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരു കാര്യത്തെക്കുറിച്ച് സഭയെ അറിയിച്ചു. പക്ഷെ നമ്മുടെ കൈയിലുള്ള ടൈമിന്റെ പരിമിതമായ സാഹചര്യം വച്ചുമാത്രമെ മുന്നോട്ട് പോകാൻ കഴിയൂ. മാത്രമല്ല നമ്മൾ ബി.എ.സി. (Business Advisory Committee)-ൽ ഇക്കാര്യം പരിഗണിക്കുകയും ചില കാര്യങ്ങൾ പൊതുവായ ധാരണയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകണമെന്ന് തീരുമാനിക്കുകയും ചെയ്തു. കാര്യോപദേശക സമിതിയുടെ പ്രസ്തുത തീരുമാനം സഭയെ അറിയിക്കുകയും ചെയ്തതാണ്. അതിനാൽ ഇനി

നമുക്ക് ഈ രീതിയിൽ മുന്നോട്ടുപോകുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. ഇക്കാര്യത്തിൽ നിയമവിരുദ്ധമായ നടപടികളൊന്നും ഉണ്ടായിട്ടില്ല. നിയമസഭാ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള ചില നടപടികൾ മാത്രമാണ് നമ്മൾ ചെയ്തിട്ടുള്ളത്. ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ച ആരംഭിക്കുകയാണ്.

**ചർച്ച**

ശ്രീ. അൻവർ സാദത്ത്: സർ, ഇന്ന് അവതരിപ്പിച്ച വിവിധ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സർക്കാരിന്റെ ഈ ധനാഭ്യർത്ഥനകളെ വളരെ അഭിമാനപുരസരമാണ് ഞാൻ അനുകൂലിക്കുന്നത്. ഈ സർക്കാർ അധികാരത്തിലേറിയപ്പോൾ കഴിഞ്ഞ സർക്കാരിനെപ്പോലെ വാഗ്ദാനങ്ങൾ നൽകിക്കൊണ്ട്........ ആ സർക്കാരിന്റെ അഞ്ച് വർഷം തികയുമ്പോഴാണ് അവരുടെ വാഗ്ദാനങ്ങൾ പാലിച്ചത്. പെൻഷന്റെ കാര്യമെടുത്താൽ, 2500/- രൂപ നൽകുമെന്ന് പറഞ്ഞുവെങ്കിലും 400/- രൂപയാണ് അവർക്ക് വർധിപ്പിക്കാൻ സാധിച്ചത്. അത് നടപ്പിലാക്കാൻ കാലതാമസമുണ്ടാകുകയും അത് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാത്ത തരത്തിൽ പിന്നീട് ആ സർക്കാർ മാറിപ്പോകുന്ന സാഹചര്യവുമാണുണ്ടായത്. എന്നാൽ യു.ഡി.എഫ്. സർക്കാർ അങ്ങനെയല്ല. ശ്രീ. വി. ഡി. സതീശന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് പറഞ്ഞ കാര്യങ്ങൾ തുടക്കം മുതൽ കൃത്യമായി നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണെന്ന് നമുക്കെല്ലാപേർക്കുമറിയാം.

കെ.എസ്.ആർ.ടി.സി.-യിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര നടപ്പിലാക്കുമെന്ന് വ്യക്തമാക്കുകയുണ്ടായി. അത് അവർക്ക് അനുവദിച്ചുവഴി കേരളത്തിലെ സ്ത്രീകൾ ഇന്ന് വളരെ സന്തോഷത്തിലാണ്. കെ.എസ്.ആർ.ടി.സി. ബസിൽ യാത്ര ചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഈ സർക്കാരിന്റെ തീരുമാനംകൊണ്ട് ഒരു നീക്കിയിരിപ്പ് തുക ഓരോ മാസവും അവരുടെ വീട്ടിലെ ഖജനാവിലേക്ക് വരുന്ന സാഹചര്യമുണ്ടായപ്പോൾ അവർക്ക് വളരെയധികം സന്തോഷമാണ്.

ആശാ പ്രവർത്തകരെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഇപ്പോൾ പ്രതിപക്ഷം സ്ത്രീകൾക്കുവേണ്ടി 'മുതലക്കണ്ണീർ' ഒഴുക്കുന്നു. എന്നാൽ യു.ഡി.എഫ്. ആണ് അവരുടെ കണ്ണുനീർ കണ്ടുകൊണ്ട് അവരെ ചേർത്തുപിടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആശാ പ്രവർത്തകർക്ക് 3000/- രൂപ വർധിപ്പിച്ചുകൊണ്ട് തുടക്കത്തിൽതന്നെ ആ വാഗ്ദാനം പാലിച്ചു. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്ത്രീകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ ഇന്നിവിടെ വിശദീകരിച്ചതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. പാവപ്പെട്ട ആശാവർക്കർമാരുടെ ഡിമാന്റ് അംഗീകരിച്ചുകൊടുത്തില്ലെന്ന് മാത്രമല്ല, അവരെ അവഹേളിക്കുന്നൊരു സാഹചര്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായി. അങ്കണവാടി വർക്കർമാരുടെ വേതനത്തിൽ 1000/- രൂപയുടെ വർധനവ് വരുത്തുകയും പാചകത്തൊഴിലാളികളുടെ വരുമാനത്തിൽ വർധനവ് വരുത്തുകയും ചെയ്തു. ഇവയെല്ലാം ഈ സർക്കാരിന്റെ സ്ത്രീകളോടുള്ള സമീപനമാണ്. കഴിഞ്ഞ സർക്കാരിന്റെ മുഖം തിരിഞ്ഞ സമീപനം, അവർക്ക് ഒന്നും നൽകിയില്ലെന്നുമാത്രമല്ല അവരെ അവഹേളിക്കുകകൂടി ചെയ്യുന്നതായിരുന്നു.

പൊതുജനാരോഗ്യരംഗത്ത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഈ സർക്കാർ നല്ല തുടക്കം കുറിച്ചിരിക്കുകയാണ്. ഉമ്മൻ ചാണ്ടിയുടെ പേരിലുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിവഴി ഒരു കുടുംബത്തിന് 25 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസാണ് ലഭിക്കാൻ പോകുന്നത്. ഈ സർക്കാരിലുള്ള ജനങ്ങളുടെ പ്രതീക്ഷ നമുക്കെല്ലാമറിയാം. ആരോഗ്യരംഗം വളരെ മെച്ചപ്പെട്ട രീതിയിൽ ഗംഭീരമായ തുടക്കം കുറിക്കുമ്പോൾ ചില പുഴുക്കുത്തുകൾ അതിന് തടസ്സം സൃഷ്ടിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അതൊന്നും നോക്കാതെ യു.ഡി.എഫ്. സർക്കാർ വളരെ ശക്തമായി ആരോഗ്യരംഗത്ത് മുന്നോട്ടുപോകുകയാണ്.

കേരളത്തിലെ ആഭ്യന്തര വകുപ്പിനെപ്പറ്റി നമുക്കറിയാം. സാധാരണ ആഭ്യന്തര വകുപ്പിൽനിന്നും വ്യത്യസ്തമായ ഒരു നിലപാടെടുത്തുകൊണ്ട് കേരളത്തിലെ ലഹരി മാഫിയ്ക്കെതിരെ 'ഓപ്പറേഷൻ തൂഫാൻ' എന്ന ബൃഹത്തായ പദ്ധതിയുമായാണ് സർക്കാർ

മുന്നോട്ടുപോകുന്നത്. ഇന്ന് കേരളത്തിലെ ഓരോ കുടുംബത്തിന്റെയും ഓരോ വിഷയങ്ങൾ സംരക്ഷിക്കുന്ന ഒരു വകുപ്പായി നമ്മുടെ ആഭ്യന്തര വകുപ്പ് മാറിയിരിക്കുകയാണ്. മയക്കുമരുന്നിനും രാസലഹരിക്കുമെതിരെ കഴിഞ്ഞ സർക്കാർ എന്താണ് ചെയ്തത്? ശ്രീ. പി. സി. വിഷ്ണുനാഥ് ഇപ്പോൾ ഈ സഭയിലുണ്ട്, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള മൂന്ന് ഉപക്ഷേപങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഈ സഭയിൽ അവതരിപ്പിച്ചത്. ആദ്യം ഞങ്ങളൊന്ന് ഉപദേശിച്ചുനോക്കി, വീണ്ടും ഞങ്ങൾ പറഞ്ഞു. പല തവണ ഇത്തരത്തിൽ ഈ വിഷയം സഭയിൽ ഉന്നയിച്ചെങ്കിലും അവർ 'അനങ്ങാപ്പാറ' സമീപനമാണ് സ്വീകരിച്ചത്. കേരളത്തിലെ ലഹരി മാഫിയയെ നിയന്ത്രിക്കാൻ മുമ്പത്തെ സർക്കാരിന് സാധിച്ചില്ല. എന്നാൽ ഇന്ന് ആയിരക്കണക്കിന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് നമുക്ക് അഭിമാനത്തോടെ പറയാം. അനേകംപേരെ നിയമവിധേയമായി തുറുങ്കിലടച്ചു. 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുമായി ഈ സർക്കാർ മുന്നോട്ടുപോകുമ്പോൾ കേരളത്തിലെ കുടുംബങ്ങളിലെ ഓരോരുത്തർക്കും ആശ്വാസമാണ്. കഴിഞ്ഞ ദിവസം കാസർഗോഡ് ജില്ലയിലെ ഒരു ക്ലീനിങ് കമ്പനിയുടെ മറവിൽ രാസലഹരി അടങ്ങിയ മിഠായി ഉൽപാദിപ്പിക്കുന്നുവെന്ന് പോലീസ് കണ്ടുപിടിക്കുകയും അവർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിരിക്കുകയുമാണ്. അത്തരത്തിൽ കോടിക്കണക്കിന് രൂപയുടെ രാസലഹരിയാണ് കേരളത്തിലെ പോലീസും ആഭ്യന്തര വകുപ്പും പിടിച്ചെടുത്തിരിക്കുന്നത്.

ആലുവ നിയോജകമണ്ഡലത്തിൽ ഇന്നലെ എല്ലാ റസിഡൻസ് അസോസിയേഷനുകളും ജനപ്രതിനിധികളും സംയുക്തമായി 'തൂഫാൻ നൈറ്റ്' എന്ന പേരിൽ ഇത്തരത്തിലുള്ള പ്രവർത്തികൾ ചെയ്യുന്നവരെ കണ്ടുപിടിക്കാൻ മുന്നിട്ടിറങ്ങുകയും അതിന്റെ ഗുണമുണ്ടാകുകയും ചെയ്തു. മുമ്പ് കേരളത്തിലെ പോലീസുദ്യോഗസ്ഥരെ മറ്റൊരു രീതിയിലാണ് ജനങ്ങൾ കണ്ടിരുന്നതെങ്കിൽ, ഇന്ന് ഓരോ കുടുംബാംഗങ്ങളിലേക്കും ജനങ്ങളുടെ ഹൃദയങ്ങളിലേക്കും അവർ എത്തിച്ചേർന്നിരിക്കുകയാണ്. അതുപോലെ എക്സൈസ് വകുപ്പും 'മയങ്ങില്ല കേരളം' എന്ന പേരിൽ മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ട്

മുന്നോട്ടുപോകുകയാണ്. എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ വിദ്യാർഥികൾക്ക് ക്ലാസ്സുകൾ എടുക്കാറുണ്ട്. എന്നാൽ എനിക്ക് എക്സൈസ് വകുപ്പിനോട് പറയാനുള്ളത്; നല്ല മോട്ടിവേഷണൽ സ്പീച്ച് നടത്തുന്ന പ്രൊഫഷണലായ ആളുകൾ കേരളത്തിൽ ധാരാളമുണ്ട്. പലപ്പോഴും എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുക്കുമ്പോൾ കുട്ടികൾ അലസമായി യാതൊന്നും കേൾക്കാറില്ലെന്നത് സത്യമാണ്. അതിനാൽ കേരളത്തിലെ മികച്ച മോട്ടിവേഷണൽ സ്പീക്കർമാരുടെ സഹായം തേടണം. ഇത്തരം മോട്ടിവേഷണൽ സ്പീച്ച് നടത്തുന്നവർ സ്കൂൾ/കോളേജ് തലങ്ങളിലെ വിദ്യാർഥികൾക്ക് ക്ലാസ്സെടുത്താൽ അത് വളരെയധികം ഗുണകരമാകുമെന്നതിൽ ഒരു സംശയവുമില്ല. ഇതിനോടൊപ്പം വിദ്യാഭ്യാസ വകുപ്പും ചേർന്നുനിൽക്കണം. വിദ്യാഭ്യാസ വകുപ്പ് ചെയ്യേണ്ടത്; ഒരു പീരിയഡ് 45 മിനിട്ട് ആണെങ്കിൽ അതിൽ 5 മിനിട്ട് അധ്യാപകർ കുട്ടികൾക്ക് പ്രായോഗിക വിദ്യാഭ്യാസം നൽകണം. രാസലഹരി ഉപയോഗിക്കുകയും അതുവഴി കുട്ടികൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുകയും അവരെ ക്രിമിനൽ പശ്ചാത്തലത്തിലേക്ക് കൊണ്ടുപോകുകയും ചെയ്യുന്ന വിധത്തിലുള്ള ഒട്ടനവധി വിഷയങ്ങൾ ഇന്നത്തെ കുട്ടികൾ മനസ്സിലാക്കേണ്ടതായുണ്ട്. സിലബസിലുള്ളത് മാത്രം പഠിപ്പിക്കാതെ മിനിമം അഞ്ച് മിനിറ്റെങ്കിലും ഒരു ക്ലാസിൽ പ്രായോഗികമായ വിദ്യാഭ്യാസം കുട്ടികൾക്ക് കൊടുത്താൽ കുറച്ചധികം പ്രശ്നങ്ങളിൽനിന്നും കുട്ടികളെ രക്ഷപ്പെടുത്താൻ നമുക്ക് സാധിക്കും. കാരണം, പഠിക്കുന്ന കാലത്ത് ഒരുപക്ഷേ രക്ഷകർത്താക്കൾ പറയുന്നതിനേക്കാൾ കൂടുതൽ അധ്യാപകർ പറയുന്നതാണ് ഞാനും നിങ്ങളുമടക്കമുള്ളവർ കേട്ടിട്ടുള്ളത്. ഇറിറ്റേഷൻ തോന്നിയേക്കാം പക്ഷേ മനപ്പാഠം പഠിക്കും, അത് അവന്റെ ജീവിതത്തിൽ ഗുണകരമാകും. അതുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് കുട്ടികൾക്ക് പ്രായോഗികമായ വിദ്യാഭ്യാസം കൊടുക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ടൂറിസം മേഖല കൂടുതൽ ശക്തിപ്പെടുത്തണം. അഗ്രി ടൂറിസം, ഫാം ടൂറിസം എന്നീ പുതിയ ടൂറിസം പദ്ധതികളുണ്ട്. അതുപോലെതന്നെ കേരളത്തിൽ മിക്ക സ്ഥലങ്ങളിലും ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോം സ്റ്റേകൾ അനുവദിക്കുന്നതിൽ ചില നടപടിക്രമങ്ങളുണ്ട്. ഈ

നടപടിക്രമങ്ങൾ നമുക്ക് ലഘൂകരിക്കണം, എന്നാൽ അത് നിയപരമായിരിക്കണം. അതിന് ടൂറിസം വകുപ്പ് തയ്യാറാകണം. ഇതിലൂടെ നിരവധി ആളുകൾക്ക് തൊഴിലവസരങ്ങളുണ്ടാകും. അക്കാര്യം ടൂറിസം വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ആലുവയിൽ ജില്ലാപഞ്ചായത്തിന്റെ ഒരു ടൂറിസം പദ്ധതിയുണ്ട്; ബോട്ടിൽ യാത്ര ചെയ്ത് പരുന്ത് റാഞ്ചി മണപ്പുറത്തുനിന്ന് റോപ് വേ-യിൽ ആലുവ-പെരുമ്പാവൂർ റൂട്ടിലേക്ക് പോകുന്നൊരു നല്ല ടൂറിസം പദ്ധതിയുണ്ട്. ആ പ്രൊപ്പോസൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നടപ്പിലാക്കി തരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ പി.ഡബ്ല്യു.ഡി.-യിൽ ഒരു പ്രതിസന്ധിയുണ്ട്. ബിറ്റുമിന്റെ വില കൂടിയിരിക്കുകയാണെന്ന് നമുക്കറിയാം. ഒരു ടണ്ണിന് 54,000/- രൂപ ആയിരുന്നത് ഇപ്പോൾ 96,000/- രൂപ ആയിരിക്കുകയാണ്. ഈ സാമ്പത്തിക പ്രതിസന്ധിമൂലം പല കോൺട്രാക്ടർമാരും ഇന്ന് വർക്കെടുക്കാൻ മടിക്കുകയാണ്. അവിടെ നമുക്കൊരു പ്രൈസ് മോഡിഫിക്കേഷൻ വേണം. ആ മോഡിഫിക്കേഷൻ നടത്തിയാൽ തീർച്ചയായും അത് വികസന രംഗത്ത് കൂടുതൽ സഹായകരമാകുമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. വ്യവസായ മേഖലയിൽ നമുക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വിചാരിച്ചാൽ വ്യവസായം കേരളത്തിലേക്ക് ആകർഷിക്കുന്ന രീതിയിൽ ധാരാളം പദ്ധതികൾ കൊണ്ടുവരാൻ സാധിക്കും. ആ പദ്ധതിയും നമുക്ക് നടപ്പിലാക്കി മുന്നോട്ട് പോകേണ്ടത് ഏറ്റവും കൂടുതൽ ആവശ്യമാണ്. അതുപോലെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടൊരു കാര്യം പറയാനുണ്ട്. ഇന്നലെ ഞാൻ തൊഴിലുറപ്പ് പദ്ധതിയിലെ സഹോദരിമാരെ കണ്ടപ്പോൾ അവർ പറഞ്ഞത് ഒരു പറമ്പിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയാൽ മൂന്ന് വർഷം കഴിയുമ്പോഴാണ് ആ പദ്ധതി വീണ്ടും അവിടെ ചെയ്യുന്നത്. നമുക്കതിന്റെ കാലതാമസം കുറയ്ക്കാനുള്ള സാഹചര്യമുണ്ടാകണം. ആ കാലതാമസം കുറയ്ക്കുന്നതിന്റെ ഭാഗമായി അത് ഒരു വർഷമാക്കി മാറ്റിയാൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സഹോദരിമാർക്ക് തൊഴിൽ കിട്ടുന്നൊരു സാഹചര്യമുണ്ടാകും. ഞങ്ങളുടെ മാഞ്ഞാലിത്തോട് പ്രധാനമായും അങ്കമാലി, കളമശ്ശേരി, ആലുവ, പറവൂർ എന്നീ നാല് നിയമസഭാമണ്ഡലങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ആ മാഞ്ഞാലിത്തോട് മേജർ ഇറിഗേഷന്റെ

കീഴിലാണ്. നബാർഡിന്റെ ഏതെങ്കിലും സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ട് മാഞ്ഞാലിത്തോട് പുനരുദ്ധാരണം നടത്തിയാൽ അത് കാർഷിക രംഗത്തായാലും, ഒരുപക്ഷെ ടൂറിസം പദ്ധതിപോലും അവിടെ കൊണ്ടുവരാൻ സാധിക്കും. ഇറിഗേഷൻ വകുപ്പ് അതിന് താല്പര്യമെടുക്കണമെന്നാണ് എനിക്ക് ഇത്തരുണത്തിൽ സർക്കാരിനോട് ആവശ്യപ്പെടാനുള്ളത്. അതുപോലെ ഗതാഗത വകുപ്പ്; നേരത്തെ സൂചിപ്പിച്ചതുപോലെ സ്ത്രീകൾക്ക് സൗജന്യ യാത്രയും പുതിയ തലമുറയ്ക്കുവേണ്ടി വാഹനം മോഡിഫിക്കേഷൻ ചെയ്യുന്ന പദ്ധതികളും കൊണ്ടുവരുന്നു. ആലുവ നിയോജകമണ്ഡലത്തിൽ ധാരാളം ബസ് റൂട്ടുകൾ ആവശ്യമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പുതിയ ബസ് റൂട്ടുകൾ അനുവദിക്കാൻ സഹായിക്കണമെന്നാണ് ഇത്തരുണത്തിൽ എനിക്ക് ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. കേരളത്തിലെ വിദ്യാർഥികൾ ഉന്നതവിദ്യാഭ്യാസ രംഗത്തെ വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. കാരണം, ഇന്ന് പല കുട്ടികളും നമ്മുടെ സ്റ്റേറ്റ് വിട്ട് മറ്റ് സ്റ്റേറ്റുകളിലേക്കും അതുപോലെ രാജ്യം വിട്ട് മറ്റ് രാജ്യങ്ങളിലേക്കും പോകുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ വകുപ്പ് നിശ്ചലമായി കിടക്കുകയായിരുന്നു. അതുകൊണ്ട് ഉന്നതവിദ്യാഭ്യാസ രംഗത്ത് പുതിയ യൂണിവേഴ്സിറ്റികൾ അല്ലെങ്കിൽ പുതിയ സംരംഭങ്ങൾ ഉയർത്തിക്കൊണ്ടുവന്ന് കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കണം. ആലുവയിൽ ഒരു ഐ.എ.എസ്. അക്കാദമി പ്രവർത്തിക്കുന്നുണ്ട്. ആലുവ മെട്രോ സ്റ്റേഷന്റെ ബിൽഡിങ്ങിലാണ് അതിന്റെ ട്രെയിനിംഗ് നടക്കുന്നത്. കുട്ടികൾക്ക് പഠിക്കാൻ കഴിയുന്ന തരത്തിൽ ആലുവയിൽ ഐ.എ.എസ്. അക്കാദമിയുടെ പുതിയ ബിൽഡിങ്ങും അതോടൊപ്പംതന്നെ അവിടെ ഹോസ്റ്റൽ സൗകര്യമുള്ള ഒരു സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരുക്കണമെന്ന കാര്യം മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. നിരവധി കാര്യങ്ങൾ ഇന്ന് ഈ ഗവൺമെന്റ് നടപ്പിലാക്കി മുന്നോട്ട് പോകുമ്പോൾ ഈ ഗവൺമെന്റിന്റെ ധനാഭ്യർഥനയെ പിന്തുണയ്ക്കുക എന്നുവച്ചാൽ അത് എന്നെ സംബന്ധിച്ചിടത്തോളം വലിയ സന്തോഷമുള്ളൊരു കാര്യം തന്നെയാണ്. അതുകൊണ്ട് നാടിന്റെ വികസനവുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. എല്ലാ

വകുപ്പുകളും ഏകോപിപ്പിച്ചുകൊണ്ട് ഈ നാടിന്റെ വികസനവുമായി മുന്നോട്ടുപോകുമ്പോൾ അതോടൊപ്പംതന്നെ നമുക്കും മുന്നോട്ടുപോകാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ നാട് ആഗ്രഹിച്ച വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സർക്കാരുകളായിരുന്നു കഴിഞ്ഞ രണ്ട് ടേമുകളിലായി കേരളത്തിലുണ്ടായിരുന്നത്. വികസനം ചർച്ചയാകാതെ വിവാദങ്ങൾ അഴിച്ചുവിട്ടും വിനാശകരമായ വിഭജന തന്ത്രം മെനഞ്ഞും എല്ലാവിധ പ്രതിലോമ പിന്തിരിപ്പൻ ശക്തികളുടെയും പിന്തുണയോടുകൂടി അവരെയെല്ലാം കൂട്ടുപിടിച്ച് ജനങ്ങൾക്കിടയിൽ പുകമറ സൃഷ്ടിച്ചുമാണ് യു.ഡി.എഫ്. ഈ വിജയം നേടിയിട്ടുള്ളത്. അതോടൊപ്പം ഗവൺമെന്റുകൾ മാറിവരുന്നത് നല്ലതാണെന്ന നിഷ്കളങ്കമായ ജനങ്ങളുടെ ഒരു പൊതുബോധവും ഈ വിജയത്തിന് ഇടയായ കാരണങ്ങളിൽ ചിലതാണ്. ഈ വിജയത്തിനിടയായ ചില വാഗ്ദാനങ്ങളുണ്ട്, അതും ഒരു ഘടകമാണ്. ആ വാഗ്ദാനങ്ങളിൽ പലതും പ്രഖ്യാപനങ്ങളായി നിലനിൽക്കുകയാണെന്നുള്ളത് എടുത്ത് പറയേണ്ടതാണ്. ഇവിടെ കെ.എസ്.ആർ.ടി.സി.-യിൽ സൗജന്യയാത്ര എന്നാണ് പറഞ്ഞിരുന്നത്. അത് ഓർഡിനറിയിലാണെന്ന് ഞങ്ങളാരും എവിടെയും കേട്ടിട്ടില്ല. ഈ ഇരിക്കുന്നവർ ആരുംതന്നെ അത് കേട്ടിട്ടുണ്ടാവില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെത്തന്നെ കോൺഗ്രസ്സിന്റെ സമുന്നതരായ നേതാക്കന്മാരുമെല്ലാം വീടുകളിൽ കയറിയും കെ.എസ്.ആർ.ടി.സി. ബസിൽ കയറിയുമൊക്കെ ജനങ്ങളോട് പറഞ്ഞത് നിങ്ങൾക്ക് കേരളത്തിലങ്ങോളമിങ്ങോളം വിനോദയാത്ര പോകാനും, അതുപോലെ തീർത്ഥാടനത്തിന് പോകാനുമെല്ലാം കെ.എസ്.ആർ.ടി.സി. സൗജന്യമാണെന്നാണ്. പക്ഷേ, വാഗ്ദാനം നടപ്പിലാക്കിയപ്പോൾ അത് കുറച്ച് സ്ത്രീകൾക്ക് മാത്രം, അല്ലെങ്കിൽ കുറച്ച് ആളുകൾക്ക് മാത്രം ഗുണം ലഭിക്കുന്നൊരു പദ്ധതിയായി മാറുന്നൊരവസ്ഥയിലേക്ക് വന്നിട്ടുണ്ട്. അതുപോലെ പല പദ്ധതികളും പ്രഖ്യാപനങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നല്ലാതെ അതിന്റെ തുടർ നടപടികളിലേക്ക് കടന്നിട്ടില്ല. കുറേയേറെ വർഷങ്ങളാകുമെന്ന നിലയിലാണ് ഇപ്പോൾ അതിന്റെ മറുപടികളെല്ലാം

വന്നുകൊണ്ടിരിക്കുന്നത്. അപ്പോൾ വാഗ്ദാന ലംഘനങ്ങൾ തുടർക്കഥയാകുക എന്നതാണ് നേരത്തെയും യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളത്. അത് തുടരുമെന്നുള്ള സൂചനകളാണ് ഇതിലെല്ലാം തെളിഞ്ഞ് വരുന്നത്. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ആലുവ മെമ്പർ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യാതൊന്നും ചെയ്തിട്ടില്ലായെന്ന് സൂചിപ്പിക്കുകയുണ്ടായി. താങ്കൾ അങ്ങനെ പറയരുത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് ആശ വർക്കർമാർക്കും അംഗൻവാടി വർക്കർമാർക്കും 2,000/- രൂപ വർധിപ്പിച്ചത്. അതുപോലെ സ്കൂൾ ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്കും വേതനം വർധിപ്പിച്ചിട്ടുണ്ട്. നാം മനസ്സിലാക്കേണ്ടത്, കേന്ദ്രത്തിന്റെ അവഗണനയുടെ ഭാഗമായി ഒന്നരലക്ഷം കോടി രൂപയുടെ നമ്മുടെ കണക്ക് കൂട്ടലുകൾ തെറ്റിച്ചൊരു കാലമായിരുന്നു എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലം. ആ ഘട്ടത്തിലാണ് ഇതെല്ലാം ചെയ്തതെന്ന് നാം ഓർക്കണം. ഒരു നിശ്ചിത വരുമാനം വന്നുകൊണ്ടിരിക്കുന്നതിനിടയിൽ വലയൊരു വരുമാനം നഷ്ടമുണ്ടാകുന്നൊരു സാഹചര്യം വരുമ്പോൾ നമ്മുടെ വീടുകളിലും അതിന്റേതായ ചില പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. ഒരു ഗവൺമെന്റിന് പ്രയാസങ്ങൾ നേരിടുമ്പോൾ ആ പ്രയാസങ്ങൾക്കകത്ത് നിന്നുകൊണ്ട് ജനങ്ങളെ സംരക്ഷിക്കാനും സഹായിക്കാനും നിലപാട് സ്വീകരിച്ച ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് നാം പ്രത്യേകം പറയേണ്ടതുണ്ട്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞ് പോകേണ്ടതുണ്ട്. കിഫ്ബി പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിൽ ഏതാണ്ട് ഒരുലക്ഷം കോടി രൂപയോളം ബജറ്റിന് പുറത്ത് സമാഹരിച്ച് നിരവധിയായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തീരദേശ ഹൈവേ, മലയോര ഹൈവേ, അതുപോലെ പാലങ്ങൾ, സ്കൂൾ കെട്ടിടങ്ങൾ, ഹോസ്പിറ്റൽ കെട്ടിടങ്ങൾ തുടങ്ങി നിരവധിയായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞിട്ടുള്ള വലിയൊരു സംരംഭമാണ് കിഫ്ബി. എന്റെ നിയോജക മണ്ഡലത്തിൽ പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ടെണ്ടർ നടപടികളുടെ ഭാഗമായി ടെണ്ടർ വിളിച്ച് മൂന്ന് ടേം കഴിഞ്ഞിട്ടും അതിന്റെ നടപടികൾ പൂർത്തീകരിക്കാൻ ഇപ്പോൾ ഗവൺമെന്റിലേക്ക് അയച്ചിരിക്കുകയാണ്. അത്

വേഗതയിലാക്കി അതിന്റെ നിർമ്മാണം തുടങ്ങേണ്ടതുണ്ട്. ഇതിനായി പത്ത് ലക്ഷത്തി നാല്പത്തിയെണ്ണായിരം രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിയുടെ ഭാഗമായിട്ടുള്ള പുതുക്കാട് - മുപ്ലിയം റോഡ്, 2.77 കോടി രൂപ കെ.എസ്.ഇ.ബി. പോസ്റ്റുകളും ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി ടെണ്ടർ ക്ഷണിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചു. ബാക്കി നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള ടെണ്ടർ നടപടി കോടതി ഇടപെട്ട് അതിന് ഉത്തരവുണ്ടാക്കി വന്നിരിക്കുകയാണ്. പക്ഷേ എഗ്രിമെന്റ് ചെയ്യുന്നില്ല, അതിന് കാലതാമസമുണ്ടാക്കരുത്, അതിന്റെ കരാറുകാരൻ യാർഡ് സെറ്റ് ചെയ്തു. മൂന്ന് പഞ്ചായത്തിലൂടെ പോകുന്ന റോഡാണിത്. മഴ വന്നതിന്റെ ഭാഗമായി റോഡെല്ലാം ചെളിയായി കിടക്കുന്നതിനാൽ ആളുകൾ പ്രയാസപ്പെടുകയാണ്. അത് എഗ്രിമെന്റ് ചെയ്യാനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് രണ്ട് തവണ കത്ത് നൽകിയിട്ടുണ്ട്, പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കത്ത് നൽകിയിട്ടുണ്ട്. വേഗതയിൽ അതിന്റെ എഗ്രിമെന്റ് ചെയ്ത് നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്. മലയോര ഹൈവേയിലെ ഒരു റീച്ചിന്റെ സ്ഥിതിയും അങ്ങനെതന്നെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് നവകേരള സദസ്സുമായി ബന്ധപ്പെട്ട് എല്ലാ എം.എൽ.എ.-മാർക്കും 7 കോടി രൂപവീതം നിയോജകമണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി അനുവദിച്ചിരുന്നു. അത് ചില പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയായിരുന്നു. അതിൽ ചിലതിന് ടെൻഡർ എക്സസ് തുക വന്നിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പഞ്ചായത്ത് റോഡുമായി ബന്ധപ്പെട്ടാണ് ടെൻഡർ എക്സസ് തുക അനുവദിച്ചിരുന്നത്. ടെൻഡർ എക്സസിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളൊക്കെയാണ് എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് പ്രധാനമായും എനിക്ക് പറയാനുള്ളത്. എല്ലാ കാര്യങ്ങളും ചർച്ചയിൽ പറഞ്ഞ് പോകുന്നത് ഉചിതമല്ലാത്തതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഇവിടെ സ്ത്രീകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചില കാര്യങ്ങൾ നേരത്തെ പറയുകയുണ്ടായി. "സ്ത്രീ സുരക്ഷാ പദ്ധതി'-യുടെ ഭാഗമായി പ്രതിമാസം 1,000/- രൂപ

വീതമാണ് നൽകിയിരുന്നത്. ഇവിടെ ഇരിക്കുന്ന എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലത്തിലും, എന്റെ മണ്ഡലത്തിൽ പതിനായിരത്തോളം ആളുകളുണ്ടായിരിക്കുമെന്നാണ് കണക്കാക്കുന്നത്. ഈ പദ്ധതിക്ക് അർഹരായ പതിനാറ് ലക്ഷത്തെ 140 കൊണ്ട് ഹരിക്കുമ്പോൾ ലഭിക്കുന്ന കണക്കാണത്. ചിലപ്പോൾ ചില ഏറ്റക്കുറച്ചിലുകളുണ്ടാകാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലത്തിലടക്കം സ്ത്രീകളുള്ളതാണ്. ഈ പദ്ധതിൽ അനധികൃതമായി ആരെങ്കിലും കയറിക്കൂടിയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അത് നമുക്ക് ഓരോരുത്തർക്കും പരിശോധിക്കാൻ സാധിക്കും. ഈ പദ്ധതി സ്ത്രീകൾക്ക് ഒരാശ്വാസമായി, അവരെ അംഗീകരിക്കുകയും പരിഗണിക്കുകയും ചെയ്യുന്ന നല്ലൊരു പദ്ധതിയെ നിങ്ങൾ തടസ്സപ്പെടുത്തരുത്. തടസ്സപ്പെടുത്താനുള്ള നീക്കങ്ങൾ ചെയ്യുന്നത് നമുക്ക് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. നേരത്തെ സംസാരിച്ച അംഗം 'ഓപ്പറേഷൻ ഡി-ഹണ്ട്' പദ്ധതിയെക്കുറിച്ച് സംസാരിച്ചിരുന്നു. ആ പദ്ധതി നല്ലകാര്യമാണ്. അതിലെ പ്രവർത്തനത്തെ ഞങ്ങളൊക്കെ പിന്തുണയ്ക്കുകയും പദ്ധതിയുടെ ഭാഗമായ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ലഹരിക്കെതിരെ വൻപ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. എക്സ്സൈസ് വകുപ്പിന്റെ പദ്ധതികളും കേരള പൊലീസ് നടപ്പാക്കിയ 'യോദ്ധാവ്' പദ്ധതിയും ലഹരിക്കെതിരെ വളരെയധികം ഫലപ്രദമായിരുന്നു. അതൊന്നും ഇന്നത്തെപ്പോലെ റീൽസ് ഇടാനായി അന്ന് തീരുമാനിച്ചിരുന്നില്ല. റീൽസുകൾ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നത് നല്ല കാര്യമാണ്. അതിലൂടെ നല്ല പ്രചരണം നടത്താൻ സാധിക്കും. എസ്.ഐ.-മാർ റീൽസ് പോസ്റ്റ് ചെയ്തപ്പോൾ, ഞങ്ങളൊന്നും പറഞ്ഞിരുന്നില്ല. അങ്ങനെയെങ്കിലും ലഹരിക്കെതിരായി പ്രചരണം നടക്കണം. പുതുക്കാട് നിയോജകമണ്ഡലത്തിലെ പരിപാടിയിൽ ഞാൻ പങ്കെടുത്തപ്പോൾ ഇതുപോലൊരു വിഷയമാണ് വന്നത്. ആഭ്യന്തര വകുപ്പുമന്ത്രി നടത്തുന്ന പദ്ധതികളൊക്കെ നല്ലതാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്

മദ്യവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള ചില പ്രശ്നങ്ങൾ ആശങ്കകൾ ഉയർത്തുന്നുവെന്ന വിഷയംകൂടി ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് മുതൽ അവസാനം സംസ്ഥാന ഇലക്ഷൻ കമ്മീഷണറെ വരെ നിയമിച്ച എല്ലാ കാര്യങ്ങളിലും ഞങ്ങളല്ല കൂടുതൽ വിവാദങ്ങളുണ്ടാക്കാനായി വിഷയങ്ങൾ ഉയർത്തികൊണ്ടുവരുന്നത്. ഞങ്ങളെക്കാൾ കൂടുതൽ കോൺഗ്രസിന്റെ ഘടകകക്ഷികളും കക്ഷിനേതാക്കളുമാണ് വ്യത്യസ്ഥ വിഷയങ്ങൾ ഉയർത്തിവരുന്നത്. അത് സംഘ്പരിവാർ ശക്തികൾക്ക് കീഴടങ്ങുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കഴിഞ്ഞ 10 വർഷമായി ഒപ്പത്തിനൊപ്പം മുട്ടോടുമുട്ട് മുട്ടിനിന്ന ഗവൺമെന്റായിരുന്നു കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഒരു വിട്ടുവീഴ്ചയുമില്ലാതെയാണ് വർഗ്ഗീയതയ്ക്കെതിരായി പോരാട്ടം ശക്തിപ്പെടുത്തിയത്. ഈ ചുരുങ്ങിയ നാൾക്കകംതന്നെ ഈ ഗവൺമെന്റ് സംഘ്പരിവാർ ശക്തികൾക്ക് കീഴടങ്ങുന്നതാണെന്ന ഒരു ധ്വനി വരാവുന്ന നിലയിലുള്ള നിരവധി ഉദാഹരണങ്ങൾ ഇതിനകം വന്നുപോയിട്ടുണ്ട്. ഇതാണ് പ്രത്യേകമായി ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ഒരിക്കൽകൂടി ധനാഭ്യർത്ഥനയെ ശക്തിയുക്തം എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട 13 ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ 10 വർഷക്കാലം ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരണം തകർത്ത് തരിപ്പണമാക്കിയ സമ്പദ്വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച വിസ്മയകരമായ ബജറ്റ് അംഗീകാരത്തിനായി വന്നിരിക്കുന്നത്. സമ്പദ്വ്യവസ്ഥ എത്രമാത്രം തകർന്നുതരിപ്പണമായിട്ടുണ്ട് എന്നുള്ളതിന്റെ ഒരു നേർചിത്രമായിരുന്നു ധവളപത്രത്തിലൂടെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയുടെ പൂർണ്ണരൂപം മനസ്സിലാക്കണമെങ്കിൽ ധവളപത്രത്തെയും സി.&എ.ജി. റിപ്പോർട്ടിനെയും ആശ്രയിക്കേണ്ടിവരും. തകർന്നടിഞ്ഞ സാമ്പത്തികനില മുന്നിൽവച്ചാണ്

എല്ലാകാര്യങ്ങളും മുന്നോട്ടുകൊണ്ടുപോകേണ്ടതെന്ന് നമുക്കെല്ലാവർക്കുമറിയാം. റവന്യൂ വരുമാനത്തിന്റെ ഏകദേശം 77 ശതമാനം തുക കമ്മിറ്റഡ് എക്സ്പെൻഡിച്ചറായി വരുന്നുണ്ട്. ബാക്കിയുള്ള 23 ശതമാനത്തിൽനിന്നും മാത്രമാണ് പുതിയ പദ്ധതികൾ കൊണ്ടുവരുന്നതും ആ പദ്ധതികൾക്ക് മുൻഗണന നിശ്ചയിക്കുവാൻ കഴിയുന്നതും. അങ്ങനെയുള്ള സാഹചര്യത്തിൽ നിന്നുതന്നെയാണ് വിസ്മയകരമായ/വിസ്മയംതീർത്തുവെന്ന് പറയുന്ന റിപ്പോർട്ട് ഇവിടെ വന്നിട്ടുള്ളത്. പിണറായി സർക്കാർ അധികാരത്തിൽ വരുന്നതുവരെയുള്ള കേരളത്തിന്റെ പൊതുകടം ഒന്നരലക്ഷം കോടി രൂപയാണെങ്കിൽ കഴിഞ്ഞ 10 വർഷക്കാലത്തിനുള്ളിൽ അത് മൂന്നരലക്ഷം കോടി രൂപകൂടി വർധിപ്പിച്ച് അഞ്ച് ലക്ഷത്തിലധികം കോടി രൂപയായി കേരളത്തിന്റെ പൊതുകടത്തിലേക്ക് എത്തിച്ചിരിക്കുകയാണ്. അതിന് പിണറായി സർക്കാർ കേരളത്തോട് മാപ്പ് പറയേണ്ടതാണ്. ആ സത്യസന്ധമായ റിപ്പോർട്ടാണ് ധവളപത്രത്തിലൂടെ നമ്മൾ പുറത്തുകൊണ്ടുവന്നത്. പത്ത് വർഷക്കാലയളവിനുള്ളിൽ മൂന്നര ലക്ഷം കോടി രൂപ അധികം കടമുണ്ടാക്കിയതിനാണ് ഞാൻ മാപ്പ് പറയണമെന്ന് പറഞ്ഞത്. നിർബന്ധിതമായ ചെലവുകൾക്ക് അപ്പുറത്തുനിന്ന്, ഈ പുതിയ പദ്ധതികൾ ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ഒരു സർക്കാരിന്റെ മുന്നിലുള്ളത്, ടാക്സ് ചുമത്തുകയെന്നതാണ്. എന്നാൽ പാവപ്പെട്ട ആളുകളുടെമേൽ ഒരുരൂപപോലും നികുതി അടിച്ചേൽപ്പിക്കാതെ മറ്റ് ധനാഗമന മാർഗ്ഗങ്ങളെ കണ്ടെത്തിയിരിക്കുകയാണ്. സതേൺ കേരള ഇക്കണോമിക് സോൺ ഉൾപ്പെടെ കൊണ്ടുവരാനും കേരളത്തെ ഒരു തുറമുഖ സംസ്ഥാനമായി കണ്ടുകൊണ്ട് അതിൽനിന്ന് പണം സമാഹരിക്കാൻ അടക്കമുള്ള വിസ്മയങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിലൂടെ തുറന്നുകാട്ടിയത്. അങ്ങനെയുള്ള ഒരു ബജറ്റിൽനിന്ന് 13 ഉപധനാഭ്യർഥന ഡിമാന്റുകളാണ് ഇവിടെ വന്നിട്ടുള്ളത്. ഈ ഡിമാന്റുകൾ മുഴുവൻ പരിശോധിക്കുമ്പോൾ വലിയൊരു കാര്യം ധവളപത്രത്തിൽ പറഞ്ഞിട്ടുണ്ട്. അതിൽ കിഫ്ബിയെക്കുറിച്ചാണ് ഒന്നാമതായി പറയുന്നത്. 21,000 കോടി രൂപ വായ്പയെടുത്ത്

കേരളത്തെ മുഴുവൻ കടക്കെണിയിലാക്കുകയും 35,000 കോടി രൂപയുടെ പദ്ധതികൾകൂടി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇനി ഏറ്റെടുത്ത മുഴുവൻ തുകയും ചെലവഴിക്കുമ്പോൾ, അത് ഒരവധാനതയുമില്ലാതെയാണ് മുന്നോട്ടുപോകുന്നത്. വായ്പയെടുത്ത ആകെ തുകയുടെ പലിശയെക്കാൾ ഒന്നരശതമാനം അധികം പലിശകൊടുത്തുകൊണ്ടാണ് കിഫ്ബിയ്ക്കുവേണ്ടി വായ്പയെടുത്തത്. കഴിഞ്ഞ സർക്കാർ ഗുരുതരമായ തെറ്റാണ് കേരളത്തോട് ചെയ്തത്. ഇത്തരത്തിൽ വായ്പയെടുത്ത് പദ്ധതികൾ നടപ്പിലാക്കിയപ്പോൾ ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ അംഗങ്ങൾ ഘോരഘോരം പ്രസംഗിക്കുന്ന കിഫ്ബി, ഇവിടെയുള്ള വികസനത്തിന്റെ വിതരണത്തിൽ വലിയ അസന്തുലിതാവസ്ഥയുണ്ടെന്നുള്ളത് പ്ലാനിങ് ബോർഡ് ചൂണ്ടിക്കാട്ടിയ ഏറ്റവും ഗുരുതരമായ കാര്യമാണ്. അതായത്, കേരളത്തിൽ ഇപ്പോൾ നടപ്പിലാക്കിയ പദ്ധതികളിൽ 20 ശതമാനവും ഒരു ജില്ലയിലേക്കാണ് പോയിട്ടുള്ളത്. വികസനം നടത്തുമ്പോൾ ഏറ്റവും പിന്നാക്ക പ്രദേശങ്ങളെയും പിന്നാക്ക വിഭാഗങ്ങളെയും മുന്നിൽകണ്ടുകൊണ്ടുവേണം വികസനം കൊണ്ടുവരാനെന്ന് മഹാത്മാഗാന്ധി പറഞ്ഞിട്ടുണ്ടെങ്കിൽ, ഇവിടെ നേരെ തിരിച്ചാണ് സംഭവിച്ചത്. കണ്ണൂർ ജില്ലയ്ക്കുമാത്രം 20.9 ശതമാനം തുകയാണ് കിഫ്ബിയിൽ നിന്ന് വിതരണം വന്നിട്ടുള്ളത്. മൂന്ന് ജില്ലകളിലേക്ക് മാത്രം കിഫ്ബിയുടെ പദ്ധതി വികസനം വന്നത് 49.7 ശതമാനമാണ്. പകുതിയോളം തുകയാണ്, ഇത് അസന്തുലിതമാണ്. മറ്റ് ജില്ലയിലെ കാര്യങ്ങൾ പറഞ്ഞ് ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. മലപ്പുറം ജില്ലയിൽ തുക അനുവദിച്ചിട്ടില്ല. കിഫ്ബി പദ്ധതി നിർത്തുന്നതിനുമുമ്പോ അല്ലെങ്കിൽ മോഡിഫിക്കേഷൻ വരുമെന്ന് ഇവിടെ പറഞ്ഞതുപോലെയോ കിഫ്ബി മുഖേന വികസനമെത്താത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും, പ്രത്യേകിച്ച് കഴിഞ്ഞ 10 വർഷക്കാലം യു.ഡി.എഫ്. എം.എൽ.എ.-മാർ പ്രതിനിധാനം ചെയ്യുന്ന മണ്ഡലങ്ങളിലേക്കൊന്നും കിഫ്ബി വികസന പ്രവർത്തനങ്ങൾ എത്തിയിട്ടില്ല. കിഫ്ബി വികസന വിതരണത്തിൽ സന്തുലിത പാലിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. വിതരണത്തിൽ നീതി

പുലർത്താതെയും പിന്നാക്ക പ്രദേശങ്ങളെയും പിന്നാക്ക വിഭാഗങ്ങളെയും പരിഗണിക്കാതെയും മുന്നോട്ടുപോയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായ ഒരു ഇടപെടലുണ്ടാകണം. കിഫ്ബി മൊത്തത്തിൽ അവസാനിപ്പിക്കുന്നതിനുമുമ്പ് പിന്നാക്ക പ്രദേശങ്ങളെ കൂടുതൽ പരിഗണിക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

ഗവൺമെന്റിന്റെ സേവനങ്ങൾ എല്ലാവർക്കുമെത്തിക്കുമ്പോൾ അതിന്റെ ബാധ്യത ഒരുപോലെ എല്ലാവരിലും അടിച്ചേല്പിക്കാൻ പാടില്ല. സമൂഹത്തിലെ ഏറ്റവും ദരിദ്രനും ദുർബലനുമായ വ്യക്തിക്ക് പ്രയോജനം ലഭിക്കുന്ന വികസനമാണ് വേണ്ടതെന്ന് ഗാന്ധിജി പറഞ്ഞത് ഞാൻ ഇവിടെ ക്വാട്ട് ചെയ്തുകഴിഞ്ഞു. സർക്കാർ സേവനങ്ങൾ പാവപ്പെട്ടവനെന്നപോലെ സമ്പന്നനും നൽകുമ്പോൾ സമ്പന്നനിൽനിന്നും നികുതി ഈടാക്കണം. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നിർമ്മാണമേഖലയെ സ്തംഭിപ്പിച്ചിരിക്കുകയാണ്. കേരളത്തിന്റെ സ്തംഭനാവസ്ഥ മാറ്റിയശേഷം നിർമ്മാണമേഖലയെ ഉത്തേജിപ്പിക്കുമ്പോൾ സ്വാഭാവികമായും ഒരു മൾട്ടിപ്പിൾ എഫക്ട് കേരളത്തിൽ കൂടുതൽ ക്രമത്തിലാവുകയും അങ്ങനെ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേക്ക് എത്തണം.

സംസ്ഥാനത്തിന് നോൺ-ടാക്സ് ഇനത്തിൽ ഒരു പുനർസംവിധാനം ആവശ്യമാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. കേരളത്തിലെ അമ്പതോളം വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ 20 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കി മുമ്പോട്ടുപോകുകയും ബാക്കിയുള്ളവ കടത്തിലുമാണ്. അതിൽ ഒരു പൊതുമേഖലാ സ്ഥാപനം മാത്രം 0.4 ശതമാനം ലാഭമായി സർക്കാരിലേക്ക് അടയ്ക്കുന്നു. ഇതെല്ലാം ചെയ്യുമ്പോഴും കേരളത്തിൽ സർക്കാരിന്റെ ശ്രദ്ധയെത്താത്ത മേഖലയിലെ നികുതിച്ചോർച്ച കണ്ടെത്താനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണം. കേരളത്തിൽ 116 ക്വാറികൾക്കാണ് ഔദ്യോഗികമായി അംഗീകാരം നൽകിയിട്ടുള്ളതെങ്കിലും ഏകദേശം 800 ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് ജിയോളജി

*29-06-2026*
*Financial Business*

ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയിരിക്കുന്നത്. ഈ 800 ക്വാറികൾ പ്രവർത്തിച്ച് ലാഭം കൊയ്യുകയും പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുകയും ചെയ്യുന്നതിനാൽ ആ ക്വാറികളെക്കൂടി റെഗുലറൈസ് ചെയ്യുകയും അവർക്ക് അംഗീകാരം നൽകുകയും ചെയ്തുകൊണ്ട് അതിന്റെ വരുമാനംകൂടി കേരളത്തിന് ലഭ്യമാകുന്ന രീതിയിലേയ്ക്ക് ഈ മേഖലയെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ മണൽവാരാൻ പാടില്ലെങ്കിലും അനധികൃതമായി മണൽവാരൽ നടക്കുന്നതിനാൽ ആയത് ക്രമത്തിലാക്കിയാൽ അതിൽനിന്നുള്ള വരുമാനം കേരളത്തിന് കണ്ടെത്താൻ കഴിയും. സ്വർണ്ണത്തിന്റെ ഉപയോഗം ഇന്ത്യയിൽ ഏറ്റവുമധികം നടക്കുന്നത് കേരളത്തിലാണെങ്കിലും സ്വർണ്ണത്തിന്റെ കാര്യത്തിൽ അത്രയും വരുമാനം കേരളത്തിന് ലഭിക്കുന്നില്ലെന്നത് മറ്റൊരു വസ്തുതയാണ്.

എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട പ്രദേശമായ ആനങ്ങാടി ബീച്ചിലെ തീരദേശമേഖലയിൽ ഒരു മിനി ഹാർബർ വേണമെന്നത് അവുക്കാദർ കുട്ടി നഹ സാഹിബ് ഉൾപ്പെടെയുള്ളവർ ഉണ്ടായിരുന്ന സമയത്തെ ആവശ്യമായിരുന്നു. ആനങ്ങാടി ബീച്ച് എന്നത് മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള പ്രദേശമായതിനാൽ അവിടെ ഒരു മിനി ഹാർബർ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നത് എന്റെ മണ്ഡലത്തിന്റെ ആവശ്യമായി ഉന്നയിച്ചുകൊണ്ടും ഈ ഡിമാന്റിനെ പിന്തുണച്ചുകൊണ്ടും ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിൽനിന്നും പിന്നിലോട്ടുപോയി സ്വകാര്യവൽക്കരണ നടപടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുന്നതിനാൽ ബജറ്റ് പ്രഖ്യാപനങ്ങളെല്ലാം ആ നിലയിലാണ് ഉണ്ടായിട്ടുള്ളത്. ക്ഷേമ പെൻഷനുകൾ 3,000/- രൂപയായി വർധിപ്പിക്കുമെന്നാണ് കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. സർക്കാർ കേരളത്തിൽ നൽകിയ വാഗ്ദാനം.

തിരഞ്ഞെടുപ്പിനുശേഷം യു.ഡി.എഫ്. അധികാരത്തിൽ വന്ന് ആദ്യ ബജറ്റ് അവതരിപ്പിച്ചുവെങ്കിലും ആ നിലയിലുള്ള നടപടികളുണ്ടായില്ല.

2016-ലെ നിയമസഭാ തിരഞ്ഞെടുപ്പിനെത്തുടർന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 2016 മേയ് മാസം 25-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റതിനെത്തുടർന്ന് അന്നുതന്നെ ചേർന്ന ആദ്യ മന്ത്രിസഭായോഗത്തിൽ അതുവരെയുണ്ടായിരുന്ന 600 രൂപ പെൻഷൻ 1,000/- രൂപയായി വർധിപ്പിക്കുകയുണ്ടായി. 66 ശതമാനം വർധനവാണ് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റ ആദ്യദിവസം നടത്തിയിട്ടുള്ളത്. തുടർന്ന് ക്ഷേമപെൻഷനുകളിൽ ക്രമാനുഗതമായി വർധനവ് വരുത്തി. 10 വർഷത്തെ ഭരണത്തിനിടയിൽ 2025 ഒക്ടോബർ മാസം 29-ാം തീയതി 2,000/- രൂപയായി ക്ഷേമപെൻഷൻ വർധിപ്പിച്ചു. 1980-ലാണ് കേരളത്തിലെ കർഷക തൊഴിലാളികൾക്ക് ഒരു ക്ഷേമപെൻഷൻ നടപ്പിലായത്. 1980-ൽ 45 രൂപയായിരുന്ന ക്ഷേമപെൻഷൻ, 1980 മുതൽ 2025 വരെ പരിശോധിച്ചാൽ 45 വർഷം പെൻഷൻ നടപ്പിലായി. ഈ 45 വർഷത്തിനിടയിലെ 25 വർഷക്കാലം എൽ.ഡി.എഫ്. സർക്കാരുകളും 20 വർഷക്കാലം യു.ഡി.എഫ്. സർക്കാരുകളുമാണ് കേരളം ഭരിച്ചത്. 45 രൂപയെന്നത് 2,000/- രൂപയായി വർധിച്ചതിൽ 25 വർഷക്കാലം ഭരിച്ച എൽ.ഡി.എഫ്. സർക്കാരുകൾ 1,900/- രൂപയുടെ വർധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ 20 വർഷം ഭരിച്ച യു.ഡി.എഫ്. സർക്കാർ 100 രൂപയുടെ വർധനവാണ് വരുത്തിയത്. 25 വർഷവും 20 വർഷവും തമ്മിൽ വലിയ വ്യത്യാസമില്ലെങ്കിലും 1,900/- രൂപയും 100 രൂപയും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഈ നിലയിലുള്ള സമീപനമാണ് ക്ഷേമ പദ്ധതികളോട് യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നതെന്നതാണ് ഇതിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

കഴിഞ്ഞ 9 വർഷക്കാലംകൊണ്ട് കേരളത്തിൽ ലൈഫ് ഭവന പദ്ധതിയിലൂടെ 5 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് തണലൊരുക്കിയ സർക്കാരായിരുന്നു ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. എന്നാൽ ഈ സർക്കാരിന്റെ ബജറ്റിൽ

അതിനെക്കുറിച്ചൊന്നും രേഖപ്പെടുത്തിക്കാണുന്നില്ല. 2017 മേയ് 23-ാം തീയതിയാണ് കേരളത്തിൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചത്. 2017 മുതലുള്ള 9 വർഷക്കാലത്തിനിടയിൽ 608745 കുടുംബങ്ങൾക്ക് ലൈഫ് ഭവന പദ്ധതിയിലൂടെ വീട് അനുവദിച്ചിട്ടുണ്ട്. 2026 ഫെബ്രുവരി മാസം 24-ാം തീയതിയിലെ കണക്കെടുത്തപ്പോൾ 500381 വീടുകളുടെ നിർമ്മാണം പൂർത്തിയായി അവിടെ താമസമാരംഭിച്ചിട്ടുണ്ട്. എന്നാൽ 2011 മുതൽ 2016 വരെ കേരളം ഭരിച്ച ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലനുവദിച്ച വീടുകളുടെ എണ്ണം 5500-ൽ താഴെയാണ്. 2016 ഫെബ്രുവരി മാസം 24-ാം തീയതി കോടിയേരി ബാലകൃഷ്ണൻ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് അന്ന് നൽകിയ മറുപടിയിൽ 5500-ൽ താഴെ വീടുകളാണ് ഈ 5 വർഷക്കാലംകൊണ്ട് അനുവദിച്ചത്. 9 വർഷക്കാലം കൊണ്ട് 608745 പേർക്ക് വീട് അനുവദിക്കുകയും ഏകദേശം 5 ലക്ഷത്തിലധികം ആളുകളുടെ വീടിന്റെ നിർമ്മാണം പൂർത്തിയായി താമസം ആരംഭിച്ച കാര്യത്തെക്കുറിച്ച് ഈ ബജറ്റിലൊരിടത്തും പരാമർശിച്ചിട്ടില്ല.

ഇപ്പോൾ രണ്ടാം ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുമെന്ന് പറയുന്നത്, കേരളത്തിലെ ഭൂരഹിതരെ സഹായിക്കാനല്ല. ഭൂപരിഷ്കരണ നിയമത്തെ വാണിജ്യാവശ്യങ്ങൾക്കുവേണ്ടി പരിഷ്കരിച്ച് കാലോചിതമായ മാറ്റം വരുത്തുമെന്നാണ് ബജറ്റിൽ പറയുന്നത്. 1956-ൽ കേരള സംസ്ഥാനം രൂപീകരിച്ച സമയത്ത് കേരളത്തിൽ ജന്മിവാഴ്ച കൊടികുത്തി വാഴുകയായിരുന്നു. കേരളത്തിൽ 1957-ൽ 9% കുടുംബങ്ങൾക്കുമാത്രമേ സ്വന്തമായി ഭൂമി ഉണ്ടായിരുന്നുള്ളൂ. മരിച്ചാൽ അടക്കം ചെയ്യാൻ ആറടി മണ്ണുപോലും സ്വന്തമായി ഇല്ലാത്ത 91% കുടുംബങ്ങളുമായാണ് 1957-ലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ കേരളത്തിൽ അധികാരമേറ്റത്. ആ സർക്കാർ കൊണ്ടുവന്ന കുടിയിറക്ക് നിരോധന നിയമവും തുടർന്ന് ഭൂപരിഷ്കരണ നിയമവും മുഖേന ഇന്ന് കേരളത്തിൽ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളുടെ എണ്ണം 97 ശതമാനമാണ്. അങ്ങനെ ഭൂരഹിതർക്കും കർഷക തൊഴിലാളികൾക്കുമെല്ലാം ഭൂമി വിതരണം ചെയ്യാൻ ഭൂപരിഷ്കരണ നിയമത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്ത്

വർഷക്കാലംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ 456689 കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റിയിട്ടുണ്ട്. ബാക്കിവരുന്ന ഭൂരഹിതർക്കും കർഷക തൊഴിലാളികൾക്കും ഭൂമി നൽകാനല്ല; പകരം വാണിജ്യാവശ്യങ്ങൾക്കായി കോർപ്പറേറ്റുകളെ സഹായിക്കുന്ന നടപടികളുമായി മുന്നോട്ടുപോകുമെന്നാണ് രണ്ടാം ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നതിലൂടെ മനസ്സിലാകുന്നത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നാളെക്കഴിഞ്ഞാൽ പൂർണ്ണമായും ഇല്ലാതാവുകയാണ്. VB-G RAM-G (Viksit Bharat - Guarantee for Rozgar & Aajeevika Mission (Gramin)) എന്ന പദ്ധതി ജൂലൈ മാസം 1-ാം തീയതി രാജ്യത്ത് നടപ്പാക്കുകയാണ്. ആ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് പുതിയ നിർദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് 60 ശതമാനവും സംസ്ഥാന സർക്കാർ 40 ശതമാനവും ഫണ്ട് വയ്ക്കണമെന്നാണ് വ്യവസ്ഥ. ആ കണക്കുപ്രകാരം ബജറ്റിൽ 2,090/- കോടി രൂപ നീക്കിവയ്ക്കേണ്ടിടത്ത് 1,422/- കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. 2004-ലെ ലോക്സഭ തിരഞ്ഞെടുപ്പിൽ ഒരു മുന്നണിക്കും വ്യക്തമായ ഭൂരിപക്ഷം നേടാനായില്ല. പ്രസ്തുത സാഹചര്യത്തിൽ അന്ന് പാർലമെന്റിൽ 61 ഇടതുപക്ഷ എം.പി.-മാർ ഉണ്ടായിരുന്നു. ആ 61 എം.പി.-മാരുടെ പിന്തുണ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള യു.പി.എ. (United Progressive Alliance) സർക്കാരിന് നൽകുന്നതിനുമുമ്പായി 'ഒരു പൊതു മിനിമം പരിപാടി' (Common Minimum Programme)-യുടെ അടിസ്ഥാനത്തിൽ യു.പി.എ. മുന്നണിയെ പിന്തുണയ്ക്കാമെന്ന ഒരു നിർദേശം ഇടതുപക്ഷ പാർട്ടികൾ മുന്നോട്ടുവച്ചിരുന്നു. അങ്ങനെ തയ്യാറാക്കിയ പൊതുമിനിമം പരിപാടിയിൽ ഇടതുപക്ഷ പാർട്ടികൾ മുന്നോട്ടുവച്ച നിർദേശമായിരുന്നു ഒരു കുടുംബത്തിന് വർഷത്തിൽ നൂറ് ദിവസമെങ്കിലും തൊഴിൽ നൽകുന്ന 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അങ്ങനെ രൂപീകരിക്കപ്പെട്ട ഒന്നാം യു.പി.എ. സർക്കാരിൽ ഇടതുപക്ഷ പാർട്ടികൾ നടത്തിയ വലിയ ഇടപെടലുകളുടെയും സമ്മർദങ്ങളുടെയും അടിസ്ഥാനത്തിലാണ് 2005-ൽ അങ്ങനെ ഒരു നിയമം കൊണ്ടുവന്ന് ഈ

രാജ്യത്ത് 'ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി' നടപ്പാക്കിയത്. കോൺഗ്രസ് പാർട്ടിക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷവും നാലിൽ മൂന്ന് ഭൂരിപക്ഷവുമൊക്കെ ലഭിച്ച കാലഘട്ടത്തിലൊന്നും നടപ്പാക്കാത്ത തൊഴിൽ ഉറപ്പ് നൽകുന്ന നിയമം, (അതിന് മുമ്പെല്ലാം തൊഴിൽദാന പദ്ധതികളായിരുന്നു) കേവല ഭൂരിപക്ഷമില്ലാതിരുന്ന സമയത്ത് ഇടതുപക്ഷ സമ്മർദത്തിന്റെ ഫലമായാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതെന്നത് കൃത്യമായി മനസ്സിലാകുന്ന കാര്യമാണ്. ആ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇല്ലാതാക്കി ഇപ്പോൾ 40 ശതമാനം സംസ്ഥാന വിഹിതം വയ്ക്കേണ്ട സാഹചര്യം വന്നു. എന്നിട്ടും ബഡ്ജറ്റിൽ ആ കേന്ദ്ര സർക്കാരിനെതിരെ ഒരു പ്രതിഷേധമോ പരാമർശമോ നടത്തിയിട്ടില്ലെന്നതാണ് വസ്തുത. സമയപരിമിതി കാരണം കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. രാജ്യത്ത് രൂക്ഷമായ വിലക്കയറ്റം ഉണ്ടാകുകയാണ്. പെട്രോൾ, ഡീസൽ, ഗ്യാസ് എന്നിവയ്ക്ക് വില വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ മാർക്കറ്റിൽ ഇടപെടേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചിട്ടുള്ളതെന്നതിനെക്കുറിച്ച് വ്യക്തതയില്ല. കൃഷി, റവന്യൂ എന്നീ മേഖലകൾക്ക് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന ബജറ്റിൽ നീക്കിവച്ച തുക ഈ ബജറ്റിലും അനുവദിക്കാൻ സർക്കാർ തയ്യാറായിട്ടില്ലെന്നതും വസ്തുതയാണ്. സാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട വകുപ്പുകളിൽ നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം വെട്ടിക്കുറയ്ക്കുകയും കേരളത്തിൽ മുതലാളിത്ത ചൂഷണത്തിന് പരവതാനി വിരിക്കുകയും ചെയ്യുന്ന യു.ഡി.എഫ്. ഭരണത്തിന്റെ Showcase ആണ് ഈ പുതുക്കിയ ബജറ്റ് എന്നതിനാൽ ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു.

ചീഫ് വിപ്പ് (<u>ശ്രീ. അപു ജോൺ ജോസഫ്</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, കേരളത്തെ ഒരു പുതിയ വികസന പാതയിലേയ്ക്കും പുതുയുഗത്തിലേയ്ക്കും നയിക്കുന്ന ഈ ബജറ്റിലെ ധനാഭ്യർഥനയെ ഞാൻ പൂർണ്ണ മനസ്സോടെ പിന്തുണയ്ക്കുകയാണ്. ഇതിനുമുമ്പ് എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിച്ച ബജറ്റിനേക്കാളും നികുതി-നികുതേതര വരുമാന (Tax and Non-

Tax Revenue)-ത്തിൽ ആറായിരം കോടി രൂപയോളം അധിക തുക സമാഹരണം ഈ പുതിയ ബജറ്റ് ലക്ഷ്യം വയ്ക്കുന്നു. കേരളത്തിൽ ലക്ഷക്കണക്കിന് പുതിയ തൊഴിൽ സാധ്യതകൾക്ക് രൂപം നൽകുന്നൊരു ബജറ്റാണിത്. കേരളത്തിലെ തീരദേശങ്ങൾ, ജലസ്രോതസ്സുകൾ, അന്തർദേശീയ വിമാനത്താവളം എന്നിവയെല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള 'മിഷൻ സമുദ്ര' (Mission Samudra) പദ്ധതി എടുത്തുപറയേണ്ടതാണ്. കേരളത്തിലെ നദികളിൽ ചെറിയ ചരക്ക് ബോട്ടുകൾ സഞ്ചാരയോഗ്യമാക്കുന്നതിനെക്കുറിച്ചുള്ള ആവശ്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഏവിയേഷൻ ഹബ്ബ്, കേരള നോളജ് വാലി, സയൻസ് സിറ്റി, ഫിലിം സിറ്റി തുടങ്ങി ഒരു വിജ്ഞാനാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയ്ക്ക് (Knowledge Space Economy) പ്രാധാന്യം നൽകുന്നൊരു ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ആരോഗ്യം, വ്യവസായം എന്നീ മേഖലകളിൽ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം വിനിയോഗിച്ചതിനേക്കാൾ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കിൻഫ്ര, വിവരസാങ്കേതികവിദ്യ എന്നീ മേഖലകളിലും കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഇന്ന് കേരളത്തെ കാർന്നുതിന്നുന്ന ക്യാൻസറെന്ന ലഹരിക്കെതിരെയുള്ള 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി എടുത്തുപറയേണ്ടതാണ്. ലോക ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന് തൊടുപുഴയിൽ നടന്ന ഒരു ചടങ്ങിൽ പങ്കെടുത്തവർക്ക് നൽകിയ "I am a Thoofan Warrior" എന്നെഴുതിയ ബാഡ്ജ് ധരിച്ചുകൊണ്ടാണ് ഞാൻ ഇന്ന് സഭയിൽ നിൽക്കുന്നത്. ഇടുക്കി ജില്ലയിൽ മാത്രം ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി എഴുന്നൂറോളം പേർ അറസ്റ്റിലായി. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നവരാണ് ഇത് ഏറ്റവും കൂടുതൽ വിപണനം നടത്തുന്നതെന്നാണ് അവരെ അറസ്റ്റ് ചെയ്യുമ്പോൾ മനസ്സിലാകുന്നത്. മദ്യത്തിന് അടിമപ്പെട്ടവരെ തിരികെ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്ന ചില പദ്ധതികളുണ്ട്. അതിലൊന്നാണ് ആൽക്കഹോളിക്സ് അനോണിമസ്. എന്നാൽ നാർക്കോട്ടിക്സ് അനോണിമസ് (Narcotics Anonymous) എന്നത് ലഹരിമരുന്ന് ഉപയോഗത്തിൽനിന്നും തിരിച്ച് വരാൻ

ആഗ്രഹിക്കുന്നവരെ പുനരുദ്ധരിക്കാനുള്ളതാണ്. ജില്ലാതലങ്ങളിൽ ആഭ്യന്തര, ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളുടെ സഹായത്തോടെ നാർക്കോട്ടിക്സ് അനോണിമസ് എന്ന ഗ്രൂപ്പ് രൂപീകരിക്കണം. ലഹരി മാഫിയകൾ വിദ്യാർഥികളെയും കൗമാരക്കാരെയും ലക്ഷ്യമിട്ട് ഉപയോഗിക്കുന്ന തന്ത്രമാണ് "Catch them young" (ചെറുപ്പത്തിലെ പിടികൂടുക) എന്നത്. മിഠായി നൽകിയാണ് ലഹരി വില്പനക്കാർ കുട്ടികളെ വഴിതെറ്റിക്കുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് എല്ലാവരും പറയും പക്ഷേ, ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണം നടക്കുന്ന കിൻഡർഗാർട്ടൻ, പ്രീ-പ്രൈമറി തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടി കേന്ദ്ര ബജറ്റിലും കേരള ബജറ്റിലും വളരെ കുറച്ച് തുകകൾ മാത്രമാണ് നീക്കിവച്ചിട്ടുള്ളത്. വളരെ ചെറിയ പ്രായത്തിൽത്തന്നെ കുട്ടികൾക്ക് ഓറിയന്റേഷൻ ക്ലാസ്സുകൾ നൽകി അവരെ പൗരബോധവും രാഷ്ട്രബോധവും കാര്യപ്രാപ്തിയുമുള്ള ഒരു പുതുതലമുറയായി വളർത്തി രാഷ്ട്രനിർമ്മാണത്തിന്റെയും സമൂഹനിർമ്മാണത്തിന്റെയും ഭാഗമാക്കുകയെന്ന വലിയ ഉത്തരവാദിത്വം നിയമസഭയ്ക്കും സമൂഹത്തിനുമുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി ബജറ്റിൽ ഇനിയും കൂടുതൽ തുക വകയിരുത്തേണ്ടതായിട്ടുണ്ട്. തൊടുപുഴയിൽ കഴിഞ്ഞ ദിവസം പതിനേഴ് വയസ്സുള്ള ഒരു വിദ്യാർഥി കുളം കാണാൻ പോയി മുങ്ങി മരിക്കാനിടയായി. ഏകദേശം എഴുന്നൂറ് കിലോമീറ്ററോളം ദൂരത്തിൽ കടൽത്തീരവും ഇത്രയേറെ പുഴകളും തടാകങ്ങളുമുള്ള കേരളത്തിൽ ആളുകൾ മുങ്ങി മരിക്കുന്നുവെന്ന് പറയുന്നതിൽ നമ്മൾ ലജ്ജിക്കേണ്ടതാണ്. നീന്തൽ എന്നത് പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റണം. നിയമങ്ങളുടെ മറ പറ്റി ഒരാൾ ഒരു പുതിയ സംരംഭം കൊണ്ടുവന്നാൽ അത് എങ്ങനെ നടപ്പാക്കാതിരിക്കാം എന്നതാണ് ചിലരുടെ മൈൻഡ്സെറ്റ്. ഇക്കാര്യത്തിൽ സർക്കാർതലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഓറിയന്റേഷൻ ക്ലാസുകളും ട്രെയിനിങും നൽകണം. പദ്ധതികളുടെ ആരാച്ചാർമാർ ആകാനല്ല, പദ്ധതികളുടെ ഫെസിലിറ്റേറ്റർമാർ (Facilitators) ആകാനുള്ള മൈൻഡ്സെറ്റ് നമ്മുടെ സമൂഹത്തിൽ വളർത്തേണ്ടിയിരിക്കുന്നു. പദ്ധതികൾ നടപ്പാക്കുന്നതിന് പ്രോത്സാഹനം

നൽകുന്ന കാര്യത്തെ സംബന്ധിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു. തൊടുപുഴ നിയോജകമണ്ഡലത്തിൽ ഒരു ഫിലിം-കം-നോളേജ് സിറ്റിക്കുവേണ്ടി സർക്കാർ തുക വകയിരുത്തിയിട്ടുണ്ട്. "ജെ. സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി" എന്നത് വളരെ നൂതനമായൊരു ആശയമാണ്. തൊടുപുഴ അതിനനുയോജ്യമായൊരു സ്ഥലം കൂടിയാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. വി. മുരളീധരൻ</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, രാജ്യം വലിയൊരു വികസന കുതിപ്പിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ച നടക്കുന്നത്. ലോക രാഷ്ട്രങ്ങളുടെ ഇടയിൽ ഇന്ത്യ വളരെയധികം അംഗീകാരം നേടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ലോകത്തിലെ നാലാമത്തെ സമ്പദ്ഘടനയായി ഇന്ത്യ മാറിയിരിക്കുകയാണ്. പത്തുവർഷങ്ങൾക്കുമുമ്പ് 'Fragile Five' എന്ന കാറ്റഗറിയിലായിരുന്നു ഇന്ത്യയെ കണക്കാക്കിയിരുന്നത്. അവിടെനിന്നും മാറി, മറ്റ് രാഷ്ട്രങ്ങളുടെ സമ്പദ്ഘടന മൈനസിലോ ഒരു ശതമാനത്തിലോ നിൽക്കുമ്പോൾ മേജർ ഇക്കോണമീസ് പോലുള്ള വൻകിട സമ്പദ്ഘടനകളിൽ ആറ്-ആറര ശതമാനം വളർച്ചാ നിരക്ക് കൈവരിച്ചിട്ടുള്ള ഒരു രാജ്യമായി ഇന്ത്യ തുടരുകയാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തി, 2047-ഓടുകൂടി ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ നൂറുവർഷം പൂർത്തിയാക്കുമ്പോൾ ഒരു വികസിത രാഷ്ട്രമായി മാറണമെന്നതാണ് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടുള്ള ലക്ഷ്യം. അതിൽ വിദ്യാഭ്യാസ മേഖല പ്രധാന പങ്കുവഹിക്കുന്നു. വിദ്യാഭ്യാസ മേഖലയ്ക്ക് ഊന്നൽ നൽകാൻ വേണ്ടിയാണ് 2020-ൽ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തത്. കേരളത്തിലെ വിദ്യാഭ്യാസ മേഖല വളരെയേറെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സാക്ഷരത, പ്രവേശനം എന്നിങ്ങനെ നിരവധി രംഗങ്ങളിൽ നമ്മുടെ വിദ്യാഭ്യാസ മേഖല രാജ്യത്തിനുതന്നെ മാതൃകയാണ്. വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 99 ശതമാനം വിജയം

കൈവരിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ കുട്ടികളുടെ പഠന നിലവാരം ഈ ലഭിക്കുന്ന റിസൾട്ടുമായി ബന്ധമില്ലെന്നതും വിലയിരുത്തപ്പെട്ടിട്ടുണ്ട്. കേരളം വിജയശതമാനത്തിൽ മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനമാണെങ്കിലും 99 ശതമാനം റിസൾട്ട് എന്നതിനോട് യോജിക്കുന്ന തരത്തിലുള്ളതല്ല കേരളത്തിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരമെന്നതാണ് NCERT (National Council of Educational Research and Training) നടത്തിയ 'National Achievement Survey' ചൂണ്ടിക്കാട്ടുന്നത്. ഇതിന്റെയൊക്കെ പശ്ചാത്തലത്തിലാണ് കേന്ദ്രസർക്കാർ രാജ്യത്തെ ഏകദേശം പതിനാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തോളം സ്കൂളുകളിൽ പതിനാലായിരം സ്കൂളുകളെ പി.എം. ശ്രീ സ്കൂളുകളാക്കി മാറ്റാനുള്ള പ്രഖ്യാപനം നടത്തിയത്. 'കേന്ദ്ര സർക്കാർ കരിക്കുലത്തിൽ മാറ്റം വരുത്താൻ പോകുന്നു' , 'കേന്ദ്ര സർക്കാർ സ്കൂളുകൾ തിരഞ്ഞെടുക്കാൻ പോകുന്നു' എന്നിങ്ങനെയാണ് പി.എം. ശ്രീ പദ്ധതിയെക്കുറിച്ച് ഇവിടെ നടക്കുന്ന ചർച്ചകൾ. അങ്ങനെ എവിടെയും പറഞ്ഞിട്ടില്ല. ഞങ്ങൾ ആരെയും സ്കൂൾ തിരഞ്ഞെടുക്കാൻ അനുവദിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. സ്കൂളുകൾ തിരഞ്ഞെടുക്കുമെന്ന് കേന്ദ്ര സർക്കാർ പറഞ്ഞിട്ടേയില്ല. സ്കൂൾ തിരഞ്ഞെടുക്കാൻ സംസ്ഥാനത്തോട് ആവശ്യപ്പെടുകയാണ് ചെയ്തത്. പി. എം. ശ്രീ. പദ്ധതിയിൽ ഒരുതരത്തിലും കരിക്കുലത്തിൽ മാറ്റം വരുത്താൻ സാധിക്കില്ല. Improving Infrastructure, Smart classrooms, Laborataries and Libraries - ഇവിടെ എവിടെയാണ് കരിക്കുലത്തിന്റെ കാര്യം പറഞ്ഞിരിക്കുന്നത്? " Digital Education and Vocational Education, Green Schools, Schools has mentors of neighbouring schools...." ഇതിലെവിടെയാണ് കരിക്കുലത്തെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത്? കരിക്കുലമൊന്നും കേന്ദ്രസർക്കാർ ഈ പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടേയില്ല. പി.എം. ശ്രീ ഉണ്ടായാലും ഇല്ലെങ്കിലും കരിക്കുലം ഫ്രെയിംവർക്കിൽ എല്ലാ കാലത്തും NCERT-ക്കും സംസ്ഥാനത്ത് SCERT (State Council of Educational Research and Training)-ക്കും റോളുകളുണ്ട്. ഇതിന്റെ

അടിസ്ഥാനത്തിലാണ് കരിക്കുലമുണ്ടാകുന്നത്. രാജ്യത്ത് മുഴുവൻ ആളുകൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ സങ്കുചിതമായ രാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തി നമ്മുടെ കുട്ടികൾക്ക് നിഷേധിക്കരുതെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മാഡം ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. മുരളീധരൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, പി.എം. ശ്രീ-യുടെ വെബ്സൈറ്റിൽ കയറി നോക്കിയാൽ അറിയാം, തമിഴ്നാടും കേരളവും ഒഴികെ ബാക്കിയുള്ള എല്ലാ സംസ്ഥാനങ്ങളിലും കോൺഗ്രസ് ഭരിക്കുന്ന കർണ്ണാടകയും തെലുങ്കാനയും അടക്കമുള്ള എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കി. രാജ്യത്തെ 95 ശതമാനം സംസ്ഥാനങ്ങളിലെ കുട്ടികൾക്ക് ലഭിക്കുന്ന അവകാശങ്ങൾ കേരളത്തിലെ കുട്ടികൾക്ക് നിഷേധിക്കുന്നത് എന്തിനാണ്?

മാഡം ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. മുരളീധരൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. 2021-22-ൽ കേരളത്തിൽ 5010 സർക്കാർ സ്കൂളുകളുണ്ടായിരുന്നു. 2023-24 ആയപ്പോൾ അത് 4809 ആയി കുറഞ്ഞു - ലോക്സഭയിൽ വന്നൊരു കണക്കാണിത്. സർക്കാർ സ്കൂളുകൾ കുറഞ്ഞുവരുന്നത് എന്തുകൊണ്ടാണ്? അവിടെ നമുക്ക് ഗുണനിലവാരം നിലനിർത്താൻ സാധിക്കുന്നില്ല. അതിനുതകുന്ന പദ്ധതി എന്ന നിലയിലാണ് പി.എം. ശ്രീ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. രാജ്യത്തിന്റെ വികസന താൽപര്യം മുൻനിർത്തി വിവിധ മേഖലകൾക്ക് നൽകിയിട്ടുള്ള മുൻഗണനയ്ക്ക് അർഹമായ ശതമാനത്തോട് നീതിപുലർത്തുന്നതല്ല ഈ ധനാഭ്യർത്ഥനകൾ. രാജ്യത്തിന്റെ വികസന താൽപര്യങ്ങളോടൊപ്പം ചേർന്നുനിൽക്കാൻ കേരളത്തിലെ സർക്കാരുകൂടി തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതിനുതകാത്ത ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു.

ശ്രീ. വി. കുഞ്ഞികൃഷ്ണൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

*29-06-2026*
*Financial Business*

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഒരു ചരിത്ര വിജയം സമ്മാനിച്ച ജനങ്ങൾക്ക് നന്ദി പറയാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഒരു പൂർണ്ണ ബജറ്റ് അല്ല അവതരിപ്പിച്ചതെന്ന് എല്ലാവർക്കും ബോധ്യമുള്ളതാണ്. ബജറ്റിൽ പയ്യന്നൂർ നിയോജകമണ്ഡലത്തെ പരിഗണിക്കാൻ തയ്യാറായതിൽ ഗവൺമെന്റിനോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. ഈ ബജറ്റുമായി ബന്ധപ്പെട്ട് ഞാൻ മണ്ഡലത്തിൽ ഒരു മാധ്യമ സമ്മേളനം നടത്തുകയുണ്ടായി. യു.ഡി.എഫ്. എം.എൽ.എ. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നുവെന്നാണ് പിറ്റേ ദിവസം ദേശാഭിമാനിപത്രത്തിൽ വന്ന വാർത്ത. ബജറ്റിൽ പലതിനും ടോക്കൺ തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും ചില ഇനങ്ങൾക്ക് വിശദാംശങ്ങളില്ലെന്നുമുള്ള വിഷയങ്ങളാണ് പത്രത്തിൽ വിമർശിക്കുന്നത്. ഇതിനുമുമ്പുള്ള ബജറ്റുകളിലെല്ലാം പൂർണ്ണ സംഖ്യ നീക്കിവച്ചിട്ടുണ്ടോയെന്ന് ഞാൻ പരിശോധിച്ചു. കഴിഞ്ഞ പത്തുവർഷക്കാലം എൽ.ഡി.എഫ്. അവതരിപ്പിച്ച ബജറ്റിലും ഭൂരിപക്ഷ ഇനങ്ങൾക്കും ടോക്കൺ തുകയാണ് വകയിരുത്തിയിരിക്കുന്നത്. പിന്നെ എങ്ങനെയാണ് ഇപ്പോൾ അവതരിപ്പിച്ച ബജറ്റ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ബജറ്റാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ നിലയിലുള്ള പ്രചരണമാണ് ദേശാഭിമാനി പത്രത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ടോക്കൺ തുക വകയിരുത്തിയ പദ്ധതികളിൽ പലതും പിന്നീട് നടപ്പാക്കിട്ടുണ്ടെന്നത് നമ്മുടെ അനുഭവമാണ്. അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എല്ലാ കാലത്തും ഈ നില തന്നെയാണ്. ബജറ്റിൽ ഉൾക്കൊള്ളിച്ച പദ്ധതികളെല്ലാം നടപ്പാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പയ്യന്നൂരിൽ വലിയ രീതിയിലുള്ള അക്രമങ്ങൾ അരങ്ങേറുകയുണ്ടായി. 22 എഫ്.ഐ.ആർ. പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ ഒരു എഫ്.ഐ.ആർ.-ൽ മാത്രമാണ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടി പോലീസ് സന്നദ്ധമായത്. ഭരണസ്വാധീനത്തിന്റെ മറവിൽ പ്രതികളെ അറസ്റ്റ് ചെയ്യാതിരിക്കുന്നതിനുള്ള

സമ്മർദത്തിന്റെ ഫലമായാണ് ഈയൊരു നിലപാട് സ്വീകരിച്ചതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. അതുകൊണ്ട് ഇത്തരത്തിലുള്ള എല്ലാ കേസുകളിലും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കാനുണ്ട്. അവയെല്ലാം പടിപടിയായി പരിഹരിക്കുന്നതിനുള്ള സമീപനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ഏറ്റവും ചുരുങ്ങിയ വരുമാനം ലഭിക്കുന്നവരാണ് ഖാദി, കൈത്തറി തൊഴിലാളികൾ. പയ്യന്നൂരിലെ ഖാദി കേന്ദ്രം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നൊരു സ്ഥാപനമാണ്. അവിടത്തെ തൊഴിലാളികളുടെ കൂലി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള സമീപനമുണ്ടാകണം. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ചർച്ച ചെയ്യുമ്പോൾ അക്കാര്യംകൂടി പരിഗണിക്കാൻ സർക്കാർ സന്നദ്ധമാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കൈത്തറി തൊഴിലാളികളുടെ അവസ്ഥയും ഇതിൽനിന്നും വ്യത്യസ്തമല്ല. അതിനാൽ അവരുടെ പ്രശ്നങ്ങൾകൂടി പരിഹരിക്കുന്നതിന് ശ്രമമുണ്ടാകണം. നിർമ്മാണത്തൊഴിലാളികളുടെ പെൻഷൻ ഏകദേശം ഒന്നരക്കൊല്ലംകൊണ്ട് കുടിശ്ശികയാണ്. അത് കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ ഏതൊക്കെ രീതിയിൽ സ്വീകരിക്കാൻ സാധിക്കുമെന്ന ആലോചനയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മലബാറിലും പയ്യന്നൂരിലും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കേണ്ടതിന്റെ പ്രാധാന്യം സംബന്ധിച്ച് ആദ്യമേതന്നെ ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കുകയുണ്ടായി. ഇത്തരം വിഷയങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയെക്കുറിച്ച് സൂചിപ്പിക്കാനുള്ളത്, ജില്ലാ ബാങ്കുകളില്ലാതാക്കി കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോയപ്പോൾ അന്ന് ആ നടപടികളെ അന്ന് പിന്തുണച്ച ഒരാളാണ്

ഞാൻ. അത് പ്രാഥമിക സംഘങ്ങളുടെ വളർച്ചയ്ക്കും പുരോഗതിക്കും വളരെയേറെ സഹായകരമായിരിക്കുമെന്നാണ് കരുതിയത്. പക്ഷേ അനുഭവം പരിശോധിക്കുമ്പോൾ, കേരള ബാങ്കിനെ അങ്ങനെ മെച്ചപ്പെടുത്താമെന്നതല്ലാതെ, പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ മെച്ചപ്പെടുത്താനോ PACS (Primary Agricultural Credit Societies)-നെ സഹായിക്കാനോ സാധിക്കത്തക്കരീതിയിലുള്ള സമീപനങ്ങളൊന്നുംതന്നെ കേരള ബാങ്കിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ലെന്നതാണ് നമ്മുടെ മുമ്പിലുള്ള അനുഭവം. അതിനാൽ PACS ശക്തിപ്പെടുത്താൻ സാധിക്കത്തക്കരീതിയിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതിന്റെ ഭാഗമായി ആലോചിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. സഹകരണ സ്ഥാപനങ്ങളുടെ നിലനില്പുതന്നെ അപകടത്തിലാകുന്ന രീതിയിലുള്ള ഒട്ടേറെ കാര്യങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സമയപരിമിതിയുണ്ട്. അക്കാര്യം പരിശോധിച്ച് പരിഹരിക്കാൻ സാധിക്കണം. മുമ്പില്ലാത്തവിധം വലിയ രീതിയിലുള്ള ക്രമക്കേടുകൾ സഹകരണ മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതൊക്കെ തടഞ്ഞ് തെറ്റ് ചെയ്യുന്നവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ സന്നദ്ധമാകുന്ന നിലയിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ ധനാഭ്യർത്ഥനയുടെ ഭാഗമല്ലെങ്കിലും സഹകരണ മേഖലയെക്കുറിച്ച് സംസാരിക്കുമ്പോൾ ആ മേഖലയിൽനിന്ന് വിരമിച്ച് പെൻഷൻ വാങ്ങുന്ന നിരവധി ആളുകളുണ്ട്. കഴിഞ്ഞ അഞ്ച് വർഷമായി ഒരു രൂപയുടെ പോലും വർധനവ് ലഭിക്കാത്ത വിഭാഗമാണ് സഹകരണ മേഖലയിലെ പെൻഷൻകാർ. കഴിഞ്ഞ 5 വർഷമായി അവരുടെ പെൻഷനുമായി ബന്ധപ്പെട്ടുള്ള യാതൊരു സഹായവും അവർക്ക് ലഭിച്ചിട്ടില്ല. സർക്കാരിന് ഇതുമായി ബന്ധപ്പെട്ട് സാമ്പത്തിക ബാധ്യതയൊന്നും വരില്ല. പെൻഷൻ ബോർഡാണ് അവർക്ക് പെൻഷൻ നൽകുന്നത്. പക്ഷേ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കേണ്ടത് ഗവൺമെന്റാണ്. അവരുടെ പെൻഷനിൽ വർധനവ് വരുത്തുന്നതോടൊപ്പം പെൻഷൻ ഫണ്ട് വർധിപ്പിക്കുന്നതിനുള്ള നടപടികൂടി

സർക്കാർ സ്വീകരിക്കണം. കഴിഞ്ഞ സർക്കാർ രണ്ട് കമ്മീഷനുകളെ നിയമിച്ചതല്ലാതെ പെൻഷൻകാർക്ക് ഒരു രൂപപോലും അധികമായി നൽകാനുള്ള സമീപനം സ്വീകരിച്ചില്ലെന്നതാണ് വസ്തുത. വിലക്കയറ്റംകൊണ്ട് ജീവിതച്ചെലവ് കൂടി വരുന്ന സാഹചര്യത്തിൽ കാലാകാലങ്ങളിൽ പെൻഷൻ തുകയിൽ വർധനവ് വരുത്തുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ ധനാഭ്യർഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്:</u> മാഡം ഡെപ്യൂട്ടി സ്പീക്കർ, വിവിധ വകുപ്പുകളുടെ ധനാഭ്യർഥനകളെ അഭിമാനപൂർവം പിന്തുണയ്ക്കുകയാണ്. അഞ്ച് ലക്ഷം കോടി രൂപ കടമുള്ള സംസ്ഥാനമാണ് കേരളമെന്നും റവന്യൂ വരുമാനത്തിന്റെ 70 ശതമാനത്തിലധികവും ചെലവഴിക്കുന്നത് നിർബന്ധിത ചെലവുകൾക്കായിട്ടാണെന്നും ആ ചെലവുകളിൽ 20 ശതമാനം ചെലവഴിക്കുന്നത് പലിശ നൽകാൻ വേണ്ടി മാത്രമാണെന്നും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ സംബന്ധിച്ച് മുൻ വർഷങ്ങളിലെ ബജറ്റുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ദേശീയ ശരാശരിയുടെ 12.45 ശതമാനം അധികമാണിത്. കേരളത്തിന്റെ സമ്പദ്ഘടനയെക്കുറിച്ച് 2023-24-ലെ സി.&എ.ജി. റിപ്പോർട്ട് പ്രകാരം വളരെ കൃത്യമായി പറയുന്ന ഒരു കാര്യം, നമ്മൾ എടുക്കുന്ന കടത്തിന്റെ 5.18 ശതമാനം മാത്രമാണ് മൂലധന ചെലവിനായി വിനിയോഗിക്കുന്നതെന്നാണ്. ബാക്കി തുക മുഴുവൻ നിത്യനിദാന ചെലവുകൾക്കായി വിനിയോഗിക്കുന്ന സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. 2024-25-ലെ സി.&എ.ജി. റിപ്പോർട്ടിൽ നമ്മൾ റവന്യൂ വരുമാനം കൂട്ടുതലായി കാണിച്ച് ചെലവ് ധാരാളമായി നടത്തുകയാണെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് യഥാർഥ ചെലവുകളുമായി യാതൊരു ബന്ധവുമില്ലാത്ത എസ്റ്റിമേറ്റുകളുണ്ടാക്കിയാണ് ഓരോ ബജറ്റും അവർ അവതരിപ്പിച്ചതെന്ന് കണക്കുകൾ വളരെ വ്യക്തമായി തെളിയിക്കുകയാണ്. 2024-25-ലെ

ബജറ്റിൽ കേന്ദ്രസർക്കാരിന്റെ ഗ്രാന്റ് ഇൻ എയ്ഡായി 11,533 കോടി രൂപയാണ് കണക്കാക്കുന്നത്. യഥാർത്ഥത്തിൽ ലഭ്യമാകുന്നത് 6,900 കോടി രൂപ മാത്രമാണ്. അതിന്റെ നേർ പകുതിപോലുമില്ല. ടാക്സ് ആൻഡ് ഡ്യൂട്ടി ഓൺ ഇലക്ട്രിസിറ്റിയുടെ റവന്യൂ വരുമാനം 1,100 കോടി രൂപയെന്നാണ് ബജറ്റിൽ രേഖപ്പെടുത്തിയിരുന്നത്. പക്ഷെ യഥാർത്ഥത്തിൽ ലഭിച്ചത് 95 കോടി രൂപ മാത്രമാണ്. അതുപോലെ വാഹന നികുതിയിൽ 6,704 കോടി രൂപയുടെ വരുമാനമാണ് ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ ലഭിച്ചത് 664 കോടി രൂപയാണ്. അതിന്റെ 90 ശതമാനം മൈനസാണ്. യാഥാർത്ഥ്യവുമായി യാതൊരു പുലബന്ധവുമില്ലാത്ത ബജറ്റുകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന് കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാകും. അതുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ ഇന്നത്തെ സമ്പദ് വ്യവസ്ഥ എന്താണെന്ന് കൃത്യമായി ജനങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ ധവളപത്രം തന്നെ അവതരിപ്പിക്കേണ്ടിവന്നത്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദമായി പറയുന്നില്ല. എനിക്ക് പറയേണ്ട ധാരാളം കാര്യങ്ങളുണ്ടായിരുന്നു. പക്ഷെ ശ്രീ. വി. മുരളീധരന്റെ പ്രസംഗം എന്നെ കുറച്ച് വഴി തിരിച്ചുവിട്ടിരിക്കുകയാണ്. ഇവിടെ വിദ്യാഭ്യാസ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. അതിൽ അദ്ദേഹം ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതുകൊണ്ട് കേരളത്തിന് എന്ത് ബുദ്ധിമുട്ടാണുള്ളതെന്നും പ്രസ്തുത നയം കേരളത്തിൽ നടപ്പാക്കിയില്ലെങ്കിൽ വലിയ ബുദ്ധിമുട്ട് അനുഭവിക്കേണ്ടിവരുമെന്നുമാണ് പറഞ്ഞിരിക്കുന്നത്. 2020-ൽ ശ്രീമതി സ്മൃതി ഇറാനി പാർലമെന്റിൽ അവതരിപ്പിച്ച ദേശീയ വിദ്യാഭ്യാസ നയം പാർലമെന്റിൽപ്പോലും ചർച്ച ചെയ്യാതെയാണ് ആ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ച് യാഥാർത്ഥ്യമാക്കിയതെന്നതാണ് യാഥാർത്ഥ്യം. ഒരു ആർ.എസ്.എസ്. ചിന്തകനായ ദീൻദയാൽ ഉപാധ്യായ എഴുതി നൽകിയ ഒരു കത്ത് വായിക്കുന്ന ലാഘവത്തോടുകൂടിയാണ് 2020-ലെ വിദ്യാഭ്യാസ നയം നടപ്പാക്കിയത്. അതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. എൻ.സി.ഇ.ആർ.ടി.-യുടെ വിദ്യാഭ്യാസ നിയമത്തിൽ ഏറ്റവുമധികം ചോദ്യം ചെയ്യപ്പെടേണ്ട കാര്യം, 1976-ലെ

*29-06-2026*
*Financial Business*

ഭരണഘടനാ ഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ടത്. പ്രസ്തുത ലിസ്റ്റിലുള്ള വിദ്യാഭ്യാസത്തെ സെൻട്രലൈസ് ചെയ്യാനുള്ള ബോധപൂർവമായ കാര്യങ്ങളാണ് ഇപ്പോഴത്തെ വിദ്യാഭ്യാസ നയത്തിലുള്ളത്. സെൻട്രലൈസ്ഡ് ടെക്സ്റ്റ് ബുക്ക് അതായത് ഇന്ത്യയിലെല്ലാവർക്കും ഒരൊറ്റ ടെക്സ്റ്റ്ബുക്ക്, ആർ.എസ്.എസ്.-ന്റെ ചിന്തകർ രൂപപ്പെടുത്തുന്ന സിലബസ് അടങ്ങുന്ന പ്രസ്തുത ടെക്സ്റ്റ് ബുക്ക് അതേപടി പഠിക്കാൻ നമ്മൾ ബാധ്യസ്ഥരാകുന്ന അവസ്ഥാവിശേഷം ഇന്ത്യയിൽ സംജാതമാകുകയാണ്. വാസ്തവത്തിൽ ഞാൻ പറയാൻ ഉദ്ദേശിച്ച കുറെ കാര്യങ്ങളിൽനിന്ന് മാറിപ്പോകേണ്ടിവന്നതിൽ എനിക്കുതന്നെയാണ് നഷ്ടമെന്ന് എനിക്കറിയാം. വാസ്തവത്തിൽ ഇപ്പോൾ ചരിത്രത്തെക്കുറിച്ച് പറയുന്നതും പഠിപ്പിക്കുന്നതുമെന്താണ്? ബി.ജെ.പി. ഭരിച്ചിരുന്ന കർണ്ണാടക സംസ്ഥാനത്തിൽ ഒരു പാഠപുസ്തകത്തിൽ കുട്ടികൾ പഠിച്ചിരുന്നത് ആൻഡമാനിലെ ജയിലിൽനിന്ന് ബുൾബുൾ പക്ഷിയുടെ ചിറകിലേറി വി. ഡി. സവർക്കർ എല്ലാ ആഴ്ചയിലും മാതൃരാജ്യത്തിലേക്ക് വരുമായിരുന്നുവെന്നാണ്. കർണ്ണാടകത്തിൽ കോൺഗ്രസ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത് മാറ്റി. പത്താം ക്ലാസിലെ ബയോളജി ടെക്സ്റ്റിൽ പരിണാമവും പാരമ്പര്യവും എന്നൊരു അധ്യായമുണ്ട്. ആ അധ്യായത്തിൽ എൻ.സി.ഇ.ആർ.ടി. തീരുമാനിച്ചിരിക്കുന്നത് ഡാർവിന്റെ പരിണാമ സിദ്ധാന്തം പഠിപ്പിക്കേണ്ട, പാരമ്പര്യം മാത്രം പഠിപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇതാണ് സെൻട്രലൈസ്ഡ് ടെക്സ്റ്റ് ബുക്ക്. വളരെ കൃത്യമായ രേഖകൾ നിങ്ങൾക്ക് കാണിച്ചുതരാം. നമുക്ക് വളരെ കൃത്യമായി അറിയാം, ഇവിടെ ചരിത്രത്തിൽ അപനിർമ്മിതി നടക്കുന്നു. ജവഹർലാൽ നെഹ്റുവിനെയും അബ്ദുൾ കലാം ആസാദിനെയും പാഠപുസ്തകങ്ങളിൽനിന്ന് മാറ്റുന്നു. ഗാന്ധി വധത്തെക്കുറിച്ച് കൃത്യമായി പഠിപ്പിക്കേണ്ടെന്ന് തീരുമാനിക്കുന്നു. ഇപ്പോൾ പാഠഭാഗം വായിച്ചാൽ ആരാണ് നാഥുറാം വിനായക് ഗോഡ്സെ എന്നുപോലും നമുക്ക് അറിയാൻ സാധിക്കാത്ത ഒരവസ്ഥയിലേക്ക് ആ ടെക്സ്റ്റ് ബുക്കിനെ മാറ്റിമറിച്ചിരിക്കുകയാണ്. നമ്മുടെ ചരിത്രത്തെ മാറ്റിമറിക്കുന്ന എത്ര കാര്യങ്ങളാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാസ്തവത്തിൽ

നമ്മുടെ ചരിത്രമെന്താണെന്നും മുഗൾ ഭരണ കാലത്തെക്കുറിച്ചും നമുക്കറിയാം. ഔറംഗസീബിന്റെ കാലത്ത് ചില കാര്യങ്ങളൊക്കെ നടന്നിട്ടുണ്ടാകാം. പക്ഷെ മുഗൾ ഭരണകാലത്തെ മുഴുവൻ അധിക്ഷേപിക്കുന്ന രൂപത്തിലുള്ള അപനിർമ്മിതികൾ ചരിത്രത്തിൽ നടക്കുന്നു. മഹാഭാരതവും രാമായണവും ആദ്യമായി മറ്റൊരു ഭാഷയിലേക്ക് തർജമ ചെയ്തത് അക്ബർ ചക്രവർത്തിയുടെ കാലത്താണെന്നത് ചരിത്രമാണ്. ഇക്കാര്യം വളരെ കൃത്യമായി നമുക്ക് അറിയാവുന്നതുമാണ്. ഉപനിഷത്തുകൾ ആദ്യമായി മറ്റൊരു ഭാഷയിലേക്ക് തർജമ ചെയ്തത് ഷാജഹാന്റെ മകൻ ദാരാ ഷികോഹിന്റെ കാലത്താണ്. ഇതൊക്കെ മാറ്റിമറിച്ചുകൊണ്ട് ചരിത്രത്തിൽ പൂർണ്ണമായും അപനിർമ്മിതി നടത്തുന്ന പാഠപുസ്തക നിർമ്മിതി നടത്തിയിട്ട് അത് അതേപടി കേരളത്തിൽ പഠിപ്പിച്ചില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾക്ക്, വിദ്യാർഥികൾക്ക് നഷ്ടമാണെന്ന് എന്ത് അടിസ്ഥാനത്തിലാണ് അംഗം പറഞ്ഞതെന്ന് എനിക്കറിയില്ല? എന്തൊക്കെയായാലും ചരിത്രവും മിത്തും വേറെവേറെയാണ്. ചരിത്രമെന്ന് പറഞ്ഞ് മിത്താണ് പഠിപ്പിക്കുന്നത്. വാസ്തവത്തിൽ മിത്തോക്രസിയല്ല വേണ്ടത്, ചരിത്രവും മിത്തും വേറെയാണ്. ചരിത്രത്തിന്റെ യഥാർഥ ചരിത്രത്തെ വളച്ചൊടിച്ച് മിത്താക്കി മാറ്റി ആ മിത്തിലൂടെ രാജ്യത്തിലെ മതേതര സംസ്കാരത്തെ ഇല്ലാതാക്കാനും വിദ്വേഷം പരത്താനും പാഠപുസ്തക നിർമ്മിതി നടത്താൻ തീരുമാനിച്ച എൻ.സി.ഇ.ആർ.ടി.-യെക്കുറിച്ച് എങ്ങനെ ഒരംഗത്തിന് ഇങ്ങനെ പറയാൻ സാധിക്കുന്നുവെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇവിടെ നേരത്തെ പലരും സൂചിപ്പിച്ച കാര്യമാണ്. വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ പരിഷ്കാരങ്ങളുണ്ടാകണം. കാരണം ആറാം ക്ലാസിൽ പഠിക്കുന്ന കുട്ടിക്ക് എഴുതാനും വായിക്കാനും അറിയണം. പലപ്പോഴും അത് അറിയുന്നില്ലെന്ന് മാത്രമല്ല ഏഴാം ക്ലാസിൽനിന്ന് എട്ടാം ക്ലാസിലേയ്ക്ക് എത്തുമ്പോഴും അത് അറിയുന്നില്ല. പക്ഷെ പത്താം ക്ലാസിലെത്തുമ്പോൾ കുട്ടിക്ക് എഴുതാനും വായിക്കാനും അറിയില്ലെങ്കിൽ ഇപ്പോൾ പുതിയ മാർഗം കണ്ടെത്തിയിരിക്കുകയാണ്. എന്താണ് മാർഗം? പഠന വൈകല്യമെന്ന സർട്ടിഫിക്കറ്റ്

ഉണ്ടാക്കുകയും ആ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സ്ക്രൈബ്-നെ കൊണ്ട് എഴുതിക്കുകയുമാണ് ചെയ്യുന്നത്. ഈ കുട്ടി പത്താം ക്ലാസ് വരെ ഈ ക്ലാസ് മുറിയിൽ പാർശ്വവൽക്കരിക്കപ്പെടുകയാണ്. എന്നിട്ട് സ്ക്രൈബ്-നെ വെച്ച് പത്താം ക്ലാസും പാസാക്കി ഈ കുട്ടിയെ സമൂഹത്തിലേക്ക് ഇറക്കിവിടുമ്പോൾ എന്താണ് ഈ കുട്ടിക്ക് നൽകാൻ സാധിക്കുന്നത്? ഇതിൽ കാലോചിതമായ പരിഷ്കാരമുണ്ടാകേണ്ടത് അത്യാവശ്യമാണ്. ഞാൻ വിശദമായി മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. കുട്ടികളുടെ കൈയിൽ സർട്ടിഫിക്കറ്റ് ഉണ്ട്, പക്ഷെ സ്കിൽ/ക്രിയാശേഷിയില്ലെന്ന വസ്തുതയാണ് നാം പലപ്പോഴും കാണുന്നത്. ആ സ്കിൽ ആർജ്ജിക്കേണ്ടതാണ്. നമ്മുടെ കുട്ടികൾ ഒരു ഇന്റർവ്യൂ attend ചെയ്താൽ പലപ്പോഴും mother tongue influence എന്ന് പറഞ്ഞ് തള്ളപ്പെടുന്ന അവസ്ഥാവിശേഷമുണ്ട്. അതിൽ കാലോചിതമായ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിയണം.

മാഡം ഡെപ്യൂട്ടി സ്പീക്കർ: Conclude ചെയ്യണം. ഇനിയും ഒരുപാട് പേർ ചർച്ചയിൽ പങ്കെടുക്കാനുണ്ട്.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, അക്കാര്യത്തിൽ ഈ സർക്കാർ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ നിരവധി കാര്യങ്ങളുണ്ട്. സമയക്കുറവ് കാരണം ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. എന്തായാലും വലിയ പരിഷ്കരണത്തിന് തയ്യാറായ ഒരു ബജറ്റാണിത്. ഒരു നയാപൈസപോലും ടാക്സ് ഇനത്തിൽ അധികം ചുമത്താതെ ഇത്രയധികം വരുമാനമുണ്ടാക്കാൻ സാധിക്കുന്ന actual budget അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രികൂടിയായ മുഖ്യമന്ത്രിയെയും അതിനുവേണ്ടി ധനാഭ്യർഥനകൾ നടത്തുന്ന ഓരോ വകുപ്പിനെയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടും പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. മുരളീധരൻ: .....(മൈക്ക് ഓഫ്)....

ശ്രീ. വി. ടി. ബൽറാം: സർ, വളരെ പ്രതീക്ഷയോടുകൂടി അധികാരത്തിൽവന്ന സർക്കാരാണ് ഇന്ന് കേരളത്തിലുള്ളത്. എന്നാൽ ആ പ്രതീക്ഷകളെ

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന തരത്തിലുള്ള വിഭവകരമായ പിന്തുണ നമ്മുടെ ട്രഷറിക്ക് നൽകാൻ സാധിക്കുന്നില്ല. അത്രത്തോളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് നമ്മുടെ സംസ്ഥാനം നിൽക്കുന്നത്. എന്നാൽതന്നെയും ഈ പ്രതികൂല സാഹചര്യങ്ങളെയെല്ലാം മറികടന്നുകൊണ്ട് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ഓരോന്നായി പൂർത്തീകരിച്ച് മുന്നോട്ടുപോകാനുള്ള സന്നദ്ധതയും നിശ്ചയദാർഢ്യവും ഈ സാർക്കാരിൽനിന്ന് കാണാൻ സാധിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇന്ന് അവതരിപ്പിച്ച ധനാഭ്യർഥനകളെ ഞാൻ സർവാത്മന പിന്തുണയ്ക്കുകയാണ്.

ഇന്ന് രാവിലെ സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് വളരെ കൃത്യമായി മറുപടി നൽകുകയും ചെയ്തു. 120 മാസം അധികാരത്തിലിരുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 118 മാസവും നൽകാതിരുന്ന ഒരു ആനുകൂല്യം തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ജനങ്ങൾക്ക് നൽകി അവരുടെ കണ്ണിൽ പൊടിയിടാൻ ശ്രമിക്കുമ്പോൾ അത് എത്ര ഹീനമായ രാഷ്ട്രീയ തന്ത്രമാണെന്ന് മലയാളികൾക്ക് മനസ്സിലായിട്ടുണ്ട്. അതാണ് ഈ ജനവിധിയിൽ കലാശിച്ചത്. ഇതേ തന്ത്രമാണ് ശ്രീ. നിതീഷ് കുമാർ ബിഹാറിൽ പരീക്ഷിച്ചത്. പക്ഷെ ബിഹാറിലെ ജനങ്ങളല്ലല്ലോ, കേരളത്തിലെ ജനങ്ങൾ. കേരളത്തിലെ ജനങ്ങൾ അതിന്റെ പൊള്ളത്തരം കൃത്യമായി തിരിച്ചറിയുകയും അത് തള്ളിക്കളയുകയും ചെയ്തു. എന്നിട്ട് വീണ്ടും ഇവർ അതുപോലുള്ള വിഷയങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രസംഗങ്ങളും അവകാശവാദങ്ങളും സമരങ്ങളുമായി മുന്നോട്ടുപോകുന്നത് കാണുമ്പോൾ 'നിനക്ക് ഇതെല്ലാം എങ്ങനെയാടാ സാധിക്കുന്നത് ഉവ്വേ' എന്ന സിനിമാ ഡയലോഗാണ് ഓർമ്മ വരുന്നത്. ഇവിടെ ഒരു വിദ്യാർഥി സംഘടന 10 വർഷം 'സൈലന്റ് ഫെഡറേഷൻ ഓഫ് ഇന്ത്യ'യായി നിന്നവർ ഇപ്പോൾ ഭരണം മാറിയപ്പോൾ ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ അവസാന ബജറ്റിൽ പ്രഖ്യാപിച്ച 'ഡിഗ്രി സൗജന്യം' നടപ്പാക്കണമെന്ന് പറയുകയാണ്. കഴിഞ്ഞ പത്ത് വർഷമുണ്ടായിട്ടും എന്തിനാണ് എല്ലാം അവസാന ബജറ്റ്വരെ സൂക്ഷിച്ചത്. തിരഞ്ഞെടുപ്പ്

പ്രകടനപത്രികയ്ക്ക് ഒരു കരാറിന്റെ സ്വഭാവമാണുള്ളത്. നിങ്ങൾ ഞങ്ങൾക്ക് വോട്ട് ചെയ്താൽ തിരികെ ഞങ്ങൾ അധികാരത്തിൽ വന്നാൽ നാടിനുവേണ്ടി ഇന്നയിന്ന കാര്യങ്ങൾ ചെയ്യാമെന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനങ്ങളും തമ്മിലുണ്ടാക്കുന്ന ഒരു deemed contract ആണ് തിരഞ്ഞെടുപ്പ് പ്രകടനപത്രികയെന്ന് നാം കാണേണ്ടതായിട്ടുണ്ട്. അങ്ങനെ അധികാരത്തിൽ വന്നവർ അത് നടപ്പാക്കാനുള്ള അവസരം മുഴുവൻ നശിപ്പിച്ചുകളഞ്ഞുവെന്ന് മാത്രമല്ല, ആ കാലഘട്ടത്തിൽ മുഴുവൻ ജനവഞ്ചന നടത്തിക്കൊണ്ട് ജനങ്ങളെ വീണ്ടും കബളിപ്പിക്കാൻ നോക്കിയാൽ അത് തിരിച്ചറിയപ്പെടുമെന്ന് കേരളം അസന്നിഗ്ദ്ധമായി വിധിയെഴുതിയതാണ്. അതുകൊണ്ടാണ് ഞങ്ങൾ 102 ആളുകൾ ഭരണപക്ഷത്ത് ഇരിക്കുന്നത്. ഇന്ന് പ്രതിപക്ഷത്തെ ഒരു അംഗം തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് വീണ്ടും പറയുകയുണ്ടായി. ഇക്കാര്യം എത്രയോ കാലമായി നമ്മൾ ചർച്ച ചെയ്തതാണ്. ഇന്ത്യയിൽ 2004-ൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാർ അധികാരത്തിൽ വന്നു. എന്നാൽ അവർ അധികാരത്തിൽ വരുന്നതിന് മുമ്പ് തിരഞ്ഞെടുപ്പിനെ നേരിട്ടത് യു.പി.എ. എന്ന മുന്നണി രൂപത്തിലായിരുന്നില്ല. കേരളത്തിൽ യു.ഡി.എഫ്. ഉണ്ടെങ്കിലും കോൺഗ്രസ് എന്ന പാർട്ടി ഒറ്റയ്ക്കാണ് അന്ന് ദേശീയതലത്തിൽ 2004-ലെ തിരഞ്ഞെടുപ്പിനെ നേരിട്ടത്. ആ തിരഞ്ഞെടുപ്പിന് മുമ്പാകെ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടി പുറത്തിറക്കിയ പ്രകടനപത്രികയിലെ ഒരു വാഗ്ദാനമായിരുന്നു 'ഞങ്ങൾക്ക് അധികാരം ലഭിച്ചാൽ 100 ദിവസം സൗജന്യമായി തൊഴിലുറപ്പ് നൽകുന്ന ഒരു നിയമനിർമ്മാണം നടത്തുമെന്ന്'. കോൺഗ്രസിന് അത് പറയാം. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളായ രാജസ്ഥാനിലും മഹാരാഷ്ട്രയിലും പല രൂപത്തിൽ അത് നടപ്പാക്കി പ്രയോഗവൽകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങളുടെ പ്രകടനപത്രികയിൽ പറഞ്ഞ കാര്യം, അന്ന് യു.പി.എ. ഇല്ല. തിരഞ്ഞെടുപ്പിനുശേഷമാണ് യു.പി.എ. നിലവിൽ വന്നത്. യു.പി.എ. ഉണ്ടായിട്ടുപോലും ഭരണത്തിലെത്താൻ കുറച്ച് എം.പി.-മാരുടെ കുറവുവന്നപ്പോഴാണ് ഇടതുപക്ഷം അന്ന് പുറത്തുനിന്ന് പിന്തുണച്ചത്. അതിന്റെ

അടിസ്ഥാനത്തിലാണ് നമ്മൾ വിശാലമായ സർക്കാർ രൂപീകരിച്ചത്. അതനുസരിച്ച് ഒരു കോമൺ മിനിമം പ്രോഗ്രാം സംഘടിപ്പിച്ചപ്പോൾ കോൺഗ്രസിന്റെ പ്രകടനപത്രികയിലെ വാഗ്ദാനമെന്ന നിലയിൽ ആ പ്രോഗ്രാമിലും അത് ഇടംപിടിക്കുകയും കോൺഗ്രസ് സർക്കാർ അത് നടപ്പാക്കുകയും ചെയ്തു. ആദ്യം 200 ജില്ലകളിലും പിന്നീട് ശ്രീ. രാഹുൽ ഗാന്ധിയുടെ ഇടപെടലിന്റെ ഭാഗമായി രാജ്യം മുഴുവനും വ്യാപിപ്പിച്ചു. ഇത്രയും കൃത്യമായി തെളിവ് സഹിതം അനുഭവ സാക്ഷ്യങ്ങളുള്ള കാര്യത്തിന് ഇപ്പോഴും കാപ്സ്യൂൾ അടിച്ച് നടക്കുകയാണ്. ഈ ഒരു ഗതികേട് ഇനിയെങ്കിലും ഉണ്ടാകരുത്. നിങ്ങൾക്ക് നടപ്പാക്കാൻ കഴിഞ്ഞ കാര്യങ്ങൾ എന്തെല്ലാമാണ്; നടപ്പാക്കാൻ കഴിയാത്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് നിങ്ങൾ സത്യസന്ധമായി ജനങ്ങളോട് സംസാരിക്കൂ. ഈ സർക്കാരിനെ ജനങ്ങൾ അധികാരത്തിലെത്തിച്ചത് ഞങ്ങളുടെ പദ്ധതികൾ നടപ്പാക്കുന്നതിനായാണ്. അത് നടപ്പാക്കാൻ ഞങ്ങൾ മുന്നോട്ടുപോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ കഴിഞ്ഞ 10 വർഷത്തെ ഭരണത്തിൽ അള്ളിപ്പിടിച്ചിരിക്കുന്ന ധാരാളം പാരാസൈറ്റുകളെ ശുദ്ധീവൃത്തിയാക്കാനുള്ള പ്രവൃത്തി നിങ്ങൾ അടിയന്തരമായി ഏറ്റെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മുഴുവൻ മന്ത്രിമാരോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു പരാസൈറ്റിക് കൾച്ചർ ഇവിടെ ഉണ്ടായിരിക്കുകയാണ്. കൂടാതെ ഒരു കമ്മി ഇക്കോ സിസ്റ്റം കഴിഞ്ഞ 10 വർഷമായി ഇവിടെ ഉണ്ടായിരിക്കുകയാണ്. അത് അക്കാദമികളിലും വിവിധ ഭരണഘടനാ സ്ഥാപനങ്ങളിലുമുണ്ട്. കേരള പി.എസ്.സി.-യെക്കുറിച്ചുപോലും ഇപ്പോൾ സംശയങ്ങൾ ഉയർന്നുവരികയാണ്. പി.എസ്.സി. പരീക്ഷ അട്ടിമറി നടത്തുന്നുവെന്ന വാർത്തകൾ പുറത്തുവരുമ്പോൾ എങ്ങനെയാണ് ഒരു സർക്കാരിന്റെ legitimacy-യിൽ ജനങ്ങൾക്ക് വിശ്വസിക്കാൻ കഴിയുക. എല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുന്നു. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാർ എങ്ങനെയാണോ ഇൻസ്റ്റിറ്റ്യൂഷൻസിനെ ക്യാപ്ച്ചർ ചെയ്തത്, അതേ നിലയിൽ കഴിഞ്ഞ 10 വർഷമായി കേരളത്തിലുണ്ടായ ഇൻസ്റ്റിറ്റ്യൂഷണൽ ക്യാപ്ച്ചർ തിരിച്ചുപിടിക്കാൻ സാധിക്കണം. കൃത്യമായ ഒരു ക്ലെൻസിങ്

ഇക്കാര്യത്തിലുണ്ടാകണം. 10 വർഷമായി പബ്ലിക് പ്രോസിക്യൂട്ടർ ആയിരുന്ന, ഓരോ മാസവും ഒന്നര ലക്ഷം രൂപവരെ ശമ്പളം വാങ്ങിയിരുന്നവർ 120 മാസം വാങ്ങിയ ശമ്പളം പരിശോധിച്ചാൽ ഒരു പക്ഷെ ഒരു കോടി രൂപയ്ക്ക് മുകളിൽ വരും. എന്നിട്ടും സർക്കാരിന്റെ കേസ് അട്ടിമറിക്കാൻവേണ്ടി പ്രതികൾക്ക് കൂട്ടുനിന്നുകൊണ്ട് പൊലീസ് റിപ്പോർട്ടിന് വിരുദ്ധമായി അവർ വാദിച്ചെന്ന വാർത്തയാണ് പുറത്തുവരുന്നത്. ഇത്തരത്തിലുള്ള പുഴക്കുത്തുകളെ അടിയന്തരമായി അവിടെനിന്ന് തുത്തെറിയാൻ വേണ്ടിയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ക്ഷേമനിധികളുടെ കുടിശ്ശികയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കുഞ്ഞികൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ സൂചിപ്പിക്കുകയുണ്ടായി. അടിയന്തരമായി പരിഹാരം കാണേണ്ട കാര്യമാണിത്. ക്ഷേമനിധിയിൽ അംശദായം അടയ്ക്കുന്ന ആളുകൾക്ക് പതിനെട്ടും ഇരുപതും മാസങ്ങളായി അതിന്റെ ആനുകൂല്യം ലഭിക്കുന്നില്ലെന്ന പ്രശ്നമുണ്ട്. അതുപോലെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ CMDRF(Chief Minister's Distress Relief Fund)-ൽനിന്നും തുക പാസ്സായി എന്ന അറിയിപ്പ് ലഭിച്ചിട്ടും എട്ടും പത്തും മാസങ്ങളായി പണം ലഭിക്കാത്ത അനുഭവങ്ങളുമുണ്ട്. പുതിയ ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങൾക്ക് പലരും വീണ്ടും അപേക്ഷ നൽകുകയാണ്. ഈ പെൻഡിങ് കുടിശ്ശിക ഉണ്ടോയെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പരിശോധിച്ച് ക്ലിയർ ചെയ്യണമെന്ന പ്രത്യേക അഭ്യർത്ഥന മുന്നോട്ടുവയ്ക്കുകയാണ്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, ഞങ്ങളെപ്പോലുള്ള ജനപ്രതിനിധികൾ CMDRF-ലേക്ക് കൊണ്ടുവരുന്ന അപേക്ഷകൾ ഏറ്റവും പാവപ്പെട്ടവരുടേതാണ്, ഞങ്ങൾക്ക് നേരിട്ട് convinced ആയ കാര്യങ്ങളുമാണ്. ഇതിന്മേൽ തീർത്തും മെക്കാനിക്കലായുള്ള സമീപനവും ഫയലിന്റെ രൂപത്തിലുള്ള പരിഗണനയുമല്ലാതെ മുമ്പ് ബഹുമാന്യനായ ഉമ്മൻ ചാണ്ടി ചെയ്തതുപോലെ ഒരു മാനുഷിക സ്പർശത്തോടുകൂടിയുള്ള ഇടപെടൽ നടത്താൻ പുതിയ മുഖ്യമന്ത്രിക്ക് കഴിയുമെന്നാണ് എന്റെ പ്രതീക്ഷ, ഈ നിലയിലുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

PMAY(Pradhan Mantri Awas Yojana)-യെക്കുറിച്ചും അതിന്റെ ബ്രാൻഡിങിനെക്കുറിച്ചും വലിയ ചർച്ചകൾ നടക്കുകയുണ്ടായി. കഴിഞ്ഞ കുറച്ചുകാലമായി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള ഇടപെടലുകളുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് ഈ നിലയിൽ നമ്മുടെ ആരോഗ്യമേഖലയിലെ ആശുപത്രികൾ മുഴുവൻ 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്ന പേരിലേക്ക് മാറ്റിയത്. ഈ പേരിൽത്തന്നെ ഒരു ഉത്തരേന്ത്യൻ ടച്ചുണ്ട്, നമ്മുടെ കേരളത്തിലെ ആശുപത്രികൾക്ക് ചേർന്ന ഒരു പേരാണോ ഇത്? ആശുപത്രികളെ ആരോഗ്യ മന്ദിർ എന്ന് വിശേഷിപ്പിച്ചുകൊണ്ടുള്ള സമീപനവും എല്ലായിടത്തും 'ആരോഗ്യം പരമം ധനം' എന്ന സംസ്കൃത ശ്ലോകം ടാഗ്‌ലൈനായി എഴുതി വയ്ക്കണമെന്നും ethnic brown കളർ പെയിന്റ് ചെയ്യണമെന്നും mural illustrations വയ്ക്കണമെന്നും പറയുന്നു. 886-ഓളം വരുന്ന നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും ഫാമിലി ഹെൽത്ത് സെന്ററുകളും കേന്ദ്രസർക്കാരിന്റെ ഈ ബ്രാൻഡിങിന് വിധേയമായിക്കഴിഞ്ഞു. PMAY ഭവനങ്ങളുടെ കാര്യത്തിൽ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2023 നവംബർ മാസം നാലാം തീയതി കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും അയച്ച ഒരു കത്തുകൂടി വായിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. " PMAY (നഗരം) പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകളിൽ ലോഗോ പതിപ്പിക്കുന്നതുസംബന്ധിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ മാർഗരേഖ നിഷ്കർഷിക്കുന്നുണ്ട്. മാർഗരേഖയിൽ അനുശാസിക്കുന്ന രീതിയിൽ സംസ്ഥാനത്ത് PMAY(നഗരം) പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിൽ ലോഗോ പതിപ്പിക്കണമെന്ന് സൂചന(1) പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ ലോഗോ പ്രദർശിപ്പിക്കേണ്ടതാണെന്ന നിർദേശം സൂചന(2) പ്രകാരം സംസ്ഥാന സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്" . സംസ്ഥാന സർക്കാർ ആരായിരുന്നു? നിങ്ങളായിരുന്നു. അന്നത്തെ മുഖ്യമന്ത്രി ആരായിരുന്നു? ശ്രീ. പിണറായി വിജയൻ. തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ആരായിരുന്നു? ശ്രീ. എം. ബി. രാജേഷ്.

ഇതായിരുന്നു നിങ്ങൾ നൽകിയ നിർദേശം. തീർന്നിട്ടില്ല, പദ്ധതി ലോഗോ, ഗുണഭോക്താവിന്റെ വിവരങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നുണ്ടെന്ന് നഗരസഭകൾ ഉറപ്പാക്കേണ്ടതാണെന്നും ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 20-11-2023-ന് മുമ്പായി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. നിങ്ങളാണ് ഇവയെല്ലാം നടപ്പാക്കിയത്. എന്നിട്ട് അയ്യോ പാവം നടിച്ച് ഞങ്ങൾക്ക് ഇതൊന്നും ബാധകമല്ലെന്നും പറയുന്നു. നിങ്ങൾ അവിടെയിരിക്കുന്ന ആളുകളെ ഒന്ന് ചോദ്യം ചെയ്യാൻ തയ്യാറാകൂ. ഇതുമുഴുവൻ നിങ്ങൾ വരുത്തിവച്ചതാണ്. ഈ പാപഭാരം മുഴുവൻ സംസ്ഥാന സർക്കാരിന്റെ തലയിൽ വച്ചുകൊടുത്തത് നിങ്ങളാണ്. ഇനിയെങ്കിലും അത് തിരുത്താൻ നിങ്ങൾ തയ്യാറാകണമെന്നുമാത്രമാണ് അതെക്കുറിച്ച് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ഒന്നുരണ്ട് കാര്യങ്ങൾ മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട ആവശ്യം നിയമസഭയിൽ ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ മുമ്പ് സൂചിപ്പിച്ചതാണ്. മലബാർ മേഖലയിലേക്ക് കെ.എസ്.ആർ.ടി.സി.-യുടെ ശക്തമായ സാന്നിധ്യമുണ്ടാകണമെന്നും വ്യാപകമാക്കണമെന്നും കൂടാതെ എന്റെ നിയോജകമണ്ഡലമായ തൃത്താലയിലെ കൂറ്റനാട് എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി.-യുടെ സബ് ഡിപ്പോ അനുവദിക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും സ്ഥലസൗകര്യങ്ങളുമുണ്ടെന്നും ഈ സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കണമെന്നും പ്രത്യേകമായി അഭ്യർഥിക്കുകയാണ്. ചാലിശ്ശേരി ആശുപത്രി വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ രണ്ട് കോടി രൂപ നീക്കിവച്ച ടി പദ്ധതി വലിയ രീതിയിലുള്ള ഒരു വികസന പദ്ധതിയായി ഏറ്റെടുക്കണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. എന്റെയും ബഹുമാനപ്പെട്ട അംഗം പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെയും നിയോജകമണ്ഡലങ്ങളെ മാത്രമല്ല, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലത്തിന്റെ പ്രൊപ്പോസൽകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബജറ്റിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. മുറിഞ്ഞായക്കടവ്-കൈതക്കടവ് എന്ന പേരിൽ പരുളൂർ, ഇരുമ്പിളിയം എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും മലപ്പുറം, പാലക്കാട് എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ പാലത്തിന്റെ കാര്യത്തിൽ അടിയന്തരമായി ഭരണാനുമതി നൽകാനും ഒരു പ്രയോരിറ്റി പദ്ധതിയായി ഇത് ഏറ്റെടുക്കാനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുവേണ്ടിയുള്ള തുക അനുവദിക്കുന്നതിനായി ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമനസോടെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഞാൻ പൊതുവായി ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. നമുക്ക് സ്വാതന്ത്ര്യം ലഭിച്ച കാലം മുതൽ ഇന്ത്യാ ഗവൺമെന്റിന്റെ പദ്ധതികളിലും പല സംസ്ഥാന പദ്ധതികളിലും പ്രമുഖരായ പല ഭരണാധികാരികളുടെയും പേരിൽ personal names-ൽത്തന്നെ പല പദ്ധതികളും ഉണ്ടായിട്ടുണ്ട്. ജവഹർലാൽ നെഹ്റുവിന്റെ പേരിലും ഗാന്ധിജിയുടെ പേരിലും ഇന്ദിരാഗാന്ധിയുടെ പേരിലും ഇ.എം.എസ്.-ന്റെ പേരിൽ ഭവന പദ്ധതിയുമുണ്ടായിരുന്നു. അപ്പോൾ അതാണോ ഒരു പ്രശ്നം; അതോ അതിനപ്പുറത്തേക്ക് നമ്മുടെ ഭരണഘടനയ്ക്ക് യോജിക്കാത്ത തരത്തിൽ എന്തെങ്കിലുമാണോ? ഈ പ്രശ്നത്തിൽ ഒരു വ്യക്തത വരുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ എപ്പോഴെങ്കിലും സഭയിൽ ഈ പ്രശ്നത്തിന് ഒരു വ്യക്തത വരുത്തിയാൽ വലിയ ഉപകാരമായിരിക്കും.

<u>മി. സ്പീക്കർ</u>: യെസ്.

<u>ശ്രീമതി ഒ. എസ്. അംബിക</u>: സർ, കേരള നിയമസഭയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിന്റെ ജനപ്രതിനിധിയായി എന്നെ വീണ്ടും തിരഞ്ഞെടുത്ത വോട്ടർമാരോട് ആദ്യംതന്നെ നന്ദി രേഖപ്പെടുത്തുന്നു. ഇവിടെ അവതരിപ്പിക്കപ്പെട്ട ധവളപത്രവും ബജറ്റിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഏറെ ആശങ്കകൾ സൃഷ്ടിക്കുന്നുവെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. പൊതുചെലവ് റവന്യൂ വരുമാനത്തിന്റെ മുഖ്യപങ്ക് കവരുകയെന്ന വാദമാണ് നിർഭാഗ്യവശാൽ മുന്നോട്ടുവയ്ക്കപ്പെടുന്നത്. ബജറ്റിന് പുറമെയുള്ള

കടമെടുപ്പ് അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടും ദൗർഭാഗ്യകരമാണ്. താങ്കളുടെ ബജറ്റിൽ വയോജനങ്ങളുടെ ക്ഷേമത്തിനായി ഒരു വകുപ്പ് രൂപീകരിക്കുമെന്ന് പറയുന്നു. 2031-ൽ അറുപത് വയസ്സിനുമുകളിലുള്ളവർ സംസ്ഥാന ജനസംഖ്യയുടെ 21 ശതമാനം വരുമെന്ന് കണക്കുകൾ പറയുന്നുണ്ട്. അതുകൊണ്ടുതന്നെ വയോജനക്ഷേമത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നാം ആവിഷ്കരിക്കണം. പക്ഷേ വർധിച്ച പൊതുചെലവുകളെക്കുറിച്ച് സങ്കടപ്പെടുകയും ആശങ്കപ്പെടുകയും ചെയ്യുന്ന താങ്കൾക്ക് എങ്ങനെയാണ് വയോജന ക്ഷേമത്തിന് പണം ചെലവഴിക്കാൻ സാധിക്കുക? പൊതുചെലവ് കുറയ്ക്കണമെന്നാണല്ലോ ധവളപത്രത്തിൽ താങ്കൾ ഉപദേശിക്കുന്നത്. അതുകൊണ്ടുതന്നെ വയോജന ക്ഷേമത്തിൽ താങ്കളുടെ ആത്മാർഥത സംശയകരമാണ്. സംസ്ഥാനത്തിന്റെ കടബാധ്യത സംബന്ധിച്ചും ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ ബാധ്യതകൾ സംബന്ധിച്ചും പേടിപ്പെടുത്തുംവിധമുള്ള ആഖ്യാനങ്ങളുടെ യഥാർഥ ലക്ഷ്യം ജനങ്ങൾക്കറിയാം. നിങ്ങൾ പെതുമേഖലയെ തകർക്കാൻ ഡീൽ ഉറപ്പിച്ച് സ്വകാര്യവൽക്കരണത്തിന് പരവതാനി വിരിക്കുകയാണ്. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇത്തരം ആഖ്യാനങ്ങളുടെ പിൻബലത്തിലാണ് കോൺഗ്രസ് സ്വകാര്യവൽക്കരണം ആരംഭിച്ചതും പൊതുമേഖലയെ തകർത്തതും. റവന്യൂ വരുമാനത്തിന്റെ 77 ശതമാനം ശമ്പളമായും പെൻഷനായും പലിശയായും നൽകേണ്ടിവരുമെന്ന് വിലപിക്കുന്ന നിങ്ങൾ നമ്മുടെ സേവന മേഖലകളിൽ ഉൽപാദിപ്പിക്കുന്ന മൂല്യത്തെക്കുറിച്ചും അതിന്റെ ഗുണമേന്മയെക്കുറിച്ചും എന്തുകൊണ്ടാണ് പറയാത്തത്? നമ്മുടെ വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല, ആഭ്യന്തരം, സാമൂഹ്യ സുരക്ഷ എന്നിവയെല്ലാം രാജ്യത്തെ നമ്പർ വൺ ആണ്. ആ മേഖലകളിൽ ബജറ്റുകൾക്കാവശ്യമായ പണം നീക്കിവച്ചതുകൊണ്ടാണ് ഇതെല്ലാം സാധ്യമായത്. കേവലം കച്ചവടക്കണ്ണിലൂടെ ലാഭമാണോ നഷ്ടമാണോ എന്ന നിലയിലല്ല ഇത്തരം സേവനങ്ങളെ സമീപിക്കേണ്ടത്. മനുഷ്യ വിഭവങ്ങളിന്മേലുള്ള ദീർഘകാല നിക്ഷേപങ്ങളായാണ് ഇവയെ പരിഗണിക്കേണ്ടത്. പൊതുചെലവുകൾ കുറച്ച് സ്കൂളുകളും ആശുപത്രികളും അടച്ചുപൂട്ടാനും ഇല്ലാതാക്കാനും

എളുപ്പമാണ്. എന്നാൽ അവയെ ഉയർന്ന ഗുണനിലവാരത്തോടെ മുന്നോട്ടുനയിക്കുകയെന്ന വെല്ലുവിളിയാണ് ഒരു ജനപക്ഷ സർക്കാർ ഏറ്റെടുക്കേണ്ടത്. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളുടെ മികവ് പോലെതന്നെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന്റെയും കുതിപ്പിന്റെയും കഥയാണ് നമ്മുടെ സംസ്ഥാനത്തിന് പറയാനുള്ളത്. ഫെഡറലിസത്തെ അട്ടിമറിക്കുന്ന വിധത്തിലുള്ള യൂണിയൻ സർക്കാരിന്റെ ശത്രുതാപരമായ സമീപനത്തിന്റെ ഫലമായി നമുക്ക് അർഹതപ്പെട്ട വിഹിതങ്ങൾ നൽകിയില്ല. തനതുവരുമാനത്തിലെ വർധനവിലൂടെയാണ് നാം അതിനെ മറികടക്കുന്നത്. 2003-ലെ FRBM(Fiscal Responsibility and Budget Management) Act പ്രകാരം ധനക്കമ്മി 3 ശതമാനമാക്കി പരിമിതപ്പെടുത്തണമെന്ന നിബന്ധനയുടെ പശ്ചാത്തലത്തിലാണ് ബജറ്റിനുപുറമെയുള്ള വരുമാനസ്രോതസ് എന്ന നിലയിൽ കിഫ്ബിയെ ഉപയോഗപ്പെടുത്തിയത്. കേന്ദ്രസർക്കാരും ഇത്തരത്തിൽ ബജറ്റിനുപുറമെയുള്ള വരുമാനസ്രോതസുകൾ ഉപയോഗപ്പെടുത്തുന്നുവെന്ന് നമുക്കറിയാം. അടിസ്ഥാന സൗകര്യ വികസനരംഗത്തെ കുതിച്ചുചാട്ടത്തിന് കേരളം സാക്ഷ്യം വഹിച്ചത് കിഫ്ബിയെ കേരളം ഫലപ്രദമായി ഉപയോഗിച്ചതുകൊണ്ടാണ്. കേരളത്തിന്റെ വികസനത്തിൽ അത്ഭുതകരമായ മാറ്റം സൃഷ്ടിച്ച പദ്ധതിയാണ് കിഫ്ബി. റോഡുകൾ, പാലങ്ങൾ, ആശുപത്രികളുടെയും സ്കൂളുകളുടെയും വികസനം, മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം സാധ്യമാക്കിയ പദ്ധതിയാണ് കിഫ്ബി. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ 99744.27 കോടി രൂപയുടെ വികസന പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയത്. 76584.53 കോടി രൂപയുടെ പശ്ചാത്തല വികസനം ഈ നാട്ടിൽ നടപ്പാക്കി. 23189.74 കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ പദ്ധതികളും നടപ്പാക്കി. ഇതിൽ 38627 കോടി രൂപ ഇതിനകം ചെലവഴിച്ചു കഴിഞ്ഞു. കേരളത്തിന്റെ ദേശീയപാത വികസനം യാഥാർഥ്യമാക്കിയത് കിഫ്ബി എന്ന മഹത്തായ ആശയത്തിന്റെ സഹായത്തോടെയാണ്. ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്ന തുകയുടെ ഇരുപത്തിയഞ്ച് ശതമാനമാണ് കേരളം ചെലവഴിച്ചത്.

സ്ഥലമേറ്റെടുപ്പിനായി 5581 കോടി രൂപയാണ് ചെലവഴിച്ചത്. മൂന്ന് വ്യവസായപാർക്കുകൾക്ക് പതിനായിരം കോടി രൂപ അനുവദിച്ചു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് 2214 കോടി രൂപയും എം.സി. റോഡ് വികസനത്തിന് 1900 കോടി രൂപയും ട്രാൻസ്ഗ്രിഡ് പദ്ധതി പ്രകാരം 1709 കോടി രൂപയും അനുവദിച്ചു. അരനൂറ്റാണ്ടിന്റെ വികസനമാണ് പത്തുവർഷംകൊണ്ട് കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയത്. ബജറ്റിനകത്തുനിന്ന് വിഭവസമാഹരണം കണ്ടെത്തുന്ന നയം സ്വീകരിച്ചാൽ കിഫ്ബിയിലൂടെ സാധ്യമായ വികസനം സംസ്ഥാനത്ത് നടപ്പാക്കണമെങ്കിൽ എത്രവർഷം വേണ്ടിവരുമെന്ന് കേരളം ചിന്തിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചാണ് മറ്റൊരു ആശങ്ക. നിർഭാഗ്യവശാൽ, പൊതുമേഖലാ സ്ഥാപനങ്ങളെ ബാലൻസ് ഷീറ്റിലെ ലാഭവും നഷ്ടവും മാത്രം നോക്കി വിലയിരുത്തുന്നൊരു സാഹചര്യമാണ് കാണുന്നത്. അതിനപ്പുറം വിശാലമായ അർത്ഥമാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് മുന്നിൽവയ്ക്കുന്നത്. ചൂഷണങ്ങളിൽനിന്നും അഭിമിതമായ കമ്പോള താല്പര്യങ്ങളിൽനിന്നും പൊതുസമൂഹത്തെ സംരക്ഷിക്കുന്ന സംവിധാനങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. ഇത്തരം സ്ഥാപനങ്ങൾ നിലനിൽക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ട വലിയ ജനവിഭാഗം, ആദിവാസികൾ, പട്ടികജാതി-പട്ടികവർഗക്കാർ, ഭിന്നശേഷിക്കാർ, സാമൂഹികമായി ഉയർന്നനിലയിലെത്തിയ സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവർ എന്നിവർക്കൊക്കെ സ്വകാര്യമേഖലയിലെ മത്സരാധിഷ്ഠിതമായ സാഹചര്യത്തിൽ എങ്ങനെയാണ് തുല്യ അവസരങ്ങൾ ലഭിക്കുന്നത്. ഇത്തരക്കാരെക്കൂടി കൈപിടിച്ചുയർത്തി സമൂഹത്തിനൊപ്പം നിൽക്കാൻ നിങ്ങൾ പ്രാപ്തരാക്കണം. അവരുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നാക്കാവസ്ഥയെ മറികടക്കാൻ കരുത്തും ധീരവുമായ മഹത്തായ പ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ഥാപനങ്ങൾകൂടിയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ. അതുപോലെതന്നെ 'യൂസ് ആൻഡ് ത്രോ' നയത്തിന്റെ ഭാഗമായി തൊഴിലാളികളെയും

ജീവനക്കാരെയും അവരുടെ മികച്ച സമയത്ത് സ്ഥാപനത്തിനുവേണ്ടി ഉപയോഗിക്കുകയും അതുകഴിയുമ്പോൾ പിരിച്ചുവിടുകയും ചെയ്യുന്ന സ്വകാര്യമേഖലാ സ്ഥാപനങ്ങളിൽനിന്ന് എങ്ങനെയാണ് സാമൂഹ്യനീതി ഉറപ്പാക്കാൻ സാധിക്കുക. അതുപോലെതന്നെ ലൈഫ് ഭവന പദ്ധതിയുടെ ഭാവിയിലാണ് മറ്റൊരു ആശങ്ക കാണുന്നത്.

മി. സ്പീക്കർ: യെസ്......യെസ്......പ്ലീസ്......

ശ്രീമതി ഒ. എസ്. അംബിക: സർ, എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗത്തിന് സമയം കൂടുതൽ നൽകിയിട്ടുണ്ട്. അതുകൊണ്ട് എനിക്കും സമയം നൽകിയേ മതിയാകൂ. ഭരണപക്ഷത്തിന് കൂടുതൽ സമയവും പ്രതിപക്ഷത്തിന് കുറച്ച് സമയവും എന്ന് പറയാൻ കഴിയില്ല.

മി. സ്പീക്കർ: അതൊന്നും കുറയുകയില്ല. കിട്ടേണ്ട സമയം കിട്ടും. അതിനേക്കാൾ അധികം തർക്കിക്കാതിരുന്നാൽ മതി.

ശ്രീമതി ഒ. എസ്. അംബിക: സർ, പുറമ്പോക്കുകളിലും പാതയോരങ്ങളിലും തോട്ടുവരമ്പുകളിലും ഓലയും പരമ്പും മറച്ച് ദയനീയമായ സാഹചര്യത്തിൽ കഴിയാൻ വിധിക്കപ്പെട്ട ഒരു ജനതയുണ്ടായിരുന്നു നമ്മുടെ നാട്ടിൽ. കേരള ഭൂപരിഷ്കരണ നിയമത്തിലൂടെ ആ ജനതയ്ക്ക് ആശ്വാസം പകരുകയും ആരും ഇറക്കിവിടാത്ത, സ്വന്തമായ ഭൂമിയുടെ ഉടമകളായി അവരെ മാറ്റിയ പ്രസ്ഥാനം 'തണൽ' ഭവന പദ്ധതിയിലൂടെയും ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിലൂടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയും അവർക്ക് അടച്ചുറപ്പുള്ള വീടും ആത്മാഭിമാനവും പകർന്നുനൽകി. 'ഭവനരഹിതരില്ലാത്ത കേരളം' എന്ന ലക്ഷ്യത്തിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൈപിടിച്ചുകൊണ്ടുപോയ ആത്മാർഥമായ പരിശ്രമമാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പാക്കിയത്. ലൈഫ് മിഷൻ ഭവന പദ്ധതി സംസ്ഥാനത്ത് 609514 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചു. ഇവിടെ 107113 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടക്കുകയാണ്. ത്രിതല പഞ്ചായത്ത് ജനപ്രതിനിധിയായി

പ്രവർത്തിച്ചിട്ടുള്ള വ്യക്തിയെന്ന നിലയിൽ ഇതിന്റെ ഗുണഫലങ്ങൾ എനിക്ക് നേരിട്ട് അറിയാവുന്നതാണ്.

മി. സ്പീക്കർ: യെസ്......യെസ്...... പ്രസംഗം അവസാനിപ്പിക്കണം.

ശ്രീമതി ഒ. എസ്. അംബിക:സർ, ഈ പദ്ധതിയിൽ അർഹത നേടി സ്വന്തമായി വീട് യാഥാർത്ഥ്യമാകുമ്പോൾ അവർ അനുഭവിക്കുന്ന സന്തോഷവും അവർക്ക് ലഭിക്കുന്ന ആശങ്കയും നമുക്ക് നേരിട്ട് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഈ ബജറ്റിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ശ്രീ. എം. റഹ്മത്തുള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. 'രോഗിയുടെ ആരോഗ്യം നോക്കിയേ ചികിത്സ നിശ്ചയിക്കാവൂ' എന്ന് നമ്മുടെ നാട്ടിൽ പൊതുവെ പറയാറുണ്ട്. ഏതാണ്ട് അഞ്ച് ലക്ഷം കോടി രൂപയുടെ കടക്കെണിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ആ സംസ്ഥാനത്തിന്റെ പുതുക്കിയ ബജറ്റ് നിർദേശങ്ങൾ ഒരു നയാപൈസയുടെ ബാധ്യതപോലും കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാത്തതാണ് എന്നതുതന്നെയാണ് ഈ സർക്കാരിന്റെ ആദ്യത്തെ വിസ്മയമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്ത് വർഷക്കാലം കേരളം നേരിട്ട ദുരന്തവും ദുരിതവുമൊക്കെ നമ്മൾ നേരിട്ട് അനുഭവിച്ചവരാണ്. അതുകൊണ്ടുതന്നെയാണ് യു.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ കേരളം ഒരു പുതുയുഗപ്പിറവിയിലേക്ക് പ്രവേശിക്കുമെന്നകാര്യം ഉറപ്പാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. കേരളത്തിലെ മുഖ്യമന്ത്രി വളരെ സുന്ദരനാണ്, അദ്ദേഹം ചിരിച്ചുകൊണ്ടേയിരിക്കുന്ന മുഖ്യമന്ത്രിയാണെന്ന് പ്രതിപക്ഷത്തിരിക്കുന്ന ഒരു നേതാവ് കഴിഞ്ഞദിവസം സംസാരിക്കുന്നത് കേട്ടു. അങ്ങയുടെ സൗന്ദര്യവും ചിരിയും കാലാകാലം നിലനിൽക്കട്ടെയെന്ന് ഈ സന്ദർഭത്തിൽ ഞാൻ പ്രാർത്ഥിക്കുകയാണ്. കേരള സംസ്ഥാനത്തെ എങ്ങനെ രക്ഷപ്പെടുത്താമെന്നുള്ള കാഴ്ചപ്പാടിന്റെയും പ്രതീക്ഷയുടെയും അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചിരിച്ചുകൊണ്ടിരിക്കുന്നത്. ഈ ബജറ്റ്

എന്നത് ഒരു സമഗ്ര രാഷ്ട്രീയ-സാമ്പത്തിക രേഖയാണ്. കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യങ്ങൾ, സാമ്പത്തിക അവസ്ഥ എന്നിവയെല്ലാം പരിശോധിച്ചുകൊണ്ട് ജനങ്ങളുടെമേൽ ഒരു ഭാരവും അടിച്ചേൽപ്പിക്കാതെ എങ്ങനെ നമ്മുടെ ഖജനാവ് നിറയ്ക്കാമെന്നതിന്റെ നിരവധി നിർദേശങ്ങളാണ് ഈ ബജറ്റിൽ മുന്നോട്ടുവച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ഈ ബജറ്റ് കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളും സഹർഷം സ്വാഗതം ചെയ്തുകൊണ്ടിരിക്കുന്നുവെന്ന് സൂചിപ്പിക്കാൻ ഈ സന്ദർഭത്തിൽ ഞാനാഗ്രഹിക്കുകയാണ്. ഈ ബജറ്റ് പരാമർശിക്കാത്ത ഒരു മേഖലയുമില്ല. പ്രതിപക്ഷത്തിരിക്കുന്നവർക്ക് അത് മനസ്സിലാകണമെന്നില്ല. കാരണം അവർ ഏതോ പഴയകാലത്ത് ജീവിക്കുന്നവരാണ്. ഈ ബജറ്റ് സംബന്ധിച്ച ചർച്ചയിൽ ചില ബഹുമാന്യരായ അംഗങ്ങൾ ഇവിടെ നടത്തിയ പ്രസംഗങ്ങളെല്ലാം നമ്മൾ കേട്ടതാണ്. ഇതെല്ലാം അറിഞ്ഞിട്ടും എന്തുകൊണ്ടാണ് ലോകത്തിൽ ഒരു കമ്മ്യൂണിസ്റ്റ് രാജ്യവും ഇന്ന് നിലനിൽക്കാത്തതെന്ന് ഞാൻ വളരെ സങ്കടത്തോടുകൂടി ആലോചിച്ചു. എന്തെല്ലാം താത്വികമായ വിശകലനങ്ങളാണ് ഇവിടെ നടത്തിയത്. മുതലാളിത്തം കടന്നുവരുന്നതിനെക്കുറിച്ച്, സാമ്രാജ്യത്വം കടന്നുവരുന്നതിനെക്കുറിച്ച് ഫിനാൻസ് കാപ്പിറ്റലിനെക്കുറിച്ച്, അതിന്റെ അപകടത്തെക്കുറിച്ചൊക്കെ എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ സംസാരിച്ചത്. ഇതെല്ലാം അറിയുന്ന ധാരാളം ആളുകളുണ്ടായിട്ടും....

<u>മി. സ്പീക്കർ</u>: പോയിന്റ് ഓഫ് ഓർഡറാണോ?

<u>ശ്രീ. ജി. സുധാകരൻ</u>: ഒരു കമ്മ്യൂണിസ്റ്റ് രാജ്യവും ലോകത്ത് നിലനിൽക്കുന്നില്ല എന്നുള്ളത് തെറ്റാണ്. ചൈന ഉൾപ്പെടെ അഞ്ച് രാജ്യങ്ങളിൽ നിലനിൽക്കുന്നുണ്ട്. അത് തിരുത്തണം, അത്രേയുള്ളൂ. അത് ഓർഡറിലല്ല.

<u>ശ്രീ. എം. റഹ്മത്തുള്ള</u>: സർ, ഞാനെന്റെ വ്യക്തിപരമായ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ലോകത്ത് കമ്മ്യൂണിസ്റ്റ് എന്ന പേരിൽ അറിയപ്പെടുന്ന രാജ്യങ്ങൾ പലതുമുണ്ടെന്ന് ഞാനും അംഗീകരിക്കുന്നു. അതിന്റെ വിശദാംശങ്ങളെക്കുറിച്ചുള്ള എന്റെ

നിലപാട് ഞാൻ ആവർത്തിച്ച് വ്യക്തമാക്കുന്നു എന്നുമാത്രമേ പറയുന്നുള്ളൂ. ബഹുമാന്യനായ അദ്ദേഹത്തോട് ഞാൻ തർക്കത്തിനുവരുന്നില്ല. ഇതെല്ലാം അറിഞ്ഞിട്ടും പരാജയങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുകയാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. ഇവിടെത്തന്നെ എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. മൂന്ന് തിരഞ്ഞെടുപ്പുകളിലും തുടർച്ചയായി പരാജയപ്പെട്ടപ്പോഴും ഈ പ്രത്യയശാസ്ത്രപരമായ വിശകലനങ്ങളൊന്നും ഓർമ്മ വരാത്തവരാണ് എന്റെ സുഹൃത്തുക്കൾ എന്നുമാത്രമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നത്. രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഒന്നാമതായി, ഈ ബജറ്റിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന മഞ്ചേരി നിയോജകമണ്ഡലത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട ഒരംഗം സൂചിപ്പിച്ചതുപോലെ ബജറ്റിൽ കാര്യമായ തുക നീക്കിവച്ചിട്ടുള്ളതും എന്നാൽ ചെറിയ തുകകൾ മാത്രം നീക്കിവച്ചിട്ടുള്ളതുമായ നിർദേശങ്ങളുണ്ട്. മഞ്ചേരി നിയോജകമണ്ഡലത്തെ സംബന്ധിച്ച് ഈ ബജറ്റിൽവന്ന എല്ലാ നിർദേശങ്ങളും നടപ്പാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് വലിയ പരിഗണനയുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർഥിക്കുന്നു. കാരണം, പത്തുകൊല്ലമായി വികസനം കടന്നുവന്നിട്ടില്ലാത്ത മേഖലയാണ് മഞ്ചേരി നിയോജകമണ്ഡലം. വല്ലാത്ത ഒരു അവഗണന നേരിട്ട ജില്ല മലപ്പുറം ജില്ലയും നിയോജകമണ്ഡലം മഞ്ചേരി നിയോജകമണ്ഡലവുമാണ്. അതുകൊണ്ടുതന്നെ ഈ ബജറ്റിൽ പറഞ്ഞ എല്ലാ നിർദേശങ്ങളും നടപ്പാക്കാൻ നല്ലരീതിയിലുള്ള ശ്രമങ്ങളുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഓരോന്നായി എണ്ണിയെണ്ണി പറഞ്ഞ് ഞാൻ സമയം കളയുന്നില്ല. ഒറ്റകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കട്ടെ. തൊഴിൽ മേഖലയെക്കുറിച്ച് ഈ ബജറ്റിൽ കാര്യമായി പറഞ്ഞിട്ടുണ്ട്. ഇവിടെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് യാതൊന്നും നീക്കിവച്ചില്ലെന്ന അർഥത്തിൽ സൂചിപ്പിച്ചല്ലോ? അതിനായി 1400 കോടി രൂപ ഈ സർക്കാർ നീക്കിവച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിനെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ല എന്നും ചിലർ സൂചിപ്പിച്ചു. നമ്മുടെ തൊഴിൽ അതല്ലല്ലോ? കേന്ദ്രം തരാത്തതിനെക്കുറിച്ച്

പറയുകയും കേന്ദ്രത്തോട് ആവശ്യപ്പെടേണ്ടത് ആവശ്യപ്പെടുകയും കിട്ടേണ്ടത് ചോദിച്ച് വാങ്ങുകയും ചെയ്യണം. ആ കാര്യങ്ങളെല്ലാം പറഞ്ഞതിനുശേഷമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ തകിടംമറിക്കാൻ കേന്ദ്ര സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നുയെന്ന് പറഞ്ഞത്. 1400 കോടിരൂപ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലനിർത്താനായി സർക്കാർ നീക്കിവയ്ക്കുന്നു എന്നുപറഞ്ഞു. അതുപോലെ ധാരാളം മേഖലകളുണ്ട്. നിർമ്മാണ തൊഴിൽ മേഖല തകർന്നുകൊണ്ടിരിക്കുകയാണെന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമപദ്ധതി എന്നീ മേഖലകൾ തകർന്നുകൊണ്ടിരിക്കുകയാണെന്നും ഇവിടെ പലരും പറഞ്ഞു. അങ്ങനെ ഒട്ടേറെ ക്ഷേമപദ്ധതികളുണ്ട്. അതിനൊന്നും നിലനിൽക്കാൻ സാധിക്കില്ല. അതുകൊണ്ട് ഒരു കാര്യംകൂടി കൂട്ടിച്ചേർത്ത് പറയട്ടെ, ഈ ബജറ്റിൽ വിട്ടുപോയൊരു കാര്യമായി എനിക്കുതോന്നിയത് ഹാൻവീവ് മേഖലയെക്കുറിച്ച് കാര്യമായ പരാമർശങ്ങളൊന്നും വന്നിട്ടില്ല എന്നതാണ്. ആ കാര്യങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയുണ്ടാകണം. മഞ്ചേരി നിയോജകമണ്ഡലത്തിൽ നേരത്തെ സൂചിപ്പിച്ച വികസനപ്രവർത്തനം സംബന്ധിച്ച് ഈ ബജറ്റിൽ ഉന്നയിച്ചിട്ടുള്ള കാഴ്ചപ്പാട് പൂർണ്ണമായി നടപ്പാക്കുന്നതിൽ സർക്കാരിന്റെ പൂർണ്ണ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ജനങ്ങളുടെ ക്ഷേമവും സംസ്ഥാനത്തിന്റെ സമഗ്രവികസനവും ലക്ഷ്യമിട്ടിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും അനുകൂലിക്കുന്നു. സാമ്പത്തിക പരിമിതികൾ വികസനത്തിന് തടസ്സമാകാതെ ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങളും സേവനങ്ങളും ഉറപ്പാക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വാഗ്ധോരണികളോ ആഡംബരമോ കാവ്യപ്രഭാവമോ ഒന്നുമല്ല

ബജറ്റിൽ ഇടം പിടിക്കേണ്ടതെന്ന തിരിച്ചറിവോടെയും വ്യക്തമായ ബോധ്യത്തോടെയും കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ധവളപത്രത്തിലൂടെ കാലിയായ ഖജനാവിലെ നേർചിത്രത്തിന്റെ പരിമിതിക്കുള്ളിൽ നിൽക്കുമ്പോഴും പുതുയുഗ കേരളത്തെ സ്വപ്നം കണ്ടുകൊണ്ട് മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ബജറ്റിൽ മനുഷ്യരെ ചേർത്തുനിർത്തുന്ന കരുതൽ ഉടനീളമുണ്ട്. വികസനം എന്ന കാഴ്ചപ്പാട് കൂറ്റൻ അംബരചുംബികളായ കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കുന്നതിലൂടെയല്ല മറിച്ച് വറ്റാത്ത സ്നേഹത്തോടെ ഓരോ പൗരനെയും ചേർത്തുപിടിച്ച് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിലൂടെ ജീവിതനിലവാരം ഉയർത്തിയെടുക്കുക എന്ന കരുതലിന്റെ ആർദ്രതയാണ് ഉളവാക്കുന്നത്. സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്വന്തം വരുമാനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നയങ്ങളും നടപടികളും ജനങ്ങൾക്കുമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ നിലവിലെ സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് എന്നത് തികച്ചും അഭിനന്ദനീയമാണ്.

ഈ ബജറ്റിൽ കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ രേഖപ്പെടുത്താനുള്ള സമഗ്ര പദ്ധതിയായ മിഷൻ സമുദ്രയിലൂടെ വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി കേരളത്തെ പ്രമുഖമായ സമുദ്രാനുബന്ധ വികസന കേന്ദ്രവും ഏകീകൃത തുറമുഖ നഗരവുമാക്കി റോഡ്, സമുദ്രം, റെയിൽ, ഉൾനാടൻ ജലപാതകൾ, നിർമ്മാണ മേഖലകൾ, ഗ്രീൻഫീൽഡ് സിറ്റി എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള മാരിടൈം സമ്പദ്‌വ്യവസ്ഥയിലേക്ക് കുതിച്ചുയരുമെന്ന പ്രതീക്ഷയാണ് നൽകുന്നത്. ജലഗതാഗതം - cheapest way of transport എന്ന തിരിച്ചറിവിലൂടെ പരിസ്ഥിതി സൗഹൃദമായ ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിനും ജലപാതകളുടെ ഫലപ്രദമായ വിനിയോഗം അത്യന്താപേക്ഷിതമാണ്. ഈ മേഖലയിലെ നിക്ഷേപങ്ങളും അടിസ്ഥാനസൗകര്യ വികസനവും കൂടുതൽ ശക്തിപ്പെടുത്തി സർക്കാർ മുന്നോട്ടുപോകണമെന്ന്

അഭ്യർഥിക്കുന്നു. അതോടൊപ്പം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ അവസ്ഥയിൽ പ്രവാസി നിക്ഷേപത്തിന് സർക്കാർ തന്നെ ഭദ്രത ഉറപ്പാക്കുന്നതിലൂടെ വർധിത തോതിൽ സാമൂഹിക നിക്ഷേപങ്ങൾ ഉയരുമെന്ന പ്രതീക്ഷയും നൽകുന്നുണ്ട്. ഇതുകൂടാതെ ഈ രംഗത്തെ തൊഴിലവസരങ്ങളിൽ തീരദേശജനതയ്ക്ക് സംവരണം ഉറപ്പാക്കുന്നതോടൊപ്പം തീരദേശവാസികൾക്ക് പട്ടയം ലഭ്യമാക്കും എന്ന ഉറപ്പും പ്രശംസനീയമാണ്. ഭരണമാറ്റം തുടങ്ങിയപ്പോൾ തന്നെ മാനിഫെസ്റ്റോയിലെ ഓരോരോ പദ്ധതികൾ പ്രാവർത്തികമാക്കുന്നത്, പ്രത്യേകിച്ച് സ്ത്രീകൾക്കായുള്ള സൗജന്യയാത്ര, 25 ലക്ഷം രൂപയുടെ ഉമ്മൻ ചാണ്ടി സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമൊക്കെ അല്പം ജാള്യതയോടെയാണ് അപ്പുറത്തിരിക്കുന്നവർ കണ്ടുകൊണ്ടിരിക്കുന്നത്. സാധാരണയായി അവർ ബജറ്റിൽ പ്രഖ്യാപിക്കുന്നതൊന്നും മാനിഫെസ്റ്റോയിലല്ലാതെ നടപ്പാക്കാനായിട്ടുള്ള ശ്രമം നടത്താറില്ല എന്നുള്ളതുകൊണ്ടുതന്നെ ഓരോ പദ്ധതികളും പ്രാവർത്തികമാക്കുമ്പോൾ അവർ പങ്കെടുക്കാതെ മാറിനിൽക്കുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

സംസ്ഥാനത്തെ ലഹരി മാഫിയയ്ക്കെതിരെ രൂക്ഷമായ പോരാട്ടത്തിലാണ് കേരളം. സർക്കാർ നടപ്പാക്കുന്ന 'ഓപ്പറേഷൻ തൂഫാൻ, ദ നാർക്കോ ഹണ്ട്' എന്ന പേരിൽ ഊർജിത നടപടി പ്രഖ്യാപിച്ച ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയെ ഇന്ന് കേരളത്തിലെ ഓരോ മുക്കിലും മൂലയിലുമുള്ള അമ്മമാർ വാനോളം അഭിനന്ദിക്കുകയാണ്. വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. പി. സി. വിഷ്ണുനാഥ് പതിനഞ്ചാം നിയമസഭയിൽ അവതരിപ്പിച്ച ലഹരിക്കെതിരെയുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അന്ന് കക്ഷി-രാഷ്ട്രീയ ഭേദമന്യേ ഒറ്റക്കെട്ടായി പോരാടാൻ തീരുമാനിച്ചതാണ്. പക്ഷേ അത് എത്രത്തോളം പ്രാവർത്തികമായിയെന്നത് ഇപ്പോഴും ചോദ്യചിഹ്നമായി നിൽക്കുകയാണ്. എന്നാൽ ശക്തമായ ഇടപെടലിലൂടെ ലഹരിയുടെ വിപണനവും ഉപയോഗവും തടയുന്നതിനും യുവതലമുറയെ ഈ സാമൂഹിക വിപത്തിൽനിന്ന് സംരക്ഷിക്കുന്നതിനുമായി പൊലീസ്,

എക്സൈസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടത്തുന്ന ഈ ദൗത്യം സമൂഹത്തിന് വലിയ ആത്മവിശ്വാസം നൽകുന്നുണ്ട്. ത്രഫാൻ വാരിയേഴ്സ് ആയി കേരളം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാവരും അർപ്പണബുദ്ധിയോടുകൂടി ഇതിലേയ്ക്ക് ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുന്നതിനും തൃക്കാക്കര മണ്ഡലത്തിലെ നിയമസമാധാന പരിപാലനവും ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വൈറ്റിലയിൽ ഒരു പുതിയ പൊലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന് സർക്കാരിനോടും വകുപ്പുമന്ത്രിയോടും ഞാൻ പ്രത്യേകം അഭ്യർഥിക്കുന്നു.

ജനസാന്ദ്രതയും നഗരവൽക്കരണവും അതിവേഗം വർധിച്ചുവരുന്ന ഈ മേഖലയിൽ പുതിയ പൊലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത് കുറ്റകൃത്യങ്ങൾ തടയുന്നതിനും പൊതുജനങ്ങൾക്ക് വേഗത്തിലും ഫലപ്രദമായും പൊലീസ് സേവനങ്ങൾ ലഭ്യമാക്കുന്നതിനും സഹായകമാകും. കേരളത്തെ ലഹരി മുക്തമാക്കാൻ സംസ്ഥാന എക്സൈസ് വകുപ്പ് ആവിഷ്കരിച്ച 'മയങ്ങില്ല കേരളം' എന്ന പദ്ധതിയും കേരളത്തിൽ ത്രഫാൻ വാരിയേഴ്സിനെ സൃഷ്ടിക്കാൻ മേമ്പൊടിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് പ്രത്യേകം അഭിനന്ദനീയമാണ്. സംസ്ഥാനത്തിന്റെ ധനസ്ഥിതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്വന്തം വരുമാനം വർധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ ഒരിക്കൽകൂടി അഭിനന്ദിക്കുകയാണ്. കേരളത്തിലെ നിരവധി പൊതുമേഖലാസ്ഥാപനങ്ങൾ ഇന്നും സർക്കാർ സാമ്പത്തിക സഹായത്തെ ആശ്രയിച്ചാണ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിന്റെ വിലപ്പെട്ട പൊതുമുതലായ ഈ സ്ഥാപനങ്ങളെ ദീർഘകാലം നിലനിർത്തുന്നത് പൊതുഖജനാവിന് അധികബാധ്യത സൃഷ്ടിക്കുന്നു. അതിനാൽ ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം ശാസ്ത്രീയമായി വിലയിരുത്തി പ്രൊഫഷണൽ മാനേജ്മെന്റ്, സാങ്കേതിക നവീകരണം, ഉൽപാദനക്ഷമത വർധിപ്പിക്കൽ, വിപണന സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, ഉത്തരവാദിത്വ അധിഷ്ഠിതമായ ഭരണസംവിധാനം എന്നിവ നടപ്പിലാക്കി

ലാഭകരമായ സ്ഥാപനങ്ങളാക്കി മാറ്റുന്നതിനുള്ള സമഗ്രമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. സ്ഥിര വരുമാനം സൃഷ്ടിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളെ റവന്യൂ ജനറേറ്റിങ് സെന്ററുകളാക്കി മാറ്റുന്നതിന് വ്യക്തമായ പ്രവർത്തന പദ്ധതിയും സമയബന്ധിതമായ നടപ്പാക്കലും ഈ സർക്കാർ നടത്തുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.

ആയിരക്കണക്കിന് കുടുംബങ്ങളാണ് ഇന്ന് ഫ്ലാറ്റുകളിൽ താമസിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ കൂടുതൽപേരും ഫ്ലാറ്റുകളിൽ താമസിക്കുന്നവരാണ്. സ്വന്തമായി ഭൂമിക്ക് അർഹരല്ലെങ്കിലും ഇവർ ഫ്ലാറ്റുകളിൽ താമസിക്കുന്നത് സേഫ്റ്റിയും സെക്യൂരിറ്റിയും പ്രതീക്ഷിച്ചാണ്. ഇന്ന് ഈ കുടുംബങ്ങൾക്ക് കുടിവെള്ളം, ശുചിത്വം, മലിനജല സംസ്കരണം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോയെന്ന് ഗൗരവമായി പരിശോധിച്ച് ഉറപ്പാക്കേണ്ടതുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ 190 MLD (Million Litres per Day)-യുടെ ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് വന്നാൽ മാത്രമേ 24x7 കുടിവെള്ളം ലഭ്യമാകുവെന്ന് തിരിച്ചറിഞ്ഞിട്ടും നാളിതുവരെ അത് പ്രാവർത്തികമായിട്ടില്ല. കഴിഞ്ഞ ടേമിൽ ബൈ ഇലക്ഷനിലൂടെയാണ് ഞാൻ നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെടുന്നത്. അന്ന് എൽ.ഡി.എഫ്. മാനിഫെസ്റ്റോയിലുണ്ടായിരുന്ന എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുമെന്ന വാഗ്ദാനം പേപ്പറിൽ മാത്രം ഒതുങ്ങുകയായിരുന്നു. അത് പ്രാവർത്തികമാക്കാൻ ഒരു നടപടിയും സ്വീകരിച്ചില്ലായെന്നത് വളരെ വേദനയോടുകൂടി പറയുകയാണ്. എന്റെ മണ്ഡലത്തിലെ ജനങ്ങൾ വെള്ളത്തിനായി ദാഹിക്കുന്നു. അതിന് പരിഹാരമുണ്ടാക്കണമെന്ന് പ്രത്യേകം അഭ്യർത്ഥിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് സർക്കാർ നൽകുന്ന പ്രാധാന്യം അഭിനന്ദനാർഹമാണ്. പക്ഷേ എന്റെ നിയോജകമണ്ഡലത്തിൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഒരു സ്ഥാപനംപോലും ഇല്ലെന്നുള്ളത് വേദനയോടുകൂടി പറയുകയാണ്. ഇതെല്ലാം പരിഹരിച്ച് ഈ സർക്കാർ ഏറ്റവും ഭംഗിയായി മുന്നോട്ടുനീങ്ങുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. സമസ്തമേഖലകളെയും തൊട്ടുതലോടിക്കൊണ്ടും വയോജനങ്ങൾ

മുതൽ യുവതലമുറയെ വരെ പരിഗണിച്ചുകൊണ്ടും സാഹിത്യവും സിനിമയും ടൂറിസവും കൃഷിയും ആരോഗ്യ സംരക്ഷണവും വിദ്യാഭ്യാസവും തൊഴിലുമൊക്കെ പരിലാളിക്കപ്പെടുന്ന ഈ ബജറ്റ് സർവതലസ്പർശിയാണെന്ന് നിസ്സംശയം പറയാം. കൊട്ടിഘോഷിച്ച് പ്രഖ്യാപിക്കുന്ന പദ്ധതികൾ നിരുത്തരവാദിത്വം കൊണ്ടും അലസതകൊണ്ടും ജലരേഖകളാക്കി തീർക്കാതെ ഈ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും കൃത്യമായി നിരീക്ഷിക്കാനുമുള്ള സംവിധാനംകൂടി ഉറപ്പുവരുത്തണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഒരിക്കൽകൂടി ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സുമേഷ് അച്യുതൻ</u>: സർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളെ ഞാൻ അനുകൂലിക്കുന്നു. ലോകകപ്പ് ഫുട്ബോൾ നടക്കുന്ന ഈ കാലഘട്ടത്തിൽ, നമ്മെ ലോഡ് ഷെഡ്ഡിങ്ങിലേക്ക് തള്ളിവിട്ട കഴിഞ്ഞ സർക്കാരിന്റെ ചില നടപടികളെക്കുറിച്ച് സൂചിപ്പിക്കാതെ പോകുന്നത് ഫുട്ബോൾ പ്രേമികൾക്ക് വിഷമമുണ്ടാക്കും. 4.20 രൂപയ്ക്ക് ഒരു യൂണിറ്റ് വൈദ്യുതി ലഭിച്ചുകൊണ്ടിരുന്ന ഇരുപത്തിയഞ്ച് വർഷത്തെ ദീർഘകാലാടിസ്ഥാനത്തിലുള്ള ഒരു കരാറിനെ നിസ്സാര കാരണത്താലാണ് ഇടതുപക്ഷ സർക്കാർ റദ്ദാക്കിയത്. പത്തും പതിമൂന്നര രൂപയ്ക്കും വൈദ്യുതി വാങ്ങുന്നതാണ് ഈ പ്രതിസന്ധികളുടെ മൂലകാരണം. എൽ.ഡി.എഫ്. സർക്കാരിന്റെ പത്തുവർഷകാലത്ത് ഒരു അഴിമതി ആരോപണംപോലും ഉന്നയിച്ചിട്ടില്ലെന്ന് കഴിഞ്ഞ ദിവസങ്ങളിൽ പ്രതിപക്ഷത്തുനിന്ന് ചില അംഗങ്ങൾ പറയുന്നത് കേട്ടു. ദേശാഭിമാനി, ജനയുഗം, ജന്മഭൂമി എന്നീ പത്രങ്ങൾ മാത്രമാണ് വായിക്കുന്നതെങ്കിൽ അഴിമതികളൊന്നുംതന്നെ കാണാൻ കഴിയില്ല. അന്ന് പ്രതിപക്ഷ നേതാവായിരുന്ന ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇപ്പോഴത്തെ ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രിയും കഴിഞ്ഞ പത്ത് വർഷം നിരവധി അഴിമതികളാണ് പുറത്തുകൊണ്ടുവന്നിട്ടുള്ളത്. ഇവിടത്തെ അന്വേഷണ ഏജൻസികളെ ദുർബലപ്പെടുത്തിയതുകൊണ്ട് മാത്രം ഇവയൊന്നും നിയമത്തിന്റെ മുന്നിൽ വന്നില്ലെന്നുള്ളതാണ് വസ്തുത. എൽ.ഡി.എഫ്. സർക്കാരിൽ അംഗമായിരുന്ന ഒരു മന്ത്രി

അദ്ദേഹത്തിന്റെ വകുപ്പിൽ അഴിമതി നടന്നുവെന്ന് സമ്മതിക്കുന്ന ഒരു വാർത്ത മിഡീയ വൺ ചാനലിലൂടെ പുറത്തുവന്നിരുന്നു. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയുടെ മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിലുള്ള മേലെതുടുക്കി, ഗലസി എന്നീ ആദിവാസി ഉന്നതികളിൽ സോളാറും കാറ്റും ഉപയോഗിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഒരു പദ്ധതിയിന്മേലുള്ള അഴിമതി ആരോപണമായിരുന്നു അത്. വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശത്ത് കാറ്റും സോളാറും ഉപയോഗിച്ചുകൊണ്ട് വൈദ്യുതി ഉൽപാദിപ്പിച്ച് ആദിവാസി ഉന്നതികളിലെ ഓരോ വീടുകളിലേക്കും വൈദ്യുതി എത്തിച്ചുകൊടുക്കുന്ന നല്ലൊരു പദ്ധതിയാണിത്. ആ പദ്ധതി നടപ്പിലാക്കിയതിലെ അഴിമതി ഞാൻ ഇവിടെ സൂചിപ്പിച്ചതാണ്. അതിന് ഒരുവർഷംമുമ്പ് വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ ഉൾപ്പെടുന്ന 'വേലപ്പൻകണ്ടി' എന്ന ആദിവാസി ഉന്നതിയിൽ ഒരു വീടിന് 2,80,000 രൂപയ്ക്ക് ......(മൈക്ക് ഓഫ്)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം എന്റെ കൈയിൽ എഴുതിതന്നിട്ടുണ്ട്. അതിന്റെ കോപ്പി കൊടുത്തിട്ടുമുണ്ട്.

<u>ശ്രീ. സുമേഷ് അച്യുതൻ</u>: സർ, വേലപ്പൻകണ്ടി ഉന്നതിയിലെ ഒരു വീടിന് 2,80,000 രൂപയ്ക്ക് ചെയ്തുകൊടുത്ത വൈദ്യുതി പദ്ധതി; അതേ സ്പെസിഫിക്കേഷൻ; അതേ കമ്പനി; അതേ ടെറയിനിലുള്ള അട്ടപ്പാടിയിലെ മേലെതുടുക്കി, ഗെലസി, ഊരകം എന്നീ ഉന്നതികളിൽ ചെയ്തപ്പോൾ ഒരു വീടിന് 5,80,000 രൂപയ്ക്ക് മുകളിലായി വന്നു. ഒരു വീടിന് 3,00,000 രൂപയുടെ വർധനവാണ് പ്രത്യക്ഷത്തിൽതന്നെ ഉണ്ടായത്. അട്ടപ്പാടിയിലെ മൂന്ന് ഉന്നതികളിലായി ആകെ 60 വീടുകളിലായാണ് ഈ പദ്ധതി നടപ്പിലാക്കിയത്. അതിൽ വലിയ അഴിമതിയാണ് കാണാൻ കഴിയുന്നത്. അനെർട്ടിലൂടെ കേരളത്തിലെ ജനങ്ങൾക്ക് വലിയ ഉപകാരമുണ്ടാകുകയാണ്. സോളാറിലൂടെയും കാറ്റിലൂടെയും ഊർജപ്രതിസന്ധി മറികടക്കാൻ സഹായിക്കുന്ന ഈ സ്ഥാപനത്തെ അഴിമതിയുടെ കേന്ദ്രമാക്കി മാറ്റുകയാണ്. അട്ടപ്പാടിയിൽ നടപ്പിലാക്കിയ പദ്ധതിയിൽ വൻ അഴിമതിയും ക്രമക്കേടുകളുമാണ്

നടന്നിട്ടുള്ളത്. ഈ പദ്ധതിയുടെ വർക്ക് ഓർഡർ കൈയിൽ കിട്ടി ഒരു മാസം കഴിഞ്ഞിട്ടാണ് ബി.ഐ.എസ്. അംഗീകാരമുള്ള ഇൻവെർട്ടറിന്റെ അനുമതിക്ക് അപേക്ഷിച്ചത്. ഇതിലൂടെ ഒരു കമ്പനിക്ക് മാത്രം നൽകുന്നതിന് ആസൂത്രിതമായി ആവിഷ്കരിച്ച പദ്ധതിയാണിതെന്ന് നമുക്ക് വളരെ വ്യക്തമായി മനസ്സിലാകും. പൂർണ്ണമായും കേന്ദ്ര സഹായത്തോടെ അനെർട്ട് നടത്തിയ മറ്റൊരു പദ്ധതിയാണ് തിരുവനന്തപുരം ജില്ലയിലെ സ്മാർട്ട് സിറ്റി പദ്ധതി. കോവളം നിയോജകമണ്ഡലത്തിലെ ബഹുമാനപ്പെട്ട അംഗം രണ്ട് വർഷംമുമ്പ് ഈ പദ്ധതി സംബന്ധിച്ചുള്ള വിഷയങ്ങൾ പത്രമാധ്യമങ്ങളിലൂടെ പുറത്തുകൊണ്ടുവന്നതാണ്. പദ്ധതിക്ക് പൂർണ്ണമായും കേന്ദ്രസഹായം നൽകുന്നതുകൊണ്ട് കേന്ദ്രസർക്കാരിന്റെ നിർദേശപ്രകാരമുള്ള കോസ്റ്റ് അനുസൃതമായിട്ടാണ് പദ്ധതി പ്രവർത്തിക്കേണ്ടത്. ബെഞ്ച്മാർക്ക് കോസ്റ്റിന്റെ മൂന്ന് ഇരട്ടിയിലധികം തുകയ്ക്കാണ് ഇവിടെ പല പദ്ധതികളും നടപ്പിലാക്കിയത്. ഇതിന്റെ പിന്നിലും വലിയ അഴിമതിയുണ്ട്. മറ്റൊരു വിരോധാഭാസമെന്തെന്നാൽ, പദ്ധതിപ്രകാരം ഇൻസ്റ്റലേഷൻ നടത്താൻ അനെർട്ട് നിയോഗിച്ച താൽക്കാലിക ജീവനക്കാർ തന്നെയാണ് അതിന്റെ ഇൻസ്പെക്ഷനും നടത്തിയത്. അതായത്, പരീക്ഷ എഴുതിയ വിദ്യാർഥി തന്നെ ഇവാല്യൂവേഷൻ നടത്തുന്ന രീതിയിലാണ് അതിന്റെ ഇൻസ്റ്റലേഷനും ഇൻസ്പെക്ഷനും നടന്നത്.

സംസ്ഥാനത്ത് അനെർട്ടിന്റെ സഹായത്തോടെ നടപ്പിലാക്കിയ മറ്റൊരു കേന്ദ്രപദ്ധതിയാണ് പി.എം. കുസും (Pradhan Mantri Kisan Urja Suraksha evam Utthan Mahabhiyan). കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി കേരളത്തിലെ കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതിയാണിത്. അതിലും നിരവധി ക്രമക്കേടുകൾ നടന്നു. ബഹുമാനപ്പെട്ട ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി മുമ്പ് പ്രതിപക്ഷ അംഗമായിരുന്നപ്പോൾ നിർദിഷ്ട പദ്ധതിയിലെ ക്രമക്കേടുകളെ പത്രമാധ്യമങ്ങളിലൂടെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടെൻഡറിൽ 5,32,925 രൂപ ക്വാട്ട് ചെയ്ത കമ്പനിക്ക് ടെൻഡർ കൊടുത്തെങ്കിലും ആ കമ്പനിക്ക് 5,93,000 രൂപയ്ക്കാണ് വർക്ക് ഓർഡർ നൽകിയത്.

കമ്പനി നിർദ്ദേശിച്ച റേറ്റിനെക്കാൾ അറുപതിനായിരത്തോളം രൂപ അധികമായിട്ട് വർക്ക് ഓർഡർ നൽകിയത് ഏത് മാനദണ്ഡത്തിലാണെന്ന് അറിയില്ല. അനെർട്ട് സി.ഇ.ഒ.-യ്ക്ക് ഒരു പദ്ധതി അഞ്ചുകോടി രൂപ വരെ ടെൻഡർ വിളിക്കാനുള്ള അധികാരമാണുള്ളത്. 240 കോടി രൂപയുടെ പി.എം. കുസും പദ്ധതി അനെർട്ട് സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ ടെൻഡർ നടത്തിയിരിക്കുന്നു. അനെർട്ടിൽ ജീവനക്കാരെ നിയമിക്കുന്നതിന് മാനദണ്ഡങ്ങളുണ്ട്. ടെക്നിക്കൽ ക്വാളിഫിക്കേഷനും പി.എച്ച്.ഡി. യോഗ്യതയുമുള്ള ഉദ്യോഗസ്ഥനെയാണ് സി.ഇ.ഒ. ആയി നിയമിക്കേണ്ടത്. കഴിഞ്ഞ സർക്കാർ വനം വകുപ്പിലെ ഒരു ജീവനക്കാരനെ സി.ഇ.ഒ. ആയി നിയമിക്കുകയും അദ്ദേഹമാണ് ഈ ക്രമക്കേടുകൾക്ക് നേതൃത്വം നൽകുകയും ചെയ്തത്. മുൻ മന്ത്രി ഉൾപ്പെട്ട ഗവേണിങ് ബോഡിക്ക് ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പങ്കുണ്ടോയെന്നും അന്വേഷിക്കേണ്ടതുണ്ട്. അനെർട്ട് പോലുള്ള സ്ഥാപനങ്ങളുടെ ഇത്തരം ജനോപകാരപ്രദമായ പദ്ധതികളാണ് ഊർജ്ജ പ്രതിസന്ധിയെ മറികടക്കാൻ നമ്മെ സഹായിക്കുന്നത്. ഈ സർക്കാർ ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുകയും പൊല്യൂഷൻ കുറച്ചുകൊണ്ട് മുന്നോട്ടുപോകുകയും കൂടുതൽ ധനസഹായം അനുവദിക്കുകയും ചെയ്യണം. കൂടാതെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന അനെർട്ട് പദ്ധതികൾക്കും പ്രോത്സാഹനം നൽകുന്നതിനും ഈ മന്ത്രിസഭ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. കെ. സനോജ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഈ മഹത്തായ സഭയിലേക്ക് എന്നെ തിരഞ്ഞെടുത്ത മട്ടന്നൂരിലെ ജനങ്ങളോടുള്ള നന്ദി ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ വികസന ചരിത്രത്തിൽ വലിയ പിന്നോട്ടടിയുടെയും ആശങ്കയുടെയും ചിത്രമാണ് ഇവിടെ അവതരിപ്പിച്ച ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. തിരഞ്ഞെടുപ്പിന് മുമ്പേ പണമുണ്ടാക്കാൻവേണ്ടി വിവിധ സൂത്രവിദ്യകളെല്ലാം പ്രഖ്യാപിച്ചവരാണ് ഭരണപക്ഷത്തിരിക്കുന്നവർ. എന്നാൽ ഈ ബജറ്റ്

പ്രസംഗത്തിൽ അക്കാര്യങ്ങളൊന്നും കാണാനില്ല. സംസ്ഥാനത്ത് 25,000 കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ടെന്നും അത് ഞങ്ങൾ പിരിച്ചെടുക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. 15,000 കോടി രൂപ സ്വർണ്ണനികുതിയിൽനിന്ന് കണ്ടെടുക്കുമെന്നും ഐ.ജി.എസ്.ടി.-യുടെ ചോർച്ച അടയ്ക്കുമെന്നും നിങ്ങൾ പറഞ്ഞിരുന്നു. ഇങ്ങനെ നിരവധി പ്രഖ്യാപനങ്ങൾ നടത്തി ജനങ്ങളെ പറ്റിച്ചവർ ഇക്കാര്യങ്ങളെക്കുറിച്ചൊന്നും ഈ ബജറ്റിൽ പ്രതിപാദിക്കുന്നില്ല. വൻകിട പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്നു. ആ വൻകിട പദ്ധതികൾക്ക് നാമമാത്രമായ തുകയാണ് ചെലവഴിച്ചത്. പല പദ്ധതികളുടെയും തറക്കല്ലിടൽ ചടങ്ങിനാവശ്യമായ തുക മാത്രം പ്രഖ്യാപിച്ച് ആളുകളെ പറ്റിക്കുകയാണ്. വെറും 'ടോക്കണൈസേഷൻ' വിദ്യയായി ഈ ബജറ്റ് മാറുന്നുവെന്ന് കാണാൻ സാധിക്കും. ഇടതുപക്ഷ ഭരണകാലത്ത് കോട്ടയം മെഡിക്കൽ കോളേജിൽ ഒരു ബ്ലോക്കിനുവേണ്ടി മാത്രം 365 കോടി രൂപ ചെലവഴിച്ചു. യു.ഡി.എഫ്. സർക്കാർ രണ്ട് മെഡിക്കൽ കോളേജ് തുടങ്ങാൻ കേവലം 100 കോടി രൂപയാണ് പ്രഖ്യാപിച്ചത്. ഇതെല്ലാം ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള ജാലവിദ്യയായി മാത്രമേ കാണാൻകഴിയൂ. ഭരണപക്ഷത്തുള്ള ചിലർ പ്രത്യേകിച്ച്, മുസ്ലീം ലീഗിന്റെ നേതാക്കൻമാർ തിരഞ്ഞെടുപ്പ് സമയത്ത് നടത്തിയ പ്രസംഗത്തിൽ പറഞ്ഞത് സമുദായത്തിന് കഴിഞ്ഞ പത്തുവർഷം വലിയ നഷ്ടമുണ്ടായി എന്നാണ്. ആ നഷ്ടം നികത്തുന്നതിന് ജനങ്ങൾ ഞങ്ങളെ വിജയിപ്പിക്കണമെന്നാണ് പറഞ്ഞത്. ഇപ്പോൾ അവർ 'പി. എം. ശ്രീ.' പദ്ധതിയിൽ ഒപ്പിട്ടും മദ്യം ഒഴുക്കിയും നരേന്ദ്ര മോദിയുടെ പടം സ്ഥാപിച്ചും നഷ്ടം നികത്താൻവേണ്ടി നോക്കുകയാണ്. ഇതൊന്നും സമുദായത്തിന് ഇഷ്ടപ്പെട്ടതായിരുന്നില്ല; ഇതൊരിക്കലും സമുദായത്തിന് നഷ്ടപ്പെട്ടതായിരുന്നില്ല; സമുദായത്തിന്റെ പേരിൽ വോട്ട് കിട്ടാൻ നടത്തിയിട്ടുള്ള വിദ്യകൾ മാത്രമാണ് ഇതെല്ലാമെന്ന് ജനം തിരിച്ചറിയുന്നു. 'ലൈഫ് മിഷൻ' പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന വീടുകൾക്ക് നരേന്ദ്ര മോദിയുടെ പടം ഒട്ടിക്കണമെന്ന് പ്രഖ്യാപിക്കുകയാണ്. വയനാട്ടിൽ കുറച്ചുപേർ ഇപ്പോഴും തെരുവിലാണ് ജീവിക്കുന്നത്. വയനാട് എം.പി. ശ്രീമതി പ്രിയങ്കാ ഗാന്ധി

നൽകിയ കലണ്ടർ മാത്രമാണ് അവരുടെ കൈയിലുള്ളത്. നിങ്ങൾക്ക് എല്ലാംകൂടി 300 വീട് നിർമ്മിച്ച് നൽകുമെന്നാണ് കോൺഗ്രസ് അവർക്ക് ഉറപ്പുനൽകിയത്. ആ വീടും പ്രതീക്ഷിച്ച് കലണ്ടറും തൂക്കി നിൽക്കുന്ന പാവപ്പെട്ട ജനങ്ങളോട് എന്ത് മറുപടിയാണ് നിങ്ങൾക്ക് പറയാനുള്ളത്? ഒരുഭാഗത്ത് ഇടതുപക്ഷം പ്രഖ്യാപിച്ച് നടപ്പിലാക്കിയിട്ടുള്ള വീടുകളിൽ ശ്രീ. നരേന്ദ്ര മോദിയുടെ പടം വയ്ക്കാൻ വേണ്ടി ശ്രമിക്കുമ്പോൾ മറുഭാഗത്ത് തെരുവിലേക്ക് കലണ്ടറും നൽകി വിട്ടേക്കുന്നു. ഇതിനെല്ലാം ജനങ്ങളോട് മറുപടി പറയേണ്ടതുണ്ട്. സഭയിൽ പലതരത്തിലുള്ള വിസ്മയങ്ങളും കണ്ടുകൊണ്ടിരിക്കുകയാണ് എന്നതാണ് മറ്റൊരുകാര്യം. വലിയ വിസ്മയ പ്രഖ്യാപനം നടത്തിയ ആളുകളാണ് ഭരണപക്ഷത്തുള്ളത്. ഇവിടെ കുട്ടനാട് എം.എൽ.എ.-യെ കാണുന്നില്ല. ശ്രീ. റെജി ചെറിയാനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എപ്രകാരമാണ് പെരുമാറിയത്? സാമൂഹ്യമാധ്യമങ്ങൾ വഴി ആ വീഡിയോ വൈറൽ ആയില്ലേ; അങ്ങനെയൊക്കെ പെരുമാറാൻ പാടുണ്ടോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോലം കത്തിച്ചത് ആരാണ്? ഇടതുപക്ഷത്തിന്റെ ആളുകളല്ല. വള്ളംകളിയുടെ സംഘാടകർ മുഖ്യമന്ത്രിയുടെ കോലം കത്തിക്കുന്ന നിലയിലേക്ക് കാര്യങ്ങൾ വന്നില്ലേ; എഴുന്നേറ്റ് നിൽക്കുമ്പോൾ ഒരു നിലപാട് ഇരിക്കുമ്പോൾ മറ്റൊരു നിലപാട്, ഇത് ഇരട്ടത്താപ്പാണ്. ഈ നിലയിൽ ഇരട്ടത്താപ്പ് നടത്തുന്നവർ സഭയിലുണ്ടാകുന്നത് അപമാനകരമാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. തിരഞ്ഞെടുപ്പ് സമയത്ത് പല തരത്തിലുള്ള പ്രഖ്യാപനങ്ങളാണ് നടത്തിയത്. ജെൻസീ (Gen Z) വിഭാഗത്തെ ആകർഷിക്കാൻവേണ്ടി വാഹനങ്ങൾക്ക് മോഡിഫിക്കേഷനുള്ള അവകാശം തരുമെന്നാണ് പറഞ്ഞത്. പക്ഷെ വാഹനങ്ങൾക്കിപ്പോൾ മോഡിഫിക്കേഷൻ അല്ല, 'മോദിഫിക്കേഷൻ' എന്ന നിലയിലേക്കാണ് കാര്യങ്ങൾ കടക്കുന്നതെന്നാണ് കാണാൻവേണ്ടി കഴിയുക. കാർഷിക സർവകലാശാലയുടെ വൈസ് ചാൻസലറായി ആർ.എസ്.എസ്. നോമിനിയെയും എം.ജി. സർവകലാശാല സെനറ്റിലേക്ക് ആർ.എസ്.എസ്. നോമിനികളെയും ആണ് നാമനിർദേശം ചെയ്തിരിക്കുന്നത്. പലയിടങ്ങളിലും ആർ.എസ്.എസ്.-ന്റെ ആളുകളെ തിരുകികയറ്റുന്ന

എന്നത് കോൺഗ്രസ് നേതാക്കൻമാർതന്നെ പറഞ്ഞുകൊണ്ടിരിക്കുന്നു. ആർ.എസ്.എസ്.-മായി ബന്ധമുള്ള ഒരാളെയാണ് സംസ്ഥാന ഇലക്ഷൻ കമ്മീഷണറായി നിയോഗിച്ചിരിക്കുന്നതെന്ന് ഒരു കോൺഗ്രസ് നേതാവ് പല ഘട്ടങ്ങളിലും പറഞ്ഞിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ മോദിഫിക്കേഷൻ, മോദിക്കനുകൂലമായ സമീപനം കോൺഗ്രസ് സ്വീകരിക്കുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. മദ്യവുമായി ബന്ധപ്പെട്ട ചട്ട ഭേദഗതിയിൽ മൂന്നര വർഷം ഒരഭിപ്രായവും പറയാതിരുന്നവർ എന്തിനാണ് സത്യപ്രതിജ്ഞ ചെയ്തുകഴിഞ്ഞ് മൂന്നാം നാൾ ആ വിഷയം ഉന്നയിച്ചുകൊണ്ട് അവർക്ക് അനുകൂലമായ സമീപനം സ്വീകരിച്ചത്? ഉമ്മൻ ചാണ്ടി ബാർ പൂട്ടി എന്നാണ് അഭിമാനത്തോടെ പലസ്ഥലത്തും പറയുന്നത്. ഞങ്ങൾക്ക് ചോദിക്കാനുള്ളത്, 102 സീറ്റുള്ള നിങ്ങൾ ഉമ്മൻ ചാണ്ടി സർക്കാർ നേരത്തെ ബാറുകൾ പൂട്ടിയതുപോലെ പൂട്ടാൻ തയ്യാറുണ്ടോ? നിങ്ങൾ പറഞ്ഞതാണ് ബാറുകൾ പൂട്ടിയത് ഉമ്മൻചാണ്ടിയാണെന്ന്. 102 സീറ്റുകളുള്ള നിങ്ങൾ ആ ബാറുകളെല്ലാം പൂട്ടിയിട്ട് മാതൃക കാണിക്കാൻ തയ്യാറാകുമോ എന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്. മദ്യം ഒഴുക്കിയെന്നാണ് അവർ പറയുന്നത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 341.264 ലക്ഷം കെയ്സ് മദ്യമാണ് വിറ്റഴിച്ചതെങ്കിൽ രണ്ടാം പിണറായി ഗവൺമെന്റിന്റെ കാലത്ത് 322.182 ലക്ഷം കെയ്സ് മാത്രമാണ് ചെലവായത്. ഇതെല്ലാം യു.ഡി.എഫ്. നടത്തുന്ന വ്യാജപ്രചരണമാണെന്ന് കാണാൻവേണ്ടി കഴിയും. മറ്റൊരു കാര്യം ചില മാധ്യമങ്ങൾ ഇവിടെ പല തരത്തിലുള്ള രക്ഷാപ്രവർത്തനങ്ങളുമായി രംഗത്ത് വരികയാണ്. അഴിമതി കൈയോടെ പിടിക്കപ്പെട്ടപ്പോൾ വീര്യം കുറഞ്ഞ മദ്യത്തിന്റെ കാര്യത്തിൽ അഴിമതി നടക്കുന്നുവെന്ന് ഇടതുപക്ഷവും പ്രതിപക്ഷവുമെല്ലാം ചൂണ്ടിക്കാട്ടിയ സമയത്ത് അവരെ രക്ഷിച്ചെടുക്കാൻ വേണ്ടി പലതരത്തിലുള്ള കാര്യങ്ങളുമായി അവർ മുന്നോട്ടുവരുന്നു. യഥാർഥത്തിൽ വീര്യം കൂടിയ ആൽക്കഹോൾ അടങ്ങിയ മദ്യം വിൽക്കുന്ന കേരളത്തിൽ വീര്യം കുറഞ്ഞ മദ്യം വിൽക്കാൻ ചട്ടം കൊണ്ടുവന്നതാണോ അഴിമതി; അതോ നികുതി പകുതിയിലും താഴെയായി കുറച്ചുകൊണ്ട് ബക്കാഡി കമ്പനിക്ക്

കൊള്ളലാഭം കൊയ്യാനാവശ്യമായ സൗകര്യം ചെയ്തുകൊടുത്തതാണോ അഴിമതി എന്നതാണ് ഇവിടെ വ്യക്തമാക്കേണ്ടത്. മദ്യനയത്തിൽ എൽ.ഡി.എഫ്. സർക്കാർ ചട്ടം ഭേദഗതി വരുത്തിയത് 2022-23-ൽ ആണ്. അന്നത്തെ മന്ത്രിസഭ സുതാര്യമായി മുന്നണിയിൽ ചർച്ചചെയ്ത് തീരുമാനിച്ച കാര്യമാണത്. ഇതിന്മേൽ നികുതി കുറയ്ക്കുന്ന കാര്യത്തിൽ അന്ന് തീരുമാനം എടുത്തിരുന്നില്ല. പക്ഷെ നികുതി കുറച്ചുകൊണ്ട് ബക്കാഡി കമ്പനിക്ക് അനുകൂലമായി സമീപനം സ്വീകരിച്ചതല്ലേ അഴിമതി എന്നതാണ് ഇവിടെ വ്യക്തമാക്കേണ്ടത്. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ വീര്യം കുറഞ്ഞ മദ്യത്തിന്റെ നിർവചനം വ്യക്തമാക്കാൻ അന്നത്തെ എക്സൈസ് വകുപ്പുമന്ത്രി വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകുകയാണുണ്ടായത്. ഇത് ഭരണപരവും നിയമാനുസൃതവുമായിട്ടുള്ള നടപടിയായിരുന്നു. ഇപ്രകാരമല്ലാതെ മറ്റെന്താണ് ഒരു ഗവൺമെന്റിന് ചെയ്യാൻ കഴിയുക? ഇതിനെ തെറ്റായി വ്യാഖ്യാനിച്ച് രക്ഷാപ്രവർത്തന ദൗത്യം ഏറ്റെടുത്തിരിക്കുന്ന അപമാനകരമായ കാഴ്ചയാണ് ചില മാധ്യമങ്ങളിൽ കൂടി കാണാൻ കഴിയുന്നത്. വീര്യം കുറഞ്ഞ മദ്യം ചട്ടത്തിലുൾപ്പെടുത്തി 06-01-2023-ന് ഉത്തരവിറക്കി. 2023 ജനുവരി പതിനൊന്നിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ച സമയത്ത് യാതൊരു പ്രതിഷേധവും അന്നത്തെ പ്രതിപക്ഷം ഉന്നയിച്ചിട്ടില്ല. അന്ന് ഉന്നയിക്കാത്ത പ്രതിഷേധം മൂന്നര വർഷം മിണ്ടാതിരുന്നിട്ട് ഇപ്പോൾ ഉന്നയിക്കുന്നത് എന്തിനാണെന്ന കാര്യംകൂടി അറിയാൻ താൽപര്യമുണ്ട്.

<u>മി. ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗത്തിന്റെ സമയം കഴിഞ്ഞു. സമയ കൃത്യത പാലിക്കണം.

<u>ശ്രീ. വി. കെ. സനോജ്</u>: സർ, ഇവിടെ കമ്മ്യൂണിസ്റ്റുകാരുടെ സാർവദേശീയ വീക്ഷണത്തെ അപമാനിക്കാനും അതിനെ പരിഹസിക്കാനും ചിലയാളുകൾ മുന്നോട്ടുവരുന്നു. കമ്മ്യൂണിസ്റ്റുകാർ അവരുടെ സാർവദേശീയ വീക്ഷണമനുസരിച്ച് കാര്യങ്ങളെല്ലാം ആ നിലയിൽ അവലോകനം ചെയ്യും. നിങ്ങൾ എത്ര പരിഹസിച്ചാലും ആ സാർവദേശീയ

കാഴ്ചപ്പാട് ഞങ്ങൾ വിടില്ല. ഹോർമുസ് കടലിടുക്ക് ജലപാത ഇറാൻ അടച്ചപ്പോൾ കേരളത്തിലെ ചായക്കടകളിൽ വില വർധനവുണ്ടായി. അക്കാര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ 'ഉഗാണ്ടയിൽ മഴപെയ്യുമ്പോൾ ഇവിടെ കുട പിടിക്കുന്നു' എന്ന് ഭരണപക്ഷം ആക്ഷേപിക്കുന്നത് ശരിയല്ല. ഇടയ്ക്കിടയ്ക്ക് നിങ്ങൾ നെഹ്റുവിയൻ സോഷ്യലിസ്റ്റാണെന്ന് പറയുന്നു. പക്ഷെ നെഹ്റുവിയൻ സോഷ്യലിസ്റ്റാണെന്ന് പറഞ്ഞയാളുകൾ തന്നെ ഇത്തരം വാദങ്ങളുമായി വരുന്നത് അങ്ങേയറ്റം അപമാനകരമാണെന്ന് കൂടി ചൂണ്ടിക്കാണിക്കുകയാണ്.

മി. ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം പ്രസംഗം കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. കെ. സനോജ്: സർ, ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഞങ്ങളുടെ സാർവദേശീയ വീക്ഷണത്തെയെല്ലാം ഈ വിധത്തിൽ അപമാനിക്കുന്ന ഇത്തരം കാര്യങ്ങൾ ഈ നിലയിൽ അവതരിപ്പിക്കുന്നത് പ്രത്യേകിച്ച് ഒരു മുഖ്യമന്ത്രി ഈ നിലയിൽ അപമാനിക്കുന്നതും അധിക്ഷേപിക്കുന്നതും ശരിയല്ലെന്നാണ് അതുസംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ധനാഭ്യർഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് വളരെ ശക്തമായ നിലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കിയ സന്ദർഭത്തിൽ ആ പദ്ധതികളുടെയെല്ലാം തുക വെട്ടിക്കുറച്ചുകൊണ്ട് ഒരു പകപോക്കൽ സമീപനമാണ് ഈ ബജറ്റിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളത് എന്ന കാര്യംകൂടി ചൂണ്ടിക്കാണിച്ച് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ഫിറോസ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. ഒ. ഹെൻറിയുടെ 'The Last Leaf' എന്നൊരു ചെറുകഥയിൽ ന്യൂമോണിയ ബാധിച്ച് അത്യാസന്ന നിലയിൽ കഴിയുന്ന ഒരു കുട്ടിയെക്കുറിച്ചാണ് പറയുന്നത്. ആ കുട്ടി തന്റെ തെരുവിന്റെ സമീപത്തുള്ള വീട്ടിൽ നിന്ന് പുറത്തേക്ക് നോക്കുമ്പോൾ ഇലപൊഴിയുന്ന ഒരു മരം കാണും. ആ മരത്തിന്റെ ചില്ലകളിൽനിന്ന് ഇല പൊഴിയുമ്പോൾ ഞാൻ

അതിനനുസരിച്ച് മരിച്ച് പോകുമെന്നാണ് ആ കുട്ടി വിചാരിച്ചിരുന്നത്. ഓരോ ദിവസവും ഇല പൊഴിയുമ്പോഴും ആ കുട്ടി മരണത്തോട് അടുത്തുകൊണ്ടിരുന്നു. അവസാനം ഒരു ഇല മാത്രം ബാക്കിയായി. പിറ്റേന്ന് നേരം പുലരുമ്പോൾ ആ ഇല കൊഴിയുമെന്നും ഞാൻ മരിച്ചുപോകുമെന്നും ആ കുട്ടി ഉറച്ചുവിശ്വസിച്ചു. നേരം പുലർന്നപ്പോൾ ആ ഇല കൊഴിഞ്ഞില്ല. തൊട്ടടുത്ത ദിവസവും ഇല കൊഴിഞ്ഞില്ല. പിന്നെ ഓരോ ദിവസം കഴിയുന്തോറും ഈ കുട്ടിക്ക് പ്രതീക്ഷയായി. അവൾ ജീവിതത്തിലേക്ക് മടങ്ങിവന്നു. രോഗംമാറി പൂർണ്ണ ആരോഗ്യവതിയായി. നാട്ടുകാർ അന്വേഷിച്ചു. എങ്ങനെയാണ് ഈ ഇല കൊഴിയാതിരുന്നത്? അപ്പോഴാണ് അവർക്ക് മനസ്സിലായത് ആ നാട്ടിലെ ഏറ്റവും പ്രശസ്തനായ ഒരു കലാകാരൻ തന്റെ മാസ്റ്റർപീസായ ഒരു ചിത്രം ഒരു ഇലയുടെ രൂപത്തിൽ അവിടെ വരച്ചുവയ്ക്കുകയായിരുവെന്ന്. ഒ. ഹെൻറിയുടെ 'The Last Leaf' എന്ന ചെറുകഥയിലെ ആ ഇലപോലെ കഴിഞ്ഞ പത്ത് കൊല്ലമായി കേരളത്തിൽ മരിച്ചുകൊണ്ടിരിക്കുന്ന സമ്പദ്ഘടനയെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്ന മാസ്റ്റർ പീസ് ബജറ്റാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശൻ നിയമസഭയിൽ അവതരിപ്പിച്ചതെന്ന് ഞാൻ ഈ അവസരത്തിൽ പറയാനാഗ്രഹിക്കുകയാണ്. ഇത് കൈയടി നേടാനുള്ളൊരു ബജറ്റല്ല. ഇതൊരു കരുതൽ ബജറ്റാണ് എന്ന് നമുക്ക് പറയാൻ സാധിക്കും. എല്ലാ വിഭാഗങ്ങളെയും ചേർത്തുപിടിച്ച ഒരു ബജറ്റാണിത്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച പ്രിയപ്പെട്ട മട്ടന്നൂർ നിയമസഭാംഗം ശ്രീ. വി. കെ. സനോജ് സമുദായത്തെക്കുറിച്ച് സൂചിപ്പിച്ചു. ഏതെങ്കിലുമൊരു സമുദായത്തെ മാത്രമല്ല, എല്ലാ സമുദായങ്ങളെയും ചേർത്തുപിടിച്ചൊരു സർക്കാരാണിത്. പട്ടികവർഗ വിഭാഗത്തിന് 859.48 കോടി രൂപയും പട്ടികജാതി വിഭാഗത്തിന് 3979.32 കോടി രൂപയുമാണ് ഈ സർക്കാർ നീക്കിവച്ചത്. പത്തുകൊല്ലമായി നാട് ഭരിച്ചിരുന്ന കഴിഞ്ഞ സർക്കാർ ന്യൂനപക്ഷങ്ങളെ കൈയൊഴിഞ്ഞപ്പോൾ, കൈ നിറയെ പദ്ധതികളാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാർ ന്യൂനപക്ഷങ്ങൾക്കായി പ്രഖ്യാപിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള എല്ലാ

സ്കോളർഷിപ്പുകളും വെട്ടി മാറ്റിയപ്പോൾ അവർക്കുമാത്രമായി റിസർച്ച് ഫെലോഷിപ്പും ഓവർസീസ് സ്കോളർഷിപ്പും ഈ സർക്കാർ പ്രഖ്യാപിച്ചു. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. പക്ഷെ ഈ സർക്കാർ ജനങ്ങളുടെ തലയിൽ പുതുതായി ഒരു ടാക്സും ചുമത്തിയില്ല. 'ടാക്സ് ഇംപോസിഷനല്ല', മറിച്ച് 'ടാക്സ് അഡ്മിനിസ്ട്രേഷൻ'-ആണ് ഈ സർക്കാരിന്റെ നയം എന്ന് ധനകാര്യ വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചു. കഴിഞ്ഞ പത്തുകൊല്ലമായി കേരളത്തിന് കേട്ടു പരിചയമില്ലാത്ത പദങ്ങളാണിവ.

വ്യവസായ മേഖലയ്ക്ക് കൈ നിറയെ പണമാണ് ഈ സർക്കാർ അനുവദിച്ചത്. എന്നാൽ അതുസംബന്ധിച്ച് പ്രതിപക്ഷത്തിന്റെ ആരോപണമെന്താണ്? വ്യവസായ മേഖലയിൽ പൊതുമേഖലകളെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്നാണ്. 'സ്വകാര്യം' എന്നൊരു വാക്കുപോലും ബജറ്റിലില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ പ്രതിപക്ഷത്തിന് മറുപടിയുണ്ടായില്ല. ആരാണ് ഇതുപറയുന്നതെന്നാണ് ഞാൻ ചോദിക്കുന്നത്; പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും വിറ്റു തുലച്ചവരല്ലേ ഇന്ന് പ്രതിപക്ഷത്തിരിക്കുന്നവർ? പൊതുമേഖലാ സ്ഥാപനങ്ങൾ നിങ്ങൾ അടച്ചുപൂട്ടിയില്ലേ; അടച്ചുപൂട്ടുക മാത്രമല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലെ മെഷീനുകൾ പൊളിച്ചു വിൽക്കുകയും ചെയ്തു. മലപ്പുറം ജില്ലയിലെ സ്പിന്നിങ് മില്ലിലെ മെഷീനുകളടക്കം നിങ്ങൾ പൊളിച്ചുവിറ്റതായാണ് നമുക്ക് കാണാൻ സാധിച്ചത്. എന്നാൽ കേരളം ഭരിക്കുന്ന ഈ സർക്കാർ വ്യവസായ മേഖലയ്ക്ക് 1115.48 കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്. മാത്രമല്ല, കേരളത്തെ 'വ്യവസായ സൗഹൃദ സംസ്ഥാനം'-ആക്കി മാറ്റുമെന്ന് പ്രിയങ്കരനായ വ്യവസായ വകുപ്പുമന്ത്രിയും അതിനായി ഒരു ഇൻവെസ്റ്റ്മെന്റ് കൗൺസിൽ രൂപീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞിരിക്കുകയാണ്. നമുക്ക് ഉറപ്പിച്ച് പറയാൻ സാധിക്കും, കേരളത്തിൽ ഇനി ആന്തൂരിലെ ഒരു 'സാജൻമാർക്കും' ആത്മഹത്യ ചെയ്യേണ്ടിവരില്ല; അവർക്ക് അനുകൂലമായൊരു സർക്കാരാണ് ഇന്ന് കേരളം ഭരിച്ചുകൊണ്ടിരിക്കുന്നത്.

*29-06-2026*
*Financial Business*

സ്ത്രീ സുരക്ഷ പെൻഷനെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ച, അവർക്ക് സഞ്ചരിക്കാൻ പ്രചോദനമായ 'പ്രിയദർശിനി' പദ്ധതിയല്ലേ യഥാർഥത്തിൽ 'സ്ത്രീ സുരക്ഷാ പദ്ധതി'? എന്റെ നാട്ടിലെ നാല് സ്ത്രീകൾ എന്നോട് പറഞ്ഞു, കോഴിക്കോട് ജില്ലയിലെ കുന്ദമംഗലത്തുനിന്നും അവർ ഗവിയിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ പോയി ഗവി കണ്ട് തിരിച്ചുവന്നു. അവർ യാത്ര ചെയ്യട്ടെ; അതല്ലേ സ്ത്രീ സുരക്ഷാപദ്ധതി. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സേവിങ്സിൽ വലിയ മാറ്റമുണ്ടാക്കുന്നു. അവർക്ക് സേവിങ്സ് കൂട്ടാൻ, കേരളത്തിലെ സമ്പദ്ഘടനയ്ക്ക് സഹായകരമാകാൻ ടി പദ്ധതി വലിയ രീതിയിൽ പ്രയോജനപ്പെടും. പ്രിയപ്പെട്ട സുമോദ്,.. എന്തിനാണ് ഈ പദ്ധതികളെ എതിർക്കുന്നത്?

ഒരുകുട്ടി സ്കൂൾ വിട്ട് മുത്തച്ഛന്റെയടുത്ത് വന്നു. മുത്തച്ഛനോട് പറഞ്ഞു; സ്കൂളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റിനെ കുറിച്ച് അഭിപ്രായം പറയാൻ പറഞ്ഞിട്ടുണ്ട്. എനിക്കൊന്നും ഇതേക്കുറിച്ച് അറിയില്ല. എന്താണ് മുത്തച്ഛന് ഇതേക്കുറിച്ചുള്ള അഭിപ്രായം? മുത്തച്ഛൻ പറഞ്ഞു: ഞാൻ കൂടുതലൊന്നും അതിനെക്കുറിച്ച് പഠിച്ചിട്ടില്ല, പക്ഷെ നമുക്ക് ഭാവിയിൽ എന്തോ ഉപകാരമുണ്ടാക്കുന്ന പദ്ധതികൾ അവതരിപ്പിച്ചൊരു ബജറ്റാണിതെന്ന് എനിക്കറിയാം. കുട്ടി മുത്തച്ഛനോട് വീണ്ടും ചോദിച്ചു, ബജറ്റിനെക്കുറിച്ച് പഠിച്ചിട്ടില്ല, എന്നാൽ ഭാവിയിൽ ഉപകാരമുണ്ടാകുമെന്ന് എങ്ങനെയാണ് മുത്തച്ഛന് പറയാൻ സാധിക്കുന്നത്; മുത്തച്ഛൻ പറഞ്ഞു, ഭാവിയിൽ ഉപകാരമുണ്ടാകുന്ന പദ്ധതികളെയാണ് ഇടതുപക്ഷം എതിർക്കാറുള്ളത്. അതുകൊണ്ട് ഈ പദ്ധതികളും ഭാവിയിൽ ഉപകാരമുള്ള പദ്ധതികളായിരിക്കും. ആ മുത്തച്ഛൻ പറഞ്ഞത് ഇന്ന് നാട്ടിലെ ജനങ്ങൾ മുഴുവനും പറയുന്നതാണ് നാം കാണുന്നത്. ഞാൻ അവസാനിപ്പിക്കാം. ഈ സർക്കാരിന്റെ പദ്ധതിയിൽ ഏറ്റവും ജനകീയവും പ്രശംസ പിടിച്ചുപറ്റിയതുമായ പദ്ധതി ഏതെന്നു ചോദിച്ചാൽ നമുക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടാകും. എന്റെ പക്ഷം, ലഹരി മാഫിയയുടെ വേരറുത്ത 'ഓപ്പറേഷൻ തൂഫാൻ'-ആണ്. പഴയ പോലീസാണ്; മാറ്റമില്ല.

ആന്റി നാർക്കോട്ടിക് സെൽ പഴയതാണ്; മാറ്റമില്ല. എന്നാൽ പഴയ ആഭ്യന്തര മന്ത്രിയല്ല, ഇന്ന് കേരളത്തിന്റെ ആഭ്യന്തര വകുപ്പുമന്ത്രി. പഴയ മുഖ്യമന്ത്രി അല്ല; ഇന്ന് കേരളത്തിലെ മുഖ്യമന്ത്രി. ഒരു കഥകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

മാഡം, ഡെപ്യൂട്ടി സ്പീക്കർ: ചെറിയ കഥയാണോ......?

ശ്രീ. പി. കെ. ഫിറോസ്: സർ, കുഞ്ഞിക്കഥകളുടെ കാലമാണ്. വലിയ പ്രശംസ പിടിച്ചുപറ്റിയ വലിയ ചർച്ചയായ തമിഴ്നാട്ടിലെ കുഞ്ഞിക്കഥകൾ പോലെ ഒരു കുഞ്ഞിക്കഥയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഒരു നാട്ടിൽ ഒരു ഭരണാധികാരിയുണ്ടായിരുന്നു. ആ ഭരണാധികാരി കടൽ കാണാൻ പോയി. കടൽ കണ്ടപ്പോൾ അദ്ദേഹം തിരമാല കണ്ടു. തിരമാല കണ്ടപ്പോൾ അദ്ദേഹം മൈക്ക് കെട്ടി ആളുകളോട് പറഞ്ഞു; തിരമാല ബക്കറ്റിലാക്കി വീട്ടിൽ കൊണ്ടുപോയിവച്ചാൽ തിരമാല ബക്കറ്റിൽ ഉണ്ടാവില്ല. വേറൊരു ഭരണാധികാരി ആ നാട്ടിൽ വന്നു. ആ ഭരണാധികാരിയും കടൽ കാണാൻ പോയി. ആ ഭരണാധികാരി കടൽ കണ്ടപ്പോൾ ഈ കടൽ എങ്ങനെയാണ് എന്റെ നാട്ടിലെ ജനങ്ങൾക്ക് ഉപകാരപ്പെടുത്താൻ സാധിക്കുകയെന്ന് ചിന്തിച്ചു. തുറമുഖങ്ങൾ എങ്ങനെ എന്റെ നാട്ടിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നും ചിന്തിച്ചു. അദ്ദേഹം പഠിച്ചു, എന്നിട്ടൊരു പദ്ധതിയുണ്ടാക്കി. ആ പദ്ധതിക്ക് 'മിഷൻ സമുദ്ര' എന്നുപേരിട്ടു. അങ്ങനെ ജനകീയമായ പദ്ധതികൾ നടപ്പിലാക്കുന്ന ഈ ധനാഭ്യർത്ഥന ചർച്ചയെ ഞാൻ പൂർണ്ണമായി അഭിമാനത്തോടെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സന്ദീപ് വാര്യർ: ബഹുമാനപ്പെട്ട മാഡം ഡെപ്യൂട്ടി സ്പീക്കർ, 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണക്കുകയാണ്. ഈ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തെ നികുതി വരുമാനം വർധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ പ്രത്യേകിച്ച്, നികുതി ഘടനയിൽ വർധനവ് വരുത്താതെ നികുതി പിരിവ് കാര്യക്ഷമമാക്കാൻ സ്വീകരിച്ചിട്ടുള്ള തീരുമാനത്തെയും ഞാൻ അഭിനന്ദിക്കുകയാണ്. നികുതി ചോർച്ച തടയാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന

നിലപാടുകളെ പൂർണ്ണമായും പിന്തുണക്കുന്നു. ഒരു സംസ്ഥാനത്തിന്റെ ക്രമസമാധാന നില വളരെ പ്രധാനപ്പെട്ടതാണ്. അത് സംരക്ഷിക്കാൻ ആഭ്യന്തര വകുപ്പിന് ഈ ബജറ്റിൽ നൽകിയിട്ടുള്ള പ്രാധാന്യം തീർച്ചയായും അഭിനന്ദനമർഹിക്കുന്നതാണ്. സംസ്ഥാനത്തിലെ ആഭ്യന്തര വകുപ്പിനെക്കുറിച്ച് പറയുമ്പോൾ, ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള 'ഓപ്പറേഷൻ ഋഫാൻ' മുഖേന നമ്മുടെ നാട്ടിലെ മയക്കുമരുന്ന് വ്യാപനം തടയാൻ വലിയ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ നടക്കുന്ന 'ഓപ്പറേഷൻ ഋഫാൻ' പദ്ധതി പ്രകാരം നിരവധി മയക്കുമരുന്ന് ലഹരി വേട്ടകൾ സംസ്ഥാനത്തെമ്പാടും നടക്കുന്നുണ്ട്. പൊതുജനങ്ങൾ വലിയ തോതിൽ ഓപ്പറേഷൻ ഋഫാനെ സ്വാഗതം ചെയ്യുന്നുണ്ട്. മയക്കുമരുന്ന് ശൃംഖലയുടെ തലപ്പത്തിരിക്കുന്നവരിൽ മിക്കവരും തൊട്ടടുത്ത അയൽ സംസ്ഥാനങ്ങളിലിരുന്നുകൊണ്ടാണ് മയക്കുമരുന്ന് ശൃംഖലയെ നിയന്ത്രിക്കുന്നത്. അതുകൊണ്ട് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ മുഴുവൻ ആഭ്യന്തര മന്ത്രിമാരെയും സംയോജിപ്പിച്ചുകൊണ്ട് 'ഓപ്പറേഷൻ ഋഫാൻ' ദക്ഷിണേന്ത്യ മുഴുവൻ വ്യാപിപ്പിക്കാനുള്ള പരിശ്രമവും ഒരു ജോയിന്റ് ടാസ്ക് ഫോഴ്സും രൂപീകരിക്കാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നേതൃത്വം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ മാത്രമല്ല, ഒഡീഷയെക്കൂടി ഇതിൽ ഉൾപ്പെടുത്തണം. കാരണം ഒഡീഷയുടെയും തെലുങ്കാനയുടെയും അതിർത്തികളിൽനിന്നാണ് വലിയതോതിൽ മയക്കുമരുന്ന് ഇവിടേയ്ക്ക് എത്തുന്നത്. അതുകൊണ്ട് മയക്കുമരുന്നിന്റെ വ്യാപനം തടയാൻ കേരളത്തിന് പുറത്തുള്ള മഹാ നഗരങ്ങളായിട്ടുള്ള ബെംഗളൂരുവും ചെന്നൈയും മാത്രമല്ല ഒഡീഷയുടെയും ആന്ധ്രയുടെയും തെലുങ്കാനയുടെയും ഗ്രാമ പ്രദേശങ്ങളിലും നമ്മുടെ ഈ പ്രവർത്തനം എത്തേണ്ടതുണ്ട്. അതിനായി ഒരു ജോയിന്റ് ടാസ്ക് ഫോഴ്സ് ഈ സംസ്ഥാനങ്ങളിലെ ആഭ്യന്തര മന്ത്രിമാരുമായി ചർച്ച ചെയ്ത് രൂപീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഇക്കഴിഞ്ഞ ദിവസം കാഞ്ഞങ്ങാട് പോലീസ് പരിശോധനയ്ക്കിടെ അവിചാരിതമായുണ്ടായ വാഹനാപകടത്തിൽ രണ്ട് പോലീസുകാർക്ക് ഗുരുതരമായി പരിക്കേൽക്കുകയുണ്ടായി. പീലിക്കോട് സ്വദേശി ശ്രീ. കെ. എം. സൂരജ്, കുന്നൈകെ സ്വദേശി ശ്രീ. അലോഷ്യസ് മാത്യു എന്നിവരുടെ കാലുകൾ അപകടംമൂലം ആംപ്യൂട്ട് ചെയ്ത അവസ്ഥയാണ്. ഈ രണ്ടുപേരും വളരെ ഊർജ്ജസ്വലരും ചെറുപ്പക്കാരുമായ പോലീസുകാരാണ്. അവരുടെ ചികിത്സാ ചെലവുകൾ പൂർണ്ണമായും സംസ്ഥാന സർക്കാർ നിർവഹിക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർഥിക്കുകയാണ്. അതോടൊപ്പം ഇവർക്ക് പ്രഖ്യാപിച്ചിട്ടുള്ള സഹായധനം പര്യാപ്തമല്ലാത്തതിനാൽ അത് വർധിപ്പിച്ച് 25 ലക്ഷം രൂപയെങ്കിലും നൽകണമെന്നുകൂടി അഭ്യർഥിക്കുകയാണ്. വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ പോലീസ് ജീപ്പിടിച്ചാണ് തെങ്ങുകയറ്റത്തൊഴിലാളിയായ രാജുവിന് മരണം സംഭവിച്ചത്. ആ മരണത്തിന് ഉത്തരവാദികളായ ആളുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും അതിന്റെ അന്വേഷണം കാര്യക്ഷമമായി നടത്തണമെന്നും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർഥിക്കുകയാണ്. അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട രാജുവിന്റെ കുടുംബത്തിന് 25 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകണമെന്നുകൂടി അഭ്യർഥിക്കുവാൻ ആഗ്രഹിക്കുകയാണ്. ധനാഭ്യർഥന സംബന്ധിച്ച് മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ട് പറയുമ്പോൾ സാംസ്കാരിക വകുപ്പിന് നമ്മുടെ സർക്കാർ നൽകുന്ന പ്രാധാന്യം തീർച്ചയായും അഭിനന്ദനാർഹമാണ്. സാംസ്കാരിക വകുപ്പിലെ നിരവധി പദ്ധതികൾ ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടുകഴിഞ്ഞു. അന്തരിച്ച നിരവധി കലാകാരന്മാരുടെ പേരിൽ പ്രത്യേകിച്ച്, വിഖ്യാത നടൻ സലിം കുമാറിന് സ്മാരകം നിർമ്മിക്കുന്നു. അതോടൊപ്പം തൃശ്ശൂരിൽ മറ്റൊരു സാംസ്കാരിക സ്മാരകം വരുന്നുണ്ട്. തീർച്ചയായും, അതെല്ലാം അഭിനന്ദനാർഹമാണ്. സാംസ്കാരിക ദേശീയതയുടെ വക്താക്കളായിട്ടുള്ള ആളുകൾ ഈ സഭയിലുമുണ്ട്. സാംസ്കാരിക ദേശീയതയുടെ

വക്താക്കളായിട്ടുള്ള ബി.ജെ.പി.-ക്കാർ ഇപ്പോൾ രാജ്യത്ത് ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്? ഭഗവാൻ ശ്രീരാമന്റെ പേരുപറഞ്ഞുകൊണ്ട് നിർമ്മിച്ച ശ്രീരാമക്ഷേത്രത്തിൽ ഭക്തർ നിക്ഷേപിച്ച നാണയത്തുട്ടുകൾ വരെ അടിച്ചുമാറ്റുന്ന നിലയിലേക്ക് ഈ രാജ്യത്ത് ബി.ജെ.പി. പോയിരിക്കുന്നുവെന്നുള്ളതാണ് നമ്മൾ കാണുന്നത്. അയോധ്യയിലെ ക്ഷേത്രത്തിലേക്ക് സംഭാവന ചെയ്ത കോടാനുകോടി രൂപ ഇപ്പോൾ കാണാനില്ല. അതെല്ലാം ബി.ജെ.പി.-യുടെയും വിശ്വഹിന്ദുപരിഷത്തിന്റെയും നേതാക്കന്മാർ അവിടുന്ന് മോഷ്ടിച്ചെടുത്തുവെന്ന വാർത്തയാണ് പുറത്തുവരുന്നത്. വിശ്വാസം എന്നത് ബി.ജെ.പി.-യ്ക്ക് കേവലമായിട്ടുള്ള പൊളിറ്റിക്കൽ ടൂൾ മാത്രമാണെന്ന് ഞാൻ മുമ്പും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ശബരിമലയിൽ സ്വർണ്ണക്കൊള്ള നടത്തിയ ഇടതുപക്ഷവും അയോധ്യയിലെ ശ്രീരാമക്ഷേത്രത്തിൽനിന്ന് പണം മോഷ്ടിച്ച ബി.ജെ.പി.-യും തമ്മിൽ എന്ത് മാറ്റമാണുള്ളതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പി. പത്മരാജൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത 'സീസൺ' എന്ന സിനിമയിൽ ഒടുവിൽ ഉണ്ണികൃഷ്ണന്റെ കഥാപാത്രം ഒരു മോഷ്ടാവാണ്. ജയിലിനകത്തുവച്ച് ശ്രീ. മോഹൻലാലിന്റെ കഥാപാത്രം മോഷ്ടാവായിട്ടുള്ള ഒടുവിൽ ഉണ്ണികൃഷ്ണന്റെ കഥാപാത്രമായ തിരുമേനിയോട് എന്ത് കുറ്റത്തിനാണ് ജയിലിൽ വന്നതെന്ന് ചോദിക്കുമ്പോൾ വിഗ്രഹ മോഷണത്തിനാണെന്ന് അദ്ദേഹം മറുപടി പറയുന്ന ഒരു രംഗമുണ്ട്. പക്ഷെ, ഈ മോഷ്ടാവായിട്ടുള്ള ഒടുവിൽ ഉണ്ണികൃഷ്ണന്റെ തിരുമേനി എന്ന കഥാപാത്രം മയക്കുമരുന്ന് കച്ചവടക്കാരെ നിശിതമായി വിമർശിക്കുമ്പോൾ മോഹൻലാലിന്റെ കഥാപാത്രം ചോദിക്കുന്നുണ്ട് മയക്കുമരുന്ന് കച്ചവടം പോലെതന്നെ മോശമല്ലേ വിഗ്രഹ മോഷണവും; അതിന് തിരുമേനി പറയുന്ന മറുപടി ഭഗവാന്റെ വിഗ്രഹമല്ലേ; അത് മോഷ്ടിച്ചുവെന്ന് പറയാൻ പാടുണ്ടോയെന്നാണ്. വിഗ്രഹമോഷണം ഒരു കുറ്റമാണോയെന്ന് ആ കഥാപാത്രം ചോദിക്കുന്നതുപോലെയാണ്, ഭഗവാന്റെ പണം ഞങ്ങൾ മോഷ്ടിച്ചാൽ അതൊരു തെറ്റാണോയെന്ന് അയോധ്യയുടെ കാര്യത്തിൽ ബി.ജെ.പി.-ക്കാർ ചോദിക്കുന്നത്. ഇതിന്

മറുപടി പറയാൻ ദേശീയ പാർട്ടിയുടെ മൂന്ന് അംഗങ്ങളും ഇവിടെയില്ലായെന്നുള്ളത് ദൗർഭാഗ്യകരമായ കാര്യമാണ്. വാസ്തവത്തിൽ, അവരെ തിരഞ്ഞെടുത്തയച്ച ജനങ്ങളോട് അവർ ചെയ്യുന്ന അനീതിയാണ്. അവർ തമ്മിൽ കോ-ഓർഡിനേഷൻ ഇല്ലാത്തതുകൊണ്ടായിരിക്കും ഒരാൾപോലും സഭയിൽ ഇല്ലാത്തത്.

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള പ്രഖ്യാപനങ്ങൾ ഈ ബജറ്റിലുണ്ട്. അതിനെയെല്ലാം സ്വാഗതം ചെയ്യാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിമർശനം നേരിട്ടത് ആരോഗ്യ വകുപ്പായിരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ഈ തിരഞ്ഞെടുപ്പിനുശേഷം റിസൾട്ട് വരുന്നതിന് തൊട്ടുമുമ്പായി എന്റെ നിയോജകമണ്ഡലമായിട്ടുള്ള തൃക്കരിപ്പൂരിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ എളേരിതട്ട് എന്ന സ്ഥലത്ത് നാലുവയസ്സുള്ള ഒരു പെൺകുട്ടിക്ക് തൊട്ടടുത്ത വീട്ടിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ പാമ്പുകടിയേറ്റു. ആ കുട്ടിയെയും കൊണ്ട് രക്ഷിതാക്കൾ തൊട്ടടുത്തുള്ള പല ആശുപത്രികളിലും പോയി. എല്ലാ ആശുപത്രികളിലും ആന്റി വെനം ഉണ്ട്. പക്ഷെ, ആന്റി വെനം കൊടുക്കണമെങ്കിൽ അവിടെ ഒരു ഫിസിഷ്യൻ വേണം. ഏതെങ്കിലും തരത്തിൽ റിയാക്ഷൻ ഉണ്ടെങ്കിൽ അതിനെ പ്രതിരോധിക്കാൻ അതുമായി ബന്ധപ്പെട്ട ഡോക്ടർ വേണം. പക്ഷെ, ദൗർഭാഗ്യവശാൽ ഈ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് ആശുപത്രിയിൽ വിഷത്തിനുള്ള മരുന്ന് ലഭ്യമായിട്ടുപോലും കുട്ടിക്ക് അത് കുത്തിവയ്ക്കാൻ കഴിഞ്ഞില്ല. തങ്ങളുടെ കൈകളിൽ കിടന്ന് ആ കുഞ്ഞ് മരിക്കേണ്ടി വന്നത് കാണേണ്ടി വന്ന ഹതഭാഗ്യരായിട്ടുള്ള രക്ഷിതാക്കളെ ഞാൻ കണ്ടു. വളരെ ദൗർഭാഗ്യകരമായ സംഭവമാണിത്. ആരോഗ്യമേഖലയിൽ പ്രത്യേകിച്ച്, സർക്കാർ ആശുപത്രികളുടെ കാര്യത്തിൽ കാസർഗോഡ് ജില്ല പിന്നോക്കം നിൽക്കുകയാണ്. ജീവനക്കാരുടെ അഭാവം വല്ലാത്ത പ്രയാസവും പ്രശ്നങ്ങളുമാണ് സൃഷ്ടിക്കുന്നത്.

കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുമെന്നുപറയുന്ന എയിംസ് (AIIMS) കേരളത്തിൽ അനുവദിക്കണമെങ്കിൽ അതിനുള്ള സ്ഥലം കണ്ടെത്തി നൽകണമെന്നാണ് പറയുന്നത്. കാസർഗോഡ് ജില്ലയിൽ പ്രത്യേകിച്ച്, എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിൽ എയിംസ് സ്ഥാപിക്കാൻ ആവശ്യത്തിന് സ്ഥലം ലഭ്യമാണ്. എൻഡോസൾഫാൻ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പ്രയാസം അനുഭവിക്കുന്ന ഒട്ടേറെ ആളുകളുള്ള ജില്ലയെന്ന നിലയ്ക്കും ആരോഗ്യമേഖലയിൽ വലിയ പ്രയാസം നേരിടുന്ന ജില്ലയെന്നുള്ള നിലയ്ക്കും തൃക്കരിപ്പൂരിലെ സ്ഥലങ്ങളെ എയിംസുമായി ബന്ധപ്പെട്ട പ്രൊപ്പോസലിൽ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

'ആശ്വാസ് 2026' പദ്ധതി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ബഹുമാനപ്പെട്ട സഹകരണ-എക്സൈസ് വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്തതിന്റെ പേരിൽ പ്രയാസപ്പെടുന്ന ഒട്ടേറെപ്പേർക്ക് വലിയ ആശ്വാസമാണ് ഈ പദ്ധതി. അതിലുപരിയായി നിയമസഭാംഗങ്ങൾക്കും ഇത് വലിയ ആശ്വാസമായി മാറിയിട്ടുണ്ട്. കാരണം, വായ്പ അടയ്ക്കാൻ കഴിയാതെ പ്രയാസപ്പെട്ട് ആളുകൾ എം.എൽ.എ.-മാരെ സമീപിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ പുതിയ പദ്ധതി എം.എൽ.എ.-മാർക്കും വലിയ തോതിൽ ആശ്വാസമാണെന്നു പറയാതിരിക്കാൻ കഴിയില്ല.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെ അഭിനന്ദിക്കാൻകൂടി ഞാനാഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃക്കരിപ്പൂരിൽ, നൂറേക്കർ ഭൂമി അക്വയർ ചെയ്ത് തറക്കല്ലിട്ടെങ്കിലും പത്തുവർഷമായിട്ടും വ്യവസായ പാർക്ക് അവിടെ യാഥാർത്ഥ്യമായിരുന്നില്ല. ഞാൻ പ്രൊപ്പോസ് ചെയ്തിട്ടുള്ള ലോജിസ്റ്റിക്കൽ കം ഹൈടെക് വെർട്ടിക്കൽ ഇൻഡസ്ട്രിയൽ പാർക്കിന് അനുമതി നൽകാൻ തീരുമാനിച്ച സംസ്ഥാന സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെയും അഭിനന്ദിക്കാൻ ഞാൻ ഈ

അവസരം ഉപയോഗിക്കുകയാണ്. ടോക്കൺ എമൗണ്ടല്ലേ വകയിരുത്തിയിട്ടുള്ളൂവെന്ന് പ്രതിപക്ഷത്തുനിന്നുള്ള ചില അംഗങ്ങൾ ചോദിക്കുന്നുണ്ട്. ലോജിസ്റ്റിക്കൽ പാർക്ക് എന്താണ്; അതുപോലെ വെർട്ടിക്കൽ ഇൻഡസ്ട്രിയൽ പാർക്ക് എന്താണെന്ന് അറിയാത്തവരാണ് ചോദിക്കുന്നത്.

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....... കൺക്ലൂഡ്....

<u>ശ്രീ സന്ദീപ് വാര്യർ</u>: സർ, ലോജിസ്റ്റിക്കൽ പാർക്ക് വരുമ്പോൾ അവിടെ ഇൻവെസ്റ്റ്മെന്റ് എങ്ങനെ വരുമെന്നും ആ ഇൻവെസ്റ്റ്മെന്റ് ഉപയോഗിച്ചുകൊണ്ട് എങ്ങനെ ഇൻഡസ്ട്രിയൽ പാർക്ക് നടപ്പിലാക്കാൻ കഴിയുമെന്നറിയാത്ത പി.പി.പി. മോഡൽ (PPP Model) എന്താണെന്നുമറിയാത്ത ആളുകൾ അത്തരം ചോദ്യങ്ങൾ ചോദിക്കുകയാണ്. നൂറ് രൂപയുടെ ടോക്കണിനെ കളിയാക്കുന്ന ആളുകൾ അവരുടെ സർക്കാരിന്റെ ബജറ്റ് എടുത്തുപരിശോധിച്ചാൽ മുഴുവനും കാണുന്നത് അത്തരം പദ്ധതികളായിരിക്കുമെന്നുമാത്രം സൂചിപ്പിക്കാൻ ആഗ്രഹിച്ചുകൊണ്ട് ഈ ബജറ്റിനെയും ഈ ബജറ്റുമായി ബന്ധപ്പെട്ട ധനാഭ്യർഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷിബു തെക്കുംപുറം</u>: മാഡം, മികച്ച ബജറ്റാണ് അവതരിപ്പിച്ചത്. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ നിർദേശിക്കുന്നതാണ് സംസ്ഥാന ബജറ്റ്. ഞാൻ ഈ ബജറ്റ് ധനാഭ്യർഥനയെ പിന്താങ്ങുന്നു. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനങ്ങൾ വർധിപ്പിക്കുവാനുള്ള ഒട്ടേറെ കർമ്മപരിപാടികൾ ബജറ്റിലുണ്ട്. പത്തുവർഷമായി കേരളത്തിൽ ഒരു ധനനയം ഇല്ലായിരുന്നു. കടം വാങ്ങി ദൈനംദിന ചെലവുകൾ നടത്തിക്കൊണ്ടുപോകുന്ന ആപത്കരമായ സ്ഥിതിയായിരുന്നു കേരളത്തിലുണ്ടായിരുന്നത്. സാമ്പത്തികമായ സ്വയം പര്യാപ്തതയാണ് ഒരു നാടിന്റെ വികസനത്തിന് അടിസ്ഥാനം. എല്ലാവർക്കും വരുമാനം ലഭ്യമാക്കാൻ കഴിയണം. വരുമാന സ്രോതസ്സുകളായി എല്ലാവരും മാറുമ്പോഴാണ് ഒരു നാട് വികസനത്തിന്റെ പാതയിൽ ശക്തമായി മുന്നോട്ടുപോകുന്നത്. നമ്മുടെ നാട്ടിൽ പുതിയ വ്യവസായങ്ങളും സംരംഭങ്ങളും

ആരംഭിക്കണം. അതെല്ലാം വരുമ്പോൾ എല്ലാവർക്കും അവസരങ്ങൾ ലഭിക്കുകയും മത്സരങ്ങളുടെ ലോകത്ത് എല്ലാതരത്തിലും മുന്നേറാനുള്ള വലിയ സാധ്യതകൾ ഉണ്ടാകുകയും ചെയ്യുന്നു. കേരളത്തിന്റെ വിഭവശേഷിയും മികവും സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്താനുള്ള മേഖലകൾ സർക്കാർ കണ്ടെത്തിയിരിക്കുന്നു. തുറമുഖം, കടൽ വിഭവങ്ങൾ, ധാതുസമ്പത്ത്, ഏവിയേഷൻ, ടൂറിസം എന്നിങ്ങനെ പുതിയ സമ്പദ്ഘടനകൾ വളർത്തിയെടുക്കാൻ ശ്രമിക്കുന്നു. പ്രത്യേകിച്ച് ബ്ലൂ-ഗ്രീൻ-സിൽവർ തുടങ്ങിയവ, നാട് വളരണമെങ്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും നിക്ഷേപം വരേണ്ടതായിട്ടുണ്ട്. നിക്ഷേപങ്ങൾ വരാൻവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്ന ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനുള്ള യു.ഡി.എഫ്. സർക്കാരിന്റെ എല്ലാ നടപടികൾക്കും പിന്തുണ നൽകുകയാണ്. കേരളത്തെ നിക്ഷേപത്തിന്റെ പറുദീസയാക്കി മാറ്റണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതൊന്നും അനുവദിക്കില്ലായെന്ന് ഇപ്പോൾ പ്രതിപക്ഷം പറയുന്നു. വീര്യം കൂടിയ മദ്യത്തിന് അനുമതി കൊടുത്തവർ, വീര്യം കുറഞ്ഞത് അനുവദിക്കില്ലായെന്ന് പറയുന്നു. ധാതുസമ്പത്ത് തൊടാൻ അനുവദിക്കില്ലായെന്നാണ് റെയർ എർത്ത് കോറിഡോർ പ്രഖ്യാപിച്ചവർ പറയുന്നത്. വേഗത കൂട്ടാൻ മഞ്ഞക്കുറ്റി സ്ഥാപിച്ചവർക്ക് ഇപ്പോൾ വേഗത വേണ്ട. പിഎം ശ്രീ പദ്ധതിയിൽ ഒപ്പിട്ടവർ പറയുന്നു അത് പാടില്ലായെന്ന്. അധികാരത്തിലിരുന്നപ്പോൾ പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ അനുവദിക്കില്ലായെന്നുള്ള നിലപാടുമായി പോകുന്ന പ്രതിപക്ഷം, ഇവർ വികസന വിരോധികളാണ്. ഈ നാടിന്റെ നന്മയല്ല ഇവർ ലക്ഷ്യമിടുന്നത്. തീർച്ചയായും ഐക്യജനാധിപത്യമുന്നണി പ്രതിജ്ഞാബദ്ധമായി, ശക്തമായി മുന്നോട്ട് പോവുകയാണ്. ഈ നാടിന്റെ വികസനമാണ് യു.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. എല്ലാ തരത്തിലും സമാധാനത്തോടുകൂടി, അന്തസ്സോടുകൂടി ജീവിക്കാൻ കഴിയുന്ന ഒരു നാടാക്കി കേരളത്തെ മാറ്റാനുള്ള വലിയ നേതൃത്വമാണ് മുഖ്യമന്ത്രി വി. ഡി. സതീശൻ വഹിക്കുന്നത്. 'ഒരു പുതിയ കേരളം' അതാണ് ഐക്യജനാധിപത്യ മുന്നണിയുടെ ലക്ഷ്യം. തീർച്ചയായും എല്ലാ

തരത്തിലും ജനങ്ങളെ ചേർത്തുകൊണ്ട് സർക്കാർ മുന്നോട്ട് പോകും; യു.ഡി.എഫ്. തിരിച്ചോടില്ല. ഏതെങ്കിലും തരത്തിലുള്ള പരിപാടികളുമായി പ്രതിപക്ഷം മുന്നോട്ട് വന്നാൽ അതിനെ എല്ലാ തരത്തിലും നേരിട്ടുകൊണ്ട് ഏതറ്റംവരെ പോകാനും യു.ഡി.എഫ്. ഒരുക്കമാണ്. തീർച്ചയായും നമുക്ക് അഭിമാനത്തോടുകൂടി ജീവിക്കാൻ കഴിയുന്ന ഒരു നാടാക്കി കേരളത്തെ മാറ്റാനുള്ള എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും പിന്തുണ അഭ്യർഥിക്കുന്നു, ഞാൻ ഈ ബജറ്റ് ധനാഭ്യർഥനയെ പിന്താങ്ങുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഈ മനോഹരമായ ബജറ്റിന്റെ ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ പതിറ്റാണ്ടുകളായി ജനങ്ങൾ ആഗ്രഹിച്ച ഒരു മനോഹരമായ സ്വപ്നം സാക്ഷാത്കരിക്കാൻവേണ്ടി ഈ ബജറ്റിൽ പത്ത് കോടി രൂപ അനുവദിച്ചുകൊണ്ട്, പാലക്കാട്-കോഴിക്കോട് നാഷണൽ ഹൈവേയിലെ ഏറ്റവും വലിയ ഗതാഗത സ്തംഭനത്തിന് പരിഹാരമാകുന്ന ഓരാടംപാലം-മാനത്തുമംഗലം ബൈപാസ് യാഥാർഥ്യമാക്കുന്നതിന് ചിറക് മുളപ്പിച്ച ഈ ഗവൺമെന്റിനേയും ബഹുമാന്യനായ മുഖ്യമന്ത്രിയേയും അതുപോലെ മന്ത്രിസഭാംഗങ്ങളേയും ആദ്യമായി അഭിനന്ദിക്കുകയാണ്.

നമ്മുടെ രാജ്യത്ത് ഇതുവരെ കാണാത്ത, കൺവെൻഷണലായ എല്ലാ രീതികളെയും മാറ്റുന്ന ഒരു 'സ്ട്രക്ചറൽ ഷിഫ്റ്റ് ' ആണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകതയായി നാം കാണേണ്ടത്. കേരളത്തെക്കുറിച്ച് വളരെ അഭിമാനപൂർവം പറഞ്ഞുവരാറുള്ള ഒരു കാര്യമുണ്ട്. നമ്മുടെ സാമൂഹിക സൂചികയിലെ ഏറ്റവും പ്രധാനമായ ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും നമുക്കുണ്ടായ വികസനത്തെ മുൻനിർത്തി നാം കേരള മോഡലിനെക്കുറിച്ച് അഭിരമിക്കാറുണ്ട്. പക്ഷേ അതൊരു സെക്കന്റ് ജനറേഷൻ ക്രൈസിസിലേക്ക് പോകുന്ന സന്ദർഭമുണ്ടായപ്പോൾ അവിടെ കൃത്യമായ ഒരു ഇക്കണോമിക് ഷിഫ്റ്റ് ഉണ്ടാക്കാൻ കഴിഞ്ഞ മാന്ത്രികനാണ് നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയെന്ന് അഭിമാനത്തോടുകൂടി ഈ ബജറ്റിനെ മുൻനിർത്തി എനിക്ക് പറയാൻ സാധിക്കും.

*29-06-2026*
*Financial Business*

നമ്മുടെ നാട് പ്രൊഡക്ഷന് അനുകൂലമല്ല എന്നത് എപ്പോഴും പറയാറുള്ള ഒരു കാര്യമാണ്. എന്നാൽ പ്രൊഡക്ഷന് അനുകൂലമല്ലാത്ത ഒരു സ്റ്റേറ്റിനെ എങ്ങനെയാണ് വിഷനിസ്റ്റായി, ഫ്യൂച്ചറിസ്റ്റിക്കായി കൊണ്ടുപോകാൻ സാധിക്കുകയെന്ന് വളരെ കൃത്യമായ ഗൃഹപാഠത്തോടുകൂടി മനസ്സിലാക്കിയതിന്റെ ബലത്തിലുണ്ടായിട്ടുള്ള ഒരു ബജറ്റാണ് ഇപ്പോൾ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്തംഭനാവസ്ഥയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുപോലെതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കപ്പെട്ടതാണ്. അതുണ്ടാക്കുന്ന ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ട്. ആ കടുത്ത സാമ്പത്തിക മാന്ദ്യത്തെ മറികടക്കാൻവേണ്ടി എത്ര മനോഹരമായിട്ടാണ് ഒരു 'നിയോ കേരള ഇക്കണോമിക് മോഡൽ' ഇവിടെ അവതരിപ്പിക്കപ്പെട്ടതെന്ന് നിങ്ങൾ മനസ്സിലാക്കണം. വളരെ രസകരമായ കാര്യം പ്രതിപക്ഷത്തുനിന്നും മുൻധനകാര്യമന്ത്രി പറഞ്ഞത് ഇതൊരു ക്രോണി ക്യാപിറ്റലിസം ആണെന്നാണ്. പക്ഷേ ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ക്രോണി ക്യാപിറ്റലിസം എന്ന് നിങ്ങൾ അധിക്ഷേപിക്കുന്ന ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത ഇത് ജനപക്ഷത്തുള്ള, പുതിയ കാലത്തോട്, പുതിയ തലമുറയോട് ചേർത്ത് വായിക്കാൻ കഴിയുന്ന മനോഹരമായ ബജറ്റാണ് എന്നുള്ളതാണ്. എത്ര ഉൾക്കാഴ്ചയോടെയാണ് ഈ ബജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഞങ്ങളുടെ പാർട്ടി ലീഡർകൂടിയായ പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെയുണ്ട്. നൂറ് കോടി രൂപയാണ് ഐ.ടി. മേഖലയ്ക്കുമാത്രമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. എന്തൊരു Visionist ആയാണ് ഇവിടെ കാര്യങ്ങൾ രൂപപ്പെടുത്തുന്നത്. നമ്മുടെ കുട്ടികൾ ഇന്ന് ഏറ്റവും കൂടുതൽ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം അവരുടെ മൈഗ്രേഷനാണ്. മൈഗ്രേഷനെ റിവേഴ്സ് മൈഗ്രേഷനിലേക്ക് കൊണ്ടുവരാൻ കേരളത്തെ എങ്ങനെയാണോ ഒരു പോർട്ട് സിറ്റിയാക്കാൻ ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി ആഗ്രഹിക്കുന്നത്, അതുപോലെ ഒരു

'ബാക്ക് ഓഫീസ് കൾച്ചർ' കൊണ്ടുവന്ന്, ഒരു 'വർക്ക് നിയർ ഹോം കൾച്ചർ' കൊണ്ടുവന്ന് നമ്മുടെ നാടിനെയാകെ എം.എൻ.സി. കമ്പനികളുടെ ബാക്ക് ഓഫീസ് ആക്കാനുള്ള അതിമനോഹരമായ ഒരു പ്ലാൻകൂടി ഐ.ടി. വകുപ്പുമന്ത്രിയായ പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെ കൊണ്ടുവരുന്നുവെന്നത് ഈ ബജറ്റിലെ ശുഭസൂചനയായി ഞാൻ കാണുകയാണ്.

കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റ് ആണെന്നത് നമുക്ക് എല്ലാവർക്കുമറിയാം. കേരളത്തിന്റെ സാമ്പത്തികമായി നിലനിന്നിരുന്നത് കൂടുതലും ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്തിരുന്ന ആളുകളുടെ റെമിറ്റൻസ് ഇക്കണോമിയിൽ നിന്നാണ്. ആ റെമിറ്റൻസ് ഇക്കണോമിയെ വളരെ മനോഹരമായി ഒരു ഇൻവെസ്റ്റ്മെന്റ് ഇക്കണോമിയിലേക്ക് മാറ്റാനുള്ള അതിദൃഢമായ ഒരു തീരുമാനം എടുക്കുകയുണ്ടായി. മാത്രമല്ല ഇവിടെ ഒരു മാസ്റ്റർ സ്ട്രോക്ക് എന്നുപറയാവുന്ന ശ്രദ്ധേയമായൊരു കാര്യമുണ്ട്. അത് ക്രിട്ടിക്കൽ മിനറൽ കോറിഡോറിന്റെ ഓപ്പണിങ് ആണ്. എന്താണ് പ്രതിപക്ഷം ആരോപിച്ചത്? അത് സ്വകാര്യവത്കരിക്കാൻ പോകുന്നു, നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ തകരാൻ പോകുന്നുവെന്നാണ്. എന്നാൽ ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നിയമസഭയിൽ നടത്തിയ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞ ഒരു കാര്യമുണ്ട്, Coal India Ltd., **KMML, KFDC** പോലയുള്ള നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ എംപവർ ചെയ്തുകൊണ്ട് നമ്മുടെ നാടിന്റെ നട്ടെല്ലായി പൊതുമേഖലാ സ്ഥാപനങ്ങളെ കൊണ്ടുവരാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് അദ്ദേഹം മുന്നോട്ട് വച്ചിരിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ മുൻഗണനകൾ എന്തൊക്കെയായിരുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടെ രസകരമായ ഒരു കാര്യമെന്നത് ഇത്ര മനോഹരമായ ഒരു ബജറ്റ് അവതരിപ്പിച്ച ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയുമായ ശ്രീ. വി. ഡി. സതീശന്റെ മുമ്പിൽ നിൽക്കാൻ കഴിയാത്ത ആളുകളായി പ്രതിപക്ഷം മാറുകയാണ്. അതുകൊണ്ടാണ് നിങ്ങൾ നുണബോംബുകൾകൊണ്ട് കാര്യങ്ങളെ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത്. നിങ്ങൾ കൊണ്ടുവരുന്ന

അബദ്ധ ജഡിലമായ വാദങ്ങളെയും, കുഴിബോംബുകളെയുമെല്ലാം തകർത്ത് ഞെരിച്ചമർത്താൻമാത്രം കഴിവുള്ള ഒരു മൈൻഡ് റോളർ ആണ് ഞങ്ങളുടെ സി. എം. എന്ന് അഭിമാനത്തോടെ ഞങ്ങൾക്ക് പറയാൻ കഴിയും. അങ്ങനെ ഞെരിഞ്ഞമരുമ്പോൾ നിങ്ങൾ ഇപ്പോൾ ഒന്നും വർത്തമാനം പറയാനില്ലാതെ പോവുകയാണ്. Revival of fiscal decentralization എന്നതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട പോയിന്റ്. ഗാന്ധിജി സ്വപ്നം കണ്ടതുപോലെ, രാജീവ്ഗാന്ധി സ്വപ്നം കണ്ടതുപോലെ ഈ രാജ്യത്ത് ഏറ്റവും കൂടുതൽ ലോക്കൽ ഗവൺമെന്റുകളെ ഉദ്ദീപിപ്പിക്കാനും ശക്തിപ്പെടുത്താനുമുള്ള നടപടികളുണ്ടാവണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടേണ്ട മൂന്നാം ഗഡു 2000 കോടി രൂപ തടഞ്ഞുവച്ചവരാണ് ഇവരെന്ന് നിങ്ങൾ ഓർക്കണം.

അവസാനമായി ഒരു കാര്യംകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ സഭയിൽ സ്ത്രീപക്ഷവാദം വളരെ ശക്തമായി ഉയർത്തിയാണ് ഇന്നത്തെ അടിയന്തര പ്രമേയംപോലും ഉണ്ടായത്. ആ അടിയന്തര പ്രമേയത്തിന്റെ ഗതിയെന്തായി എന്ന് ഈ സഭയിലുള്ളവർക്കെല്ലാമറിയാം. നാല് വർഷം ഹേമ കമ്മീഷൻ റിപ്പോർട്ട് പൂഴ്ത്തിവച്ചവരാണ് ഇപ്പോൾ സ്ത്രീപക്ഷത്തെക്കുറിച്ച് സംസാരിക്കുന്നത് എന്നത് എന്തൊരു നാണംകെട്ട കാര്യമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വനിതാ കമ്മീഷന്റെ അധ്യക്ഷയായിരുന്ന എം. സി. ജോസഫൈൻ പറഞ്ഞ ഒരു വാക്ക് എന്റെ മനസ്സിലേക്ക് തിരിച്ചുവരികയാണ്. ഒരു പരാതിക്കാരി അവരോട് ഫോൺ ചെയ്ത് സംസാരിക്കുമ്പോൾ അവർ പറഞ്ഞ ഒരു വാക്ക് ഇപ്പോഴും ഇടതുപക്ഷത്തെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ ഓർക്കുന്നുണ്ടാകും. 'എന്നാൽ നീ അനുഭവിച്ചോ' എന്നായിരുന്നു ആ പരാതിക്കാരിയോട് അന്ന് ശ്രീമതി ജോസഫൈൻ പറഞ്ഞത്. നിങ്ങളൊക്കെ ഇന്ന് വലിയ സ്ത്രീപക്ഷവാദികളായി വരുമ്പോൾ ഒരൊറ്റ കാര്യം ഞാൻ പറയാം. ഞങ്ങൾക്കോർമയുണ്ട് ഏറ്റവും വലിയ മഴക്കാലത്ത് കഴിഞ്ഞ നിയമസഭാ സമ്മേളനം നടക്കുമ്പോഴായിരുന്നു ഷെഡ്ഡ് കെട്ടി പതിനായിരക്കണക്കിന് ആശാ വർക്കർമാരും അംഗനവാടി ടീച്ചർമാരും സമരം ചെയ്തത്. അന്ന് നിർദയമായി ആ സമരത്തെ

അടിച്ചൊതുക്കുക മാത്രമല്ല അവർ കെട്ടിയ ടാർപോളിൻ പോലും അഴിച്ച് മാറ്റി അവരെ മഴയത്ത് നിർത്തിയ നിങ്ങളാണോ സ്ത്രീ പക്ഷത്തെക്കുറിച്ച് സംസാരിക്കുന്നത്.

ഒരു വാക്ക് കൂടി പറയാം. നേരത്തെ ഇവിടെ ശ്രീ. സന്ദീപ് വാര്യർ പറഞ്ഞതുപോലെ ബി.ജെ.പി. അംഗങ്ങൾ ആരും സഭയിലില്ല. സാമ്പത്തിക രംഗത്ത് ഇന്ത്യ കുതിച്ചുയരുകയാണ് എന്നൊരു വിടുവായത്തം പറഞ്ഞാണ് അവർ പോയിരിക്കുന്നത്. എന്നാൽ ഇന്ത്യയുടെ വികസനത്തെക്കുറിച്ച് സാമ്പത്തിക വിദഗ്ധർ പറയുന്നൊരു കാര്യമുണ്ട് അതൊരു കെ-മോഡൽ വികസനമാണെന്നതാണ്. ആർക്കാണ് അതിന്റെ ഗുണം? അതിന്റെ ഗുണഭോക്താക്കൾ എന്നുപറയുന്നത് ഒരു ശതമാനം മാത്രമുള്ള കോടാനുകോടീശ്വരന്മാർ മാത്രമാണ്. രാജ്യത്തിന്റെ സമ്പത്തിന്റെ നാല്പത് ശതമാനവും കൈവശം വയ്ക്കുന്ന കോടാനുകോടീശ്വരന്മാർക്ക് രാജ്യത്തെ തീറെഴുതി കൊടുത്തവരാണ് സാമ്പത്തിക രംഗത്ത് നാലാം സ്ഥാനത്തേക്ക് നമ്മൾ വരുമെന്നുപറയുന്നത്. 149-ാം സ്ഥാനത്തേക്ക് രാജ്യം കൂപ്പുകുത്തിയിരിക്കുകയാണ്. നമ്മുടെ രാജ്യം 130 കോടി ജനസംഖ്യയുള്ള ഒരു നാടാണ്. അതുകൊണ്ട് അതിന്റെ GDP ഉയരുക എന്നത് വളരെ സാധാരണമായ ഒരു സംഭവമാണ്. ജനസംഖ്യ കൂടുതലാകുമ്പോൾ GDP ഉയരും പക്ഷേ 'per capita GDP' എവിടെ നിൽക്കുന്നുവെന്നതാണ് പ്രധാനം. ആളോഹരി വരുമാനത്തിന്റെ GDP എവിടെ നിൽക്കുന്നുവെന്നതാണ് പ്രധാനം. 2800 ഡോളറിലേക്ക് 'per capita GDP' താഴ്ന്ന ഒരു രാജ്യത്ത് നിൽക്കേണ്ടിവന്ന ഹതഭാഗ്യരാണ് ഇന്ത്യയിൽ വസിക്കുന്ന സാധാരണ മനുഷ്യരെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണക്കുന്നു.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> മാഡം, ഞാൻ 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യാർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ബജറ്റിനുമുമ്പ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ ധവളപത്രം അവതരിപ്പിക്കുകയും തുടർന്ന് അതുസംബന്ധിച്ച നിരവധി ചർച്ചകളും നടന്നിരുന്നു. കേരളത്തിലെ സാമ്പത്തിക വിദഗ്ധരെല്ലാം ഇതുസംബന്ധിച്ച് ഗൗരവതരമായി ചർച്ചചെയ്തു. ഇടതുപക്ഷത്തുനിന്നുള്ള

സാമ്പത്തിക വിദഗ്ധനായ ഡോ. ടി. എം. തോമസ് ഐസക്കും ധവളപത്രത്തെക്കുറിച്ച് അഭിപ്രായം പറഞ്ഞിരുന്നു. ധവളപത്രത്തിലുണ്ടായിരുന്നത് കേരളത്തിലെ യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച കണക്കായിരുന്നു. ഞാനും അത് വായിച്ചുനോക്കിയിരുന്നു. സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറിയായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററോട് മാധ്യമപ്രവർത്തകർ ധവള പത്രത്തെക്കുറിച്ചുള്ള അഭിപ്രായം ചോദിച്ചപ്പോൾ, ദേശാഭിമാനി പത്രമല്ലാതെ വേറൊരു പത്രവും വായിക്കാറില്ല, ജനയുഗം പത്രം പോലും വായിക്കാറില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതുകൊണ്ട് പി. & ആർ.ഡി. (ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)-യുടെ ചുമതലയുള്ള മുഖ്യമന്ത്രിയോട് പറയാനുള്ളത്, സി.പി.ഐ.(എം) പാർട്ടി സെക്രട്ടറിക്ക് വായിക്കുവാൻ ദേശാഭിമാനിയിൽ ഒരു പരസ്യം നൽകണമെന്നാണ്. 102 സീറ്റുകളോടെയാണ് യു.ഡി.എഫ്. ജയിച്ചുവന്നത് ഈ 102 സീറ്റുകൾ ....(ബഹളം).....

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: അദ്ദേഹം പറയട്ടേ...

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: മാഡം, ശ്രീ. സുനിൽ കനഗോലുവാണ് 102 സീറ്റുകൾ ജയിപ്പിച്ചുതന്നതെന്നാണ് ചിലർ പറഞ്ഞുനടക്കുന്നത്. ഇവിടെ ഉപതിരഞ്ഞെടുപ്പും പാർലമെന്റ് തിരഞ്ഞെടുപ്പും അതിനുശേഷം തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പും നടന്നു. ഈ സമയത്തെല്ലാം യു.ഡി.എഫ്.-ന് നേതൃത്വം നൽകിയത് ഒന്നാം നമ്പർ സീറ്റിലിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. അദ്ദേഹത്തെ സഹായിക്കാൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. പി. ജെ. ജോസഫ് എന്നിവരടക്കം യു.ഡി.എഫ്.-ന്റെ ഒട്ടനവധി നേതാക്കന്മാരുണ്ടായിരുന്നു. അവരുടെ നേതൃത്വത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. അവിടെയെല്ലാം ജയിച്ചപ്പോൾ ശ്രീ. സുനിൽ കനഗോലുവിനെക്കുറിച്ച് ആരും പറഞ്ഞില്ല. നിയമസഭാതിരഞ്ഞെടുപ്പിന് ഒരുമാസം മുമ്പ് ചാനലുകൾ ചില വാർത്തകൾ കൊടുത്തുകൊണ്ടിരുന്നു. ആ വാർത്തയെന്ന് പറയുന്നത് കോൺഗ്രസ് മത്സരിക്കുന്ന സീറ്റുകളിൽ ഞങ്ങളാരും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ആളുകളുടെ പേരുവച്ച് പ്രചാരണം

നടത്തുന്ന തരത്തിലുള്ളതായിരുന്നു. അവരെല്ലാം എവിടെയാണെന്നോ ജീവിച്ചിരിപ്പുണ്ടോയെന്നോ പോലും അറിയില്ല. ഗവൺമെന്റ് വന്നതിനുശേഷം ഗവൺമെന്റിന്റെ എന്തെങ്കിലും **അംശം** കിട്ടാൻ കാത്തിരിക്കുകയാണ്. കനഗോലു ഉണ്ടെന്ന പ്രചരണം നടത്തിയത് യു.ഡി.എഫ്.-ന് ഗുണമായി. എന്തെന്നാൽ, കനഗോലു ഉണ്ടെന്നുള്ള വിശ്വാസത്തിൽ എൽ.ഡി.എഫ്. ഒരു പി. ആർ. മാനേജറെ ഏൽപ്പിച്ചു. അദ്ദേഹമാണ് കിണർഗോലു. കിണർ ഗോലുവിന്റെ നേതൃത്വത്തിൽ നടന്ന വർക്കാണ് എൽ.ഡി.എഫ്-നെ പ്രതിപക്ഷത്ത് ഇരുത്തിയിരിക്കുന്നത്. നിങ്ങളുടെ പി.ആർ. മാനേജരായി ചുമതലയേറ്റെടുത്തയാൾക്ക് നിങ്ങളോട് കടുത്ത ശത്രുതയുണ്ടായാരുന്നു. അത് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചില്ല. അദ്ദേഹത്തിന്റെ പിതാവിനെ കൂത്തുപറമ്പിൽവച്ച് കൊലചെയ്യാൻ ശ്രമിച്ചതിന്റെ പേരിലും പാപ്പിനിശ്ശേരിയിലെ പാമ്പ് വളർത്തൽ കേന്ദ്രം തീ വച്ചുനശിപ്പിച്ചതിന്റെ പേരിലും ശത്രുതയുണ്ടായിരുന്നു. ആ പാമ്പ് വളർത്തൽ കേന്ദ്രത്തിലുണ്ടായിരുന്ന കുരങ്ങിന്റെ കാലിൽ പിടിച്ച് തൂക്കിയെടുത്ത് നീ സി.എം.പി.-യിൽ ചേർന്നുവല്ലേടാ എന്നുപറഞ്ഞുകൊണ്ട് നിലത്തടിച്ചതും അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. പകരം ചോദിക്കണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നെങ്കിലും ഇന്നോവ വീട്ടിൽ വരുമെന്ന ഭയത്താൽ അദ്ദേഹമത് മനസ്സിൽ അടക്കിവച്ചു. സന്ദേശം സിനിമയിൽ ശങ്കരാടി പറഞ്ഞതുപോലെ വിഘടനവാദികളും പ്രതിക്രിയാവാദികളും പ്രഥമദൃഷ്ട്യാ അകൽച്ചയിലായിരുന്നെങ്കിലും അവർ തമ്മിലുള്ള അന്തർധാര സജീവമായിരുന്നു എന്നുവേണം കരുതാൻ. ബൂർഷ്വാസികളും തക്കം പാർത്തിരിക്കുകയായിരുന്നു. ടിയാൻ നേരിട്ട് പ്രതികാരം ചെയ്യാൻ ആലോചിച്ചിരുന്നതായി ഞാൻ പറഞ്ഞല്ലോ; അവസാനം വലിയ വരുമാനമുള്ളൊരു ജോലി വേണ്ടെന്ന് വച്ചുകൊണ്ടാണ് പി.ആർ. വർക്കിന്റെ ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തത്. ചില പരസ്യവാചകങ്ങളിലെ വാക്കുകൾ കടമെടുത്താണ് അദ്ദേഹം നേതാക്കളുടെ പ്രസംഗത്തിനിടയിൽ ചേർത്തുകൊടുത്തത്. ചില സിനിമയിലെ ഡയലോഗുകളും പ്രസംഗത്തിനിടയിൽ കയറ്റിക്കൊടുത്തു. അങ്ങനൊരു പഴയ പരസ്യ

വാചകമാണ് മഴ... മഴ... കുട... കുട..., മഴ വന്നാൽ വീട്ടിൽ പോടാ! ആ പരസ്യ വാചകത്തിലെ ഒരു വാചകമെടുത്ത് 'വീട്ടിൽ പോയി ചോദിച്ചാൽ മതി' എന്ന് പ്രസംഗിച്ചു. മറ്റൊന്ന്, നാൽപത്തിയഞ്ച് വർഷം മുമ്പ് മലയാളത്തിലിറങ്ങിയ ഒരു സിനിമയിൽ കെ. പി. ഉമ്മറിനോട് ഷീല പറയുന്ന ഡയലോഗാണ് 'കടക്കു പുറത്ത്' . അതും ഇതേപോലെ കയറ്റി വിട്ടതാണ്. അതുപോലെ സെക്രട്ടേറിയേറ്റിലെ ഒരു വിദ്വാനെക്കൊണ്ട് 'ഇന്നീ പാർട്ടി ലോകമെങ്ങും ശോഭിച്ചീടും കാരണഭൂതൻ....' എന്ന കവിതയെഴുതിപ്പിച്ചു. കവിത എഴുതിപ്പിക്കുക മാത്രമല്ല, അതിന്റെ താളത്തിനൊത്തൊരു തിരുവാതിരയും കളിപ്പിച്ചു. അമ്പതുവർഷം വയറ്റിൽ കിടന്ന കത്രിക പുറത്തെടുത്തപ്പോൾ ആ ഡോക്ടറെ കൊണ്ട് പറയിപ്പിച്ചു അമ്പതുവർഷം കത്രിക വയറ്റിൽ കിടന്നാലും ഒന്നും സംഭവിക്കില്ലെന്ന്. ശരിയാണ്, അപ്പോൾത്തന്നെ കത്രിക എടുത്ത് ഡോക്ടർ മീശ കട്ട് ചെയ്തുനോക്കി, കത്രികയ്ക്ക് യാതൊരു കുഴപ്പവും സംഭവിച്ചിട്ടില്ല. ഇങ്ങനെയുള്ള കാര്യങ്ങളാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കഴിഞ്ഞ കുറേക്കാലങ്ങളായി ചെയ്തുകൊണ്ടിരുന്നത്. കണ്ണെഴുതി പൊട്ടും തൊട്ട് എന്ന സിനിമയാണ് ഇതുമായി ബന്ധപ്പെട്ട് മനസ്സിലേക്ക് വരുന്ന മറ്റൊരു സിനിമ. അതിൽ തിലകൻ എട്ടുവീട്ടിൽ നടേശൻ മുതലാളിയായും ബിജുമേനോൻ നടേശൻ മുതലാളിയുടെ മകൻ ഉത്തമനായുമാണ് അഭിനയിച്ചിരിക്കുന്നത്. മഞ്ജു വാര്യർ ഭദ്രയായും സിദ്ദിഖും ഭാഗ്യശ്രീയും **ഭ**ദ്രയുടെ അച്ഛനമ്മമാരുമായാണ് അഭിനയിക്കുന്നത്. ആ സിനിമ കണ്ടിട്ടുള്ള ആളുകൾക്കറിയാം, ഭദ്രയുടെ അച്ഛനും അമ്മയ്ക്കും മരണം സംഭവിച്ചത് നടേശൻ മുതലാളിയുടെ ക്രൂരതകൊണ്ടാണെന്ന്. ആലപ്പുഴ ജില്ലയിലെ കുട്ടനാടാണ് സിനിമയുടെ പശ്ചാത്തലമായി കാണിക്കുന്നത്. നടേശൻ മുതലാളിയേക്കാൾ ക്രൂരനാണ് അദ്ദേഹത്തിന്റെ മകനായ ഉത്തമനെന്ന ബിജുമേനോന്റെ കഥാപാത്രം. നടേശൻ മുതലാളിയുടെ ക്രൂരത കൊണ്ട് സിദ്ദിഖിന്റെ കഥാപാത്രമായ ചന്ദ്രപ്പൻ കുട്ടനാട് പാടശേഖരത്തുവച്ച് ചേറിൽ പുതഞ്ഞാണ് മരണപ്പെടുന്നത്. മഞ്ജു വാര്യരുടെ കഥാപാത്രമായ ഭദ്ര ചെറിയ കുട്ടിയായിരുന്നപ്പോൾ ഇതെല്ലാം കാണുന്ന സാഹചര്യമുണ്ടായി. നടേശൻ മുതലാളി പിന്തുടർന്ന

ശല്യപ്പെടുത്തിയപ്പോൾ സഹിക്കാൻവയ്യാതെ ഭദ്രയുടെ അമ്മ മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി ആത്മഹത്യ ചെയ്തു. വർഷങ്ങൾക്കുശേഷം ഭദ്ര തിരിച്ചുവന്ന് നടേശൻ മുതലാളിയുടെ വീട്ടിൽ ജോലിക്കാരിയായി കയറിപ്പറ്റിയതിനുശേഷം ഒരു വശത്തുകൂടി നടേശൻ മുതലാളിയെയും മറുവശത്തുകൂടി മകനെയും വശീകരിച്ചുകൊണ്ടിരുന്നു. കൊയ്ത്ത് തീരുന്ന അന്നത്തെ രാത്രി 11.00 മണിക്ക് പാടത്തെ കളത്തറയിൽ വരണമെന്ന് ഭദ്ര രണ്ടു പേരോടും പറഞ്ഞു. അങ്ങനെ ഭദ്രയെന്ന മഞ്ജു വാര്യർ അവിടെ കാത്തിരുന്നു. തെക്കുഭാഗത്തുകൂടി അച്ഛനായ നടേശൻ മുതലാളിയും വടക്കുഭാഗത്തുകൂടി മകനായ ബിജുമേനോനും വന്നു. രണ്ടു പേരും കളത്തറയിൽ വച്ച് കുട്ടിമുട്ടുകയാണ്. ഭദ്രയെ സ്വന്തമാക്കാൻവേണ്ടി അവർ തമ്മിൽ വലിയ സംഘട്ടനം നടക്കുകയും അവസാനം രണ്ടുപേരും ചെളിയിലേക്ക് വീഴുകയും ചെയ്തു. അവർ ചെളിയിൽ പൂണ്ട് കിടന്നപ്പോൾ വെള്ളം കെട്ടി നിർത്തിയിരുന്ന മട ഭദ്ര അതിസാഹസികമായി കുത്തിപ്പൊട്ടിച്ച് ഒഴുക്കിവിടുകയാണ്. മലവെള്ളപ്പാച്ചിൽപോലെ വെള്ളം ഒഴുകി വന്നപ്പോൾ ഇലക്ട്രിക് പോസ്റ്റുൾപ്പെടെ വെള്ളത്തിലേയ്ക്ക് മറിഞ്ഞുവീഴുകയും അച്ഛനും മകനും ഷോക്കേൽക്കുകയും രണ്ടുപേരും ഒഴുകിപ്പോകുകയുമാണ് ചെയ്യുന്നത്.

ഈ സിനിമയിൽ അച്ഛനും മകനുമാണൊലിച്ച് പോയതെങ്കിൽ ഈ പി.ആർ. മാനേജറുടെ വർക്കിൽ അച്ഛനും മരുമകനുമാണ് ഒലിച്ചുപോയതെന്നാണ് പറയാനാഗ്രഹിക്കുന്നത്. അതുകൂടാതെ ഈ പി. ആർ. മാനേജർ പുതിയൊരു ഡയലോഗുകൂടി ഇറക്കിയിട്ടുണ്ട്. അത് എം. ടി. വാസുദേവൻ നായരുടെ വടക്കൻ വീരഗാഥയിലെ ഒരു ഡയലോഗാണ്. അടുത്ത പ്രസംഗത്തിൽ അത് ഒരുപക്ഷെ കേൾക്കാൻ കഴിയും. ഞാനിത് പറയുന്നതുകൊണ്ട് ചിലപ്പോൾ അത് ഒഴിവാക്കിയേക്കും. ജീവിതത്തിൽ ചന്തുവിനെ തോൽപ്പിച്ചിട്ടുണ്ട് പലവട്ടം. ഉപതിരഞ്ഞെടുപ്പുകൾ ആദ്യമെന്നെ തോൽപ്പിച്ചു, പാർലമെന്റ് തിരഞ്ഞെടുപ്പ് പിന്നീടെന്നെ തോൽപ്പിച്ചു. തദ്ദേശസ്വയംഭരണ തിരഞ്ഞെപ്പിലുമെന്നെ തോൽപ്പിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിൽ 102 സീറ്റിലും തോൽപ്പിച്ചു. ചങ്ങാതിമാരായ ജി. സുധാകരനും വി. കുഞ്ഞികൃഷ്ണനും ടി. കെ. ഗോവിന്ദൻ മാഷും എന്നെ തോൽപ്പിച്ചു,

തോൽവികളേറ്റുവാങ്ങാൻ ചന്തുവിന്റെ ജീവിതമിനിയും ബാക്കി. എന്ന ഡയലോഗാണ് ഇനിയിവിടെ പറയാനുള്ളത്.

നമ്മുടെ മുഖ്യമന്ത്രി എല്ലാം അഡ്വാൻസായി ചെയ്യുന്നയാളാണ്. നാളെയെനിക്ക് പ്രസംഗിക്കാൻ അവസരമില്ല. അതുകൊണ്ട് നാളത്തെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ഒരു കാര്യം അഡ്വാൻസായി ഇന്ന് പറയുകയാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ വന്നിട്ടുള്ള ഒരു പ്രധാന വാർത്ത, 'പട്ടികജാതി വിദ്യാർഥികൾക്കുള്ള പദ്ധതി കോവിഡിൽ നിർത്തി പിന്നെ മുക്കി' എന്നതാണ്. എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടുന്ന വിദ്യാർഥികൾക്കുള്ള സ്വർണ്ണ മെഡൽ പദ്ധതിയും സംസ്ഥാന കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്നവർക്കുള്ള സർഗോത്സവം പദ്ധതിയുമാണ് സർക്കാർ മറന്നുപോയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തല്ല, കോവിഡ് സമയത്താണ് ഈ പദ്ധതികൾ നിർത്തലാക്കിയത്. സ്വർണ്ണമെഡൽ പദ്ധതി 6 വർഷമായി മുടങ്ങിക്കിടിക്കുകയാണ്. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി/പട്ടിക വർഗ വിദ്യാർഥികൾക്ക് പതിനായിരം രൂപ നൽകുന്ന സർഗോത്സവം പദ്ധതിയുടെ സ്ഥിതിയും സമാനമാണ്. സ്വർണ്ണത്തിന്റെ വില കൂടിയതിനാൽ സ്വർണ്ണത്തിന്റെ അളവ് കുറച്ചിട്ടായാലും ഈ വർഷം മുതൽ അത് കൊടുക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പട്ടികജാതി, പട്ടികവർഗ-പിന്നോക്ക ക്ഷേമ വകുപ്പുമന്ത്രിയോടും പറയാനുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗക്കാർക്കുവേണ്ടി നടപ്പാക്കിയെന്ന് പറഞ്ഞിരുന്ന പല പദ്ധതികളും ഇന്ന് മുടങ്ങിക്കിടക്കുകയാണ്. അവരുടെ ഹോസ്റ്റൽ ഫീസ്, സ്റ്റൈപ്പൻഡ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ പോക്കറ്റ് മണി എന്നിവയെല്ലാം മുടങ്ങിക്കിടക്കുന്നു. ഹോസ്റ്റൽ ഫീസ് പോലും മുടങ്ങിക്കിടക്കുന്ന ഒരു സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. ഇന്നത്തെ ധനാഭ്യർഥനകളുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും എനിക്ക് മുന്നേ സംസാരിച്ചവർ പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ആരും പറയാത്തതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി

ഇവിടെയില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച ധനാഭ്യർഥന നാളെ ചർച്ച ചെയ്യുമ്പോൾ, ഇക്കാര്യം ഗൗരവമായെടുക്കണമെന്ന് ഈ അവസരത്തിൽ പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ കൃത്യസമയത്ത് നിർത്തുന്നു. ഈ ധനാഭ്യർഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്തുണക്കുന്നു.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. ഭരണപക്ഷത്തുനിന്ന് സംസാരിച്ചവരെല്ലാം കേരളത്തിലാകമാനം കടക്കെണിയുടെ ഭാഗമായിട്ടുള്ള പ്രതിസന്ധിയുണ്ടെന്ന് സമർഥിക്കാനാണ് ശ്രമിച്ചത്. അതിൽ നിന്നൊരു വെള്ളിവെളിച്ചം പോലെയാണ് ഈ സർക്കാർ വന്നുവെന്നാണ് പറയുന്നത്. കടക്കെണി എന്ന അവസ്ഥയിലേക്ക് കേരളം എത്തിയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാം. കഴിഞ്ഞ പത്തുവർഷക്കാലത്ത് കേരളം ധാരാളം പ്രശ്നങ്ങൾ നേരിട്ടിരുന്നു. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനം മുതൽ നമ്മുടെ നാട് അനുഭവിച്ച കോവിഡ്, പ്രകൃതിക്ഷോഭം വരെയുള്ള പ്രശ്നങ്ങൾ കേരളത്തിന്റെ സാമ്പത്തിക രംഗത്ത് നേരിട്ട ഗൗരവമായ പ്രതിസന്ധിക്ക് ഇടയാക്കിയ കാരണങ്ങളാണ്. കടത്തിന്റെ കാര്യത്തിൽ ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ കേരളം ഒന്നാമതാണോയെന്ന് പരിശോധിക്കേണ്ടതല്ലേ? എട്ടാമതോ ഒൻപതാമതോ ആണ് കേരളത്തിന്റെ സ്ഥാനം. റവന്യൂ കമ്മിയുടെയും ധനകമ്മിയുടെയും കാര്യത്തിൽ നമ്മൾ പരിധിക്കപ്പുറം പോയിട്ടുണ്ടോ; ജി.ഡി.പി.-യുടെ ശതമാനം വച്ചുനോക്കുമ്പോൾ കോവിഡ് കാലത്തുണ്ടായിരുന്നതിനേക്കാൾ കടത്തിന്റെ ശതമാനം കുറഞ്ഞിട്ടില്ലേ? കേരളത്തിന്റെ സാമ്പത്തികാരോഗ്യം പരിശോധിക്കാനാണെന്ന് പറഞ്ഞ് കൊണ്ടുവന്ന ധവളപത്രത്തിൽ പറഞ്ഞ കാര്യങ്ങൾ പബ്ലിക് ഡൊമെയ്നിൽ ഉണ്ടായിരുന്നതാണ്. സി.&എ.ജി.-യുടെയും റിസർവ് ബാങ്കിന്റെയും കണക്കുകളിൽ പറഞ്ഞ കാര്യങ്ങളാണിത്. ഞങ്ങൾ ഭരിക്കുന്ന കാലത്ത് കടമില്ലായിരുന്നെന്നും സാമ്പത്തിക പ്രയാസങ്ങളില്ലെന്നും ആരും പറഞ്ഞിട്ടില്ല. എന്നാൽ ഇക്കാര്യം പറഞ്ഞ് ഒരു ധവളപത്രം

ഇറക്കി അതിന്റെയടിസ്ഥാനത്തിൽ കേരളത്തിൽ മുമ്പുണ്ടായിരുന്ന വികസനപ്രവർത്തനങ്ങളെ എങ്ങനെ തകർക്കാമെന്ന് നിങ്ങളുടെ കാഴ്ചപ്പാടനുസരിച്ച് ശ്രമിക്കുകയാണ്. PPP (Public-Private Partnership) മോഡലിനൊന്നും ഞങ്ങൾ എതിരല്ല. എന്നാൽ, പൊതുസ്വത്ത് എങ്ങനെ സ്വകാര്യ മേഖലയ്ക്ക് കൊടുക്കാൻ കഴിയുമെന്ന ആലോചനയുടെ പശ്ചാത്തലം ഉണ്ടാക്കാനാണ് ധവളപത്രത്തെ നിങ്ങൾ പ്രയോജനപ്പെടുത്തിയതെന്നാണ് ഞങ്ങളുടെ ആക്ഷേപം. ഏതെങ്കിലും മേഖലയിൽ PPP മോഡൽ വരുന്നതിനോ സ്വകാര്യ നിക്ഷേപം വരുന്നതിനോ ഞങ്ങൾ ഏതെങ്കിലും കാലത്ത് എതിർത്തിട്ടുണ്ടോ? പക്ഷെ വളരെ തന്ത്രപ്രധാനമായ കരിമണൽ ഖനനം, ബ്ലൂ ഇക്കോണമി ഉൾപ്പെടെയുള്ള മേഖലകളിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ കൈകാര്യം ചെയ്തിരുന്ന കാര്യങ്ങളിൽ നിങ്ങൾ സ്വീകരിക്കുന്ന സമീപനം ഈ ധവളപത്രത്തിന്റെ മറവിൽ വെളുപ്പിച്ചെടുക്കാൻവേണ്ടിയാണ് ശ്രമിക്കുന്നത്. തുറമുഖങ്ങളുടെ വികസനത്തിന് ആരെങ്കിലും തടസ്സം പറഞ്ഞിട്ടുണ്ടോ? ഇക്കാര്യത്തിൽ നമ്മൾ എല്ലാവരും ഒരുമിച്ച് നിന്നവരാണ്. പക്ഷെ, അതിന്റെ പേരിൽ സ്വകാര്യ നിക്ഷേപത്തിന് നിങ്ങൾ നൽകുന്ന അമിതമായ സ്വാതന്ത്ര്യം കേരളത്തിന്റെ നിലവിലുള്ള അവസ്ഥയെ മാറ്റുന്നതിനെതിരെയാണ് ഞങ്ങൾ നിലപാട് സ്വീകരിച്ചത്. അതല്ലാതെ സ്വകാര്യ നിക്ഷേപം വേണ്ട എന്നുള്ള സമീപനമൊന്നും ഞങ്ങൾ സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്ത് ദുരിതങ്ങൾ ഉണ്ടാകുമ്പോൾ സന്തോഷിച്ചിരുന്ന ആളുകൾ ഒരു കാലത്ത് പ്രതിപക്ഷത്തുണ്ടായിരുന്നു. ഇനിയും മഴ വരാനുണ്ടല്ലോ, ഇനിയും ദുരിതങ്ങളുണ്ടാകും, എന്തിനാണിത്ര സ്പീഡ് എന്നു ചോദിച്ചവരൊക്കെ പ്രതിപക്ഷത്ത് ഉണ്ടായിരുന്നുവെന്നുള്ള കാര്യം നിങ്ങൾ ഓർക്കണം. ഞങ്ങളുടെ പദ്ധതി സ്വീകരിക്കേണ്ട, നിങ്ങൾ വേറെ സ്പീഡ് കൊണ്ടു വരൂ. പദ്ധതി വേണമെന്ന കാര്യത്തിൽ നമുക്ക് യോജിപ്പാണ്. എന്നാൽ ഞങ്ങൾ കൊണ്ടുവന്ന പദ്ധതികളെ നിങ്ങൾ നഖശിഖാന്തം എതിർത്തു, വികസന പ്രവർത്തനങ്ങളെ തടയാൻ ശ്രമിച്ചു. പുതിയ പദ്ധതികൾ നിങ്ങൾ കൊണ്ടുവരുമ്പോൾ ഞങ്ങളാരെങ്കിലും എതിർക്കുന്നുണ്ടോ? കേന്ദ്ര പദ്ധതികളുടെ ഭാരം ഇപ്പോൾ സംസ്ഥാനത്തിനുമേൽ

വരുന്നുവെന്നത് രാവിലെ ഇവിടെ പറഞ്ഞതാണ്. സംസ്ഥാന വിഹിതം പത്ത് ശതമാനമായിരുന്നത് ഇപ്പോൾ നാൽപ്പത് ശതമാനമായി. അത് പടിപടിയായി വർധിച്ചുവരികയാണ്. കേന്ദ്രനയത്തിന്റെ ഭാഗമായി സംസ്ഥാനത്തിനുമേൽ പുതിയ സാമ്പത്തികഭാരമുണ്ടാവുകയാണ്. സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം കുറയുന്നു. ജി.എസ്.ടി. വന്നപ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകേണ്ടിയിരുന്ന വിഹിതത്തിൽ വന്ന കുറവ് ഈ സഭയ്ക്കകത്തുവച്ചല്ലേ ചർച്ച ചെയ്തത്? അഞ്ച് വർഷം കഴിഞ്ഞാൽ ജി.എസ്.ടി. കോമ്പൻസേഷൻ കിട്ടില്ലെന്ന് അറിയാമല്ലോ എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ കാര്യത്തിൽ മാത്രമല്ല, മറ്റെല്ലാ വിഹിതത്തിലും ഈ പ്രശ്നമുണ്ടെന്ന് നാം കാണണം. അതിനെതിരായി ഒരുമിച്ചൊരു പ്രതിഷേധത്തിന് തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ്; ഇത് ഒരു സംസ്ഥാനത്തിന്റെ വിഷയം മാത്രമായിരുന്നോ? ഇതുമായി ബന്ധപ്പെട്ട് കർണാടക സർക്കാരും പിന്നീട് സമരത്തിന് പോയില്ലേ; സംസ്ഥാനത്തെ മലയാളികളുടെ താൽപര്യം സംരക്ഷിക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാമായിരുന്നില്ലേ? കേന്ദ്രസർക്കാരിനോട് ഏറ്റുമുട്ടണമെന്നല്ല ഞങ്ങൾ പറയുന്നത്. ഫെഡറലിസത്തെ തകർക്കുന്ന, സംസ്ഥാനത്ത് സാമ്പത്തിക ഉപരോധമുണ്ടാക്കുന്ന, മലയാളികൾക്കെതിരായ കേന്ദ്രസർക്കാർ സമീപനത്തിനെതിരെ ഒരുമിച്ച് നിൽക്കുന്ന സമീപനമല്ല നിങ്ങൾ സ്വീകരിച്ചത്. നിങ്ങൾ പ്രതിപക്ഷത്തായിരുന്നപ്പോൾ ശത്രുതാപരമായ സമീപനമാണ് സ്വീകരിച്ചത്. ഉത്തരവാദിത്വപ്പെട്ട ഒരു രാഷ്ട്രീയപ്പാർട്ടി അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നത് ശരിയല്ല. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാണെന്നും അതിന്റെ പിന്തുടർച്ചക്കാരാണെന്നും അവകാശപ്പെടുന്ന രാഷ്ട്രീയ പാർട്ടി അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് ശരിയാണോ എന്നാലോചിക്കണം. കേന്ദ്രസർക്കാരിനെ നഖശിഖാന്തം എതിർക്കണമെന്നൊന്നും ഞങ്ങൾ പറഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കണം. ബജറ്റിലൂൾപ്പെടെ നിങ്ങളുടെ രണ്ടു രേഖകളിലും അതില്ല. അതാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം.

നിലവിലുള്ള പദ്ധതികളുടെ ഇനിയുള്ള ഭാവി എന്താകുമെന്ന് നിങ്ങൾ പറയുന്നില്ല. ലൈഫ് പദ്ധതിയുടെ ഭാവി എന്താകുമെന്ന് ഈ സഭയ്ക്കകത്ത് പറയണ്ടേ; ഒളിച്ചു വയ്ക്കേണ്ട കാര്യമല്ലല്ലോ? ഇപ്പോൾ ഭരണപക്ഷത്തിരിക്കുന്ന അംഗങ്ങൾ ഉൾപ്പെടെയുള്ളവരുടെ നിയോജകമണ്ഡലങ്ങളിൽ എത്ര കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾക്കാണ് കിഫ്ബി പദ്ധതി വഴി സാമ്പത്തിക അനുമതി കിട്ടിയിട്ടുള്ളത്? സാമ്പത്തികാനുമതി കിട്ടുകയെന്നാൽ അത് സർക്കാരിന്റെ ഉറപ്പാണ്. അങ്ങനെ സാമ്പത്തികാനുമതി കിട്ടിയ കിഫ്ബി പദ്ധതികളോട് എന്ത് സമീപനമായിരിക്കും ഈ സർക്കാർ സ്വീകരിക്കുക? ആ പദ്ധതികൾ സ്തംഭിച്ചിരിക്കുകയാണ്. നിങ്ങൾ വരുത്തുന്ന കാലതാമസം പദ്ധതി ചെലവ് ഇരട്ടിക്കുന്നതിന് കാരണമാകും. പദ്ധതികളുടെ നടത്തിപ്പിൽ നിങ്ങളുടെ കാഴ്ച്ചപ്പാടനുസരിച്ച് മാറ്റം വേണമെങ്കിൽ അത് ചെയ്യണം. പക്ഷെ അതിനെ തകർക്കുന്ന സമീപനം സ്വീകരിക്കരുത്. സാമ്പത്തിക ഞെരുക്കങ്ങൾക്കിടയിലും കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി കൊണ്ടുവന്ന ബദൽനയത്തെ ഞെക്കിക്കൊല്ലുമ്പോൾ കേരളത്തിന്റെ പൊതുവികസന പ്രവർത്തനങ്ങളെ അത് ബാധിക്കും എന്നുള്ളകാര്യം മനസ്സിലാക്കണം. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇവിടെ ഒരു കമ്മി ഇക്കോ സിസ്റ്റം ഉണ്ടെന്ന് ഒരു ബഹുമാന്യ അംഗം പറഞ്ഞു. സോഷ്യൽ മീഡിയയിലെ ഭാഷയാണ് കമ്മി, കൊങ്ങി, സംഘി എന്നുള്ളത്. കമ്മി സിസ്റ്റത്തിനുപകരം കൊങ്ങി സിസ്റ്റം കൊണ്ടുവരാനാണോ നിങ്ങൾ ശ്രമിക്കുന്നത്; അതാണോ ഭരണത്തിന്റെ ഉദ്ദേശ്യം? പക്ഷെ ആ സിസ്റ്റം സ്വീകരിക്കുമ്പോൾ നിങ്ങൾ നിയമിച്ചവരെക്കുറിച്ച് ആക്ഷേപം ഉയരുകയാണ്. കാർഷിക സർവകലാശാലയിൽ നിങ്ങൾ നിയമിച്ചയാൾ സംഘിയല്ലേ; ഇലക്ഷൻ കമ്മീഷണർ ആയിരുന്ന ആളെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയായി നിയമിച്ചില്ലേ; അദ്ദേഹം തെരഞ്ഞെടുപ്പ് കമ്മീഷന്റെ കടലാസിൽ ബി.ജെ.പി.-യുടെ സീൽ വച്ച ആളല്ലേ; നിങ്ങൾ ഈ സിസ്റ്റത്തെ എങ്ങോട്ടാണ് കൊണ്ടു പോകുന്നത്? മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ നിയമനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ

ഈ പ്രശ്നം വരികയല്ലേ; ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. ടി. സിദ്ദിഖ് കാർഷിക സർവകലാശാലയുടെ കാര്യത്തിലും ഇക്കാര്യം ശക്തമായി ഉന്നയിക്കുന്നത് കണ്ടു. എന്നാൽ കേന്ദ്രസർക്കാരുമായി ഒരു അൺഹെൽത്തി ഡിബേറ്റിന് തങ്ങളില്ലെന്നാണ് മറ്റൊരു മന്ത്രി പറയുന്നത്. കേരള സർക്കാർ 4,00,000/- രൂപയും കേന്ദ്ര സർക്കാർ 1,20,000/- രൂപയും ധനസഹായം നൽകി നിർമ്മിക്കുന്ന വീടുകളിൽ ചാപ്പ കുത്തണമെന്ന നിർദേശം സ്വീകരിക്കാൻ കഴിയില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രിയാണ് ഇന്നത്തെ പ്രതിപക്ഷനേതാവ്. അത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? നിങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ലോഗോ സ്വീകരിച്ചുകൊണ്ട്, ആ ചാപ്പ കുത്തലിനെ അംഗീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റുമായി ധാരണയുണ്ടാക്കി, അവരുമായി ഏറ്റുമുട്ടലില്ലാതെ മുന്നോട്ടുപോകുന്നുവെന്ന ഒരു ധാരണ കേരളത്തിൽ ശക്തിപ്പെട്ട് വരുന്നുണ്ട്. അങ്ങനെയൊരു ധാരണ നേരത്തെയും ഉണ്ടായിരുന്നുവെന്നത് കേരളത്തിലെ തിരഞ്ഞെടുപ്പ് ചരിത്രം നോക്കിയാൽ അറിയാൻ സാധിക്കും. അത്തരമൊരു ഇക്കോ സിസ്റ്റം വേണമെന്നാണോ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്? ഏതെങ്കിലുമൊരു നിയമനത്തിന്റെ കാര്യത്തിൽ മാത്രമല്ല, നിങ്ങൾ നിയമിച്ച പല ആളുകളെക്കുറിച്ചും ഇത്തരത്തിലുള്ള ആക്ഷേപം ഉന്നയിക്കുകയാണ്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ സംഖ്യ വെട്ടിക്കുറച്ചാൽ അതിന്റെ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കില്ല. ഇത് സർക്കാർ നൽകിയ ഉറപ്പിനെതിരാണ്. അത്തരമൊരു നിലപാട് സ്വീകരിക്കരുതെന്ന് അഭ്യർഥിക്കുന്നു. നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലുൾപ്പെടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായിട്ടുള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അനുമതി നൽകിയത് കഴിഞ്ഞ ഗവൺമെന്റാണ് എന്നതിനാൽ ഇപ്പോൾ അതിനോട് നിഷേധാത്മക സമീപനം സ്വീകരിച്ചാൽ ഇപ്പോൾ 102 ആളുകളും ഭരണപക്ഷത്താണുള്ളതെന്ന കാര്യം ഓർക്കണം. ഈ പദ്ധതി ഉപേക്ഷിക്കരുതെന്ന് ഞാൻ അഭ്യർഥിക്കുന്നു. നിങ്ങൾക്ക് നവകേരളം പദ്ധതിയുടെ കാര്യങ്ങളെക്കുറിച്ച് ആക്ഷേപമുണ്ടാകാം. പക്ഷെ നവകേരളം പദ്ധതിയുടെ ഭാഗമായി ഏഴ് കോടി രൂപ 140

മണ്ഡലങ്ങളുടെയും അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി അനുവദിച്ച സർക്കാരായിരുന്നു സഖാവ് പിണറായി വിജയന്റേത്. പ്രതിപക്ഷത്തോട് ഞങ്ങൾ വിവേചനം കാണിച്ചില്ല. ആ പദ്ധതിയോടുള്ള നിങ്ങളുടെ സമീപനവും നിലപാടും എന്താണ്; നിങ്ങൾ അത് വേണ്ടെന്ന് വയ്ക്കുമോ? തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ ബജറ്റിൽ രണ്ടായിരത്തിൽപ്പരം കോടി രൂപ നീക്കിവച്ച സ്ഥാനത്ത് ഇപ്പോഴത്തെ ബജറ്റിൽ ആയിരത്തി നാനൂറ് കോടിയിൽപ്പരം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആ പദ്ധതിക്കായി ഇനിയും തുക മുടക്കേണ്ടതായി വരില്ലേ? ഇപ്പോഴത്തെ ബജറ്റിനെക്കുറിച്ച് മാസ്റ്റർ പീസ് ബജറ്റ് എന്നൊക്കെയാണ് ഇവിടെ പറഞ്ഞത്. എന്ത് മാസ്റ്റർ പീസാണ് ഇതിന്റെ ഭാഗമായിട്ടുണ്ടാകുന്നതെന്ന് എനിക്ക് അറിയില്ല. കുന്ദമംഗലത്തുനിന്ന് ഗവിയിലേക്ക് പോകുന്നതിനായി ഒരു ഓർഡിനറി ബസ്സ് ഉണ്ടെന്നത് പുതിയൊരു അറിവാണ്. ഗവിയിലേക്ക് യാത്ര ചെയ്യുവെന്ന് ഇവിടെ ഒരു അംഗം പറഞ്ഞതാണ്. അതുകൊണ്ട് ഞങ്ങളുടെ നാട്ടിൽനിന്നും മൂന്നാറിലേക്കും ഗവിയിലേക്കും പോകുന്നതിനായി ഓരോ ഓർഡിനറി ബസ്സ് വേണമെന്നാണ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് പറയാനുള്ളത്. ഈ സർക്കാർ ചെയ്ത കാര്യത്തെ ഞങ്ങൾ എതിർക്കുന്നില്ല. സ്ത്രീകൾക്ക് സൗജന്യമായി യാത്ര ചെയ്യാൻ അവസരം നൽകിയത് നല്ല കാര്യമാണ്. എന്നാൽ എല്ലാ ബസ്സിലും സൗജന്യയാത്ര എന്ന് നിങ്ങൾ പറഞ്ഞ വാക്ക് പാലിച്ചില്ലെന്ന ആക്ഷേപം മാത്രമാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. അതിനെ സ്ത്രീ പ്രശ്നവുമായി ബന്ധപ്പെടുത്തി അപഹാസ്യമായ രീതിയിൽ ചിത്രീകരിക്കുന്നത് ശരിയല്ല. ഇത് നിയമസഭയല്ലേ; ഇവിടെ നടത്തുന്ന പ്രസംഗത്തിന് ഒരു നിലവാരമൊക്കെയുണ്ടാകേണ്ടേ; സിനിമാക്കഥ പറയൽ മാത്രം അല്ലല്ലോ ഇവിടെ നടക്കേണ്ടത്. നിയമ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലത്ത് ഉപമയും സിനിമാക്കഥകളും തിലകനെയും സീമയെയും കുറിച്ചൊക്കെയല്ല പറയേണ്ടത്. അവരെല്ലാം മേശക്കാർ ആയതുകൊണ്ടല്ല ഇങ്ങനെ പറയുന്നത്. നിയമസഭ അത്തരം കഥ പറയാനുള്ള വേദിയല്ല. രാഷ്ട്രീയ പ്രശ്നങ്ങളെയും നാടിന്റെ വികസന

പ്രവർത്തനങ്ങളെയും അതിന്റേതായ പ്രാധാന്യത്തിൽ കാണേണ്ടതാണ്. ഈ ബജറ്റിലുള്ള പുരോഗമനപരമായ നടപടികളെയൊന്നും ഞങ്ങൾ എതിർത്തിട്ടില്ല. ഞങ്ങളുടെ സംശയങ്ങൾ ഉന്നയിച്ചു. ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്ന സ്വകാര്യവൽക്കരണ നയങ്ങളെ ഞങ്ങൾ തുടർന്നും എതിർക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽകുമാർ</u>): സർ, ഇന്നും നാളെയുമായി വളരെ പരിമിതമായ സമയം മാത്രമാണ് ധനാഭ്യർഥനകളെക്കുറിച്ചുള്ള ചർച്ചയ്ക്കായുള്ളത്. അതിനാൽ ഏറ്റവും ചുരുക്കിയാണ് സംസാരിക്കുന്നത്. ഒരു പുതിയ ഗവൺമെന്റ് അധികാരത്തിൽ വരികയും പുതിയ കാഴ്ചപ്പാടുമായി മുന്നോട്ടുപോകുകയുമാണ്. എല്ലാ മേഖലകളിലെയും സർവതലങ്ങളെയും സ്പർശിച്ചുകൊണ്ട്, റവന്യൂ വകുപ്പ് കാലത്തിനനുസരിച്ച് സ്വീകരിക്കേണ്ടതായ ഉത്തരവാദിത്വങ്ങളുമായി മുന്നോട്ടുപോകുമെന്ന് ഞാൻ ആമുഖമായി സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ച് സംസാരിച്ചപ്പോൾ പറഞ്ഞ രണ്ടാം ഭൂപരിഷ്കരണ നിയമം ഏറ്റവും ശക്തമായ രീതിയിൽ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. ഒന്നാം ഭൂപരിഷ്കരണ നിയമം സംബന്ധിച്ച് വലിയ രീതിയിലുള്ള ചർച്ചകളുണ്ടായി. മൂന്ന് ഗവൺമെന്റുകളിലൂടെയാണ് ഒന്നാം ഭൂപരിഷ്കരണ നിയമം പൂർണ്ണ നിയമമായി വന്നത്. എന്നാൽ അതിന്റെ ഗുണം ലഭിക്കാത്ത, പാർശ്വവൽക്കരിക്കപ്പെട്ട നിരവധി ജനവിഭാഗങ്ങളുണ്ട്. കാലത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട്, ഒന്നാം ഭൂപരിഷ്കരണ നിയമത്തിന്റെ ഗുണഫലങ്ങൾ ലഭിക്കാത്ത ആളുകൾക്കുകൂടി ഗുണം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്ന ഒരു നിയമത്തിന്, രണ്ടാം ഭൂപരിഷ്കരണ നിയമത്തിന് നമ്മൾ രൂപം കൊടുക്കും. കേരളം ഒരു കാർഷിക സംസ്ഥാനമായാണ് അറിയപ്പെടുന്നതെങ്കിലും കാർഷിക രംഗത്ത് നമ്മൾ ആശ്രയിക്കുന്നത് മറ്റ് സംസ്ഥാനങ്ങളെയാണ്. കാർഷിക മേഖല ചുരുങ്ങി വരുന്ന സാഹചര്യമാണ് ഇവിടെയുള്ളത്. നിലവിൽ വ്യാവസായിക രംഗത്തെ നമ്മുടെ സാഹചര്യം എന്താണ്; നമ്മുടെ കുട്ടികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്കും പോകുന്നു. അവിടെ നിന്നുള്ള വരുമാനമാണ്

നമ്മുടെ ഏറ്റവും വലിയ സ്വത്ത്. പക്ഷെ, ലോകത്തുണ്ടാകുന്ന മാറ്റങ്ങൾ കാരണം നമ്മുടെ കുട്ടികൾ തിരിച്ചുവരുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. അത്തരം സാഹചര്യത്തിൽ വ്യാവസായിക മേഖലയെയാണ് നാം ഫോക്കസ് ചെയ്യേണ്ടത്. വ്യാവസായിക രംഗത്ത് വലിയ മുന്നേറ്റമുണ്ടാകണം. വ്യവസായ രംഗത്ത് മുന്നേറ്റമുണ്ടാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതിനനുസരിച്ചുള്ള മാറ്റങ്ങളും ഭൂമിയുടെ കാര്യത്തിലുണ്ടാകുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. തോട്ടഭൂമിയായാലും അല്ലാത്ത ഭൂമിയാണെങ്കിലും നമ്മുടെ ഭൂമിയെല്ലാം പ്രൈവറ്റ് രജിസ്ട്രേഷന്റെ ഭാഗമാക്കി മാറ്റുമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർഥം. പക്ഷെ, ഭൂമിയുടെ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉണ്ടാകുകയെന്നത് വർത്തമാന കാലഘട്ടത്തിൽ അനിവാര്യമാണ്. ആ മാറ്റത്തിന് റവന്യൂ വകുപ്പ് നേതൃത്വം നൽകുമെന്ന് സൂചിപ്പിക്കുന്നു. രണ്ടാമത്തെ കാര്യം, സർക്കാർ ഭൂമിയുടെ കൈയേറ്റം പലപ്പോഴും നമ്മൾ കാണാതെ പോകുന്ന കാര്യമാണ്. സർക്കാർ ഭൂമിയുടെ കൈയേറ്റം ഒരു കാരണവശാലും ഈ ഗവൺമെന്റ് നോക്കിനിൽക്കില്ല. അത് ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശക്തമായ നിലപാട് സ്വീകരിക്കും. അത്തരം ചില കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില കേസുകളിൽ, കൈയേറ്റം കണ്ടെത്തിയാൽ, നിർദേശം കൊടുത്താൽപോലും മുഖം തിരിച്ചുനിൽക്കുന്ന ഉദ്യോഗസ്ഥരും റവന്യൂ വകുപ്പിലുണ്ട്. അത്തരം ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് സൂചിപ്പിക്കുന്നു.

പട്ടയത്തിന്റെ കാര്യവും ഏറ്റവും പ്രധാനപ്പെട്ടതാണ്. സ്വന്തമായി ഭൂമിയുണ്ടെങ്കിലും അവിടെ വീടുവയ്ക്കാൻ കഴിയാത്തവരുണ്ട്. വീടുവയ്ക്കാൻ കഴിഞ്ഞാലും മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകാത്തവരുമുണ്ട്. പട്ടയം നൽകുന്ന കാര്യത്തിൽ സർക്കാരിനൊരു പ്രയോരിറ്റിയുണ്ട്. എല്ലാ വിഭാഗം ആളുകൾക്കും പട്ടയം നൽകണം. എന്നാൽ, ഏറ്റവും പ്രയാസം അനുഭവിക്കുന്ന, തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ, കോളനികളിൽ

താമസിക്കുന്ന പട്ടികജാതി വിഭാഗങ്ങൾ, ആദിവാസി ഊരുകളിൽ താമസിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങളിലെ അഞ്ചും പത്തും സെന്റ് മാത്രം ഭൂമിയുള്ള എത്രയോ കുടുംബങ്ങൾക്കിന്ന് പട്ടയം ലഭിക്കാത്ത സ്ഥിതിയുണ്ട്. അത്തരത്തിലുള്ളവർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് മുൻഗണന നൽകുമെന്നുകൂടി സൂചിപ്പിക്കുകയാണ്.

ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ നിലനിൽക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഫെയർവാല്യൂ വളരെ കൂടുതലാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ഗവൺമെന്റിന് ന്യായമായി ലഭിക്കേണ്ട ഫെയർവാല്യുവിന്റെ സ്ലാബ് വളരെ കുറച്ചുവച്ചിരിക്കുകയുമാണ്. ഇത് രണ്ടും പരിഹരിക്കേണ്ടതുണ്ട്. ഗവൺമെന്റിന് അർഹമായത് ലഭിക്കണം. അതോടൊപ്പംതന്നെ ന്യായവില കൂട്ടിവച്ച് സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്ന സാഹചര്യവുമുണ്ടാകരുത്. ഈ രണ്ടുകാര്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള ന്യായവില ഏകീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് നടപ്പിലാക്കും. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട കാര്യം ഞാൻ രാവിലെ സൂചിപ്പിച്ചു. ഇതിനായുള്ള രണ്ടര ലക്ഷത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്. അവ പരിശോധിച്ച് എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിക്കുന്നു. ഡിജിറ്റൈസേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഓൺലൈനിലേക്ക് മാറ്റുമ്പോൾ അത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ആർക്കും ഉണ്ടാകരുത്. അതിന്റെ പേരിൽ ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം വരരുത് എന്നതിനാൽ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിച്ച്, റവന്യൂ വകുപ്പ് നടപ്പാക്കുന്ന ഡിജിറ്റൈസേഷന്റെ ഗുണം സാധാരണക്കാർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു, കുറെയേറെ ഓഫീസുകളെ അപ്രകാരം മാറ്റിക്കഴിഞ്ഞിട്ടുണ്ട്. ചോർന്നൊലിക്കുന്ന കുറച്ച് വില്ലേജ് ഓഫീസുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സാധാരണക്കാർക്ക് കടന്നുവരാൻ കഴിയുന്ന രീതിയിൽ വില്ലേജ്

ഓഫീസുകളിൽ ആവശ്യത്തിന് സൗകര്യമുണ്ടാകുകയെന്നത് പ്രധാനപ്പെട്ട കാര്യമാണ്. താഴെക്കോട് പഞ്ചായത്തിലെ അരക്കുപറമ്പ് വില്ലേജ് ഓഫീസ്, കാളികാവ് പഞ്ചായത്തിലെ കാളികാവ് വില്ലേജ് ഓഫീസ്, കൊടുവള്ളി ഓമശ്ശേരി പുത്തൂർ വില്ലേജ് ഓഫീസുൾപ്പെടെ പത്ത് വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്മാർട്ട് വില്ലേജ് ഓഫീസുകൾകൂടി അനുവദിക്കുമെന്ന് സൂചിപ്പിക്കുന്നതിനും ഈ സന്ദർഭം വിനിയോഗിക്കുകയാണ്. ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന റവന്യൂ വകുപ്പിന്റെ സേവനം ഏറ്റവും സുതാര്യമായ രീതിയിൽ ലഭിക്കുന്നതിനുള്ള നടപടിയുണ്ടാകുമെന്നുകൂടി സഭയെ അറിയിച്ചുകൊണ്ട് ഈ ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ലിജു</u>): സർ, ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലെ ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനും വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും അതുവഴി ലഹരിമുക്തമായ കേരളം സാക്ഷാത്കരിക്കുന്നതിനുമുള്ള വിവിധ നിർദേശങ്ങളാണ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വളരെ ക്രിയാത്മകമായ നിരവധി നിർദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ എല്ലാ എക്സൈസ് ഓഫീസുകളിലും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ഇല്ലായിരുന്നുവെന്നത് പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. പിടിച്ചെടുക്കുന്ന മയക്കുമരുന്നുകൾ മയക്കുമരുന്നാണോയെന്നും അത് ഏത് ഇനത്തിൽപ്പെട്ടതാണെന്നും കണ്ടുപിടിക്കാതിരുന്നത് കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിന് വലിയ തടസ്സമായിരുന്നു. എല്ലാ എക്സൈസ് ഓഫീസുകളിലും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കാൻ ഇത്തവണത്തെ ബജറ്റിൽ തുക വകയിരുത്തിയത് വളരെ സുപ്രധാനമായ ഒരു തീരുമാനമാണ്. സംസ്ഥാന എക്സൈസ് വകുപ്പിന് നാളിതുവരെ ഒരു കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി ഇല്ലായിരുന്നു. കേസുകളിൽ പിടിച്ചെടുക്കുന്ന

ലഹരി വസ്തുക്കൾ സംസ്ഥാനത്തെ കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറികളിലാണ് പരിശോധനയ്ക്ക് അയച്ചിരുന്നത്. എന്നാൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ എല്ലാത്തരത്തിലുമുള്ള പരിശോധനകളും കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറികളിൽ നടക്കുന്നതുകൊണ്ടുതന്നെ കൃത്യസമയത്ത് പരിശോധനാഫലങ്ങൾ ലഭിക്കാതെ വരികയും കൺവിക്ഷൻ റേറ്റിനെ ഗുരുതരമായി ബാധിക്കുകയും ചെയ്തിരുന്നു. ഇത്തവണത്തെ ബജറ്റിൽ സംസ്ഥാനത്താദ്യമായി എക്സൈസ് കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറി സ്ഥാപിക്കാനെടുത്ത തീരുമാനം അങ്ങേയറ്റം ഗുണകരമാണ്. പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടുന്നതരത്തിൽ[ എക്സൈസ് ഓഫീസുകളുടെ ആധുനികസങ്കൽപ്പം മുന്നോട്ടുവയ്ക്കുന്ന ഒരു മോഡൽ എക്സൈസ് ഓഫീസ് നാളിതുവരെ നമ്മുടെ സംസ്ഥാനത്തില്ലായിരുന്നു. ഈ ബജറ്റിലാണ് സംസ്ഥാനത്താദ്യമായി മോഡൽ റെയ്ഞ്ച് എക്സൈസ് ഓഫീസ് എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ചത്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ സംസ്ഥാനത്താകമാനം ആരംഭിക്കുകയാണ്. ബജറ്റിൽ അതുമായി ബന്ധപ്പെട്ട പരാമർശങ്ങളുണ്ടാകുകയും അതിനായി തുക വകയിരുത്തുകയും ചെയ്തത് വിപ്ലവകരമായ ഒരു തീരുമാനമാണ്. എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള 'മയങ്ങില്ല കേരളം' എന്ന മയക്കുമരുന്ന് വിരുദ്ധ പദ്ധതി എൻഫോഴ്സ്മെന്റ്, അവയർനെസ്, ഡീ-അഡിക്ഷൻ, റീഹാബിലിറ്റേഷൻ എന്നീ നാല് പ്രധാനപ്പെട്ട പില്ലറുകളിൽ ഊന്നിയുള്ളതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ട എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത് 'ഓപ്പറേഷൻ തണ്ടർ' എന്ന പേരിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതായത് ഒരു മാസത്തിനകം 14722 കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തുവെന്ന വിവരം ഞാൻ സഭയെ അറിയിക്കുകയാണ്. അതിൽ 1422 കേസുകൾ എൻ.ഡി.പി.എസ്. കേസുകളാണ്. കേവലം അയ്യായിരത്തിനുതാഴെമാത്രം അംഗങ്ങളുള്ള എക്സൈസ് ഫോഴ്സ് ഇതിനോടകം 15 കൊമേഴ്ഷ്യൽ ക്വാണ്ടിറ്റി കേസുകളും 170 മീഡിയം ക്വാണ്ടിറ്റി കേസുകളും കണ്ടെത്തി.

സംസ്ഥാനത്ത് സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് ജൂൺ മാസം ഒന്നാം തീയതി സമീപത്തെ കടകളിൽ എക്സൈസ് നടത്തിയ റെയ്ഡിൽ 11008 COTPA (Cigarettes and Other Tobacco Products Act) കേസുകളും 2292 അബ്കാരി കേസുകളും രജിസ്റ്റർ ചെയ്യപ്പെട്ടു. എൻ.ഡി.പി.എസ്. കേസുകളുൾപ്പെടെ ഫോൺ നമ്പരുകളിലൂടെ അറിയിക്കുമ്പോൾ ഇൻഫോർമറുടെ ഐഡന്റിറ്റി പുറത്താകുന്നെന്നുള്ള പരാതി വരുന്നുണ്ട്. ഇത്തരം കേസുകൾ ഇൻഫോം ചെയ്യുന്ന ആളുകൾ അജ്ഞാതരായി നിലകൊണ്ടെങ്കിൽ മാത്രമേ അവരുടെ സുരക്ഷ ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. സംസ്ഥാന എക്സൈസ് വകുപ്പ് ഇന്ത്യയിലാദ്യമായി ഒരു 'വെബ് പോർട്ടൽ' സംവിധാനം ഇതിനായി ഒരുക്കിക്കഴിഞ്ഞു. ജൂലൈ മാസം ഒന്നാം തീയതി മുതൽ അതിന്റെ പ്രവർത്തനം ആരംഭിക്കും. എവിടെയൊക്കെയാണ് മയക്കുമരുന്നുള്ളത്, ആരൊക്കെയാണ് ക്രിമിനലുകൾ എന്നുള്ള വിവരം ഐഡന്റിറ്റി വെളിപ്പെടുത്താതെതന്നെ ഈ പോർട്ടൽ വഴി നൽകാൻ സാധിക്കും. കൂടാതെ സംസ്ഥാനത്ത് ആർക്കെങ്കിലും കൗൺസിലിങ് ആവശ്യമുണ്ടെങ്കിൽ 'വിമുക്തി'-യുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി കൗൺസിലർമാരുടെ സേവനവും കേരളത്തിലെ 14 ജില്ലകളിലും പ്രവർത്തിക്കുന്ന ഡീ-അഡിക്ഷൻ സെന്ററുകളുടെ വിവിധ സേവനങ്ങളും വെബ് പോർട്ടൽ വിഭാവനം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ എക്സൈസുമായി ബന്ധപ്പെട്ട് വിപ്ലവകരമായ നിരവധി നിർദേശങ്ങൾ ബജറ്റിലുണ്ട്. ചുരുക്കി സംസാരിക്കുന്നതുകൊണ്ട്, ........

മി. സ്പീക്കർ: പ്രൊപ്പോസൽസ് എന്തെങ്കിലുമുണ്ടെങ്കിൽ ടേബിൾ ചെയ്യാം.

ശ്രീ. എം. ലിജു: സർ, അതുകൊണ്ട് എക്സൈസ് വകുപ്പിന്റെ ധനാഭ്യർഥനയെ പരിപൂർണ്ണമായി പിന്തുണയ്ക്കണമെന്ന് സഭയോട് അഭ്യർഥിക്കുകയാണ്.

സംസ്ഥാന സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് ജൂൺ ഒന്ന് മുതൽ ആഗസ്റ്റ് 31-വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ 'ആശ്വാസ്-2026' നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ദുരിതമനുഭവിക്കുന്ന നിരവധി മനുഷ്യർക്ക് ആശ്വാസം

പകരുന്ന ഒരു പദ്ദതിയാണിത്. അമ്പതുശതമാനം വരെ പലിശ ഒഴിവാക്കിക്കൊടുക്കുന്ന, പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുന്ന ഒരു പദ്ധതിയാണിത്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സഹകരണ സംഘങ്ങളെ സമീപിച്ചാൽ, അവിടെയുള്ള പ്രാഥമിക ആശ്വാസ് കമ്മിറ്റികൾ അപേക്ഷകൾ പരിഗണിക്കുകയും ഇളവ് ലഭ്യമാക്കുകയും ചെയ്യും. അതിൽ തൃപ്തരായില്ലെങ്കിൽ ജോയിന്റ് രജിസ്ട്രാറുടെ നേതൃത്വത്തിലുള്ള ഉപരി കമ്മിറ്റിക്കുമുമ്പാകെ സമർപ്പിക്കാം. ജെ.ആർ.-ന്റെ നേതൃത്വത്തിലുള്ള കമ്മിറ്റിയിൽ തൃപ്തികരമായ തീരുമാനമുണ്ടായില്ലെന്ന് ഉപഭോക്താവിന് തോന്നിയാൽ സംസ്ഥാന സഹകരണ വകുപ്പുമന്ത്രിയുൾപ്പെടുന്ന സംസ്ഥാന സമിതിക്ക് ഈയൊരു വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: ഡിപ്പാർട്ടുമെന്റ് എന്ത് തീരുമാനമെടുത്താലും അതത് സഹകരണ സംഘങ്ങൾ ചില നിബന്ധനകളുമായി മുന്നോട്ടുപോകുകയാണ്. മൂന്നും അഞ്ചും സെന്റുമാത്രം ഭൂമിയുള്ള ആളുകളെ ജപ്തി നടപടികൾക്ക് വിധേയരാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് അത്തരം നടപടികൾ സ്വീകരിക്കരുതെന്ന് നേരത്തെ നിർദേശം നൽകിയിരുന്നതായാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ചില സംഘങ്ങൾ ഇപ്പോഴും അത്തരം നടപടികൾ തുടരുന്നതായി കാണുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ലിജു</u>: സർ, വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നത്. 'ആശ്വാസ്' പദ്ധതിപ്രകാരം ഈ മൂന്നുമാസക്കാലയളവിൽ ജപ്തി, ലേലം ഉൾപ്പടെയുള്ള നടപടികൾ നിർത്തിവയ്ക്കണമെന്ന കൃത്യമായ നിർദേശം സഹകരണ സംഘം ആക്ടിന്റെ സെക്ഷൻ (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ പരിധിയിൽവരുന്ന മുഴുവൻ സംഘങ്ങൾക്കും നൽകിയിട്ടുണ്ടെങ്കിലും പല സംഘങ്ങളും അത് പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല അവരെ സമീപിക്കുന്ന ആളുകളോട് മനുഷ്യത്വരഹിതമായി ബ്ലേഡ്

കമ്പനിക്കാരെപ്പോലെ പെരുമാറുന്ന സഹകരണ സംഘങ്ങളുടെ പ്രവൃത്തിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദ്യഘട്ടത്തിൽ സഹകരണ സംഘങ്ങളെ സമീപിച്ചുകഴിഞ്ഞാൽ അവിടെനിന്നും ഇളവുനൽകുകയും അതിൽ തൃപ്തരല്ലെങ്കിൽ ജെ.ആർ.-ന്റെ നേതൃത്വത്തിലുള്ള സമിതിയെ സമീപിക്കാവുന്നതാണ്. അതിലും തൃപ്തരല്ലെങ്കിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനായ സംസ്ഥാന സമിതിയെ സമീപിക്കാമെന്നുള്ള വിവരം അറിയിക്കുന്നില്ലെന്നുള്ള ഗുരുതരമായ പരാതി പലയിടത്തുനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കൃത്യമായ നിർദേശം ജോയിന്റ് രജിസ്ട്രാർമാർക്കും സംസ്ഥാന രജിസ്ട്രാറിനും നൽകിയിട്ടുണ്ട്. ഈ നിർദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന, ചില ഉദ്യോഗസ്ഥരും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്, പല അസിസ്റ്റന്റ് രജിസ്ട്രാർമാരെക്കുറിച്ചും പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അവർ ഇത്തരം സംഘങ്ങളുടെ ഗുണ്ടകളെപ്പോലെ പെരുമാറുന്നതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജനങ്ങളോട് മനുഷ്യത്വരഹിതമായി പെരുമാറുന്ന ആളുകൾക്കെതിരെ അതിശക്തമായ നടപടിയുണ്ടാകുമെന്നുള്ള വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. അതുപോലെ റിസ്ക് ഫണ്ടുമായി ബന്ധപ്പെട്ട് നിലവിൽ ധാരാളം പ്രശ്നങ്ങളുണ്ട്. പലപ്പോഴും മാരകരോഗങ്ങൾ ബാധിച്ച ആളുകളുടെ നിവേദനങ്ങൾ നിരസിക്കപ്പെടുമ്പോൾ, കഴിഞ്ഞ കുറച്ചുനാളുകളായി കുടിശ്ശികയുള്ളതുകൊണ്ട് റിസ്ക് ഫണ്ട് ലഭ്യമാക്കാൻ കഴിയില്ലെന്ന കാര്യങ്ങളാണ് പറയുന്നത്. മാരകരോഗങ്ങൾ ബാധിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് കുടിശ്ശികയില്ലാതെ റിസ്ക് ഫണ്ടിലേയ്ക്ക് പണമടക്കാൻ സാധിക്കുമോ; ഇല്ല. അത് സംസ്ഥാന സഹകരണ വകുപ്പിന്റെ പരിധിയിലാണുള്ളത്. മാരക രോഗങ്ങൾ ബാധിച്ചവർ, രോഗം ബാധിച്ച് മരിച്ചവർ തുടങ്ങിയവരുടെ കേസുകളിൽ നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തുന്നതിനെക്കുറിച്ചുള്ള ആലോചന സംസ്ഥാന സഹകരണ വകുപ്പിന്റെ മുമ്പിലുണ്ടെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. റിസ്ക് ഫണ്ടിലേയ്ക്ക് സംസ്ഥാന ബജറ്റിൽ പത്തുകോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നുള്ളത് വളരെ സന്തോഷകരമാണ്. അതുപോലെ നിലവിൽ ഏകദേശം 315 കോടിയോളം രൂപ ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിലുണ്ട്. പക്ഷേ

അതിലെ നിബന്ധനയനുസരിച്ച് ലിക്വിഡേറ്റ് ചെയ്യപ്പെട്ട സംഘങ്ങൾക്കുമാത്രമെ ഇത്തരത്തിൽ ആനുകൂല്യം ലഭിക്കുകയുള്ളൂ. ഇത്തരമൊരു നിബന്ധനയുള്ളതിനാൽ നിക്ഷേപകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം നിലവിലുണ്ട്. ഇത് പരിഹരിക്കാനാവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം സംസ്ഥാന സഹകരണ വകുപ്പിന്റെ പരിഗണനയിലാണെന്ന വിവരം ഞാൻ സഭ മുമ്പാകെ അറിയിക്കുകയാണ്. നിക്ഷേപകർക്ക് അവരുടെ പണം തിരികെ ലഭിക്കുന്നതിനാവശ്യമായ പ്രാരംഭപ്രവർത്തനങ്ങൾക്കായി 10 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നത് അങ്ങേയറ്റം സ്വാഗതം ചെയ്യേണ്ടൊരു തീരുമാനമാണ്. കേരളത്തിന്റെ അടിസ്ഥാനസൗകര്യ പുരോഗതിയിലും സഹകരണ മേഖലയുടെ പുരോഗതിക്കും വേണ്ടിയുള്ള Public Co-operative Participation (PCP) മോഡൽ എന്നൊരു മികച്ച നിർദേശം....... പൊതുമേഖലയും സഹകരണ സ്ഥാപനങ്ങളും അവയുടെ കൺസോർഷ്യങ്ങളും ചേർന്ന് നാടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിൽ വലിയ മുന്നേറ്റം ഉണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നൂതന നിർദേശം ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു കോടി രൂപ പ്രാരംഭപഠനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന ഈ പദ്ധതി സംസ്ഥാനത്താകമാനം വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് സഹായകരമായ ഒരു പ്രാഥമിക പദ്ധതിയാണ്. ഇത്തരം മികച്ച നിർദേശങ്ങളുള്ള, ജനപക്ഷ നിലപാടുകളുള്ള, നാടിനെ മുന്നോട്ട് നയിക്കുന്ന ക്രിയാത്മക നിർദേശങ്ങളുള്ള ഈ ബജറ്റിന്റെ ധനാഭ്യർഥന അംഗീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): സർ, ഈ ധനാഭ്യർഥന അംഗീകരിക്കണമെന്ന് ബഹുമാനപ്പെട്ട സഭയോട് അഭ്യർഥിച്ചുകൊണ്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് കൊണ്ടുവന്ന 'പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി' ഇന്ന് നമ്മുടെ നാട്ടിലെ ഏറ്റവും വലിയൊരു ചർച്ചാവിഷയമാണ്. വാസ്തവത്തിൽ അതൊരു സൗജന്യ യാത്രാ പദ്ധതി എന്നതിനപ്പുറത്തേക്ക്

പോയിരിക്കുകയാണ്. ഏകദേശം 5 ലക്ഷം സ്ത്രീകളാണ് ഒരു ദിവസം അധികമായി കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഇപ്പോൾ യാത്ര ചെയ്യുന്നത്. 20 ലക്ഷം പേർ യാത്ര ചെയ്തിരുന്നതിൽ 10 ലക്ഷം സ്ത്രീകളായിരുന്നെങ്കിൽ ഇന്നിപ്പോൾ 15 ലക്ഷം സ്ത്രീകളാണ് യാത്ര ചെയ്യുന്നത്. നമുക്കതിൽ എല്ലാ ദിവസവും 2.5 കോടിയോളം രൂപ ബാധ്യത വരുന്നുണ്ട്. ധനകാര്യപരമായ കണ്ണുകളിലൂടെ നോക്കുമ്പോൾ അതൊരു വിഷമകരമായ കാര്യമാണെന്ന് നമുക്കറിയാം. പക്ഷെ ജീവിതത്തിന്റെയും സമ്പദ്ഘടനയുടെയും ഭാഗത്തുനിന്ന് നോക്കിയാൽ ഏതാണ്ട് 7 കോടിയിലധികം രൂപ സാധാരണക്കാരായ സ്ത്രീകളുടെ കൈയിൽ ദിവസേന ഈ ഗവൺമെന്റ് എത്തിച്ചുകൊണ്ടിരിക്കുകയാണ്. "പ്രിയദർശിനി സൗജന്യ യാത്ര" പദ്ധതിക്കായി 600 കോടി രൂപയാണ് ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു വർഷത്തേക്ക് എല്ലാംകൂടി 800 കോടി രൂപയാണെന്നു കണക്കാക്കിയാൽ, ഒരു രൂപ നമ്മൾ ചെലവാക്കുമ്പോൾ അതിൽ മൂന്ന് രൂപയുടെ ബെനിഫിറ്റ് ഓർഡിനറി ബസിൽ യാത്ര ചെയ്യുന്ന working women എന്ന വിഭാഗത്തിൽപെടുന്ന സാധാരണക്കാരായ സ്ത്രീകളുടെ കൈയിൽ കിട്ടുമ്പോൾ......... അത് കിട്ടുന്നത് സ്ത്രീകൾക്ക് മാത്രമല്ല അവരുടെ പ്രായംചെന്ന അച്ഛനമ്മമാർ, അവരുടെ കുട്ടികൾ, അവരുടെ ഭർത്താക്കന്മാർ ഉൾപ്പെടെയുള്ളവർക്ക് അതിന്റെ ഫലം ലഭിക്കുകയും അവരുടെ കുടുംബബജറ്റിനെ ശക്തിപ്പെടുത്തുകയും ചെയ്യുമെന്ന് സന്തോഷത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മുടങ്ങാതെ നൽകിക്കൊണ്ട് നമ്മൾ മുന്നോട്ട് പോകുകയാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകൾ മാത്രം ഉപയോഗിച്ച് പൊതുഗതാഗത സംവിധാനം നിലനിർത്താൻ സാധിക്കില്ല. നമുക്ക് ഏതാണ്ട് 5700 ബസ്സുകളാണുള്ളത്. സ്വകാര്യമേഖലയെന്ന് പൊതുവിൽ വിളിക്കപ്പെടുന്ന പൊതുഗതാഗത സമ്പ്രദായം നടത്തിക്കൊണ്ടുപോകുന്ന ഇൻവെസ്റ്റർമാർ നമ്മുടെ നാട്ടിലുണ്ട്. അവരോട് ഗവൺമെന്റിന് യാതൊരുവിധ വിരോധവുമില്ല. അവരേയും നമ്മൾ സംരക്ഷിക്കേണ്ടതാണ് കാരണം പൊതുഗതാഗതം ഓപ്പറേറ്റ് ചെയ്യുന്ന ആളുകളാണവർ. അതുകൊണ്ടുതന്നെയാണ് അവരുടെ

ത്രൈമാസ നികുതിയിനത്തിൽ 50 ശതമാനത്തിന്റെ ഇളവ് വരുത്തിക്കൊണ്ട് ധനകാര്യവകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഉണ്ടായത്. അവർക്കുപോലും ഇക്കാര്യം ആവശ്യപ്പെടാൻ തോന്നിയിരുന്നില്ല. പൊതുഗതാഗതം കൈകാര്യം ചെയ്യുന്നവരെ സഹായിക്കുക, അവരും തകർന്നുപോകാതെ മെച്ചപ്പെട്ട് മുന്നോട്ടുപോകണം എന്ന കാഴ്ചപ്പാടാണ് ആ നയത്തിലൂടെ വ്യക്തമായിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം കൂട്ടിവച്ചുകൊണ്ട് ഒരു ഗതാഗതനയം രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ വാഹനങ്ങൾ മാത്രമല്ല കാൽനടയാത്രക്കാരും അവരുടെ സുരക്ഷിതത്വവുമുണ്ട്. റോഡ് മുറിച്ച് കടക്കുകയെന്നത് വളരെ ലളിതമായ കാര്യമായി നമുക്ക് തോന്നാം. എന്നാൽ നൂറുകണക്കിന് ആളുകളാണ് റോഡ് മുറിച്ചുകടക്കാൻ ശ്രമിച്ചുവെന്ന ഒറ്റക്കാരണത്താൽ മരണമടയുന്നത്. അവിടെ സീബ്ര ലൈനുകളുണ്ട്. പ്രധാനപ്പെട്ട ജങ്ഷനുകളിൽ സീബ്ര ലൈനുകൾ വീതികൂട്ടണമെന്നൊരു തീരുമാനം നമ്മളെടുത്തു. ആളുകൾക്ക് റോഡ് ക്രോസ് ചെയ്യാൻ പേടിയാണ്. റോഡ് ക്രോസ് ചെയ്യുന്ന കാൽനടയാത്രക്കാർ, വീൽചെയറിൽ ഫുട്പാത്തിലൂടെ യാത്ര ചെയ്യുന്ന യാത്രക്കാർ തുടങ്ങിയവരുടെയെല്ലാം കാര്യങ്ങൾ, വാഹനങ്ങളുടേതുൾപ്പെടെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തി സമഗ്രമായ ഗതാഗത നയം കൊണ്ടുവരാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ട്.

ഗതാഗതവകുപ്പെന്ന് പറയുമ്പോൾ അതിന്റെ objective യാത്ര ആയതിനാൽ അത് മാത്രമാണ് നമ്മൾ കാണുന്നത്. എന്നാൽ ആ objective-ന് നമ്മൾ വലിയൊരു വില കൊടുക്കുന്നുണ്ട്- അതാണ് വായു മലിനീകരണം. നമ്മുടെ നാട്ടിൽ വായുമലിനീകരണത്തിന്റെ കാര്യത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നത് ഒരു കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തോളം വരുന്ന വാഹനങ്ങളാണ്. അതിൽ ഒരു കോടി മുപ്പത് ലക്ഷത്തോളം വാഹനങ്ങൾ ഇപ്പോൾ നിരത്തിലുണ്ടെന്നാണ് കരുതുന്നത്. ഇത് സംബന്ധിച്ചുള്ള ഒരു കൃത്യമായ കണക്ക്...... അതുംകൂടി ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. ഒരു വാഹന സെൻസസ് നടത്താൻ

ഗവൺമെന്റ് ആഗ്രഹിക്കുന്നു. വായുമലിനീകരണത്തിന്റെ കാര്യത്തിൽ വളരെ വലിയ പ്രതിസന്ധി നേരിടുന്നുണ്ട്. വാഹനത്തിന്റെ ചിത്രം അയച്ചു തന്നാൽ പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഞങ്ങൾ അയച്ചുതരാം എന്ന രീതിയിൽ രാജസ്ഥാൻ, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങൾ പരസ്യം നൽകുകയാണ്. വളരെ തെറ്റായ നടപടിയാണിത്. ഞാൻ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ഇക്കാര്യം സംസാരിച്ചു. നിങ്ങളത് ക്യാൻസൽ ചെയ്യുന്നതിൽ വിരോധമില്ലെന്നാണ് അവർ പറഞ്ഞത്. ഇതിലൊരു തെറ്റ് നടക്കുന്നുവെന്ന് മാത്രമല്ല നമ്മുടെ വായുവിന്റെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുകയുമാണ്. ശുദ്ധവായുവിന്റെ ഗുണനിലവാരം സംരക്ഷിക്കുന്നൊരു protector കൂടിയാണ് ഗതാഗത വകുപ്പ്. അത് ഡയറക്ടായി ബാധിക്കുന്നത് നമ്മുടെ ആരോഗ്യത്തെയാണ്. വായൂമലിനീകരണവും നമ്മുടെ ആരോഗ്യവും തമ്മിലുള്ള ബന്ധം നമുക്കിപ്പോൾ അറിയില്ലെങ്കിലും ഡെൽഹിയിൽ നല്ലപോലെ അറിഞ്ഞുതുടങ്ങി. അവിടെ കുട്ടികൾ ചുമയ്ക്കുകയും വയസ്സായവർ ശ്വാസമെടുക്കാൻ കഴിയാതെ പ്രയാസപ്പെടുകയുമാണ്. കേരളത്തിൽ അത്തരമൊരു സാഹചര്യം വരാതിരിക്കുന്നതിനുവേണ്ടി വായൂമലിനീകരണത്തിന്റെ കാര്യത്തിൽ വളരെ കർശനമായ നടപടി സ്വീകരിക്കേണ്ടതുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ കാര്യം സമയക്കുറവുകൊണ്ട് കൂടുതലായി പറയുന്നില്ല. നമുക്ക് 93 കെ.എസ്.ആർ.ടി.സി. ഡിപ്പോകളാണുള്ളത്. അവിടെ എം.എൽ.എ.-മാർക്ക് മുൻഗണന കൊടുത്തുകൊണ്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുവാൻ തീരുമാനിക്കുകയാണ്. അവർക്കപ്പോൾ അവിടെയുള്ള കാര്യങ്ങളിലൊരു മുൻകൈ ലഭിക്കും. സഭയിലുള്ള എല്ലാ രഷ്ട്രീയ പാർട്ടികളുടെയും അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളിൽ പ്രവർത്തിക്കുന്ന മനേജ്മെന്റ് കമ്മിറ്റികളുടെ മാതൃകയിൽ ഒരു കമ്മിറ്റി രൂപീകരിക്കാനുള്ള ഓർഡർ ഉടൻതന്നെ വരും. കെ.എസ്.ആർ.ടി.സി.-യിൽ ബസ്സുകൾ സ്പോൺസർ ചെയ്യണമെന്ന അഭ്യർഥന മുന്നോട്ടുവച്ചെങ്കിലും അതിലേക്ക് കടന്നിട്ടില്ല. മുൻ ഗവൺമെന്റ് കൊണ്ടുവന്ന ഗ്രാമവണ്ടികൾ തുടർന്നുപോകണമെന്ന് ഞങ്ങൾ

ആഗ്രഹിക്കുന്നു. ഇപ്പോൾ 58 ഗ്രാമവണ്ടികളാണുള്ളത് അത് 500 എണ്ണമാക്കാൻ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ എം.എൽ.എ.- മാരും അവരുടെ ശക്തി പ്രയോഗിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. സമയക്കുറവുള്ളതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് ബഹുമാനപ്പെട്ട സഭയോട് വിനീതമായി അഭ്യർഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പോലീസിനെ സംബന്ധിച്ച് വിപുലമായൊരു ചർച്ചയോ മറ്റൊന്നും ഉണ്ടായിട്ടില്ല. ഞാൻ അധികം സമയം എടുക്കുന്നുമില്ല. കേരളത്തിലെ പോലീസിനെ ജനകീയ പോലിസാക്കി മാറ്റുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. പലപ്പോഴും പോലീസിന് നേരെയാണ് ഏറ്റവും കൂടുതൽ ആരോപണങ്ങളും ആക്ഷേപങ്ങളുമൊക്കെ ഉയർന്നുവരാറുള്ളത്. അത് മാറ്റിയെടുക്കാൻ വേണ്ടി കേരളാ പോലീസിനെ ആധുനികവൽക്കരിക്കുന്ന നടപടിക്കാണ് നമ്മൾ പ്രാധാന്യം കൊടുക്കുന്നത്. മോഡണൈസേഷന് കേന്ദ്ര ഗവൺമെന്റിന്റെ സഹായവും സംസ്ഥാന ബജറ്റിൽ ഫണ്ടുമുണ്ട്. അതുപയോഗിച്ചുകൊണ്ട് കേരളാ പോലീസിനെ കൂടുതൽ ആധുനികവൽക്കരിക്കാനാണ് ലക്ഷ്യമിടുന്നത്. നമ്മളൊക്കെ വിദേശ രാജ്യത്ത് പോകുമ്പോൾ അവിടെ പോലീസുണ്ടോ എന്നുതന്നെ അറിയാൻ കഴിയില്ല. പക്ഷേ നമ്മൾ യാത്ര ചെയ്യുന്ന എല്ലാ സ്ഥലത്തും പോലീസുണ്ടാകും, ഇക്കാര്യം അങ്ങേക്കും അറിയാവുന്നതാണ്. അവർ വളരെ ശാസ്ത്രീയമായ രീതിയിൽ പോലീസിങ് നടത്തുമ്പോൾ എന്തുകൊണ്ട് അത് നമ്മുടെ നാട്ടിൽ ചെയ്തുകൂടാ? അപ്പോൾ പോലീസിനെ ആധുനികവൽക്കരിക്കുന്ന സന്ദർഭത്തിൽ വിദേശ രാജ്യങ്ങളിലെ പോലീസിങ് മാതൃക പിന്തുടരുന്നതിനെപ്പറ്റി ഗൗരവമായി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതുപോലെ ക്രൈമിന്റെ രൂപത്തിൽതന്നെ മാറ്റം വന്നിരിക്കുകയാണ്. പഴയ കാലത്തെ കൊലപാതകവും അടിപിടിയുമൊക്ക മാറി ഇന്ന് വളരെ വ്യാപകമായ തോതിൽ സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുന്നു. ഞാൻ നേരത്തെ ആഭ്യന്തര മന്ത്രി ആയിരുന്ന കാലത്താണ് "സൈബർ ഡോം"

ആരംഭിച്ചത്. കേരളത്തിലാണ് ആദ്യമായി "സൈബർ ഡോം" ആരംഭിച്ചത്. ഇപ്പോഴും സൈബർ ഡോമിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ നമ്മൾ നടത്തുന്ന അന്താരാഷ്ട്ര സൈബർ സുരക്ഷാ സമ്മേളനമായ "കൊക്കൂൺ" ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആളുകൾപോലും പങ്കെടുക്കുന്ന ഒന്നാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ചുള്ള ക്രൈം കണ്ടെത്തി അതിനെതിരെ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. ഇവിടെ സോഷ്യൽമീഡിയയിലൂടെ ആളുകളെ ആക്ഷേപിക്കുന്ന നടപടികൾ വ്യാപകമാകുന്നു, കുടുംബകലഹങ്ങൾ ഉണ്ടാകുന്നു, വർഗീയ സംഘട്ടനങ്ങൾക്ക് വഴിതെളിക്കാൻ ഉതകുന്ന തരത്തിലുള്ള പരാമർശങ്ങളുണ്ടാകുന്നു. അതുപോലെതന്നെ സാമൂഹ്യമാധ്യമങ്ങളെ നിയന്ത്രിക്കാമെന്ന് ഞാൻ പറയുന്നില്ല, കാരണം അത് എല്ലാവരുടേയും അവകാശമാണ്. പക്ഷേ, ആളുകളെ ആക്ഷേപിക്കുക, അപമാനിക്കുക, വർഗ്ഗീയ വികാരങ്ങൾ ആളിക്കത്തിക്കുക തുടങ്ങിയവ നിയന്ത്രിക്കേണ്ടത് ആവശ്യംതന്നെയാണ്. അപ്പോൾ അതിനെപ്പറ്റി ഗൗരവമായി ആലോചിക്കുന്നുണ്ട്. അതോടൊപ്പംതന്നെ 'ക്രിപ്റ്റോ കറൻസി' ഉൾപ്പെടെയുള്ള ധാരാളം പുതിയ പുതിയ രീതിയിലുള്ള ക്രൈമുകൾ വന്നുകൊണ്ടിരിക്കുകയാണ്. ആളുകളെ പറ്റിക്കുകയാണ്. പത്രങ്ങളിൽ പരസ്യം കൊടുക്കുകയും ബോർഡുകൾ വയ്ക്കുകയും സ്ഥാപനങ്ങൾ തുടങ്ങുകയും ചെയ്യുകയാണ്. രണ്ടുമൂന്ന് മാസം പലിശ കൊടുക്കും മൂന്നാമത്തെ മാസം സ്ഥാപനം അടച്ചുപൂട്ടും. കേരളത്തിൽ സർവ സാധാരണമായി വന്നിരിക്കുന്നൊരു സാഹചര്യമാണിത്. ഇത്തരം തട്ടിപ്പുകാരെയും ജനങ്ങളെ പറ്റിക്കുകയും ചെയ്യുന്ന ആളുകളെ കർശനമായി നേരിടാനുള്ളൊരു സംവിധാനത്തെക്കുറിച്ചുകൂടി ഞങ്ങൾ ആലോചിക്കുന്നുണ്ട്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, കാലാകാലങ്ങളിൽ വരുന്നൊരു പരാതി, സാധാരണക്കാർ പോലീസ് സ്റ്റേഷനിൽപോയി ഒരു പരാതി കൊടുത്താൽ ചില പരാതികൾ ഒരു കാരണവശാലും പോലീസ് അന്വേഷിക്കുകയോ നടപടി എടുക്കുകയോ ചെയ്യാറില്ലെന്നുള്ളതാണ്. എന്റെ ചോദ്യം, ഒരു പരാതി കിട്ടിക്കഴിഞ്ഞാൽ ഇത്ര

ദിവസത്തിനുള്ളിൽ അതിന് പരിഹാരമോ ഇടപെടലുകളോ പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നുള്ള കർശന നിർദേശം കൊടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും. ഇത് പോലീസുകാരുടെ കുറ്റമല്ല. പോലീസിന്റെ എണ്ണം കുറവാണെന്നുള്ള കാര്യം അങ്ങേക്കും അറിയാവുന്നതാണ്. ശതമാനക്കണക്ക് നോക്കുമ്പോൾ പോലീസിന്റെ എണ്ണം വളരെ കുറവാണ്. കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കാനും കേസന്വേഷണത്തിനും പോലീസിങ്ങിനുമുൾപ്പെടെ പോലീസിന്റെ എണ്ണം കുറവാണ്. പോലീസുകാരുടെ എണ്ണം വർധിപ്പിക്കേണ്ടത് ഏറ്റവും ആവശ്യമായൊരു കാര്യമാണ്. നമ്മുടെ ടോട്ടൽ പോപ്പുലേഷൻ നോക്കി അതിനനുസരിച്ച് ജനങ്ങൾക്ക് സുരക്ഷ നൽകാൻ തക്ക നിലയിൽ പോലീസുകാരുടെ എണ്ണം വർധിപ്പിക്കേണ്ടത് ഏറ്റവും ആവശ്യമായൊരു കാര്യമാണ്. ശ്രീ. എം. വിൻസെന്റ് പറഞ്ഞത് വളരെ ഗൗരവമുള്ളൊരു കാര്യമാണ്. മറ്റ് സംസ്ഥാനങ്ങളിലൊന്നും ആരും ഇതുപോലെ പോലീസ് സ്റ്റേഷനിൽപോയി പരാതി കൊടുക്കാറില്ല, എഫ്.ഐ.ആർ. ഇടാറില്ല. നമ്മുടെ നാട്ടിൽ എന്ത് ചെറിയ സംഭവമുണ്ടായാലും ആളുകൾ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കും, എഫ്.ഐ.ആർ. ഇടും കേസന്വേഷണം നടക്കും കേസുകൾ ഡിസ്പോസ് ചെയ്യും. അതുകൊണ്ട് പോലീസുമായി ബന്ധപ്പെട്ട ഇത്തരം പരാതികൾക്ക് ഒരു പരിഹാരമുണ്ടാക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ജില്ലയിലും എത്ര പരാതികളാണ് വരുന്നത്; ആ പരാതികൾ സമയബന്ധിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടോ; കോടതിയിൽ എത്ര കേസുകളുണ്ട് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ഒരു പോലീസ് ഓഡിറ്റ് നടപ്പാക്കാൻ പോകുകയാണ്. സമയബന്ധിതമായി അദാലത്തുകൾ നടത്താൻ കോടതിയോടും നമ്മൾ റിക്വസ്റ്റ് ചെയ്യുകയാണ്. കോടതിയിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന കേസ്സുകളുണ്ട്. പോലീസ് ഓഡിറ്റ് നടത്തിയാൽ നമുക്കിത് വേഗത്തിൽ പരിഹരിക്കാൻ കഴിയും.

*29-06-2026*
*Financial Business*

മി. സ്പീക്കർ: പോലിസ് സ്റ്റേഷന്റെ പരിസരം കേടായ വാഹനങ്ങൾ, പിടിച്ചെടുത്ത വാഹനങ്ങൾ എന്നിവയുടെ ഡമ്പിങ് യാർഡായി ഉപയോഗിക്കുകയാണ്. ആളുകൾക്ക് കയറാനും ഇറങ്ങാനും പോലും നിവൃത്തിയില്ലാത്ത അവസ്ഥയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിലേക്ക് വരാം. പോലീസ് ഓഡിറ്റ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. മുൻകാലങ്ങളിലെന്നോ പോലീസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും എസ്. പി. - മാരുടെ നേതൃത്വത്തിൽ ഒരു സംവിധാനമുണ്ടാക്കി പോലീസ് ഓഡിറ്റിങ് നടത്തും. അപ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിൻസെന്റ് പറഞ്ഞ കാര്യങ്ങളുൾപ്പെടെ പരിഹരിക്കാൻ സാധിക്കും. അങ്ങിവിടെ പറഞ്ഞ പ്രധാനപ്പെട്ട കാര്യം, പോലീസ് സ്റ്റേഷനുള്ളിൽ കയറാൻ കഴിയാത്ത രീതിയിൽ പോലീസ് പിടിച്ചെടുത്തതും തുരുമ്പ് പിടിച്ചതുമുൾപ്പെടെയുള്ള വാഹനങ്ങൾ കെട്ടിക്കിടക്കുകയാണ്. കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താനായി കഴിഞ്ഞ ദിവസം ഞാൻ അവിടെ പോയിരുന്നു. ഈ വിഷയമുൾപ്പെടെ അവരുമായി ചർച്ച ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു പബ്ലിക് അണ്ടർ ടേക്കിങ് കമ്പനിയുമായി കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒരു എഗ്രിമെന്റുണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കോടതിക്കേസ്സിൽ പെടാത്തതും തുരുമ്പെടുത്തതുമായ മുഴവൻ വാഹനങ്ങളും പോലീസ് സ്റ്റേഷനിൽ നിന്ന് മാറ്റി ജനങ്ങൾക്ക് വരാനും പോകാനുമൊക്കെയുള്ള സൗകര്യമൊരുക്കാനുള്ള തീരുമാനം ഞങ്ങളെടുത്തിട്ടുണ്ട്. ഇത്തരം വാഹനങ്ങളുടെ പ്രശ്നങ്ങൾ കാരണം വാസ്തവത്തിൽ പല പോലീസ് സ്റ്റേഷനുകളിലും കയറാൻ പോലും കഴിയില്ല. ചില പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന മണ്ണ് കയറ്റിയ ലോറിക്കകത്ത് വലിയ മരങ്ങൾ വളർന്ന് നിൽക്കുന്നതും കാണാൻ കഴിയും. അത്രയധികം മോശപ്പെട്ട അവസ്ഥയാണ്. അതിനൊരു പരിഹാരമുണ്ടാക്കും, അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതോടൊപ്പംതന്നെ കാസർഗോഡുണ്ടായ സംഭവം വളരെ വിഷമത്തോടെ ഞാൻ പറയുകയാണ്. വാഹനാപകടത്തിൽ പരിക്കേറ്റ ചെറുപ്പക്കാരായ രണ്ട്

പോലീസുകാരുടെ കാല് മുറിച്ചുമാറ്റേണ്ടിവന്നു. അവരുടെ കാര്യം ശ്രീ. സന്ദീപ് വാര്യർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവരിപ്പോൾ മംഗലാപുരത്ത് ട്രീറ്റ്മെന്റിലാണ്. ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന പോലീസുകാരെ സഹായിക്കാൻവേണ്ടി ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു ചെറിയ സഹായ ധനം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അങ്ങയുടെ നേതൃത്വത്തിൽ "ഓപ്പറേഷൻ ശുഫാൻ" നടത്തുകയാണ്. പോലീസ് കേസുമായി ബന്ധപ്പെട്ട വാഹനങ്ങൾ സ്റ്റേഷന്റെ അകത്ത് മാത്രമല്ല റോഡരികിലും പിടിച്ചിട്ടിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങൾ മയക്കുമരുന്നിന്റെ ഒരു പ്രധാന ഇടമായി മാറുന്നുണ്ട്. ഇതുകൂടി കണക്ക് ചെയ്തുകൊണ്ട് ഒരിടപെടൽ നടത്തുന്നത് നല്ലതാണെന്ന ഒരു അഭിപ്രായം മുന്നോട്ടുവയ്ക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും അത് ചെയ്യും. ഞാൻ പറഞ്ഞുവന്നത് ഈ രണ്ട് ചെറുപ്പക്കാരായ പോലിസുകാർ 34 വയസ്സിൽ താഴെയുള്ളവരാണ്. ഒരാളുടെ രണ്ട് കാലും മറ്റൊരാളുടെ ഒരു കാലും മുറിച്ചു. മംഗലാപുരത്തെ ആശുപത്രിയിലാണ് ചികിത്സ നടത്തുന്നത്. ഞാൻ അവരുടെ ബന്ധുക്കളുമായി ഫോണിൽ സംസാരിച്ചിരുന്നു. ഇങ്ങനെ അപകടത്തിൽപ്പെടുന്ന പോലീസുകാർക്കുവേണ്ടി ഒരു പ്രത്യേക നിധി ഡി.ജി.പി.-യുടെ നേതൃത്വത്തിൽ പോലീസ് സേനയിലുണ്ടാക്കാൻ തീരുമാനിച്ചു, അവർക്ക് സഹായം നൽകും. കേരളത്തിലെ പോലീസ് പ്രവർത്തിച്ചാൽ 'പോലീസ് അതിക്രമം' എന്നും പ്രവർത്തിച്ചില്ലേൽ 'പോലീസ് നിഷ്ക്രിയം' എന്നും പറയും. ബ്ലേഡിലൂടെ പോകുന്നൊരു സേനയാണ്. വളരെയേറെ ബുദ്ധിമുട്ടോടെ പ്രവർത്തിക്കുന്നവരാണ് പോലീസുകാർ. സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്നത് പോലീസ് സേനയാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് പേ-കമ്മീഷൻ വന്നപ്പോൾ, ഞാനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അതിന്റെ സബ്കമ്മിറ്റിയിൽ ഉണ്ടായിരുന്നു. ഞങ്ങൾ അവരുടെ ശമ്പളം ഏറ്റവും നല്ല രീതിയിൽ വർധിപ്പിച്ചു. അക്കാര്യത്തിൽ വളരെ സന്തോഷമുണ്ട്, ഇന്ത്യയിൽത്തന്നെ കേരളത്തിലെ പോലീസുകാർക്കാണ് ഏറ്റവും നല്ല ശമ്പളവും അലവൻസുമുള്ളത്. അതിന്റെ ലക്ഷ്യംതന്നെ

പോലീസ് സേനയിലെ അഴിമതി കുറച്ചുകൊണ്ട് വരിക, കാര്യക്ഷമമാക്കുക, പ്രവർത്തനം കൂടുതൽ ജനങ്ങൾക്ക് ഉപകാരപ്രദമാക്കുക എന്നുള്ളതാണ്. ഇവിടെ ശ്രീ. പി. എ. മുഹമ്മദ് റിയാസ് ചൂണ്ടിക്കാണിച്ച വിഷയം ശരിയാണ് പലയിടത്തും റോഡരികിൽ പല കാരണങ്ങളാൽ പോലീസ് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കിടക്കുന്നുണ്ട്. അതെല്ലാം പൂൾ ചെയ്യുകയാണ്. അതെല്ലാം കണക്കിലെടുത്താണ് നവരത്ന കമ്പനിയുമായി എഗ്രിമെന്റുണ്ടാക്കാൻ തീരുമാനിച്ചത്. ഇതെല്ലാം ലേലം ചെയ്ത് വിറ്റാൽ സംസ്ഥാന ഗവൺമെന്റിന് 100 കോടി രൂപ ഇതിൽ നിന്നും ലഭിക്കുമെന്നാണ് കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ അഭിപ്രായം. അത് മാനിച്ച് നമ്മൾ മുന്നോട്ടുപോകും. "ഓപ്പറേഷൻ തൂഫാൻ" കേരള ചരിത്രത്തിലെ ഏറ്റവും വലിയ നാർക്കോ ഹണ്ടാണ്. മയക്കുമരുന്നിന്റെ പിടിയിലകപ്പെട്ട് തകർന്നുപോകുന്ന കുടുംബങ്ങളെ രക്ഷിക്കാനുള്ള ഒരു വലിയ പദ്ധതിയാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ നാട്ടിലെ യുവാക്കളെ വഴിതെറ്റിക്കുന്ന പ്രവർത്തനമാണ് മയക്കുമരുന്ന് ലോബി നടത്തിക്കൊണ്ടിരിക്കുന്നത്. അങ്ങയിലൂടെ ഈ സഭയുടെ ശ്രദ്ധ ഒരു കാര്യത്തിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കാസർഗോഡ് 'ക്ലീനിങ് കമ്പനി' എന്ന ബോർഡുവച്ച് ലക്ഷക്കണക്കിന് മിഠായികൾ നിർമ്മിക്കുന്നൊരു ഫാക്ടറി കഴിഞ്ഞ ദിവസം പോലീസ് പിടിച്ചു. അവിടെ മിഠായി അല്ല, വർണ്ണക്കടലാസിൽ പൊതിഞ്ഞ വിഷമായിരുന്നു നിർമ്മിച്ചിരുന്നത്. കേരളാ പോലീസ് ആ കമ്പനി റെയ്ഡ് ചെയ്ത് മുഴുവൻ മിഠായികളും പിടിച്ചെടുത്തു. അവരെ റിമാൻഡ് ചെയ്ത് ജയിലിൽ അടച്ചു. അവരുടെ പേരിൽ കൂടുതൽ നടപടികളെടുക്കാൻ അവരുടെ സ്വത്തുക്കൾ കണ്ടെത്താൻ കഴിയുമോ എന്നുള്ള നിയമപരമായ നടപടികൾ എ.ജി.-യും ഡി.ജി.പി.-യുമൊക്കെയായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തെ കാർന്നുതിന്നുന്ന ഈ വിഷത്തിന്റെ, മയക്കുമരുന്നിന്റെ വ്യാപനത്തിനെതിരെ എല്ലാവരും ഒരുമിച്ച് നിൽക്കണമെന്നാണ് എന്റെ അഭിപ്രായം. ഇക്കഴിഞ്ഞ 26, 27 തീയതികളിൽ കേരളത്തിലെ

140 എം.എൽ.എ.-മാരും അവരുടെ നിയോജകമണ്ഡലങ്ങളിൽ ഈ പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി, സഹകരിക്കുകയുണ്ടായി. അതിൽ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മലപ്പുറത്ത് ഡി.ഡി.സി. മീറ്റിങ്ങിൽ ഞാൻ ചോദിച്ചൊരു ചോദ്യത്തിന് ജില്ലാ പോലീസ് മേധാവിയിൽ നിന്ന് ലഭിച്ച മറുപടി ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി മലപ്പുറത്തുതന്നെ 500-ഓളം കേസുകൾ രജിസ്റ്റർ ചെയ്തുവെന്നാണ്. അവിടെ മാത്രമല്ല കേരളത്തിലാകമാനം ഈ കുറ്റകൃത്യങ്ങൾ ഇതിനുമുമ്പും നടന്നുവരുന്നുണ്ട്. പോലീസ് മൗനം പാലിച്ചതുകൊണ്ടോ വേണ്ടത്ര ശ്രദ്ധിക്കാതെ പോയതുകൊണ്ടോ ഇതൊന്നും കണ്ടെത്താതെ പോയി. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടക്കുന്ന ഈ പ്രവർത്തനങ്ങൾ ഇതിന്റെ അവസാനം കുറിക്കുന്ന ഘട്ടംവരെ തുടരണമെന്നാണ് ഈ സമയം സൂചിപ്പിക്കാനുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും, ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ പറഞ്ഞകാര്യം ശരിയാണ്. സർക്കാർ ഇത് ഒരു ദിവസത്തേക്ക് മാത്രമായി ചെയ്യുന്ന പദ്ധതിയല്ല. അന്തർദേശീയ മയക്കുമരുന്ന് മാഫിയ നമ്മളെക്കാൾ ബുദ്ധിമാന്മാരും കഴിവുള്ളവരുമാണ്. 'ഓപ്പറേഷൻ തൂഫാൻ' പദ്ധതി ആരംഭിച്ച് രണ്ടാഴ്ച കഴിഞ്ഞിട്ടും അവർ പതുങ്ങിയിരിക്കുകയാണ്. അവർ ഇപ്പോൾ വലിയതോതിൽ വിതരണം നടത്തുന്നില്ല. ഇത് ആരംഭശൂരത്വമാണോ നാളെ നിർത്തുമോയെന്ന് അവർ ശ്രദ്ധിക്കുകയാണ്. അപ്പോൾ വീണ്ടും ഇറങ്ങാമെന്ന് കരുതി കാത്തിരിക്കുകയാണ്. ഈ മരണത്തിന്റെ വ്യാപാരികൾ എത്ര അപകടകരമായാണ് കേരളത്തിലെ യുവത്വത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇവരുടെ ഈ പ്രവൃത്തികൾ കണ്ടാൽ നമ്മൾ അത്ഭുതപ്പെട്ടുപോകും. ലഹരിയുടെ വീര്യം പോരാഞ്ഞ് ഒരു സ്ഥലത്ത് അണലിക്കുഞ്ഞുങ്ങളെക്കൊണ്ട് നാക്കിൽ കൊത്തിക്കുന്ന പാർലറുകൾ പ്രവർത്തിക്കുന്നുവെന്നത് എത്ര ഗൗരവതരമായ വിഷയമാണ്. ആ സ്ഥലം എവിടെയാണെന്ന് ഇപ്പോൾ ഞാൻ പറയുന്നില്ല. അതുകൊണ്ട് ലഹരിയുടെ വേരറുക്കാൻ ഈ ഗവൺമെന്റ് തീരുമാനമെടുത്തിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളെയും യുവാക്കളെയും

രക്ഷിക്കാനായി സർക്കാർ ഏതറ്റംവരെയും മുന്നോട്ടുപോകുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി ഗവൺമെന്റ് 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മിനിഞ്ഞാന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായ ശ്രീ. അമിത് ഷാ ഇന്ത്യയിലെ മുഴുവൻ ഡി.ജി.പി.-മാരുടെയും ഇന്റലിജൻസ് എ.ഡി.ജി.പി.-മാരുടെയും യോഗം വിളിച്ചുചേർത്തു. അടുത്ത മൂന്നുവർഷം കേന്ദ്ര ആഭ്യന്തര വകുപ്പ് ലഹരിക്കെതിരായ പദ്ധതിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽനിന്നുള്ള എല്ലാ വിവരങ്ങളും അവർ ചോദിക്കുകയും ഞങ്ങൾ എല്ലാവിവരങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതിനുവേണ്ടി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. അത് നമുക്കുകൂടി സഹായകമാകും. വിജിലൻസ് വകുപ്പിനെ സംബന്ധിച്ചുകൂടി പറഞ്ഞ് ഞാൻ പ്രസംഗം അവസാനിപ്പിക്കാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, .....

മി. സ്പീക്കർ: ഇനി ചോദ്യം അനുവദിക്കില്ല. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ; മന്ത്രിമാർക്കെല്ലാം സംസാരിക്കാൻ കൃത്യമായ സമയം നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം മുഖ്യമന്ത്രിക്ക് സംസാരിക്കേണ്ടതുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ ഗവൺമെന്റ് നല്ല നിയമനടപടികളുമായി മുന്നോട്ടുപോകുന്നുവെന്നത് അഭിനന്ദനാർഹമാണ്. മയക്കുമരുന്നിന് അടിമപ്പെട്ട കുട്ടികളെയും ചെറുപ്പക്കാരെയും തിരിച്ചുകൊണ്ടുവരുന്നതിനുള്ള പദ്ധതികൂടി ഇതിന്റെ ഭാഗമായി നടപ്പാക്കാൻ സാധിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുടെ മൂന്ന് ഘടകങ്ങളെക്കുറിച്ച് ഞാൻ നേരത്തെ സഭയിൽ പറഞ്ഞതാണ്. (1) തൂഫാൻ സ്ട്രൈക്ക്സ് (2) തൂഫാൻ വാരിയേഴ്സ് (3) തൂഫാൻ കെയർ എന്നിങ്ങനെയാണത്. ലഹരി വിരുദ്ധ പദ്ധതിയായ 'തൂഫാൻ കെയർ' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിൽ വച്ച് നിർവഹിച്ചു. ലഹരിക്കടിമപ്പെട്ട ആളുകളെ

പുരധിവസിപ്പിക്കുകയും ചികിത്സ നൽകുകയും ചെയ്ത് അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരികയുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ മുപ്പത്തിയഞ്ചോളം ആശുപത്രികൾ ഇപ്പോൾ തയ്യാറായിട്ടുണ്ട്. കേരളത്തിലെ എല്ലാ പ്രമുഖ ആശുപത്രികളും തയ്യാറായിട്ടുണ്ട്. ലഹരി ഉപയോഗത്തിൽ അകപ്പെട്ടുപോയ ആളുകളെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള ശ്രമം സർക്കാർ നടത്തുകയാണ്.

വിജിലൻസുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി സൂചിപ്പിക്കുകയാണ്. അഴിമതി പൂർണ്ണമായും തുടച്ചുനീക്കുക എന്ന ലക്ഷ്യത്തോടെയാണ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചത്. എല്ലാ ഡിപ്പാർട്ടുമെന്റിനും ഇന്റേണൽ വിജിലൻസുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റിലെയും വിജിലൻസിനെ ശക്തിപ്പെടുത്തണമെന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തിന്റെ 'വിജിലൻസ് മാന്വൽ' വളരെ പഴയതാണ്, 1960 കാലഘട്ടത്തിലുള്ളതാണ്. ഈ സർക്കാർ ആ വിജിലൻസ് മാന്വൽ പരിഷ്കരിക്കാനുള്ള തീരുമാനമെടുത്തിരിക്കുകയാണ്. വിജിലൻസ് മാന്വൽ പരിഷ്കരിച്ചാൽ മാത്രമെ കുറ്റകൃത്യങ്ങൾ കൃത്യമായി കണ്ടെത്താൻ സാധിക്കുകയുള്ളൂ. വിജിലൻസിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്ന നിലയിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിക്കാനും അത് ഫലപ്രദമാക്കാനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഞാൻ ഒരുദിവസം മുഴുവൻ അവരോടൊപ്പമിരുന്ന് ചർച്ച ചെയ്തിരുന്നു. ഒരിക്കൽ ഒരു വിജിലൻസ് കേസിൽ അകപ്പെട്ടാൽ പത്തും പതിനഞ്ചും ഇരുപതും വർഷങ്ങൾ കഴിഞ്ഞാലും കേസിലകപ്പെട്ട ആൾ മരിച്ചുപോയാൽപോലും പ്രസ്തുത കേസിന്മേൽ അന്തിമ തീരുമാനമുണ്ടാകുന്നില്ല. അതിലെല്ലാം മാറ്റംവരുത്തി, സമയബന്ധിതമായി വിജിലൻസ് കേസ് തീർക്കാനുള്ള നടപടിയുണ്ടാകണം. അതിനായി 'പ്രോജക്റ്റ് സീറോ' എന്ന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. Zero-Tolerance policy on corruption എന്ന തീരുമാനമെടുത്തുകൊണ്ട് വളരെ സിസ്റ്റമാറ്റിക്കായി അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ വരുംദിവസങ്ങളിൽ വെളിപ്പെടുത്താൻ സാധിക്കുകയും. അത് ചെയ്യുകയും ചെയ്യും.

ഞാൻ കയർ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയാണ്. കേരളത്തിലെ ഏറ്റവും പരമ്പരാഗത വ്യവസായത്തിൽപ്പെട്ട ഒന്നാണ് കയർ വ്യവസായം. കയർ, കൈത്തറി, കശുവണ്ടി എന്നീ മേഖലകളെല്ലാം വളരെ ക്ഷയോന്മുഖമായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരുകാലത്ത് അത് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായിരുന്നു. വിദേശ കയറ്റുമതി രംഗത്ത് ഇപ്പോഴും പിടിച്ചുനിൽക്കുന്ന പ്രസ്ഥാനമാണ് കയർ മേഖല. എന്നാൽ ഇപ്പോൾ കയർ വ്യവസായത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. കയർ തൊഴിലാളികൾക്ക് വേണ്ടത്ര കൂലി ലഭിക്കുന്നില്ല, പലപ്പോഴും കൂലി മുടങ്ങിപ്പോകുന്നു, കയർഫെഡ് എടുക്കുന്ന കയറിന് സംഘങ്ങൾക്ക് പണം നൽകുന്നില്ല, കയർ സംഘങ്ങൾ പലതും മൂലധനമില്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല, കയർ ഉൽപാദകരെ സംബന്ധിച്ച് അവർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിപണിയിൽ വിറ്റഴിക്കാൻ കഴിയുന്നില്ല എന്നിങ്ങനെയുള്ള വലിയ പ്രശ്നങ്ങൾ നിലനിൽക്കുന്ന മേഖലയാണ് കയർ മേഖല. അതിനെ പുനരുദ്ധരിക്കാനുള്ള ചില പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ട്. തൊണ്ട് ശേഖരണം- തമിഴ്നാട്ടിൽനിന്ന് ചകിരി വന്നില്ലെങ്കിൽ ഇവിടെ കയർ ഇല്ല. കേരളത്തിലെ തൊണ്ടുകൾ വെറുതെ പോകുകയാണ് ചെയ്യുന്നത്. തൊണ്ടിനെ ചകിരിച്ചോറ് (coir pith) ആക്കി വിദേശ രാജ്യങ്ങളിൽ കയറ്റി അയയ്ക്കുന്നുണ്ട്. കയർ ഭൂവസ്ത്രമുണ്ടാക്കി വരുമാനമുണ്ടാക്കാൻ കഴിയും. അതിനുവേണ്ടി ഒരു പദ്ധതിയെക്കുറിച്ച് വകുപ്പ് ആലോചിക്കുന്നുണ്ട്. കേരളത്തിൽ ഹരിത കർമ്മസേനയെ ഉപയോഗിച്ച് തൊണ്ടുകൾ ശേഖരിച്ച് നാലോ അഞ്ചോ പത്തോ സൊസൈറ്റികൾ ചേർന്ന് ഒരു കൺസോർഷ്യമുണ്ടാക്കി, അവിടെ തമിഴ്നാട്ടിൽനിന്നും മെഷീൻ കൊണ്ടുവന്ന് ചകിരിനാര് ഉണ്ടാക്കുന്ന പദ്ധതിക്ക് രൂപംകൊടുക്കാൻ ആലോചിക്കുന്നുണ്ട്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. കെ. എം. ഷാജിയുമായി ഇതുസംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കയർ മേഖല പൊതുവെ പ്രശ്നത്തിലാണ്. അത് ഞാൻ വിചാരിച്ചാലോ ഈ ഗവൺമെന്റ് വിചാരിച്ചാലോ

രക്ഷപ്പെടുത്താൻ സാധിക്കുമെന്ന വിശ്വാസമൊന്നും എനിക്കില്ല. എന്നാലും we will try our level best to improve the situation.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, കേരള സംസ്ഥാന രൂപീകരണത്തിനുശേഷം നമ്മുടെ സംസ്ഥാനം ഏറ്റവും കൂടുതൽ നേട്ടങ്ങൾ കൈവരിച്ച, എല്ലാവരാലും അംഗീകരിക്കപ്പെട്ട നേട്ടങ്ങൾക്ക് കാരണമായ ഒരു മേഖലയാണ് വിദ്യാഭ്യാസരംഗം. വിദ്യാഭ്യാസരംഗം ഇന്ന് വലിയ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു മേഖല കൂടിയാണ്. നിരന്തരമായ കണ്ടുപിടിത്തങ്ങളും ഈ കാലഘട്ടത്തിന്റെ ആധുനികമായ മുന്നേറ്റങ്ങളും ശാസ്ത്ര-സാങ്കേതിക പുരോഗതിയുമൊക്കെ ഏറ്റവും നന്നായി പ്രതിഫലിക്കേണ്ടത് വിദ്യാഭ്യാസ മേഖലയിലാണ്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തകർച്ചയിൽ ആശങ്കപ്പെടണമെന്നും ആയതിന് പദ്ധതികളുണ്ടാകണമെന്ന് ഇവിടെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ശ്രീ. ആര്യാടൻ ഷൗക്കത്ത് ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. സഹായികളെവച്ചും മറ്റും പരീക്ഷ എഴുതുന്നതിന്റെ പ്രതിസന്ധികളെക്കുറിച്ചും വ്യക്തമാക്കി. പ്രത്യേക സാഹചര്യത്തിൽ ചില ഇളവുകൾ അനുവദിക്കുന്നതാണ്. അതിന്റെ ദുരുപയോഗം ഒരുപക്ഷെ ഉണ്ടായിരിക്കാം. എന്നിരുന്നാലും അതൊരു ഘടകം മാത്രമാണ്. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ കുറ്റമറ്റതായി മുന്നോട്ടുകൊണ്ടുപോകാൻ നമ്മൾ ബാധ്യസ്ഥരാണ്. കാരണം, കഴിഞ്ഞ കാലങ്ങളിലേതുപോലെ നമ്മുടെ കുട്ടികൾ മത്സരിക്കുന്നത് ഈ സംസ്ഥാനത്തുള്ള കുട്ടികളോടുമാത്രമല്ല, ജോലിയുടെ കാര്യത്തിലായിരുന്നാലും ഉയർന്ന വിദ്യാഭ്യാസത്തിന്റെയും പരീക്ഷയുടെയുമൊക്കെ കാര്യത്തിലായിരുന്നാലും അവർ മത്സരിക്കേണ്ടിവരുന്നത് ലോകത്തെ മറ്റ് കുട്ടികളോടുകൂടിയാണ്. അതുകൊണ്ട് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ പ്രത്യേകിച്ച് സെക്കൻഡറി തലം വരെ ഗുണനിലവാരം ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ ആശയങ്ങളും നടപടികളുമുണ്ടാകുമെന്നാണ് അക്കാര്യത്തിൽ സർക്കാരിന്റെ ആദ്യത്തെ തീരുമാനം.

വിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്ക് നന്മകൾ പറഞ്ഞുകൊടുക്കാൻ ഓരോ മണിക്കൂറിലും (ഓരോ പീരിയഡിലും) അഞ്ച് മിനിട്ട് ഉപയോഗപ്പെടുത്തണമെന്നാണ് ശ്രീ. അൻവർ സാദത്ത് ചൂണ്ടിക്കാണിച്ചത്, അത് അങ്ങനെ കഴിയുമോ അല്ലെങ്കിൽ ആഴ്ചയിൽ ഒരു പീരിയഡ് തന്നെ അതിനുവേണ്ടി മാറ്റിവയ്ക്കാൻ കഴിയുമോ എന്നൊരു ആലോചന സർക്കാരിന്റെ ഭാഗത്തുണ്ട്. കാരണം, ഇത് പലരും മുന്നോട്ടുവച്ച നിർദേശമാണ്. പൊതുയിടങ്ങളിൽ കുട്ടികളുടെ പെരുമാറ്റം, കൂടുതൽ മര്യാദ പാലിക്കേണ്ടതിന്റെ ആവശ്യകത ഇതൊക്കെ പുതിയ കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ പാഠ്യപദ്ധതിയുടെ ഭാഗമായി ഒരു സംവിധാനമുണ്ടാകണമെന്ന് സൂചിപ്പിക്കുകയുണ്ടായി. സാധാരണ നമ്മൾ വിദ്യാഭ്യാസത്തെക്കുറിച്ച് പറയാറുണ്ട്. ഭൗതിക ശ്രേഷ്ഠതയോടൊപ്പം ധാർമ്മിക ശ്രേഷ്ഠതയുംകൂടി കൈവരിക്കുമ്പോഴാണ് വിദ്യാഭ്യാസം അർഥപൂർണ്ണമാകുന്നത്. രവീന്ദ്രനാഥ ടാഗോറിന്റെ പ്രയോഗമാണിത്. ഭൗതിക ശ്രേഷ്ഠത കൊണ്ടുമാത്രം കാര്യമില്ല, നമ്മൾ ധാർമ്മിക ശ്രേഷ്ഠതകൂടി കൈവരിക്കണം. ഇവിടെ നേരത്തെ ഗതാഗത വകുപ്പുമന്ത്രി സൂചിപ്പിച്ച റോഡ് ട്രാഫിക് ഇഷ്യൂസ് ഉൾപ്പെടെ റോഡിലുണ്ടാകുന്ന ബഹളങ്ങൾ, അച്ചടക്ക പെരുമാറ്റമില്ലായ്മ എന്നിങ്ങനെയുള്ള ധാരാളം പൊതുസംഗതികളുണ്ട്. അതിനാൽ പബ്ലിക് എഥിക്സിനെക്കുറിച്ചുള്ള പരാമർശങ്ങൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായികൂടി വരണമെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ട്. അതിനുതകുന്ന പാഠ്യപദ്ധതികൾ അല്ലെങ്കിൽ സംവിധാനം പഠനത്തിന്റെ ഭാഗമായി കൊണ്ടുവരാനും ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളരെ കുറഞ്ഞ സമയമാണ് അധ്യയനവർഷം ആരംഭിക്കാനുണ്ടായിരുന്നത്.

സംസ്ഥാനത്തെ പാഠപുസ്തക വിതരണം പരാതികളില്ലാതെ പൂർത്തീകരിച്ചു. യൂണിഫോം വിതരണവും ഏറെക്കുറെ പൂർത്തീകരിച്ചു. പ്രവേശനോത്സവങ്ങൾ നല്ലരീതിയിൽ സംഘടിപ്പിക്കാൻ സാധിച്ചു. ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ച ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ സംസ്ഥാനത്തെ കുട്ടികളെയും പങ്കാളികളാക്കി.

ഇപ്പോൾ വേൾഡ് കപ്പിന്റെ പശ്ചാത്തലമായതിനാൽ, മയക്കുമരുന്നിനെതിരെ 'വൺ മില്യൺ ഗോൾസ്' ക്യാമ്പയിൻ സ്കൂളുകളിൽ സംഘടിപ്പിച്ചു, ഗോൾ അടിച്ചശേഷം അതൊരു ഡാഷ് ബോർഡിൽ എൻട്രി ചെയ്യുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. ഇതിന് ജൂൺ 12 മുതൽ ആഗസ്റ്റ് 20 വരെ സമയം നൽകിയിരുന്നെങ്കിലും സന്തോഷകരമെന്ന് പറയട്ടെ, നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ ലഹരിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി ജൂൺ 25-നുതന്നെ വൺ മില്യൺ (10 ലക്ഷം) ഗോൾ അടിച്ചുകഴിഞ്ഞു. രാവിലെ ചോദ്യോത്തരവേളയിൽ ഉന്നയിച്ച പ്ലസ് വൺ-ന്റെ പുതിയ ബാച്ചുകളെക്കുറിച്ചുള്ള കാര്യമാണ് ധനാഭ്യർഥന ചർച്ചയിലും വന്നത്. പ്ലസ് വൺ-ന് സീറ്റ് ക്ഷാമമുള്ള ജില്ലകളിൽ താൽക്കാലിക ബാച്ച് ഇത്തവണ ആരംഭിക്കുമെന്ന് തന്നെയാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. മറ്റ് ചില മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കൂടാതെ പ്ലസ് ടു പരീക്ഷയോടൊപ്പമാണ് പ്ലസ് വൺ-ന്റെ ഇംപ്രൂവ്മെന്റും നടത്തിയത്. ഈ രണ്ട് പരീക്ഷകളും ഒരുമിച്ചാകുമ്പോൾ കുട്ടികൾക്ക് വലിയ ഭാരമാകുന്നു. അതിനാൽ കുട്ടികളുടെയും രക്ഷകർത്താക്കളുടെയും അഭ്യർഥന മാനിച്ച്, പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ കുറച്ചുകൂടി അഡ്വാൻസ് ചെയ്ത് സെപ്തംബർ-ഒക്ടോബർ മാസത്തിലേക്ക് കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട് എന്ന കാര്യവും ഞാനിവിടെ സൂചിപ്പിക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് ഇത്തവണ മലപ്പുറം ജില്ലയേക്കാൾ കൂടുതൽ സീറ്റ് ക്ഷാമമുള്ളത് പാലക്കാട് ജില്ലയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തൃത്താല, പട്ടാമ്പി ഭാഗങ്ങളിലുള്ള കുട്ടികൾക്ക് അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. അത്തരം കുട്ടികളെ തിരികെ അവരുടെ സ്ഥലങ്ങളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും അധിക ബാച്ച് അനുവദിച്ചുകൊണ്ട് അവർക്കുകൂടി അഡ്മിഷൻ നൽകാൻ കഴിയുന്ന രീതിയിലുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അക്കാര്യം ഞാൻ രാവിലെ വിശദീകരിച്ചതാണ്. ഒരു വിദ്യാഭ്യാസ ജില്ലയിൽ പാസ്സാകുന്ന കുട്ടികൾക്ക് ആ വിദ്യാഭ്യാസ ജില്ലയിൽ സീറ്റ് ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ വർഷം തന്നെ എല്ലാം ആ വിധം ക്രമീകരിക്കാൻ കഴിയുമോ എന്നുള്ള കാര്യത്തിൽ ഉറപ്പുപറയാൻ സാധിക്കില്ലെങ്കിലും പരമാവധി പ്രശ്നങ്ങളുള്ള മേഖലകളിൽ താൽക്കാലിക ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇപ്പോൾ ശ്രമിക്കും. ഭാവിയിൽ ഞാൻ പറഞ്ഞ ഒരു രൂപത്തിലേക്ക് അതിനെ എത്തിക്കുകയും ചെയ്യാം.

പി.എം.-ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും സഭയിൽ സവിസ്തരം പ്രതിപാദിക്കപ്പെട്ടതാണ്. പ്രസ്തുത പദ്ധതിയിൽ ഞങ്ങൾ ഒപ്പിട്ടുവെന്നാണ് പ്രതിപക്ഷത്തുനിന്നുള്ള ശ്രീ. വി. കെ. സനോജ് പറഞ്ഞത്. 'കൊണ്ടു നടന്നതും നീയേ ചാപ്പ, കൊണ്ടുപോയി കൊല്ലിച്ചതും നീയേ ചാപ്പ', എന്നു പറഞ്ഞതുപോലെ, പി.എം.-ശ്രീ.-യുടെ കാര്യത്തിൽ എല്ലാ പണിയും നിങ്ങളാണ് ചെയ്തത്. ആ പ്രതിസന്ധി മറികടന്ന് ഒരു സ്റ്റേറ്റ്-സെൻട്രൽ റിലേഷൻഷിപ്പിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയുമെന്ന് മാത്രമാണ് ഞങ്ങൾ നോക്കിയത്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കുറച്ചുവർഷങ്ങളായി വളരെ അവതാളത്തിലാണ്. മൈനോരിറ്റി കോച്ചിങ് സെന്ററുകൾ ആധുനികവൽക്കരിച്ച് കാര്യക്ഷമമാക്കാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. അതുപോലെ ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പ് പദ്ധതികൾ ഊർജസ്വലമാക്കാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപടികളുണ്ടാകും.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, സാധാരണരീതിയിൽ ഒരു വിവാഹം കഴിഞ്ഞാൽ ആറുമാസത്തെ ഹണിമൂൺ ഉണ്ട്, എന്നാൽ ആരോഗ്യ വകുപ്പിന് അതുപോലും ലഭ്യമായില്ല. അധികാരം ലഭ്യമായ പിറ്റേ ദിവസം മുതൽ ഇതിനെക്കുറിച്ചുള്ള ആക്രമണമായിരുന്നു; അതിനെക്കുറിച്ച് എനിക്ക് പരാതിയില്ല. ഡോക്ടർമാർ മുതൽ

താഴെത്തട്ടിലുള്ള ശുചീകരണ തൊഴിലാളികൾ മുതൽ സൂപ്രണ്ട് വരെയുള്ളവരുടെ ഒരു കോ-ഓർഡിനേഷൻ ഇന്ന് ആരോഗ്യ വകുപ്പിന് കൈവന്നിരിക്കുന്നുവെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. അതുകൊണ്ടുതന്നെ ഇപ്പോൾ പകർച്ചവ്യാധികളെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ചയായി ഷിഗെല്ല രോഗം ബാധിച്ച് മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല; രോഗത്തിന്റെ വ്യാപ്തിയും നന്നായി കുറഞ്ഞു.

ആരോഗ്യമേഖലയിൽ സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന് ഇവിടെ നടന്ന ചർച്ചയിൽ പൊതുവായി വന്ന മറ്റൊരു കാര്യം, ബഹുമാനപ്പെട്ട ആറ്റിങ്ങൽ അംഗവും അത് ഇവിടെ സൂചിപ്പിച്ചു. ഒരു സർക്കാർ ആശുപത്രിപോലും കേരളത്തിൽ സ്വകാര്യവൽക്കരിക്കില്ലെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്. അതേസമയം സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തി സ്വകാര്യ ആശുപത്രികളോട് മത്സരിക്കുന്ന ഒരു സാഹചര്യമുണ്ടാകണമെന്നാണ് ആരോഗ്യ വകുപ്പ് ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലത്തുകിടത്തുന്ന ഏർപ്പാട് കഴിയുന്നത്ര അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്തെ പുലയനാർകോട്ട ആശുപത്രിയിൽ ഒഴിഞ്ഞുകിടക്കുന്ന ധാരാളം വാർഡുകളുണ്ട്. മെഡിക്കൽ കോളേജുകളിലെ രോഗികളെ പരീക്ഷണാർഥം അങ്ങോട്ട് മാറ്റുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഈയാഴ്ചതന്നെ ചർച്ച ചെയ്ത് തീരുമാനിക്കും. ആദ്യമായി രോഗികളെ നിലത്ത് കിടത്താത്ത ഒരു മെഡിക്കൽ കോളേജായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ഒരാഴ്ചയ്ക്കുള്ളിൽ മാറ്റാൻ സാധിക്കും.

ആരോഗ്യമേഖല സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന സ്റ്റേറ്റ്മെന്റ് നഴ്സസ് അസോസിയേഷൻ ഇറക്കുകയുണ്ടായി. ആരോഗ്യരംഗത്ത് വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി എല്ലാ നഴ്സുമാരുടെ സംഘടനകളെയും ഡോക്ടർമാരുടെ സംഘടനയെയും അനുബന്ധ സ്റ്റാഫുകളുടെ രജിസ്റ്റേർഡ് സംഘടനകളെയും ഞാൻ ക്ഷണിച്ചിരുന്നു. ദൗർഭാഗ്യവശാൽ, നഴ്സസ് അസോസിയേഷൻ മാത്രം ആ ചർച്ചയിൽ പങ്കെടുത്തില്ല. മാത്രമല്ല, പിറ്റേദിവസം നടന്ന അവരുടെ സമ്മേളനത്തിൽ ആരോഗ്യരംഗം

സ്വകാര്യമേഖലയ്ക്ക് വിട്ടുകൊടുക്കുന്നുവെന്ന് പറഞ്ഞ് പ്രതിഷേധിച്ച് ഒരു പ്രമേയംകൂടി പാസാക്കിയതായാണ് ശ്രദ്ധയിൽപ്പെട്ടത്. ഇത്തരം സംശയങ്ങൾ ദൂരീകരിക്കേണ്ടത് വകുപ്പിന്റെ ചുമതലയായതിനാലാണ് അവരെ ചർച്ചയ്ക്ക് വിളിച്ചത്. പക്ഷെ അവർ അതിന് പങ്കെടുക്കാൻ തയ്യാറായില്ല. എന്നിരുന്നാലും ഞാൻ വീണ്ടും അവരെ ചർച്ചയ്ക്ക് ക്ഷണിക്കും. അപ്പോൾ അവർ വരികയും സഹകരിക്കുകയും ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗങ്ങളുടെയും സഹകരണം ഉറപ്പാക്കുക എന്നതാണ് സർക്കാരിന്റെ നയം.

കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് സഭാനടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേൽ ഡി.എച്ച്.എസ്.-ന്റെ കസേരയിൽ രണ്ടുപേർ ഇരിക്കുന്നുവെന്നൊക്കെയുള്ള ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ഡി.എച്ച്.എസ്.-ന്റെ കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് ബഹുമാനപ്പെട്ട ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ട്. നിലവിൽ ആ കസേരയിൽ ഒരാൾ മാത്രമാണുള്ളത്. പരിസരത്തുപോലും മറ്റാരും ഇരിക്കുന്നില്ലെന്ന കാര്യം ഈ സഭയെ അറിയിക്കുകയാണ്.

ഡി.എം.ഒ.-മാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കഴിഞ്ഞ ദിവസം ഞാനൊരു വാക്ക് നൽകിയിരുന്നു. ഡി.പി.സി. പോലും ചേരാതിരുന്ന സാഹചര്യമായിരുന്നു. എന്നാൽ ഇപ്പോൾ ഡി.പി.സി യോഗം ചേർന്ന് സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കി മിനിഞ്ഞാന്ന് രാത്രിതന്നെ എല്ലാ ജില്ലകളിലും ഡി.എം.ഒ.-മാരെ നിയമിച്ചു. പ്രത്യേകിച്ച്, കണ്ണൂർ ജില്ലയിൽ 2025 നവംബർ മാസം മുതൽ ഡി.എം.ഒ. ഇല്ലായിരുന്നു, ഡി.എം.ഒ. (ഇൻ-ചാർജ്) ആയിരുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയില്ല. ഇപ്പോൾ അവിടെ സ്ഥിരം ഡി.എം.ഒ.-യെ നിയമിച്ചിട്ടുണ്ട്. കേരളത്തിൽ സബ് സെന്ററുകളുടെ പേര് മാറ്റിയതുമായി ബന്ധപ്പെട്ട വിഷയം ശ്രീ. വി. ടി. ബൽറാം വ്യക്തമാക്കുകയുണ്ടായി. 2023-ൽ സബ് സെന്ററുകളുടെ പേര് 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്നാക്കി മാറ്റണമെന്ന് കേന്ദ്ര സർക്കാർ

സംസ്ഥാനത്തോട് ആവശ്യപ്പെട്ടുവെങ്കിലും അന്ന് സംസ്ഥാന സർക്കാർ ആ നിർദേശം തള്ളിക്കളഞ്ഞിരുന്നു. അതിനെത്തുടർന്ന് NHM-ന്റെ ഏകദേശം 358 കോടി രൂപയുടെ ഫണ്ട് കേന്ദ്ര സർക്കാർ തടഞ്ഞുവച്ചു. ഈ സാഹചര്യത്തിലാണ് 2024-25-ൽ സംസ്ഥാന സർക്കാർ സബ് സെന്ററുകളുടെ പേര് 'ആയുഷ്മാൻ ആരോഗ്യ മന്ദിർ' എന്നാക്കി മാറ്റിയത്. തുടർന്നുള്ള ഫണ്ട് ലഭ്യമായെങ്കിലും അന്ന് തടഞ്ഞുവച്ചിരുന്ന 358 കോടി രൂപ ഇതുവരെ കേന്ദ്രം റിലീസ് ചെയ്തിട്ടില്ല. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി സംസ്ഥാനത്തെ ആരോഗ്യ വകുപ്പുമന്ത്രിമാരുടെ ഒരു കോൺഫറൻസ് ഇന്ന് ഡൽഹിയിൽ വിളിച്ചിട്ടുണ്ട്. ബജറ്റ് ചർച്ചയായതിനാലാണ് എനിക്ക് ആ യോഗത്തിൽ പങ്കെടുക്കാൻ സാധിക്കാതിരുന്നത്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇന്ന് ആ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. തടഞ്ഞുവച്ചിരിക്കുന്ന 358 കോടി രൂപ റിലീസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റ് പ്രധാനപ്പെട്ട വിഷയങ്ങളിൽ എവിടെയെങ്കിലും പരാതികൾ വന്നാൽ ശക്തമായ നടപടിയെടുക്കാൻ നിർദേശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ രോഗിയുടെ കാലിൽ പുഴുവരിച്ചതുപോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി 23-06-2026-ന് ഒരു സർക്കുലർ ഇറക്കിയിട്ടുണ്ട്. അതിലെ കാര്യങ്ങൾ ഞാൻ ദീർഘമായി പറയുന്നില്ല, ആ സർക്കുലറിന്റെ പകർപ്പ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു[1].

പല സർക്കാർ ആശുപത്രികളിലും ധാരാളം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും പല കെട്ടിടങ്ങൾക്കും ഫിറ്റ്നസില്ലാത്ത അവസ്ഥയാണ്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ കെട്ടിടം നിർമ്മിച്ചെങ്കിലും അതുമായി ബന്ധപ്പെട്ട മറ്റ് നടപടിക്രമങ്ങളൊന്നും പൂർത്തീകരിച്ചിട്ടില്ല. അതത് സ്ഥലങ്ങളിലെ അത്തരം കാര്യങ്ങളെല്ലാം പരിഹരിക്കുന്നതാണ്.

ചില സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരും മനേജ്മെന്റും തമ്മിൽ സമരം നടക്കുന്നുണ്ട്. അതുസംബന്ധിച്ച് ഇന്നലെയും ചില ചാനലുകളിൽ വാർത്തകൾ വന്നിരുന്നു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രിയെയും തൊഴിൽ വകുപ്പുമന്ത്രിയെയും അദ്ദേഹത്തിന്റെ ചേംബറിൽ വിളിച്ച് ചർച്ച നടത്തിയതിന്റെ

1 അനുബന്ധമായി ചേർത്തിരിക്കുന്നു.

അടിസ്ഥാനത്തിൽ മിനിമം വേജസ് ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് ഒരാഴ്ചയ്ക്കകം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും അക്കാര്യത്തിൽ നടപടിയുണ്ടാകുന്നതാണ്. അതിനാൽ സമരം നടത്തുന്ന നഴ്സുമാർ സമരരംഗത്തുനിന്നും ദയവായി പിന്മാറണം. അവരുടെ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ അംഗീകരിക്കുമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

മറ്റ് കാര്യങ്ങളെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ഈ വകുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ശ്രീ. സന്ദീപ് വാര്യർ AIIMS-ന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിരുന്നു. എയിംസുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളെത്തന്നെ കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ കത്തയയ്ക്കുന്നതാണ്. എയിംസിനായി നാലോളം സ്ഥലങ്ങൾ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്. സ്ഥലങ്ങളുടെ വിശദമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കത്തയച്ചശേഷം അതുസംബന്ധിച്ച വിശദാംശങ്ങൾ സഭയെ അറിയിക്കാം. അതിൽ ഏതെങ്കിലും ഒരു പ്രത്യേക സ്ഥലം വേണമെന്ന് നിർബന്ധം പറയുന്നില്ല. ഈ നാല് പ്രധാനപ്പെട്ട സ്ഥലങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി അവരുടെ സംഘം വന്ന് പരിശോധിച്ചശേഷം അവർ അംഗീകരിക്കുന്ന സ്ഥലം സർക്കാർ ഏറ്റെടുത്ത് നൽകുന്നതാണ്. ഇത്രയുംകാലം ആരോഗ്യരംഗത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ച കേരളത്തിന് AIIMS ലഭിക്കാത്തത് തികച്ചും ദൗർഭാഗ്യകരമാണ്. അതിനാലാണ് AIIMS കേരളത്തിൽ സ്ഥാപിക്കണമെന്നും അതിന്റെ എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാർ നൽകാമെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളത്. ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് ഞാൻ സഭയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ വളരെ ദീർഘമായി പ്രസംഗിക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി കൂടിയായ മുഖ്യമന്ത്രി അവതരിപ്പിച്ച ബജറ്റ് ഒരു വിഷൻ ഡോക്യുമെന്റാണ്. കേരളത്തിന്റെ വരുമാനത്തിന്റെ

ഏകദേശം 80 ശതമാനവും പലിശ, ശമ്പളം തുടങ്ങിയ നിത്യനിദാന ചെലവുകൾക്കായി വിനിയോഗിക്കുകയാണ്. വ്യത്യസ്തമായ പാതയിൽ സഞ്ചരിച്ചാൽ മാത്രമെ ഇനി കേരളത്തിന് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. പണമുണ്ടെങ്കിൽ മാത്രമേ എല്ലാവരും വലിയ പ്രതീക്ഷയോടെ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യാനും ആളോഹരി വരുമാനം വർധിപ്പിക്കാനും പൊതു-ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം വർധിപ്പിക്കാനും തുടങ്ങിയ എല്ലാകാര്യങ്ങൾക്കും പണം അത്യന്താപേക്ഷിതമാണ്. എന്നാൽ സർക്കാരിന്റെ കൈവശം വേണ്ടത്ര പണമില്ലെന്നുള്ളതാണ് വസ്തുത. വരുമാനത്തിന്റെ 80 ശതമാനവും നിത്യാനിദാന ചെലവുകൾക്കുമായി വിനിയോഗിക്കുകയാണ്. മുൻകാലങ്ങളിലാണെങ്കിൽ പല നികുതി വരുമാനങ്ങളിലൂടെ പണം ലഭ്യമായിരുന്നു. എന്നാൽ ഇപ്പോൾ അതിനും സാധിക്കുന്നില്ല. കേന്ദ്ര സർക്കാർ അതിനെയെല്ലാം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുകാണ്. നിലവിൽ ലോൺ എടുക്കാൻപോലും സാധിക്കാത്ത അവസ്ഥയാണുള്ളത്. കേരളം ഒരു സ്റ്റാഗ്നന്റായി മാറാതിരിക്കണമെങ്കിൽ അല്പം വ്യത്യസ്തമായ മാർഗത്തിൽ സഞ്ചരിക്കേണ്ടി വരും. ആ ചലഞ്ച് ഏറ്റെടുക്കണമെങ്കിൽ എല്ലാപേരുടെയും വീക്ഷണം അല്പം മാറ്റേണ്ടതായി വരും. ഞാൻ പ്രതിപക്ഷത്തെ ഉദ്ദേശിച്ചല്ല പറയുന്നത്. വളരെ ഓർത്തഡോക്സായി ചിന്തിക്കുന്ന, ഐഡിയോളജിയിൽ വരിഞ്ഞ് മുറുക്കപ്പെട്ട സ്ഥിയെക്കുറിച്ചൊന്നുമല്ല ഞാൻ പറഞ്ഞത്. ഇക്കാര്യത്തിൽ നമ്മൾ എല്ലാപേരും മാറേണ്ടിവരും. അല്ലെങ്കിൽ സംസ്ഥാനം വലിയ സ്റ്റാഗ്നന്റായി/ദരിദ്രമായി മാറും. സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം ഇനിയും കുറയുന്ന സ്ഥിതിവിശേഷമാണ്ടാകും. കഴിഞ്ഞ കാലഘട്ടങ്ങളിൽ ആളുകൾ വിദേശ രാജ്യങ്ങളിലേക്ക് പോയതുകൊണ്ടാണ് കേരളം രക്ഷപ്പെട്ട് പിടിച്ചുനിന്നത്. ആഗോളതലത്തിൽ അതിന്റെ സ്ഥിതി എന്താണെന്നുള്ളത് ഞാൻ വിശദീകരിക്കേണ്ട ആവശ്യമില്ലല്ലോ; ഈ അവസരത്തിൽ നമുക്ക് രക്ഷപ്പെടാനുള്ള മാർഗങ്ങൾ നോക്കണം. ദുബായ് ഇതിനൊരു ഉദാഹരണമാണ്. അവർക്കുണ്ടായിരുന്ന എണ്ണപ്പാടങ്ങൾ വറ്റിപ്പോയി. പിന്നെ

അവർക്കുണ്ടായിരുന്നത് ഒരു തുറമുഖം മാത്രമാണ്. നല്ല കാഴ്ചപ്പാടുണ്ടായിരുന്നതുകൊണ്ട് അവർക്ക് ആ തുറമുഖം ഉപയോഗപ്പെടുത്തി ദുബായിൽ വലിയ ഡെവലപ്മെന്റുണ്ടാക്കാൻ സാധിച്ചു. കേരളത്തിലെ കാലാവസ്ഥയല്ല അവിടെയുള്ളത്. ചൂടാണെങ്കിൽ ചൂടും തണുപ്പാണെങ്കിൽ തണുപ്പുമുള്ള കാലാവസ്ഥയാണുള്ളത്. എന്നാൽ അവിടെ വിനോദ സഞ്ചാരികൾ വരുന്നുണ്ട്. തുറമുഖങ്ങൾ പോലുള്ള കുറച്ച് അടിസ്ഥാന സൗകര്യ വ്യവസായങ്ങൾ ഉപയോഗപ്പെടുത്തി ലോകത്തിൽ ഏറ്റവും വലിയ വാണിജ്യ മേഖലയായി ദുബായ് മാറി. ഞാൻ ചെറിയൊരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. ഇതുപോലെ കേരളത്തിനും മാറാൻ സാധിക്കുന്നതാണ്. ദുബായിലുള്ളതിനെക്കാൾ എത്രയോ മെച്ചപ്പെട്ട സൗകര്യങ്ങൾ കേരളത്തിനുണ്ട്. കാലാവസ്ഥ, പ്രകൃതിഭംഗി, വനം, നദി, തീരം തുടങ്ങി എല്ലാമുള്ള ഒരു സംസ്ഥാനമാണ് കേരളം. പിന്നെ എന്തുകൊണ്ടാണ് നമുക്ക് വികസിക്കാൻ സാധിക്കാത്തത്; കേരളം വികസിക്കണമെങ്കിൽ കുറച്ച് വ്യത്യസ്തമായ മാർഗത്തിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. അതിനുള്ള ഒരു വിഷൻ ഈ ബജറ്റ് ഡോക്യുമെന്റിലുണ്ട്. എല്ലാപേരും സഹകരിക്കുകയാണെങ്കിൽ അത് സാധിക്കും ഇല്ലെങ്കിൽ വരുംതലമുറ അതിന്റെ പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരും. നിലവിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖല പ്രയോജനമില്ലാത്ത സ്ഥിതിയിലാണ് പോയിക്കൊണ്ടിരിക്കുന്നത്. അതിനെ ആധുനികവൽക്കരിക്കുകയും ഇന്ന് ലോകത്തുള്ള ടെക്നോളജിക്കനുസരിച്ച് തൊഴിൽക്ഷമതയുള്ളവരും സംരംഭകരുമാകാനും സാധിക്കുന്നൊരു നിലയിലേക്ക് പുതുതലമുറയെ ഉയർത്തിക്കൊണ്ടുവരണമെങ്കിൽ സ്റ്റാൻഡേർഡൈസേഷൻ ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. യൂണിവേഴ്സിറ്റികളിലും പരിഷ്കാരങ്ങൾ വേണ്ടിവരും. ഇപ്പോൾ അവിടെ തൊടാൻ സാധിക്കില്ല, കാരണം അവിടെയെല്ലാം രാഷ്ട്രീയമാണ്. എങ്കിൽ പിന്നെ കേരളം മുടിഞ്ഞുപോകുകയേയുള്ളൂ. ഇതിൽ യാതൊരു സംശയവും വേണ്ട. സർവകലാശലകളിലേക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അവിടെ ഒരു പരിഷ്കാരവും നടത്താൻ സാധിക്കില്ല. അവിടെയെല്ലാം

രാഷ്ട്രീയം വാഴുകയാണ്. ഈ സാഹചര്യത്തിൽ എന്താണ് ചെയ്യാൻ സാധിക്കുക; അതുകൊണ്ട് പരിഷ്കാരം എല്ലാ രംഗങ്ങളിലും ആവശ്യമാണ്. കേരളത്തിൽ നിക്ഷേപം ഉണ്ടായാൽ മാത്രമേ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. വിനോദ സഞ്ചാരമേഖല വികസിക്കണമെങ്കിൽ ടൂറിസം സംസ്കാരത്തിന്റെയും സർക്കാരിന്റെയും ആളുകളുടെയും സമീപനം മാറണം. കേരളത്തിൽ മെച്ചപ്പെട്ട നിക്ഷേപം ഉണ്ടായാൽ മാത്രമേ വികസിക്കുകയുള്ളൂ. ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമാണെന്ന് നമുക്ക് അറിയാം. ഇന്നത്തെ കാലഘട്ടത്തിൽ ടെക്നോളജി വളരെയധികം സഹായകരമാണ്. ഐ.ടി. മിഷനെ എ.ഐ. ഫ്യൂച്ചർ ടെക്നോളജി മിഷൻ എന്നാക്കി പ്രഖ്യാപിച്ചിട്ടേയുള്ളൂ. അതിന് ഇപ്പോഴൊരു പബ്ലിസിറ്റി ലഭിച്ചു. ധാരാളം കുട്ടികൾ പുതിയ ആശയങ്ങളും സ്റ്റാർട്ടപ്പുകളുമായി മുന്നോട്ടുവരികയാണ്. സ്റ്റാട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാനും അവർക്ക് ഇൻസെന്റീവ് നൽകാനും പണമില്ലാത്ത അവസ്ഥയാണുള്ളത്. കർണ്ണാടകത്തിനും തമിഴ്നാട്ടിനും ധാരാളം വരുമാനമുള്ളതുകൊണ്ട് അവർക്ക് വലിയ തോതിലുള്ള ഇൻസെന്റീവും പാക്കേജുമെല്ലാം കൊടുക്കാൻ സാധിക്കും. കേരളത്തിന് പണം ഇല്ലാത്തതുകാരണം ഇതൊന്നും കൊടുക്കാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിച്ചതുകൊണ്ട് സ്റ്റാർട്ടപ്പുകൾക്ക് പാക്കേജ് നൽകാൻ കുറച്ച് അധികം തുക അനുവദിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾ കേരളത്തിലേക്ക് വരാനുള്ള അവസരം അതിലൂടെ വർധിക്കും. നിക്ഷേപങ്ങൾ ധാരാളം വരുന്നതിലൂടെ ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. എന്നാൽ കേരളത്തിലേക്ക് നിക്ഷേപങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ യാഥാസ്ഥിതിക മനോഭാവത്തോടുകൂടി അത് പറ്റില്ലെന്നും ഇതുപറ്റില്ലെന്നും പറഞ്ഞാൽ എന്താണ് ചെയ്യാൻ സാധിക്കുന്നത്; അത്തരത്തിൽ പറയുന്ന സാഹചര്യങ്ങൾ ഒഴിവാക്കി കേരളത്തെ രക്ഷപ്പെടുത്താനുള്ള മാർഗത്തിലേക്ക് കയറ്റി നിർത്തിയില്ലെങ്കിൽ കേരളം വളരെ സ്റ്റാഗ്നന്റാകുമെന്ന് മാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. അതിന്റെ വിശദാംശത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. 80 ശതമാനവും ചെലവാക്കിക്കഴിഞ്ഞാൽ ബാക്കി 20 ശതമാനം കൊണ്ട് കേരളത്തിൽ എന്തുചെയ്യാൻ

സാധിക്കും. കുറച്ചുകാലം കഴിയുമ്പോൾ പലിശകൂടി അതും ഇല്ലാതായി ശമ്പളം വരെ മുടങ്ങും. അതിനാൽ എല്ലാ മേഖലകളിലും നിക്ഷേപം ഉണ്ടാകേണ്ടതാണ്. ബജറ്റിൽ പറഞ്ഞിട്ടുള്ള ഒരുപാട് കാര്യങ്ങളുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പുതിയ ടെക്നോളജികൾ ഉപയോഗിച്ച് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ഇത്തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാകണം. ആ മാറ്റത്തിനുവേണ്ടി നമ്മൾ ഒരുമിച്ച് പ്രവർത്തിച്ചില്ലെങ്കിൽ........ ഗൾഫ് രാജ്യങ്ങൾ, യൂറോപ്പ്, എന്നിവിടങ്ങളിലെല്ലാം ടെക്നോളജികൾ ഉപയോഗിക്കുന്നുണ്ട്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മാറിയാലും അവിടങ്ങളിലും ടെക്നോളജിയുടെ ഉപയോഗം കൂടുകയേയുള്ളൂ. മലയാളികളുടെ തനതായ ശക്തി ഇനിയും പുറത്തെടുത്തില്ലെങ്കിൽ വരും തലമുറ വലിയ പ്രതിസന്ധിയിലേയ്ക്കുപോകും. അതിനാൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യവസായ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളും പരിഷ്കരിക്കുകയും അവിടെയെല്ലാം നിക്ഷേപം കൊണ്ടുവരികയും ചെയ്യണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. അതാണ് ഈ ബജറ്റ് ഡോക്യുമെന്റിലെ വിഷയവും. ഇവിടെ ഒന്നുരണ്ട് ചെറിയ സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി. സ്വകാര്യമേഖലയ്ക്ക് ഇനി കരിമണൽ ഖനനം ചെയ്യാൻ സാധിക്കില്ല. അത് reserved for public sector ആണ്. മാധ്യമങ്ങളാണ് തെറ്റായ വാർത്തകൾ നൽകുന്നത്. കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ വിജ്ഞാപനവുമുണ്ട്. ആലപ്പുഴ തീരദേശത്തെ കരിമണൽ തൊടാനുള്ള പരിപാടി ഈ സർക്കാരിനില്ല, ഞാനത് വ്യക്തമാക്കിയിട്ടുമുണ്ട്. മിനറൽ കോംപ്ലെക്സിനെക്കുറിച്ച് ഇവിടെ പറഞ്ഞു. മോണോസൈറ്റ് ക്രാക്കിങ് നടത്തുമ്പോൾ ധാരാളം അസംസ്കൃത വസ്തുക്കൾ കാലാകാലങ്ങളായി അവിടെ കുഴിച്ചിട്ടുണ്ട്. മോണോസൈറ്റ് ക്രാക്കിങ്ങിനുള്ള പരിപാടി ആസൂത്രണം ചെയ്തത് ഞങ്ങളല്ല, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുനടന്ന സംഭവമാണ്. കഴിഞ്ഞ സർക്കാരിന് ലഭിച്ച നിരവധി പ്രൊപ്പോസലുകൾ അവർ പ്രോസ്സസ് ചെയ്തിട്ടുണ്ട്. അതിന്റെ ഒരു സ്റ്റേജ് വച്ചിട്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മിനറൽ

കോംപ്ലെക്സിനെക്കുറിച്ച് പറഞ്ഞത്. മോണോസൈറ്റ് ക്രാക്കിങ് നടത്തുമ്പോൾ കുറെ സാധനങ്ങൾ ലഭ്യമാകും. അതിൽനിന്നും ലഭിക്കുന്ന സാധനംകൊണ്ട് ഫ്യൂച്ചർ മെറ്റൽ അല്ലെങ്കിൽ ലോകത്തിന്റെതന്നെ ഏറ്റവും വലിയ വിലപ്പെട്ട വസ്തുവെന്ന് പറയുന്ന പെർമനെന്റ് മാഗ്നറ്റ് നിർമ്മിക്കാം.

ശ്രീ. സജി ചെറിയാൻ: സർ, അങ്ങ് സ്വകാര്യ മേഖലയ്ക്ക് കരിമണൽ ഖനനത്തിനുള്ള അനുമതി നൽകില്ലെന്നുപറഞ്ഞത് സന്തോഷകരമായ കാര്യമാണ്. കേന്ദ്ര സർക്കാർ ധാതുഖനനത്തിനായി ഇപ്പോൾ ഒരു ടെൻഡർ നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരപ്രദേശങ്ങളിലെ ഭാഗങ്ങൾ അതിൽ ഉൾപ്പെടുന്നുണ്ട്. അതാണ് ഞങ്ങളുടെ ആശങ്ക. ഇത്തരത്തിലുള്ള അനുമതി കേന്ദ്ര ഗവൺമെന്റ് സ്വകാര്യ കമ്പനികൾക്ക് നൽകുമ്പോൾ അതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എന്തെങ്കിലും നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, KMML ബോർഡ് പാസ്സാക്കിയ MoU-യിൽ ഒപ്പിടാൻ വേണ്ടി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് തീരുമാനിച്ചിരുന്നു. അതിലൊരു പ്രൈവറ്റ് കമ്പനി ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഞങ്ങളൊന്നും ചെയ്തതല്ല, നിങ്ങൾ ചെയ്തുവച്ചതാണ്. ഞാൻ അതൊരു കുറ്റമായി പറയുന്നതല്ല. മോണോസൈറ്റ് ക്രാക്കിങ്ങിനായി ടെൻഡർ ക്ഷണിച്ചപ്പോൾ ധാരാളം പ്രൊപ്പോസലുകൾ ലഭിച്ചു. അതിൽ മിഡ്‌വെസ്റ്റ് ലിമിറ്റഡ് എന്ന കമ്പനിയുണ്ടായിരുന്നു. അതൊരു പ്രൈവറ്റ് കമ്പനിയാണ്. അവരുടെ കൈവശം മാത്രമാണ് അതിനാവശ്യമായ ടെക്നോളജിയുള്ളത്. അവർ First right ആവശ്യപ്പെട്ടു. അത് കൊടുക്കണമോ വേണ്ടയോ എന്ന് പരിശോധിച്ച് ബോർഡ് അത് പാസ്സാക്കി MoU-യിൽ ഒപ്പുവയ്ക്കാൻ പോകുന്ന സമയത്താണ് തിരഞ്ഞെടുപ്പ് വന്നത്. അത് അതേപടി ഈ സർക്കാരിന് ലഭിക്കുകയും ചെയ്തു. അത് പരിശോധിച്ചുമാത്രമേ തീരുമാനമെടുക്കുകയുള്ളൂ. അതിൽ യാതൊരു സംശയവും വേണ്ട. കൈപൊള്ളുന്ന ഒരു പരിപാടിക്കും ഞങ്ങളില്ല. കൂടാതെ, പെർമനന്റ് മാഗ്നറ്റിന്റെ വിഷയത്തിൽ MoU-യിൽ ഒപ്പുവച്ചിട്ടില്ല. അതിൽ PSUs (Public Sector Undertakings) മാത്രമാണുള്ളത്. ഇതിന്റെ വിവാദമൊക്കെ അവസാനിച്ച്

നന്നായി പരിശോധിച്ചതിനുശേഷം ഒപ്പ് വയ്ക്കാമെന്ന് കരുതി മാറ്റിവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞത് ഇപ്പോൾ സൈൻ ചെയ്യേണ്ടതില്ലെന്നും നന്നായി പരിശോധിച്ചതിനുശേഷം തീരുമാനമെടുത്താൽ മതിയെന്നുമാണ്. അതിനാൽ ഞങ്ങളത് മാറ്റിവച്ചു. കരിമണൽ ഖനനം സ്വകാര്യമേഖലയിൽ നടക്കില്ലായെന്നത് ഉറപ്പായ കാര്യമാണ്. ആലപ്പുഴ തീരപ്രദേശത്തെ കരിമണൽ ഞങ്ങൾ തൊടില്ല. അതിൽ സംശയം വേണ്ട. അതുസംബന്ധിച്ച വാർത്തകൾ ഇനി ഉണ്ടാക്കേണ്ടതില്ല.

ശ്രീ. ജി. സുധാകരൻ: സർ, കരിമണൽ കൂടുതൽ അടിഞ്ഞുകൂടുകയും പലതരത്തിൽ ഖനനം നടക്കുകയും ആരോപണമുണ്ടാകുകയും ചെയ്യുന്ന തോട്ടപ്പള്ളി എന്റെ നിയോജകമണ്ഡലമായ അമ്പലപ്പുഴയിലാണ് സ്ഥിതി ചെയ്യുന്നത്. അവിടെ കേന്ദ്രസർക്കാരാണ് ഖനനം നടത്തുന്നതെങ്കിലും അതിന്റെ ദോഷഫലങ്ങൾ അനുഭവിക്കുന്നത് സംസ്ഥാന സർക്കാരാണ്. തീരപ്രദേശങ്ങൾ രാജ്യരക്ഷയുമായി ബന്ധമുള്ള പ്രദേശങ്ങളായതിനാൽ കേന്ദ്ര സർക്കാരിന് അവിടെ പ്രത്യേകം അവകാശമുണ്ട്. സംസ്ഥാനത്തിനുമേൽ അവർക്ക് ഓവർറൈഡ് ചെയ്യാൻ സാധിക്കും. കരിമണൽ ഖനനം പൊതുമേഖലയിലാണെങ്കിലും അത് എടുക്കണമോ, വേണ്ടയോ എന്നുള്ളത്; സ്വകാര്യ മേഖലയ്ക്ക് അത് ആവശ്യമാണ്. അതിനെക്കുറിച്ച് ഒരു വിദഗ്ധ പഠനം നടത്താൻ തയ്യാറാവുകയാണ് വേണ്ടത്. കഴിഞ്ഞ പത്തുവർഷം അവിടെ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കാനും വിദഗ്ധ സമിതിയെവച്ച് നമുക്കത് എങ്ങനെ കൈകാര്യം ചെയ്യാം എന്ന കാര്യം അന്വേഷിക്കാനും അങ്ങ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തോട്ടപ്പള്ളിയിൽ കരിമണൽ നീക്കുന്നതിലെ വിഷയം വേറെയാണ്. അവിടെ അടിഞ്ഞുകൂടുന്ന മണൽ ഇറിഗേഷൻ വകുപ്പും ബാക്കിയുള്ളവരുംകൂടി റിമൂവ് ചെയ്യുന്ന സംഗതി വേറെയുണ്ട്. അതല്ലാതെ തീരദേശത്ത് പുതിയ പ്ലോട്ടുകൾ കണ്ടുപിടിച്ച് ഇനി ഖനനം ചെയ്യുന്നില്ല. റിസർവ് ചെയ്ത പ്ലോട്ടുകളിലാണ് ഐ.ആർ.ഇ.എൽ. പോലും ഖനനം നടത്തുന്നത്. പുതിയ ബ്ലോക്കിലോ സൈറ്റിലോ

തീരത്തോ ഖനനം ചെയ്യുന്നതിനെക്കുറിച്ചല്ല ഇപ്പോൾ പറയുന്നത്. വാല്യൂ അഡിഷന്റെ കാര്യങ്ങളാണ് മിനറൽ കോംപ്ലെക്സിൽ വരുന്നത്. അതിലൊന്നാണ് മോണോസൈറ്റ് ക്രാക്കിങ്. അതിൽനിന്നും ലഭിക്കുന്ന നിരവധി സാധനങ്ങൾകൊണ്ട് പെർമനന്റ് മാഗ്നറ്റ് നിർമ്മിക്കാം. ഇപ്പോഴത്തെ എല്ലാ ഇലക്ട്രോണിക് സാധനങ്ങളുടെയും റാ മെറ്റീരിയലാണ് പെർമനന്റ് മാഗ്നറ്റ്. അതിന് ലോകത്ത് വലിയ ഡിമാന്റാണ്. അതിന്റെ കുത്തക ചൈനയ്ക്കാണ്. സെൻട്രൽ പബ്ലിക് സെക്ടർ അണ്ടർടേക്കിങ്സ്-ന്റെ സഹായത്തോടുകൂടി നമുക്കും പെർമനന്റ് മാഗ്നറ്റ് വികസിപ്പിച്ചെടുക്കാൻ സാധിക്കുമോയെന്നാണ് കഴിഞ്ഞ സർക്കാർ പരിശോധിച്ചത്. അതിൽ തെറ്റുപറയാൻ സാധിക്കില്ല. എന്നാൽ അതിന്റെ അടുത്ത സ്റ്റേജിലേക്ക് പോകുമ്പോൾ, ഇവിടെ സൂചിപ്പിച്ചതുപോലെ എഗ്രിമെന്റിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്ന് വിശദമായി പരിശോധിച്ചതിനുശേഷം തീരുമാനമെടുക്കാം. വാല്യൂ അഡിഷനാണ് മിനറൽ കോംപ്ലെക്സുമായി ബന്ധപ്പെട്ട് വരുന്നത്. അതിനാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾകൂടി പരിശോധിക്കാം. തീരദേശത്തെ മൈനിങ് വളരെ സെൻസിറ്റീവാണ്. അതിൽ മുമ്പോട്ടുപോകാൻ കഴിയില്ലായെന്നതുതന്നെയാണ് ഈ സർക്കാരിന്റെയും അഭിപ്രായം. കാരണം ധാരാളം പ്രശ്നങ്ങളുണ്ട്. അതിനാൽ നിലവിലുള്ള ബ്ലോക്കും കരിമണലും അതിന്റെ അവശിഷ്ടങ്ങളും കാലാകാലങ്ങളിലായി കുഴിച്ചിട്ടതിൽനിന്നും മോണോസൈറ്റ് ക്രാക്ക് ചെയ്ത് പുതിയ വാല്യൂ അഡിഷൻ ചെയ്യുന്നതെല്ലാം വേറെ കാര്യങ്ങളാണ്. അതുകൊണ്ട് ഏതായാലും തീരദേശത്തെ സെൻസിറ്റിവിറ്റി കണക്കിലെടുക്കാതെ ഒരു കാര്യവും ചെയ്യില്ലായെന്ന് ഈ സാഹചര്യത്തിൽ ഉറപ്പുനൽകുകയാണ്. വ്യവസായരംഗത്തും നിക്ഷേപരംഗത്തും വലിയ കുതിച്ചുചാട്ടത്തിന് പറ്റുന്ന ഡോക്യുമെന്റാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതിനെല്ലാവരുടെയും സഹകരണം ആവശ്യമാണെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സണ്ണി ജോസഫ്</u>): സർ, വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ഒരു അഴിമതി ആക്ഷേപം എഴുതിത്തന്ന് ഉന്നയിച്ചത്

ഭരണകക്ഷി അംഗമായ ശ്രീ. സുമേഷ് അച്യുതനാണ്. അതിന്റെ സാങ്കേതിക കാര്യങ്ങളെക്കുറിച്ച് പ്രതിപക്ഷം ചോദ്യം ചെയ്തു. അനെർട്ട് വഴി സ്ഥാപിച്ച സോളർ എനർജി പദ്ധതികളിലെ ടെൻഡറുകളിൽ വന്ന ചില ക്രമക്കേടുകളെക്കുറിച്ചാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്.

സോളാർ എനർജി പദ്ധതിക്കായി വയനാട് വെള്ളപ്പൻകണ്ടി ഉന്നതിയിൽ ഒരു യൂണിറ്റിന് 2,82,610/- രൂപയാണ് ചെലവായതെങ്കിൽ അതേ കമ്പനിയായ വിൻഡ് സ്ട്രീം എനർജി ടെക്നോളജീസ് പാലക്കാട് ജില്ലയിലെ മേലെ തുടുക്കി ഉന്നതിയിലേക്ക് വന്നപ്പോൾ അത് 5,80,000/- രൂപയായി മാറി. ഒരു യൂണിറ്റിന് ഇരട്ടിയിലധികം, അതായത് 2,97,000/- രൂപ അധികംവന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുപോലെ, പി.വി. ബ്ലിങ്ക് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിക്ക് വർക്ക് ഓർഡർ നൽകിയത് 26-05-2023-ലാണ്. എന്നാൽ അവരുടെ ഇൻവെർട്ടർ ടെസ്റ്റ് നടത്തിയത് 16-06-2023-നാണ്. വർക്ക് ഓർഡർ നൽകി കഴിഞ്ഞിട്ടാണ് അവരുടെ ഉപകരണങ്ങൾ സംബന്ധിച്ചുള്ള യോഗ്യതാ പരിശോധന നടത്തിയത്. ആ നടത്തിപ്പിലും ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്നതാണ് മറ്റൊരു ആക്ഷേപം. പി.എം. കുസും പദ്ധതിയുടെ ഭാഗമായി Suntastic Engineering Private Limited -ന്റെ ടെൻഡറിൽ ഏഴ് കിലോ വാട്ടിന് അവർ ക്വാട്ട് ചെയ്ത സംഖ്യ 5,32,925/- രൂപയാണെങ്കിൽ അവർക്ക് അനുവദിച്ച് വർക്ക് ഓർഡർ നൽകിയത് 5,93,000/- രൂപയ്ക്കാണ്. അതായത്, 60,000/- രൂപ അവർ ക്വാട്ട് ചെയ്ത സംഖ്യയേക്കാൾ കൂടുതലായിട്ടാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളതെന്നതാണ് മറ്റൊരു ആക്ഷേപം. ഇത് നബാർഡിൽനിന്നും ലോണെടുത്ത് നടപ്പാക്കുന്ന പദ്ധതിയാണ്. അനെർട്ട് നടപ്പാക്കുന്ന പദ്ധതികളിൽ അഴിമതി ആരോപിച്ചുകൊണ്ട് മാധ്യമങ്ങളിൽ വാർത്ത വന്നതിനെത്തുടർന്ന് നിജസ്ഥിതി അന്വേഷിക്കുന്നതിനായി സർക്കാർ 21-10-2025-ലെ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി വച്ചിരുന്നു. അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ധനകാര്യ വകുപ്പ് ഡയറക്ടർ, ഊർജ്ജ വകുപ്പ് അണ്ടർ സെക്രട്ടറി എന്നിവരാണ് കമ്മിറ്റിയിലെ അംഗങ്ങൾ. അഞ്ചുകോടി രൂപ വരെ

മാത്രം ടെൻഡർ വിളിക്കാൻ അനുമതിയുള്ള അനെർട്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 240 കോടി രൂപയുടെ ടെൻഡർ വിളിച്ചു, ആദ്യ ടെൻഡർ പിൻവലിച്ച് റീ-ടെൻഡർ ക്ഷണിച്ചു, ടെൻഡർ തുറന്നശേഷം മാറ്റങ്ങൾ വരുത്തി, സോളാർ പ്ലാന്റിന് അടിസ്ഥാന വില നിശ്ചയിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം ഇതുവരെ നടപ്പാക്കിയിട്ടില്ല തുടങ്ങിയവയായിരുന്നു അന്വേഷണ റിപ്പോർട്ടിലെ പരാമർശം. ഈ അന്വേഷണ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിക്കുന്നതാണ്. ഇതുസംബന്ധിച്ച് വിജിലൻസിന്റെ പ്രാഥമിക എൻക്വയറി നടക്കുന്നുവെന്ന് മനസ്സിലാക്കുന്നു. ഈ കാര്യത്തിൽ ക്രമക്കേടുണ്ടെന്നും അഴിമതിയുണ്ടെന്നും മുൻ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി മാധ്യമങ്ങളോട് തുറന്ന് സമ്മതിച്ചിരിക്കുകയാണ്. അതുകൊണ്ട് ഇതിലെ കുറ്റക്കാരെ കണ്ടെത്തി ശിക്ഷാനടപടികൾ നൽകാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് പറഞ്ഞുകൊണ്ട് ധനാഭ്യർഥന പാസാക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഈ ധനാഭ്യർഥനകൾ അംഗീകരിക്കണമെന്നും പാസ്സാക്കിത്തരണമെന്നും ഞാൻ അഭ്യർഥിക്കുകയാണ്. ദീർഘമായ ഒരു പ്രസംഗത്തിനൊന്നും ഞാൻ മുതിരുന്നില്ല. ബജറ്റ് ചർച്ചയുടെ സമയത്ത് വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഈ ബജറ്റിനെക്കുറിച്ച് പ്രതിപക്ഷം പറഞ്ഞത് വളരെ വ്യത്യസ്തമായ ബജറ്റെന്നാണ്. പരമ്പരാഗതമായ രീതിയിൽനിന്ന് കുറെ മാറി ചിന്തിച്ചിട്ടുണ്ട്. പ്രതിപക്ഷം ആക്ഷേപമായി പറഞ്ഞതാണെങ്കിലും ഞാൻ അത് പൂർണ്ണമായി അംഗീകരിക്കുന്നു. കേരളത്തിന്റെ സ്ഥിതി എന്താണെന്ന് ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി വളരെ വ്യക്തമായി പറഞ്ഞു. നമ്മൾ ഇങ്ങനെ പോയാൽ മതിയോ? യുവജനങ്ങൾക്ക് തൊഴിൽ നൽകാൻ സാധിക്കാത്ത, ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമ പദ്ധതികൾ ഭാവിയിൽ നിർത്തിവയ്ക്കേണ്ടി വരുന്ന പരിതാപകരമായ ഒരു അവസ്ഥയിലേക്ക് പോകേണ്ടി വരുമെന്ന് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു ക്ഷേമ പ്രവർത്തനങ്ങളും മുന്നോട്ട്

കൊണ്ടുപോകാൻ സാധിക്കില്ല. ഒരു സുപ്രഭാതത്തിൽ എല്ലാം അവസാനിപ്പിക്കേണ്ടിവരും. നമുക്ക് അതിനുള്ള പണമില്ലാതെ വരും. പണം കടമെടുത്തും അതിന്റെ പലിശകൊടുത്തും കഴിയുമ്പോൾ നമ്മൾക്ക് ഒന്നും ചെയ്യാനില്ലാത്ത അവസ്ഥവരും. പലിശയുടെ നിരക്ക് കൂടിക്കൊണ്ടിരിക്കുകയാണ്. മുഴുവൻ വരുമാനത്തിന്റെ 77 ശതമാനം കമ്മിറ്റഡ് എക്സ്‌പെന്റിച്ചറാണെന്ന് പറയുന്നത് വളരെ ഭയാനകമായ സ്ഥിതി വിശേഷമാണ്. നമുക്ക് പിന്നീടൊന്നും ചെയ്യാനില്ലാത്ത അവസ്ഥയിലേക്ക് പോകുകയാണ്. മറ്റ് പല സംസ്ഥാനങ്ങളെക്കാൾ വെൽഫയർ ആക്റ്റിവിറ്റികൾ നമ്മൾ ചെയ്യുന്നുണ്ട്. അതിൽ നമുക്ക് അഭിമാനവുമുണ്ട്. പക്ഷെ ആ അഭിമാനമുണ്ടാക്കിയിരിക്കുന്ന സ്ഥിതി വിശേഷം തുടർന്ന് കൊണ്ടുപോകാൻ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടിവരും.

നേരത്തെ പറഞ്ഞതുപോലെ മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുള്ള വകുപ്പ് ആരംഭിച്ചു. കേരളത്തിൽ പ്രായമായവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജനങ്ങളുടെ ആയുർ ദൈർഘ്യം വർധിച്ചുകൊണ്ടിരിക്കുകയാണ്. 80 വയസ്സിന് മുകളിലുള്ളവരെ സംരക്ഷിക്കാനുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കേണ്ടിവരുന്നു. കൂടുതൽ ബാധ്യതകൾ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ മുകളിൽ വരികയാണ്. നിലവിലുള്ള സമ്പദ് വ്യവസ്ഥ ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതല്ല. ഇതിൽ അടിസ്ഥാനപരമായ മാറ്റം ആവശ്യമാണ്. ലോക ചരിത്രം പരിശോധിച്ചാൽ, ലോകത്തിലെ പല രാജ്യങ്ങളിലും സാമ്പത്തിക തകർച്ചയുണ്ടായിട്ടുണ്ട്. 1930-ലെ 'ഗ്രേറ്റ് ഡിപ്രെഷൻ' എന്നതാണ് ലോകം ആദ്യമായി കണ്ട ഏറ്റവും വലിയ സാമ്പത്തിക തകർച്ച. അന്ന് അതിൽനിന്ന് ലോകം കരകയറിയത് പരമ്പരാഗതമായ രീതികൾ അവലംബിച്ചുകൊണ്ടല്ല, ലോകത്ത് ഇക്കോണമിയിൽ പുതിയ മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ്. അങ്ങനെയാണ് കെയിനീഷ്യൻ തിയറി വന്നത്. സർക്കാരും ജനങ്ങളും മാർക്കറ്റിൽ കൂടുതൽ പണം ചെലവഴിക്കണം. കൂടുതലായി പണം ചെലവഴിച്ചെങ്കിൽ മാത്രമേ ഇക്കണോമിക് ആക്റ്റിവിറ്റികൾ നടക്കുകയുള്ളൂ. ചെലവഴിക്കാൻ സർക്കാരിന്റെ കൈയിൽ പണമില്ല. പണം കുറഞ്ഞുവരികയാണ്. ക്യാപ്പിറ്റൽ

എക്സ്പെൻഡിച്ചർ 1.3 ശതമാനത്തിൽ ഏറ്റവും കുറവായി നിൽക്കുകയാണ്. 1.3 ശതമാനത്തിൽനിന്ന് താഴെയ്ക്ക് പോയാൽ ഏത് ഘട്ടത്തിലേയ്ക്കാണ് പോകുന്നതെന്ന് നമ്മൾ അറിയണം. കടത്തിന്റെ എമൗണ്ടിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കടത്തിന്റെയും ജി.എസ്.ടി.പി.-യുടെയും റേഷ്യോ കൂടുന്നു. ഇത് ഒരു അപകടകരമായ സ്ഥിതിയാണ്. ഇത് പരിഹരിക്കാൻ ഇപ്പോൾ രണ്ട് രീതികളാണ് നമ്മുടെ മുമ്പിലുള്ളത്. ഒന്ന്, ഒരു നിവർത്തിയുമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കാത്ത ഘട്ടത്തിലെത്തി നിൽക്കുമ്പോൾ ഒന്നും ചെയ്യാതെ നിസ്സഹായരായി നിൽക്കേണ്ട അവസ്ഥയിലേക്ക് നമ്മൾ എത്തും. അതിന് അധികം വർഷങ്ങൾ ആവശ്യമില്ല. വിരലിൽ എണ്ണാവുന്ന വർഷങ്ങൾ മതി. വണ്ടി ഓടിച്ചുകൊണ്ടിരിക്കുമ്പോൾ എവിടെയെങ്കിലും പോയി ഇടിച്ചുനിൽക്കുമെന്ന് പറയുന്നതുപോലെ കേരളത്തിന്റെ സമ്പദ് വ്യവസ്ഥ എവിടെയെങ്കിലും പോയി ഇടിച്ചുനിൽക്കുമ്പോൾ നമുക്ക് അത്യാവശ്യകാര്യങ്ങൾ പോലും ചെയ്യാൻ സാധിക്കാത്ത ഘട്ടത്തിലേയ്ക്ക് എത്താതിരിക്കാൻ മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകളാണ് നമ്മൾ നടത്തേണ്ടത്. ആ തയ്യാറെടുപ്പുകൾ നടത്താൻ ഒരുപാട് വൈകിയെന്ന് ഇപ്പോഴും ഞങ്ങളാരും കരുതുന്നില്ല. പക്ഷെ ഇനിയും വൈകാൻ പാടില്ല. നേരത്തെ സൂചിപ്പിച്ച കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ നമുക്ക് ഇൻവെസ്റ്റുമെന്റ് ആവശ്യമാണ്. ഇവിടെ ഇക്കണോമിക് ആക്റ്റിവിറ്റികളുണ്ടാകണം. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലെന്ന് അവകാശപ്പെട്ടിരുന്നത് റെമിറ്റൻസ് ഇക്കണോമിയാണ്. ജോലി നഷ്ടപ്പെട്ട് ആളുകൾ തിരിച്ചുവരുന്ന സാഹചര്യം ഏത് ഘട്ടത്തിലുമുണ്ടാകാം. ഇപ്പോൾത്തന്നെ ഒരു യുദ്ധം നമ്മുടെ തലയ്ക്കുമീതെ നിൽക്കുകയായിരുന്നു. അതിന്റെ ഫലമായി എത്ര ബിസിനസ് സ്ഥാപനങ്ങളാണ് തകർന്നത്. അതിന്റെ പ്രതിഫലനങ്ങൾ വളരെ വലുതാണ്. ലോകം ഗ്ലോബൽ വില്ലേജാണ്. ചെറിയൊരു പ്രശ്നം എവിടെയെങ്കിലുമുണ്ടായാൽ അതിന്റെ പരിണിത ഫലമുണ്ടാകും. ഇനിയും കൂടുതൽ ആളുകൾക്ക് ഗൾഫ് നാടുകളിൽ ജോലിക്കുള്ള അവസരമുണ്ടോ? കുറെ ആളുകൾ തിരിച്ചുവരും.

അവരെ റീഹാബിലിറ്റേറ്റ് ചെയ്യണം. ഗൾഫ് നാടുകളിൽനിന്ന് അയയ്ക്കുന്ന പണത്തിന്റെ തോത് കുറഞ്ഞുവരും. ആ റെമിറ്റൻസ് ഇക്കണോമിയെ ഇപ്പോൾത്തന്നെ ഇൻവെസ്റ്റ്മെന്റ് ഇക്കണോമിയാക്കി മാറ്റി അതിന്റെയൊരു ശതമാനം കേരളത്തിന്റെ വികസനത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്താനും ഗുണകരമാക്കുന്ന രീതിയിലാക്കണം. നമ്മളാരും ഇതുവരെ പരിശോധിക്കാത്ത ഒരു കാര്യമുണ്ട്. പണത്തിന്റെ മാജിക് എന്താണ്? എന്റെ കൈയിൽനിന്ന് പണം നിങ്ങളുടെ കൈയിലേയ്ക്കും നിങ്ങളുടെ കൈയിൽനിന്ന് മൂന്നാമന്റെ കൈയിലേയ്ക്കും മറ്റുള്ളവരുടെ കൈയിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടേണ്ട ഒരു വിനിമയ മാധ്യമമാണ് കറൻസി. ആ കറൻസിയില്ലാതായാൽ ലിക്വിഡിറ്റി ക്രഞ്ചാണ്, ആക്ടിവിറ്റിയില്ലാതാകും. ആക്ടിവിറ്റികൾ കുറഞ്ഞാൽ പണത്തിന്റെ സർക്കുലേഷൻ കുറയും.

റെമിറ്റൻസ് ഇക്കണോമിയെക്കുറിച്ച് നമ്മൾ എപ്പോഴും പറയാറുണ്ട്. കേരളത്തെ അത്ഭുതപ്പെടുത്തുന്ന തരത്തിൽ റിവേഴ്സ് remittance ഉണ്ട്. അതിനെക്കുറിച്ച് സർക്കാർ പരിശോധിക്കാൻ പോകുകയാണ്. വിവിധ സംസ്ഥാനങ്ങളിൽനിന്ന് നാൽപ്പത് ലക്ഷത്തിനും അൻപത് ലക്ഷത്തിനുമിടയിൽ ആളുകൾ കേരളത്തിൽവന്ന് ജോലി ചെയ്യുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസമാണ് അവർക്ക് കൂലി ലഭിക്കുന്നത്. ശനിയാഴ്ചയാണ് അവർക്ക് കൂലി ലഭിച്ചിരുന്നത്.  അതിൽ വളരെ കുറച്ച് തുക മാത്രമാണ് അവർ ഇവിടെ ചെലവാക്കുന്നത്. അവരിൽനിന്ന് മദ്യത്തിന്റെ നികുതി മാത്രമാണ് സർക്കാരിന് ലഭിക്കുന്നത്. അതും അവരിൽ കുറച്ച് ആൾക്കാർ മാത്രമാണ് മദ്യം ഉപയോഗിക്കുന്നത്. അവർ വളരെ ചെലവ് ചുരുക്കിയാണ് ജീവിക്കുന്നത്. അവർ ഗോതമ്പ് പൊടി, സാവാള, പരിപ്പ് എന്നിവയാണ് പ്രധാനമായി വാങ്ങുന്നത്. പെരുമ്പാവൂർ എം.എൽ.എ.-യ്ക്ക് ഇക്കാര്യങ്ങൾ കൃത്യമായി അറിയാവുന്നതാണ്. അവർ നേരത്തെ തിങ്കളാഴ്ച രാവിലെയായിരുന്നു പണം അവരുടെ നാടുകളിലേക്ക് അയച്ചിരുന്നത്. ഇപ്പോൾ ശനിയാഴ്ച അവർക്ക് കൂലി ലഭിച്ചാലുടൻ ഗൂഗിൾ പേ വഴി പണം അവരുടെ നാടുകളിലേയ്ക്ക് അയയ്ക്കുകയാണ്. അതുകൊണ്ടാണ് ഇവിടെ റിവേഴ്സ് remittance

ആയെന്ന് പറഞ്ഞത്. ഞാൻ ഒരു ഉദാഹരണം പറയാം. 15 വർഷങ്ങൾക്ക് മുമ്പ് കൊച്ചിയിലോ തിരുവനന്തപുരത്തോ 100 കോടി രൂപയുടെ ഒരു കെട്ടിടം നിർമ്മിച്ചാൽ അതിൽ 40 മുതൽ 50 ശതമാനം വരെ തുക ലേബർ ചാർജായി നമ്മുടെ നഗരങ്ങളിലും സമീപ പ്രദേശങ്ങളിലുമുള്ള തൊഴിലാളികളുടെ കുടുംബങ്ങളിൽ എത്തുമായിരുന്നു. ഇപ്പോൾ ആ പണം എവിടെയ്ക്കാണ് പോകുന്നത്? നമ്മുടെ സംസ്ഥാനത്തുനിന്നുള്ള ഒരു തൊഴിലാളിപോലും ആ മേഖലയിൽ പണിയെടുക്കുന്നില്ല. എല്ലാവരും ഇതര സംസ്ഥാന തൊഴിലാളികളാണ്. സംസ്ഥാനത്ത് സർക്കുലേറ്റ് ചെയ്യപ്പെടേണ്ട പണമാണ് റിവേഴ്സ് remittance ആയി ഇതര സംസ്ഥാനങ്ങളിലേക്ക് പോകുന്നത്. നമ്മുടെ ഇക്കോണമിയുടെ അടിത്തറമാന്തുകയാണ്. ഇതിന് നമുക്ക് എന്ത് ചെയ്യാൻ സാധിക്കും? ഇതര സംസ്ഥാന തൊഴിലാളികളെ അവരുടെ നാട്ടുകളിലേയ്ക്ക് പറഞ്ഞുവിടാൻ സാധിക്കുമോ; നമ്മുടെ സംസ്ഥാനത്തുള്ള ആളുകൾ വന്ന് ആ ജോലി ചെയ്യുമോ? അവർ ആ ജോലി ചെയ്യില്ല. അത് ഒരു സിറ്റുവേഷനാണ്. Remittance-നെക്കുറിച്ച് അഭിമാനിക്കുകയും കോളർ ഉയർത്തിക്കാണിക്കുകയും ചെയ്യുന്ന അതേ അവസരത്തിൽ ഇക്കോണമിയുടെ അടിത്തറമാന്താൻ സാധിക്കുന്ന ഒരു റിവേഴ്സ് remittance ഇവിടെയുണ്ട്. ഈ സർക്കാർ അത് വിശദമായി പഠിച്ച് ഇക്കോണമിയെ എങ്ങനെയാണ് അത് ബാധിച്ചതെന്ന് പരിശോധിക്കും. പരമാവധി ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരികയെന്നതാണ് നമ്മുടെ മുമ്പിലുള്ള ഓപ്ഷൻ. പോർട്ട് സിറ്റിയെന്നത് നമ്മുടെ ഒരു നേട്ടമാണ്. 600 കിലോമീറ്റർ കടലുള്ളത് നമ്മുടെ ഒരു നേട്ടമാണ്. അത്തരം കടലുകളുള്ള ലോക രാജ്യങ്ങളെല്ലാം അഡ്വാൻസ്ഡ് ആണ്. ദുബായിയുടെ ഇക്കണോമിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. എണ്ണ വറ്റി പോയിട്ടും ദുബായ് നിലനിൽക്കുന്നത് പോർട്ടിലെ വരുമാനം കൊണ്ടാണ്. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി അതിനെക്കുറിച്ച് വിശദമായി പറഞ്ഞതാണ്. ദുബായ് പോർട്ട് അവരുടെ ജി.ഡി.പി.-യിലേയ്ക്ക് നൽകുന്ന സംഭാവന 28 മുതൽ 30 ശതമാനം വരെയാണ്. അങ്ങനെയുള്ള പോർട്ടുകൾ കേരളത്തിൽ ഡെവലപ് ചെയ്ത് നിക്ഷേപങ്ങൾ കൊണ്ടുവന്ന് വികസിപ്പിച്ചെടുത്താൽ

തൊഴിലവസരങ്ങൾ സൃഷ്ടിച്ചെടുക്കാൻ സാധിക്കും. ഇക്കണോമിക് ആക്റ്റിവിറ്റി നടക്കുമ്പോൾ നമുക്ക് പണം ലഭിക്കും. അതുകൊണ്ടാണ് നമ്മൾ പരമ്പരാഗത രീതിയിൽനിന്ന് വ്യതിചലിച്ച് ഏവിയേഷൻ ഹബ്ബിനെക്കുറിച്ചും കൂടുതൽ എം.എസ്.എം.ഇ.-കളെക്കുറിച്ചും ആലോചിച്ചത്. അത്തരം എം.എസ്.എം.ഇ.-കളെ സപ്പോർട്ട് ചെയ്യണമെങ്കിൽ നമുക്ക് പണവും ലാൻഡ് ബാങ്ക് പോളിസിയും ആവശ്യമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ലാൻഡ് ബാങ്ക് പോളിസിയെക്കുറിച്ച് ഇവിടെ സംസാരിച്ചിരുന്നു. നമ്മുടെ ഭൂമി എങ്ങനെയാണ് ഉപയോഗിക്കാൻ സാധിക്കുന്നത്? പി.പി.പി. സംരംഭങ്ങളിൽ നമ്മുടെ ഇക്വിറ്റി ലാൻഡാക്കി മാറ്റണം. ബാക്കി പണത്തിൽ പ്രൈവറ്റ് ഇൻവസ്റ്റ്മെന്റ് വേണം. അല്ലെങ്കിൽ എൻ.ആർ.ഐ. ആളുകളുടെ പബ്ലിക് ഇഷ്യൂ കൊണ്ടുവരണം. അരഡസനോളം ഇക്കണോമിക് മോഡലുകളെക്കുറിച്ച് സർക്കാർ വളരെ ഗൗരവമായി ആലോചിക്കുകയാണ്. അവിടെ സർക്കാരിന്റെ സാന്നിധ്യവും നിയന്ത്രണവുമുണ്ടാകും. പക്ഷെ സർക്കാരിന്റെ സാന്നിധ്യം അറിയിച്ചുകൊണ്ടുതന്നെ കൂടുതൽ ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരാൻ വേണ്ടിയുള്ള അരഡസനോളം ഇക്കണോമിക് മോഡലുകളാണ് ഈ സർക്കാർ ഇൻവെസ്റ്റേഴ്സിന്റെ മുമ്പിൽ വയ്ക്കുന്നത്. ഇൻവെസ്റ്റേഴ്സ് വന്നുകഴിഞ്ഞാൽ അവരുടെ സംരംഭം ഇവിടെ ആരംഭിക്കാൻ സാധിക്കുമെന്ന് അവരെ ബോധ്യപ്പെടുത്താൻ നമുക്ക് സാധിക്കണം. സംരംഭകരെ എത്രയുംവേഗം സഹായിച്ച് അവരുടെ സംരംഭം ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ തുടങ്ങുകയും അതിനുള്ള തടസ്സങ്ങൾ വളരെ വേഗത്തിൽ നീക്കാനുമുള്ള സംവിധാനങ്ങൾ ഒരുക്കണം. മാത്രമല്ല നമ്മുടെ വരുമാനവും വർധിപ്പിക്കണം. ഞങ്ങൾ ടാക്സ് ഡ്രൈവ് നടത്താൻ പോകുകയാണ്. ടാക്സ് വർധിപ്പിക്കണം. ഒരു രൂപ ടാക്സ് ഈടാക്കിയിട്ടില്ല. ആരുടെയും തലയിൽ അധികമായി നികുതി കെട്ടിവയ്ക്കാതെ ഒരു alternative ആണ് ആലോചിക്കുന്നത്. ആ alternative ചെയ്യുമ്പോഴും നികുതി വർധനവുണ്ടാകണം. ടാക്സ് അഡ്മിനിസ്ട്രേഷൻ/നികുതി ഘടന പൂർണ്ണമായും പുനഃസംഘടിപ്പിക്കണം. ജി.എസ്.ടി.-യിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിൽ നമുക്ക് നിയന്ത്രണം കുറവാണെന്നും ജി.എസ്.ടി. കൗൺസിലാണ്

നിയന്ത്രിക്കുന്നതെന്നും മുൻ ധനകാര്യ വകുപ്പുമന്ത്രിക്കറിയാവുന്നതാണ്. ആ പരിമിതികൾക്കുള്ളിൽനിന്ന് വലിയ രീതിയിൽ ടാക്സ് ഡ്രൈവ് നടത്തി മാറ്റമുണ്ടാക്കണം. കേരളത്തിൽ ടാക്സ് അടയ്ക്കാതെ എന്തുമാത്രം സാധനങ്ങളാണ് വിൽപന നടത്തുന്നത്. ചെക്ക്പോസ്റ്റിൽ ക്യാമറയില്ല, ഒരു സംവിധാനവുമില്ല. ആളുകൾ കൊണ്ടുവന്ന് വിൽക്കുകയാണ്. അത് ചോദിക്കാനും പറയാനും ആരുമില്ല, ഇനി അത് നടക്കില്ല. ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയുന്നു. നികുതിവെട്ടിപ്പുകാരെ കർശനമായി നേരിടുമെന്നതിൽ ഒരു സംശയവും വേണ്ട, അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. രണ്ട് പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ഒന്ന്, സംസ്ഥാനത്തിന്റെ ഖജനാവിൽ ലഭിക്കേണ്ട വരുമാനമില്ലാതാകുന്നു. രണ്ട്, നികുതിവെട്ടിപ്പുകാർ 'കള്ളകച്ചവടം' നടത്തുമ്പോൾ കട വാടക, വൈദ്യുതി ചാർജ്, വാട്ടർ ചാർജ്, തൊഴിലാളികൾക്ക് ശമ്പളം, സർക്കാരിന്റെ നികുതി എന്നിവ നൽകുന്ന genuine taxpayer ആയ നിരവധി ആളുകളുടെ സ്ഥാപനങ്ങൾ പൂട്ടിപോകുന്നു. ആ genuine taxpayers-ന്റെ സ്ഥാപനങ്ങൾ പൂട്ടിപോയാൽ അതിന്റെ ആദ്യത്തെ ഇര ഗവൺമെന്റാണ്. ഗവൺമെന്റിനാണ് നഷ്ടമുണ്ടാവുന്നത്. യഥാർഥ നികുതിദായകർക്ക് സർക്കാർ എല്ലാ സഹായവും നൽകുകയും അവരെ പൂർണ്ണമായി സംരക്ഷിക്കുകയും ചെയ്യും. പക്ഷെ നികുതി വെട്ടിക്കുന്നവരോട് കർശന സമീപനം സ്വീകരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നികുതി വെട്ടിപ്പ് വ്യാപകമായി കേരളത്തിൽ നടക്കുന്നുണ്ട്. കർശനമായ നടപടികൾ സ്വീകരിച്ച് നികുതി വെട്ടിപ്പ് അവസാനിപ്പിക്കും. അതിനുശേഷം നികുതി വരുമാനം വർധിപ്പിക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ തുടങ്ങും. ഞാൻ ഇവിടെ വളരെ വിശദമായി സംസാരിച്ചതിനാൽ മറ്റ് കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല.

എനിക്ക് ഒരു അഭ്യർഥനയുണ്ട്. ഇവിടെ രാഷ്ട്രീയം പറയണം, ആക്ഷേപങ്ങൾ ഉന്നയിക്കണം. ഇപ്പോൾ എന്തെല്ലാം പറഞ്ഞു. ലൈഫ് പദ്ധതി നിർത്താൻ പോവുകയാണെന്ന് പറഞ്ഞു. ശരിയാണോ? ലൈഫ് പദ്ധതിക്കുവേണ്ടി പണം നീക്കിവെച്ചിട്ടില്ലേ? പട്ടികജാതി പട്ടികവർഗ സംഘടനകൾക്ക് ഇക്കാര്യത്തിൽ വലിയ

ആക്ഷേപമാണ്. ലൈഫ് പദ്ധതി മുഖേന നൽകിയിരുന്ന വീടുകൾ പഴയതുപോലെ നടക്കുന്നില്ലെന്ന വലിയ ആക്ഷേപമുണ്ടായിരുന്നു. നേരത്തെയുണ്ടായിരുന്ന പട്ടികജാതി പട്ടികവർഗ മന്ത്രിമാർക്കും ഇതേ അഭിപ്രായമായിരുന്നു. അത് അവരോട് ചോദിക്കണം. ഫിഷർമെൻ കമ്മ്യൂണിറ്റിക്ക് മുമ്പ് നൽകിയതുപോലെ വീടുകൾ നൽകുന്നില്ല. ഈ രണ്ട് കൂട്ടരും നമ്മുടെ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന ആളുകളാണ്. ജനറൽ പ്രോജക്ടിൽ അവരെ ഉൾപ്പെടുത്തിയപ്പോൾ നേരത്തെ ലഭിക്കുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നില്ല. ഞങ്ങൾ അധികാരത്തിൽ വന്നാൽ നിങ്ങൾക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതികളുണ്ടാകുമെന്ന് ഞങ്ങൾ വാക്ക് നൽകിയതാണ്. അത് ലൈഫ് പദ്ധതിയെ തകർക്കാനൊന്നുമല്ല. എന്റെ കൈയിൽ ധാരാളം ഡോക്യുമെന്റുകളുണ്ട്. ഞാൻ അതിലേക്കൊന്നും പോകുന്നില്ല. 'വീണ്ടും വീണ്ടും സ്വകാര്യവൽക്കരണം' എന്ന് പറഞ്ഞ് എന്ത് ബഹളമായിരുന്നു. സ്വകാര്യവൽക്കരണത്തെക്കുറിച്ച് ഒരു വാചകം പോലും ഇല്ല, ഞങ്ങൾ മിനറൽ കോറിഡോറിനെക്കുറിച്ച് പറഞ്ഞപ്പോൾ സ്വകാര്യവൽക്കരണത്തെക്കുറിച്ച് ഒരു വാചകം പോലും പറഞ്ഞിട്ടില്ല. മിനറലിന്റെ കാര്യത്തിൽ നിങ്ങളാണ് ഒരു പ്രൈവറ്റ് കമ്പനിയുമായി ധാരണയുണ്ടാക്കിയത്. ബഹുമാനപ്പെട്ട വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞപ്പോൾ ഒരു മയത്തിൽ പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അത് അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. എന്താണത്? മോണോസൈറ്റ് ക്രാക്കിങ് ആണ്. മിനറൽ ഇതിന്റെ ഭാഗമാണ്. കേരള മിനറൽസ് അൻഡ് മെറ്റൽസ് ലിമിറ്റഡ്(കെ.എം.എം.എൽ)-ന്റെ 265-ാമത് ബോർഡ് മീറ്റിങ്, That meeting directed to go for Open Short Global Tender based on the Expression of Interest. നേരത്തെ അവർ Expression of Interest നടത്തി, എന്നിട്ട് ഇത് എങ്ങനെയാണ് നടപ്പാക്കേണ്ടതെന്ന് തീരുമാനിച്ചു. പ്രൈവറ്റ് പാർട്ടിസിപ്പേഷനുവേണ്ടിയാണ്. മിനറൽ സെക്ടറിൽ പ്രൈവറ്റ് പാർട്ടിസിപ്പേഷൻ നിങ്ങളുടെ ഗവൺമെന്റാണ് തീരുമാനിച്ചത്. എന്നിട്ട് 2026 ജനവരി 20-ാം തീയതി ഗ്ലോബൽ ഇ-ടെണ്ടർ പബ്ലിഷ് ചെയ്തു. The Global open e-tender was

opened on and found three offers were received from M/s Amaya Smart Technologies Private Limited, M/s Midwest Limited and M/s Trident Mines and Minerals. ഈ മൂന്ന് കമ്പനികൾ, എന്നിട്ട് നിങ്ങൾ അധികാരത്തിൽനിന്ന് പോകുമ്പോൾ 2026 ഫെബ്രുവരി 25-ാം തീയതി ബോർഡ് മീറ്റിങ് ചേർന്നു. കെ.എം.എം.എൽ-ന്റെ ബോർഡ് മീറ്റിങ്ങിൽ ആരെല്ലാമാണ് പങ്കെടുക്കുന്നത്? ഗവൺമെന്റ് ഓഫീഷ്യൽസ് അടക്കം പങ്കെടുത്ത ബോർഡ് യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഒന്നാമത്തേത്, to issue work order to M/s Midwest Ltd, Hyderabad for carrying out the project works as per the terms and conditions of the tender. ഞാൻ ഒന്നും പറയുന്നില്ല. ഇതുസംബന്ധിച്ച് ആക്ഷേപം കേട്ടത് ആരാണ്; ഞാനാണ് ആക്ഷേപം കേട്ടത്. കേരളത്തിലെ കരിമണൽ സ്വകാര്യ മേഖലയ്ക്ക് ഈ ഗവൺമെന്റ് തീറെഴുതികൊടുക്കുന്നു, മുഖ്യമന്ത്രി അതിന് കുടപിടിച്ചുകൊടുക്കുന്നു, മുഖ്യമന്ത്രിയുടെ ബജറ്റിൽ ഇതുസംബന്ധിച്ച് ഒരു വാചകം പോലുമില്ല - എന്നാണ് വിമർശിച്ചത്. ഇതെല്ലാം ചെയ്തുവെച്ച ആളുകളാണ് ഞങ്ങളെ വിമർശിച്ചതെന്ന് നിങ്ങൾ ഓർക്കണം. ഹൈദരാബാദിലെ കമ്പനിക്ക് മോണോസൈറ്റ് ക്രാക്കിങ്ങിന് ഇതുവരെ ചെയ്യാത്ത ഡീൽ ചെയ്തുവെച്ചിട്ടാണ് ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുന്നത്. ഞങ്ങളുടെ നേരെ ഒരു വിരൽ ചൂണ്ടിയാൽ നാല് വിരലുകൾ നിങ്ങളുടെ നെഞ്ചിന് നേരെയാണെന്ന് നിങ്ങൾ മറക്കേണ്ട എന്ന് ഞാൻ എപ്പോഴും പറയാറുണ്ട്. ഈ ഗവൺമെന്റ് വേണ്ടാത്തൊന്നും ചെയ്യില്ല, പ്രതിപക്ഷം നന്നായി വർക്ക് ചെയ്തോളൂ. ഞങ്ങൾ ഒരു തെറ്റ് ചെയ്താൽ പ്രതിപക്ഷ നേതാവിനും പ്രതിപക്ഷാംഗങ്ങൾക്കും ചൂണ്ടിക്കാണിക്കാം. ഞങ്ങൾ ഒരു തെറ്റ് ചെയ്താൽ അത് തെറ്റാണ്. ഞങ്ങൾക്ക് അത് തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ ഒരു മാപ്പ് കൂടി പറഞ്ഞ് അത് പിൻവലിച്ചിരിക്കും. നിങ്ങൾ അതിന് യു-ടേൺ എന്നോ എന്ത് വേണമെങ്കിലും പറഞ്ഞോളൂ. ഗവൺമെന്റുകൾക്കും വ്യക്തികൾക്കും തെറ്റ് പറ്റും. പക്ഷെ സദുദ്ദേശ്യത്തോടുകൂടി, in good faith നമ്മൾ മുന്നോട്ടുപോകുമ്പോൾ തെറ്റാണെന്ന് ചൂണ്ടികാണിക്കേണ്ടതും തിരുത്തേണ്ടതും പ്രതിപക്ഷമാണ്. ശരിയായ കാര്യം നിങ്ങൾ ചൂണ്ടിക്കാണിച്ചാൽ ഞങ്ങൾ

തിരുത്തും. പക്ഷെ, ലൈഫ് പദ്ധതി നിർത്താൻ പോകുന്നു, കേരളം മുഴുവൻ സ്വകാര്യവൽക്കരണമാണ് തുടങ്ങിയ എന്തെല്ലാം പ്രചാരണമാണ് പറഞ്ഞത്. ഞാൻ കഴിഞ്ഞ ദിവസവും ഇന്നും മദ്യത്തിന്റെ കാര്യം ഇവിടെ പറഞ്ഞതിനാൽ അവർത്തിക്കുന്നില്ല. പഴയ ആ കഥ, 2021 മുതലുള്ള ഫയൽ ഇവിടെ വായിച്ചപ്പോൾ ആരാണ് അതിന് പോയത്? ഇതുപോലുള്ള പോക്ക് പോയതാണ്. മിനറലിന്റെ കാര്യത്തിൽ പോയതുപോലെയുള്ള പോക്ക് പോയതാണ്. എല്ലാം തിരിച്ചടിക്കും. ഞങ്ങൾ വളരെ ശ്രദ്ധിച്ചേ കാര്യങ്ങൾ ചെയ്യുകയുള്ളൂ. ഞങ്ങൾ കേരളത്തിന്റെ താൽപര്യത്തിന് വിരുദ്ധമായി ഒന്നും ചെയ്യുകയില്ല, ഒരു വകുപ്പിലും ഒരാളും ചെയ്യുകയില്ല. ഞങ്ങൾ പരസ്പരം കൂടിയാലോചിച്ചും ചർച്ച ചെയ്തും രാഷ്ട്രീയ തീരുമാനമെടുക്കേണ്ട സാഹചര്യങ്ങളിൽ രാഷ്ട്രീയ തീരുമാനമെടുത്തും പോകും. നമുക്കെല്ലാവർക്കും ചേർന്ന് കേരളത്തെ രക്ഷിക്കാം. സർക്കാർ ഈ ബജറ്റിൽ അത്തരം പ്രതീക്ഷയോടുകൂടിയാണ് ഒരുപാട് കാര്യങ്ങൾ വെച്ചിരിക്കുന്നത്. മാറ്റമുണ്ടാകും, ഞാൻ നിങ്ങളോട് പറയുന്നു, ഈ സർക്കാരിനുവേണ്ടിയുള്ള എന്റെ വാക്കാണിത്. ഈ ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പല കാര്യങ്ങളും മൂന്ന് മാസം കഴിയുമ്പോൾ മുതൽ അതിന്റെ റിസൾട്ട് ഉണ്ടാകും. ഞങ്ങൾ അതിന്റെ പിറകെയാണ്. ഈ നിയമസഭാ സമ്മേളനം അവസാനിച്ചാൽ ഞങ്ങളെല്ലാം മാറ്റിവെച്ച് ഇതിനുവേണ്ടി പൂർണ്ണമായി അർപ്പിച്ച് ഈ പരിപാടികളുമായി മുന്നോട്ടുപോകും. ഓരോ മൂന്ന് മാസം കഴിയുമ്പോഴും നമ്മുടെ നാടിന് അഭിമാനിക്കാൻ സാധിക്കുന്ന മാറ്റങ്ങൾ ഈ കേരളത്തിലുണ്ടാകും. അക്കാര്യത്തിൽ ഞങ്ങൾ കോൺഫിഡന്റാണ്. നിങ്ങൾക്കുംകൂടി അത്തരം കാര്യങ്ങളിൽ ക്രിയാത്മകമായ, പോസിറ്റീവായ അപ്രോച്ച് ഉണ്ടാകണമെന്ന് മാത്രം വിനയപൂർവം അഭ്യർഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകൾ പാസാക്കി തരണമെന്ന് അഭ്യർഥിക്കുന്നു.

**ധനാഭ്യർഥന നമ്പർ - II**

**സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ**

മി. സ്പീക്കർ: സർവശ്രീ സജി ചെറിയാൻ, എ. സി. മൊയ്തീൻ, വി. ജോയി, വി. കെ. സനോജ്, പി. എ. മുഹമ്മദ് റിയാസ്, പി. മമ്മിക്കുട്ടി, കെ. കെ. രാമചന്ദ്രൻ, കെ. വി. സുമേഷ്, മുഹമ്മദ് മുഹസിൻ, ജി. ആർ. അനിൽ, പി. പ്രസാദ്, കെ. രാജൻ, ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. കെ. വത്സരാജ്, സി. അജയപ്രസാദ്, ശ്രീമതി ഒ. എസ്. അംബിക, ശ്രീമതി ഗീതാഗോപി എന്നീ അംഗങ്ങൾ സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: പോളിങ് ആരംഭിക്കാം.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. അപു ജോൺ ജോസഫ്
10. ശ്രീ. ആര്യാടൻ ഷൗക്കത്ത്
11. ശ്രീ. എ. കെ. എം. അഷ്റഫ്
12. ശ്രീ. ടി. പി. അഷ്റഫലി
13. ശ്രീ. എം. ആർ. ബൈജു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീമതി ബിന്ദു കൃഷ്ണ
18. ശ്രീ. കെ. ബിനിമോൻ
19. ശ്രീ. സിറിയക് തോമസ്
20. ശ്രീ. ദീപക് ജോയ്
21. ശ്രീമതി ഫാത്തിമ തഹിലിയ
22. ശ്രീ. പി. കെ. ഫിറോസ്
23. ശ്രീ. ഫൈസൽ ബാബു
24. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ
25. ശ്രീ. ടി. വി. ഇബ്രാഹിം

*29-06-2026*
*Financial Business*

26. ശ്രീ. ഒ. ജെ. ജനീഷ്
27. ശ്രീ. കെ. ജയന്ത്
28. ശ്രീ. വി. എസ്. ജോയി
29. ശ്രീ. ജ്യോതികുമാർ ചാമക്കാല
30. ശ്രീ. സി. കെ. കാസിം
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. വി. കുഞ്ഞികൃഷ്ണൻ
33. ശ്രീ. എം. ലിജു
34. ശ്രീ. പഴകുളം മധു
35. ശ്രീ. സി. ആർ. മഹേഷ്
36. ശ്രീ. കല്ലട്ര മാഹിൻ
37. ശ്രീ. മാണി സി. കാപ്പൻ
38. ശ്രീ. മനോജ് മൂത്തേടൻ
39. ശ്രീ. മുഹമ്മദ് ഷിയാസ്
40. ശ്രീ. ടി. ഒ. മോഹനൻ
41. ശ്രീ. കുറുക്കോളി മൊയ്തീൻ
42. ശ്രീ. മോൻസ് ജോസഫ്
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. നജീബ് കാന്തപുരം
45. ശ്രീ. എം. എം. നസീർ
46. ശ്രീ. പി. കെ. നവാസ്
47. ശ്രീ. നീലകണ്ഠൻ
48. ശ്രീ. കെ. പി. നൗഷാദ് അലി

49. ശ്രീ. കെ. പ്രവീൺ കുമാർ
50. ശ്രീ. എം. റഹ്മത്തുള്ള
51. ശ്രീ. എഫ്. രാജ
52. ശ്രീ. രാജൻ ജെ. പല്ലൻ
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. രമേശ് പിഷാരടി
55. ശ്രീമതി രമ്യ ഹരിദാസ്
56. ശ്രീ. എം. എ. റസാഖ് മാസ്റ്റർ
57. ശ്രീ. റോജി എം. ജോൺ
58. ശ്രീ. റോണി കെ. ബേബി
59. ശ്രീ. റോയ് കെ. പൗലോസ്
60. ശ്രീ. വി. പി. സജീന്ദ്രൻ
61. ശ്രീ. പി. എം. എ. സമീർ
62. ശ്രീ. എൻ. ഷംസുദ്ദീൻ
63. ശ്രീ. സന്ദീപ് വാര്യർ
64. ശ്രീ. സനീഷ്കുമാർ ജോസഫ്
65. ശ്രീ. സി. വി. ശാന്തകുമാർ
66. ശ്രീ. വി. ഡി. സതീശൻ
67. ശ്രീ. സെബാസ്റ്റ്യൻ എം. ജെ.
68. ശ്രീമതി ഷാനിമോൾ ഉസ്മാൻ
69. ശ്രീ. ഷിബു ബേബി ജോൺ
70. ശ്രീ. ഷിബു തെക്കുംപുറം
71. ശ്രീ. ടി. സിദ്ദിഖ്

72. ശ്രീ. വി. ടി. സൂരജ്
73. ശ്രീ. ജി. സുധാകരൻ
74. ശ്രീ. സുധീർഷാ പാലോട്
75. ശ്രീ. സുമേഷ് അച്ചുതൻ
76. ശ്രീ. സണ്ണി ജോസഫ്
77. ശ്രീ. നാട്ടകം സുരേഷ്
78. ശ്രീ. എ. ഡി. തോമസ്
79. ശ്രീമതി കെ. എം. തുളസി
80. ശ്രീ. ടോണി ചമ്മണി
81. ശ്രീമതി ഉമ തോമസ്
82. ശ്രീ. ഉല്ലാസ് കോവൂർ
83. ശ്രീ. വർഗ്ഗീസ് മാമ്മൻ
84. ശ്രീ. സേനാപതി വേണു
85. ശ്രീമതി വിദ്യാ ബാലകൃഷ്ണൻ
86. ശ്രീ. എം. വിൻസെന്റ്
87. ശ്രീ. ടി. ജെ. വിനോദ്
88. ശ്രീ. വിനു ജോബ് കുഴിമണ്ണിൽ
89. ശ്രീ. വിഷ്ണു മോഹൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. സി. അജയപ്രസാദ്
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീ. കെ. എൻ. ബാലഗോപാൽ
7. ശ്രീമതി ഗീതാഗോപി
8. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
9. ശ്രീ. കെ. യു. ജനീഷ് കുമാർ
10. ശ്രീ. വി. ജോയി
11. ശ്രീ. പി. മമ്മിക്കുട്ടി
12. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
13. ശ്രീ. എ. സി. മൊയ്തീൻ
14. ശ്രീ. മുഹമ്മദ് മുഹസിൻ
15. ശ്രീ. എ. പ്രഭാകരൻ
16. ശ്രീ. യു. ആർ. പ്രദീപ്
17. ശ്രീ. പി. പ്രസാദ്
18. ശ്രീ. പി. കെ. പ്രവീൺ
19. ശ്രീ. കെ. പ്രേമൻ
20. ശ്രീ. കെ. പ്രേംകുമാർ
21. ശ്രീ. കെ. രാജൻ
22. ശ്രീ. കാരായി രാജൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ
24. പ്രൊഫ. സി. രവീന്ദ്രനാഥ്
25. ശ്രീ. സജി ചെറിയാൻ
26. ശ്രീ. വി. കെ. സനോജ്
27. ശ്രീ. ടി. എം. ശശി

28. ശ്രീ. ജി. സ്റ്റീഫൻ
29. ശ്രീ. കെ. വി. സുമേഷ്
30. ശ്രീ. പി. പി. സുമോദ്
31. ശ്രീ. കെ. കെ. വത്സരാജ്
32. ശ്രീ. പിണറായി വിജയൻ
33. ശ്രീ. എം. വിജിൻ
34. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 89

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ III**

**നീതിന്യായ നിർവഹണം**

മി. സ്പീക്കർ: സർവശ്രീ പി. പി. സുമോദ്, കെ. പ്രേംകുമാർ, എൻ. കെ. അക്ബർ, എം. എസ്. അരുൺ കുമാർ, സി. കെ. ഹരീന്ദ്രൻ, സേവ്യർ ചിറ്റിലപ്പിള്ളി, ജി. സ്റ്റീഫൻ എന്നീ അംഗങ്ങൾ നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം

കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-2027 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. അപു ജോൺ ജോസഫ്
10. ശ്രീ. ആര്യാടൻ ഷൗക്കത്ത്
11. ശ്രീ. എ. കെ. എം. അഷ്റഫ്
12. ശ്രീ. ടി. പി. അഷ്റഫലി
13. ശ്രീ. എം. ആർ. ബൈജു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ

*29-06-2026*
*Financial Business*

17. ശ്രീമതി ബിന്ദു കൃഷ്ണ
18. ശ്രീ. കെ. ബിനിമോൻ
19. ശ്രീ. സിറിയക് തോമസ്
20. ശ്രീ. ദീപക് ജോയ്
21. ശ്രീമതി ഫാത്തിമ തഹിലിയ
22. ശ്രീ. പി. കെ. ഫിറോസ്
23. ശ്രീ. ഫൈസൽ ബാബു
24. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ
25. ശ്രീ. ടി. വി. ഇബ്രാഹിം
26. ശ്രീ. ഒ. ജെ. ജനീഷ്
27. ശ്രീ. കെ. ജയന്ത്
28. ശ്രീ. വി. എസ്. ജോയി
29. ശ്രീ. ജ്യോതികുമാർ ചാമക്കാല
30. ശ്രീ. സി. കെ. കാസിം
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. വി. കുഞ്ഞികൃഷ്ണൻ
33. ശ്രീ. എം. ലിജു
34. ശ്രീ. പഴകുളം മധു
35. ശ്രീ. സി. ആർ. മഹേഷ്
36. ശ്രീ. കല്ലട മാഹിൻ
37. ശ്രീ. മാണി സി. കാപ്പൻ
38. ശ്രീ. മനോജ് മൂത്തേടൻ
39. ശ്രീ. മുഹമ്മദ് ഷിയാസ്

*29-06-2026*
*Financial Business*

40. ശ്രീ. ടി. ഒ. മോഹനൻ
41. ശ്രീ. കുറുക്കോളി മൊയ്തീൻ
42. ശ്രീ. മോൻസ് ജോസഫ്
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. നജീബ് കാന്തപുരം
45. ശ്രീ. എം. എം. നസീർ
46. ശ്രീ. പി. കെ. നവാസ്
47. ശ്രീ. നീലകണ്ഠൻ
48. ശ്രീ. കെ. പി. നൗഷാദ് അലി
49. ശ്രീ. കെ. പ്രവീൺ കുമാർ
50. ശ്രീ. എം. റഹ്മത്തുള്ള
51. ശ്രീ. എഫ്. രാജ
52. ശ്രീ. രാജൻ ജെ. പല്ലൻ
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. രമേശ് പിഷാരടി
55. ശ്രീമതി രമ്യ ഹരിദാസ്
56. ശ്രീ. എം. എ. റസാഖ് മാസ്റ്റർ
57. ശ്രീ. റോജി എം. ജോൺ
58. ശ്രീ. റോണി കെ. ബേബി
59. ശ്രീ. റോയ് കെ. പൗലോസ്
60. ശ്രീ. വി. പി. സജീന്ദ്രൻ
61. ശ്രീ. പി. എം. എ. സമീർ
62. ശ്രീ. എൻ. ഷംസുദ്ദീൻ

*29-06-2026*
*Financial Business*

63. ശ്രീ. സന്ദീപ് വാര്യർ
64. ശ്രീ. സനീഷ്കുമാർ ജോസഫ്
65. ശ്രീ. സി. വി. ശാന്തകുമാർ
66. ശ്രീ. വി. ഡി. സതീശൻ
67. ശ്രീ. സെബാസ്റ്റ്യൻ എം. ജെ.
68. ശ്രീമതി ഷാനിമോൾ ഉസ്മാൻ
69. ശ്രീ. ഷിബു ബേബി ജോൺ
70. ശ്രീ. ഷിബു തെക്കുംപുറം
71. ശ്രീ. ടി. സിദ്ദിഖ്
72. ശ്രീ. വി. ടി. സൂരജ്
73. ശ്രീ. ജി. സുധാകരൻ
74. ശ്രീ. സുധീർഷാ പാലോട്
75. ശ്രീ. സുമേഷ് അച്ചുതൻ
76. ശ്രീ. സണ്ണി ജോസഫ്
77. ശ്രീ. നാട്ടകം സുരേഷ്
78. ശ്രീ. എ. ഡി. തോമസ്
79. ശ്രീമതി കെ. എം. തുളസി
80. ശ്രീ. ടോണി ചമ്മണി
81. ശ്രീമതി ഉമ തോമസ്
82. ശ്രീ. ഉല്ലാസ് കോവൂർ
83. ശ്രീ. വർഗ്ഗീസ് മാമ്മൻ
84. ശ്രീ. സേനാപതി വേണു
85. ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

86. ശ്രീ. എം. വിൻസെന്റ്
87. ശ്രീ. ടി. ജെ. വിനോദ്
88. ശ്രീ. വിനു ജോബ് കുഴിമണ്ണിൽ
89. ശ്രീ. വിഷ്ണു മോഹൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. സി. അജയപ്രസാദ്
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീ. കെ. എൻ. ബാലഗോപാൽ
7. ശ്രീമതി ഗീതാഗോപി
8. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
9. ശ്രീ. കെ. യു. ജനീഷ് കുമാർ
10. ശ്രീ. വി. ജോയി
11. ശ്രീ. പി. മമ്മിക്കുട്ടി
12. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
13. ശ്രീ. എ. സി. മൊയ്തീൻ
14. ശ്രീ. മുഹമ്മദ് മുഹസിൻ
15. ശ്രീ. എ. പ്രഭാകരൻ
16. ശ്രീ. യു. ആർ. പ്രദീപ്
17. ശ്രീ. പി. പ്രസാദ്
18. ശ്രീ. പി. കെ. പ്രവീൺ

19. ശ്രീ. കെ. പ്രേമൻ
20. ശ്രീ. കെ. പ്രേംകുമാർ
21. ശ്രീ. കെ. രാജൻ
22. ശ്രീ. കാരായി രാജൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ
24. പ്രൊഫ. സി. രവീന്ദ്രനാഥ്
25. ശ്രീ. സജി ചെറിയാൻ
26. ശ്രീ. വി. കെ. സനോജ്
27. ശ്രീ. ടി. എം. ശശി
28. ശ്രീ. ജി. സ്റ്റീഫൻ
29. ശ്രീ. കെ. വി. സുമേഷ്
30. ശ്രീ. പി. പി. സുമോദ്
31. ശ്രീ. കെ. കെ. വത്സരാജ്
32. ശ്രീ. പിണറായി വിജയൻ
33. ശ്രീ. എം. വിജിൻ
34. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 89

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർഥന നമ്പർ V

## ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും

**വില്പന നികുതിയും**

<u>മി. സ്പീക്കർ</u>: സർവശ്രീ കാരായി രാജൻ, എ. പ്രഭാകരൻ, കെ. യു. ജനീഷ് കുമാർ, കെ. എൻ. ബാലഗോപാൽ, കെ. പ്രേമൻ, സി. അജയപ്രസാദ്, കെ. കെ. വത്സരാജ്, ഗോവിന്ദൻ പള്ളിക്കാപ്പിൽ, കെ. രാജൻ, പി. പ്രസാദ്, ജി. ആർ. അനിൽ, മുഹമ്മദ് മുഹസിൻ, എം. വിജിൻ, ടി. എം. ശശി, യു. ആർ. പ്രദീപ്, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതി ഗീതാഗോപി എന്നീ അംഗങ്ങൾ ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല

*29-06-2026*
*Financial Business*

3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. അപു ജോൺ ജോസഫ്
10. ശ്രീ. ആര്യാടൻ ഷൗക്കത്ത്
11. ശ്രീ. എ. കെ. എം. അഷ്റഫ്
12. ശ്രീ. ടി. പി. അഷ്റഫലി
13. ശ്രീ. എം. ആർ. ബൈജു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ
17. ശ്രീമതി ബിന്ദു കൃഷ്ണ
18. ശ്രീ. കെ. ബിനിമോൻ
19. ശ്രീ. സിറിയക് തോമസ്
20. ശ്രീ. ദീപക് ജോയ്
21. ശ്രീമതി ഫാത്തിമ തഹിലിയ
22. ശ്രീ. പി. കെ. ഫിറോസ്
23. ശ്രീ. ഫൈസൽ ബാബു
24. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ
25. ശ്രീ. ടി. വി. ഇബ്രാഹിം

26. ശ്രീ. ഒ. ജെ. ജനീഷ്
27. ശ്രീ. കെ. ജയന്ത്
28. ശ്രീ. വി. എസ്. ജോയി
29. ശ്രീ. ജ്യോതികുമാർ ചാമക്കാല
30. ശ്രീ. സി. കെ. കാസിം
31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
32. ശ്രീ. വി. കുഞ്ഞികൃഷ്ണൻ
33. ശ്രീ. എം. ലിജു
34. ശ്രീ. പഴകുളം മധു
35. ശ്രീ. സി. ആർ. മഹേഷ്
36. ശ്രീ. കല്ലട മാഹിൻ
37. ശ്രീ. മാണി സി. കാപ്പൻ
38. ശ്രീ. മനോജ് മൂത്തേടൻ
39. ശ്രീ. മുഹമ്മദ് ഷിയാസ്
40. ശ്രീ. ടി. ഒ. മോഹനൻ
41. ശ്രീ. കുറുക്കോളി മൊയ്തീൻ
42. ശ്രീ. മോൻസ് ജോസഫ്
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. നജീബ് കാന്തപുരം
45. ശ്രീ. എം. എം. നസീർ
46. ശ്രീ. പി. കെ. നവാസ്
47. ശ്രീ. നീലകണ്ഠൻ
48. ശ്രീ. കെ. പി. നൗഷാദ് അലി

*29-06-2026*
*Financial Business*

49. ശ്രീ. കെ. പ്രവീണ്‍ കുമാര്‍
50. ശ്രീ. എം. റഹ്മത്തുള്ള
51. ശ്രീ. എഫ്. രാജ
52. ശ്രീ. രാജന്‍ ജെ. പല്ലന്‍
53. ശ്രീ. രമേശ് ചെന്നിത്തല
54. ശ്രീ. രമേശ് പിഷാരടി
55. ശ്രീമതി രമ്യ ഹരിദാസ്
56. ശ്രീ. എം. എ. റസാഖ് മാസ്റ്റര്‍
57. ശ്രീ. റോജി എം. ജോണ്‍
58. ശ്രീ. റോണി കെ. ബേബി
59. ശ്രീ. റോയ് കെ. പൗലോസ്
60. ശ്രീ. വി. പി. സജീന്ദ്രന്‍
61. ശ്രീ. പി. എം. എ. സമീര്‍
62. ശ്രീ. എന്‍. ഷംസുദ്ദീന്‍
63. ശ്രീ. സന്ദീപ് വാര്യര്‍
64. ശ്രീ. സനീഷ്കുമാര്‍ ജോസഫ്
65. ശ്രീ. സി. വി. ശാന്തകുമാര്‍
66. ശ്രീ. വി. ഡി. സതീശന്‍
67. ശ്രീ. സെബാസ്റ്റ്യന്‍ എം. ജെ.
68. ശ്രീമതി ഷാനിമോള്‍ ഉസ്മാന്‍
69. ശ്രീ. ഷിബു ബേബി ജോണ്‍
70. ശ്രീ. ഷിബു തെക്കുംപുറം
71. ശ്രീ. ടി. സിദ്ദിഖ്

72. ശ്രീ. വി. ടി. സൂരജ്

73. ശ്രീ. ജി. സുധാകരൻ

74. ശ്രീ. സുധീർഷാ പാലോട്

75. ശ്രീ. സുമേഷ് അച്ചുതൻ

76. ശ്രീ. സണ്ണി ജോസഫ്

77. ശ്രീ. നാട്ടകം സുരേഷ്

78. ശ്രീ. എ. ഡി. തോമസ്

79. ശ്രീമതി കെ. എം. തുളസി

80. ശ്രീ. ടോണി ചമ്മണി

81. ശ്രീമതി ഉമ തോമസ്

82. ശ്രീ. ഉല്ലാസ് കോവൂർ

83. ശ്രീ. വർഗ്ഗീസ് മാമ്മൻ

84. ശ്രീ. സേനാപതി വേണു

85. ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

86. ശ്രീ. എം. വിൻസെന്റ്

87. ശ്രീ. ടി. ജെ. വിനോദ്

88. ശ്രീ. വിനു ജോബ് കുഴിമണ്ണിൽ

89. ശ്രീ. വിഷ്ണു മോഹൻ

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. സി. അജയപ്രസാദ്

2. ശ്രീ. എൻ. കെ. അക്ബർ

3. ശ്രീമതി ഒ. എസ്. അംബിക

4. ശ്രീ. ജി. ആർ. അനിൽ

5. ശ്രീ. എം. എസ്. അരുൺ കുമാർ
6. ശ്രീ. കെ. എൻ. ബാലഗോപാൽ
7. ശ്രീമതി ഗീതാഗോപി
8. ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ
9. ശ്രീ. കെ. യു. ജനീഷ് കുമാർ
10. ശ്രീ. വി. ജോയി
11. ശ്രീ. പി. മമ്മിക്കുട്ടി
12. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
13. ശ്രീ. എ. സി. മൊയ്തീൻ
14. ശ്രീ. മുഹമ്മദ് മുഹസിൻ
15. ശ്രീ. എ. പ്രഭാകരൻ
16. ശ്രീ. യു. ആർ. പ്രദീപ്
17. ശ്രീ. പി. പ്രസാദ്
18. ശ്രീ. പി. കെ. പ്രവീൺ
19. ശ്രീ. കെ. പ്രേമൻ
20. ശ്രീ. കെ. പ്രേംകുമാർ
21. ശ്രീ. കെ. രാജൻ
22. ശ്രീ. കാരായി രാജൻ
23. ശ്രീ. കെ. കെ. രാമചന്ദ്രൻ
24. പ്രൊഫ. സി. രവീന്ദ്രനാഥ്
25. ശ്രീ. സജി ചെറിയാൻ
26. ശ്രീ. വി. കെ. സനോജ്
27. ശ്രീ. ടി. എം. ശശി

28. ശ്രീ. ജി. സ്റ്റീഫൻ
29. ശ്രീ. കെ. വി. സുമേഷ്
30. ശ്രീ. പി. പി. സുമോദ്
31. ശ്രീ. കെ. കെ. വത്സരാജ്
32. ശ്രീ. പിണറായി വിജയൻ
33. ശ്രീ. എം. വിജിൻ
34. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 89

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർഥന നമ്പർ VI**

**ഭൂനികുതി**

മി. സ്പീക്കർ: സർവശ്രീ സജി ചെറിയാൻ, യു. ആർ. പ്രദീപ്, ജി. സ്റ്റീഫൻ, കെ. കെ. രാമചന്ദ്രൻ, പി. മമ്മിക്കുട്ടി, സേവ്യർ ചിറ്റിലപ്പിള്ളി, ശ്രീമതി ഒ. എസ്. അംബിക എന്നീ അംഗങ്ങൾ ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള

തുക 2026-27 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. കെ. എം. അഭിജിത്ത്
4. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
5. ശ്രീ. അബിൻ വർക്കി കോടിയാട്ട്
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. അനൂപ് ജേക്കബ്
8. ശ്രീ. അൻവർ സാദത്ത്
9. ശ്രീ. അപു ജോൺ ജോസഫ്
10. ശ്രീ. ആര്യാടൻ ഷൗക്കത്ത്
11. ശ്രീ. എ. കെ. എം. അഷ്റഫ്
12. ശ്രീ. ടി. പി. അഷ്റഫലി
13. ശ്രീ. എം. ആർ. ബൈജു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. വി. ടി. ബൽറാം
16. ശ്രീ. പി. കെ. ബഷീർ

17. ശ്രീമതി ബിന്ദു കൃഷ്ണ

18. ശ്രീ. കെ. ബിനിമോൻ

19. ശ്രീ. സിറിയക് തോമസ്

20. ശ്രീ. ദീപക് ജോയ്

21. ശ്രീമതി ഫാത്തിമ തഹിലിയ

22. ശ്രീ. പി. കെ. ഫിറോസ്

23. ശ്രീ. ഫൈസൽ ബാബു

24. ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

25. ശ്രീ. ടി. വി. ഇബ്രാഹിം

26. ശ്രീ. ഒ. ജെ. ജനീഷ്

27. ശ്രീ. കെ. ജയന്ത്

28. ശ്രീ. വി. എസ്. ജോയി

29. ശ്രീ. ജ്യോതികുമാർ ചാമക്കാല

30. ശ്രീ. സി. കെ. കാസിം

31. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

32. ശ്രീ. വി. കുഞ്ഞികൃഷ്ണൻ

33. ശ്രീ. എം. ലിജു

34. ശ്രീ. പഴകുളം മധു

35. ശ്രീ. സി. ആർ. മഹേഷ്

36. ശ്രീ. കല്ലട മാഹിൻ

37. ശ്രീ. മാണി സി. കാപ്പൻ

38. ശ്രീ. മനോജ് മൂത്തേടൻ

39. ശ്രീ. മുഹമ്മദ് ഷിയാസ്

*29-06-2026*
*Financial Business*

40. ശ്രീ. ടി. ഒ. മോഹനൻ
41. ശ്രീ. കുറുക്കോളി മൊയ്തീൻ
42. ശ്രീ. മോൻസ് ജോസഫ്
43. ശ്രീ. കെ. മുരളീധരൻ
44. ശ്രീ. നജീബ് കാന്തപുരം
